ബൈബിൾ തീർത്ഥാടനം 9

# പോരാട്ടങ്ങളുടെ ചരിത്രം



ഡോ. മൈക്കിൾ കാരിമറ്റം

MAR LOUIS PUBLICATIONS



ഡോ. മൈക്കിൾ
കാരിമറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ബൈബിൾ തീർത്ഥാടനം 9

# പോരാട്ടങ്ങളുടെ ചരിത്രം

വൈവിധ്യമാർന്ന സാഹിത്യ രൂപങ്ങൾ ഈ ഗ്രന്ഥങ്ങളിൽ സ്വീകരിച്ചിരിക്കുന്നതായികാണാം. കൃത്യമായ ചരിത്രാഖ്യാനങ്ങളും സുദീർഘമായ പ്രഭാഷണങ്ങളും പ്രാർത്ഥനകളും നാടകീയമായ വിവരണങ്ങളും സംഭാഷണങ്ങളും ഈ ഗ്രന്ഥങ്ങളിൽ കാണാം. ഹാസ്യകഥകളും ഐതിഹ്യങ്ങളും കീർത്തനങ്ങളും അങ്ങിങ്ങായി അവതരിപ്പിച്ചിരിക്കുന്നു. ഉപയോഗിച്ച പാരമ്പര്യങ്ങൾ മാത്രമല്ല, വിശുദ്ധ ഗ്രന്ഥകാരന്റെ സ്വതസിദ്ധമായ സാഹിത്യഗുണങ്ങളും ചരിത്രരചനയിൽ അന്ന് പൊതുവെ അവലംബിച്ചിരുന്ന പ്രത്യേക രീതികളും രചനാരൂപത്തെ സ്വാധീനിച്ചിരിക്കുന്നു. നിർണ്ണായക മുഹൂർത്തങ്ങളിൽ നേതാക്കന്മാർ നടത്തുന്ന പ്രഭാഷണങ്ങൾ, പ്രതിസന്ധികളിൽപ്പെട്ടവരുടെ പ്രാർത്ഥനകൾ, വിജയത്തിൽ സന്തോഷിക്കുന്നവരുടെ സ്തുതികീർത്തനങ്ങൾ മുതലായവ എഴുതിച്ചേർക്കുന്നത് ചരിത്രരചനയുടെ ഭാഗമായി കരുതപ്പെട്ടിരുന്നു.

ISBN 978-81-945351-4-0

9 788194 535140

Mar Louis Publications
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം - 10

# പോരാട്ടങ്ങളുടെ ചരിത്രം

## ജോഷ്വാ - ന്യായാധിപന്മാർ - റൂത്ത്

മൈക്കിൾ കാരിമറ്റം

**BIBLE PILGRIMAGE -10- THE CONQUEST**
**(Malayalam)**
**Michael Karimattam**

**Published by**
**Divine Retreat Centre,**
**Muringoor, Chalakudy.**

**Printed at :**
**Divine Printers & Publishers**
**Muringoor, Chalakudy.**

**First published : June, 1995**

**All Rights Reserved with the author.**

**No part of this book may be reproduced in any manner without the written permission of the author.**

**Price Rs. 25.00**

# ഉള്ളടക്കം

**പേജ്**

ആമുഖം: പോരാട്ടങ്ങളുടെ ചരിത്രം
ബൈബിൾ വിഭജനം - നിയമം -
പ്രവാചകന്മാർ - ലിഖിതങ്ങൾ
നിയമാവർത്തനാത്മക ചരിത്രം
ലക്ഷ്യം - ചരിത്രമൂല്യം

**1. ജോഷ്വാ**
**ആമുഖം:**
*കാനാൻ ദേശം: ഭൂപ്രകൃതി ഭരണസംവിധാനം*
*സാമ്പത്തിക സാമൂഹിക സംവിധാനങ്ങൾ*
*കാനാൻകാരുടെ മതം - ഇസ്രായേലിന്റെ ദിഗ്‌വിജയങ്ങൾ*
*നുഴഞ്ഞുകയറ്റം - മതപരിവർത്തനവും ഉടമ്പടിയും -*
*പടവെട്ടിപ്പിടിക്കൽ - തദ്ദേശ വാസികളുടെ ഉന്മൂലനം -*
*പുസ്തകത്തിന്റെ സന്ദേശം.*

**1. വാഗ്ദത്തഭൂമി കീഴടക്കൽ 1–12**

**A. ഒരുക്കം 1–5**
*നിർദ്ദേശങ്ങൾ - ചാരന്മാരും വേശ്യയും - നദികടക്കൽ -*
*സ്മാരകശിലകൾ - വാഗ്ദത്ത ഭൂമിയിൽ പ്രവേശം -*
*ഗിൽഗാലിലെ പാളയം - ദൈവദൂത ദർശനം.*

**B. പോരാട്ടങ്ങൾ 6–12**
*ജെറീക്കോയുടെ പതനം - വിജയം - വിശ്വസ്തയ്ക്കുള്ള*
*പ്രതിഫലം - ഏബാൽ*
*മലയിലെ ബലിപീഠം - ഗിബയോൻകാരുമായി ഉടമ്പടി*
*മിന്നലാക്രമണങ്ങൾ - ജോഷ്വാ നശിപ്പിച്ച പട്ടണങ്ങൾ*
*പുരാവസ്തുഗവേഷണങ്ങളുടെ വെളിച്ചത്തിൽ - നിശ്ചല സൂര്യൻ*

**2. ദേശവിഭജനവും വിടവാങ്ങലും 13–24**

**A. ദേശവിഭജനം 13–21**

**B. വിടവാങ്ങൽ 22–24**
കിഴക്കൻ ഗോത്രങ്ങൾ മടങ്ങുന്നു – ജോർദ്ദാൻ
തീരത്തെ ബലിപീഠം – ജോഷ്വായുടെ വിടവാൽ –
ഷെക്കെമിലെ ഉടമ്പടി – രണ്ടുമരണവും മൂന്നു സംസ്കാരവും
**II. ന്യായാധിപന്മാർ**
**ആമുഖം**
പുസ്തകത്തിന്റെ പേര് – ഉള്ളടക്കം – ഘടന –
ഗ്രന്ഥകർത്താവ് – കാലം – സാഹിത്യരൂപം – ചില പ്രശ്നങ്ങൾ –
പുസ്തകത്തിന്റെ ചരിത്രമൂല്യം – സന്ദേശം
**1. ചരിത്ര പശ്ചാത്തലം 1,1–3,6**
ഗോത്രങ്ങളുടെ പോരാട്ടങ്ങൾ – ചരിത്രത്തിന്റെ
ദൈവശാസ്ത്രം
**2. ന്യായാധിപന്മാർ 3,7–16,31**
ഒത്ത് നിയേൽ – ഏഹൂദ് – ഷാംഗാർ
ദെബോറാ – ബാറാക് – ഗിദയോൻ – അബിമെലെക്ക് – തോലാ
– ജായീർ – ജെഫ്താ – ഇബ്സാൻ – ഏലോൻ
– അബ്ദോൻ – സാംസൺ
**3. അനുബന്ധം**
**ദാൻ ബെഞ്ചമിൻ ഗോത്രങ്ങൾ 17–21**
കുടിയേറ്റവും വിഗ്രഹപ്രതിഷ്ഠയും – ബെഞ്ചമിനെതിരേ
ശിക്ഷാ നടപടി – ഗിബെയാക്കാരുടെ മ്ലേഛത
– ബെഞ്ചമിനെതിരെ പ്രതികാരം – ബെഞ്ചമിന്റെ നിലനില്പ്
**III. റൂത്ത്**
**ഉള്ളടക്കം**
ബൈബിളിൽ പുസ്തകത്തിന്റെ സ്ഥാനം –
സാഹിത്യരൂപം – ഗ്രന്ഥകർത്താവ് – കാലം –
ചില ആചാരമര്യാദകൾ – പ്രധാന ആശയങ്ങൾ

# പോരാട്ടങ്ങളുടെ ചരിത്രം

## ആമുഖം

പ്രപഞ്ചസൃഷ്ടി മുതൽ മോശയുടെ മരണം വരെയുള്ള രക്ഷാചരിത്രം പഞ്ചഗ്രന്ഥത്തിൽ വിവരിച്ചു. പാപം മൂലം അകന്നുപോയ മനുഷ്യരെ വീണ്ടും തന്നിലേക്കും പരസ്പരവും അടുപ്പിച്ച് ഒരു കൂട്ടായ്മയായി, ദൈവജനമായി വളർത്തിയെടുക്കാനുള്ള ദൈവത്തിന്റെ പദ്ധതി ചുരുൾ വിടരുന്നത് അഞ്ചുപുസ്തകങ്ങളിലായി അവതരിപ്പിച്ചുകഴിഞ്ഞു. സ്നേഹത്തിലും നീതിയിലും അടിയുറച്ച ഒരു സമൂഹമായി വളരാൻ ആവശ്യമായ സംവിധാനങ്ങളെല്ലാം മരുഭൂമിയിലെ തീർത്ഥാടനത്തിനിടയിൽ ജനത്തിനു ദൈവം നല്കി. അവിശ്വസ്തരായിത്തീർന്നവരുടെ തലമുറ മരുഭൂമിയിൽ വച്ചുമരിച്ചു മൺമറഞ്ഞു. ഉടമ്പടിയോടു വിശ്വസ്തത പുലർത്താൻ പ്രതിജ്ഞാബദ്ധരായവരുടെ ഒരു പുതിയ തലമുറ വളർന്നു പക്വത പ്രാപിച്ചു. മോശയുടെ മരണത്തോടെ കാത്തിരിപ്പിന്റെ ഒരു യുഗം അവസാനിക്കുകയായി.

പിതാക്കന്മാർക്കു ദൈവം നല്കിയ വാഗ്ദാനങ്ങളിൽ സുപ്രധാനമായ ഒന്നായിരുന്നു **വാഗ്ദത്തഭൂമി**. ആ ഭൂമിയിലേക്കുള്ള പ്രയാണമായിരുന്നു പുറപ്പാടുമുതൽ നിയമാവർത്തനം വരെയുള്ള നാലുപുസ്തകങ്ങളിലെ ഒരു പ്രധാന പ്രമേയം. വാഗ്ദത്തഭൂമി കൈയടക്കാനും സ്വന്തമായി നിലനിർത്താനും വേണ്ടി ദൈവജനം നടത്തിയ പോരാട്ടങ്ങളുടെ ചരിത്രമാണ് ബൈബിളിൽ അടുത്തതായി പ്രതിപാദിക്കുന്നത്. കർത്താവിന്റെ പ്രത്യേകസംരക്ഷണത്തിൽ ജോഷ്വായുടെ ധീരമായ നേതൃത്വത്തിൽ കീഴിൽ കാനാൻ ദേശം കൈയടക്കി വാസമുറപ്പിച്ചതിന്റെ ചരിത്രം ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്നു. തദ്ദേശവാസികളിൽ നിന്നും വിദേശകളിൽനിന്നും ഉണ്ടായ നിരന്തരമായ ആക്രമണങ്ങളുടെ മധ്യേ തങ്ങളുടെ വാസഭൂമി കാത്തുസൂക്ഷിക്കാനും കൂടുതൽ സ്ഥലങ്ങൾ പിടിച്ചടക്കാനും ഇസ്രായേൽ ഗോത്രങ്ങൾ ഒറ്റയ്ക്കും ഒന്നിച്ചും നടത്തിയ പോരാട്ടങ്ങളാണ് ന്യായാധിപൻമാരുടെ പുസ്തകത്തിന്റെ ഇതിവൃത്തം.

ഇസ്രായേലിൽ രാജഭരണത്തിന്റെ ആവിർഭാവവും വളർച്ചയും സാമുവേലിന്റെ പേരിലുള്ള രണ്ടുപുസ്തകങ്ങളിൽ അവതരിപ്പിക്കുന്നു. ഇതേ

പ്രമേയം ദിനവൃത്താന്തങ്ങൾ ഒന്നാം പുസ്തകത്തിലും വിവരിക്കുന്നുണ്ട്. സോളമന്റെ ഭരണകാലത്ത് സമൃദ്ധിയുടെയും പ്രശസ്തിയുടെയും ഉച്ചകോടിയിലെത്തിയ ഇസ്രായേൽ സാമ്രാജ്യം അദ്ദേഹത്തിന്റെ മരണത്തിനുശേഷം രണ്ടായി പിളർന്ന് ദുർബലമാവുകയും അസീറിയായുടെയും, തുടർന്ന് ബാബിലോണിന്റെയും അക്രമണങ്ങളാൽ തകർന്നു വീഴുകയും ചെയ്തതിന്റെ സുദീർഘമായ വിവരണമാണ് രാജാക്കൻമാരുടെ രണ്ടുപുസ്തകങ്ങളിലുള്ളത്. ഈ സംഭവങ്ങൾ ദിനവൃത്താന്തങ്ങൾ രണ്ടാം പുസ്തകത്തിലും അവതരിപ്പിച്ചിട്ടുണ്ട്.

ഇസ്രായേൽ ജനം ജോർദ്ദാൻ നദി കടന്ന് വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതുമുതൽ അവിടെ നിന്നു പുറത്താക്കപ്പെട്ടതുവരെയുള്ള ഏകദേശം ഏഴുനൂറ്റാണ്ടുകാലത്തെ ചരിത്രമാണ് മേല്പറഞ്ഞ എട്ടു പുസ്തകങ്ങളിൽ അവതരിപ്പിക്കുന്നത്. 1-2 സാമു, 1-2 രാജാ എന്നീ നാലു പുസ്തകങ്ങളിൽ പ്രദിപാദിക്കുന്ന കാര്യങ്ങൾ സംക്ഷിപ്തമായും അവയിൽ ഇല്ലാത്ത കാര്യങ്ങൾ കൂടുതൽ വിശദമായും വിവരിക്കുന്ന 1-2 ദിനവൃത്താന്തഗ്രന്ഥങ്ങൾ പ്രവാസത്തിനുശേഷം ഒരു പ്രത്യേക ശൈലിയിൽ രചിക്കപ്പെട്ടവയാകയാൽ യഹൂദർ ഈ ഗ്രന്ഥങ്ങളെ മറ്റ് ആറുപുസ്തകങ്ങളുടെ ഗണത്തിൽപ്പെടുത്താറില്ല. ബൈബിൾ ഗ്രന്ഥങ്ങളെ സംബന്ധിച്ച് യഹൂദർ സ്വീകരിച്ചിരിക്കുന്ന വിഭജനക്രമം ഇവിടെ ശ്രദ്ധയർഹിക്കുന്നു.

## ബൈബിൾ വിഭജനം

നിയമം, പ്രവാചകൻമാർ, ലിഖിതങ്ങൾ എന്നിങ്ങനെ മൂന്നുഭാഗങ്ങളായിട്ടാണ് യഹൂദർ ബൈബിളിനെ വിഭജിച്ചിരുന്നത്.

**1. നിയമം (തോറാ)** പ്രബോധനം, കല്പന, നിർദ്ദേശം എന്നൊക്കെ അർത്ഥമുള്ള "തോറാ" എന്ന പേരാണ് ആദ്യത്തെ അഞ്ചുപുസ്തകങ്ങൾക്കു നല്കുന്നത്. നിയമങ്ങളുടെ ഒരു സമാഹാരം മാത്രമല്ല ഇത്. ദൈവത്തെയും പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയും അതു സാക്ഷാൽക്കരിക്കപ്പെടാൻ ആവശ്യമായ ജീവിതനിയമങ്ങളും ഇവിടെ പ്രതിപാദിക്കുന്നു. ഈ അഞ്ചുഗ്രന്ഥങ്ങളുടെയും ഉള്ളടക്കം ദൈവം മോശയ്ക്കു നേരിട്ടു വെളിപ്പെടുത്തിക്കൊടുത്തു എന്ന വിശ്വാസത്താൽ യഹൂദർ തോറായ്ക്ക് ബൈബിളിൽ ഏറ്റം പ്രധാനസ്ഥാനം നൽകുന്നു.

**2. പ്രവാചകൻമാർ (നബിയിം)** ജോഷ്വാ മുതൽ രാജാക്കൻമാർ വരെയും, എശയ്യാ മുതൽ മാലാക്കി വരെയും ഉള്ള പുസ്തകങ്ങളെ "പ്രവാചകൻമാർ" എന്നു വിളിക്കുന്നു. ഈ ഗ്രന്ഥങ്ങളെ വീണ്ടും ആദികാല പ്രവാചകൻമാർ (early prophets) എന്നും പില്ക്കാല പ്രവാചകൻമാർ (later



prophets) എന്നും രണ്ടായി തിരിക്കുന്നു. ജോഷ്വാ, നായാധിപൻമാർ, സാമുവേൽ, രാജാക്കൻമാർ, എന്നീ നാലു പുസ്തകങ്ങൾ ആദ്യഗണത്തിൽപ്പെടുന്നു. ഗ്രീക്കു വിവർത്തകരാണ് സാമുവേലിന്റെയും രാജാക്കൻമാരുടെയും പുസ്തകങ്ങളെ വീണ്ടും രണ്ടായിതിരിച്ചത്. ഗ്രീക്കുവിവർത്തനത്തിൽ ഈ നാലുപുസ്തകങ്ങളും രാജാക്കൻമാർ എന്നപേരിൽ അറിയപ്പെടുന്നു. ഇതിനിലാണ് സാമുവേലിന്റെ ഒന്നാം പുസ്തകം രാജാക്കൻമാരുടെ ഒന്നാം പുസ്തകമായും രാജാക്കൻമാരുടെ രണ്ടാം പുസ്തകം രാജാക്കൻമാരുടെ നാലാം പുസ്തകമായും ചില വിവർത്തനങ്ങളിൽ അവതരിപ്പിക്കുന്നത്. ഏശയ്യാ, ജറെമിയാ, എസെക്കിയേൽ, പന്ത്രണ്ടു ചെറിയ പ്രവാചകൻമാർ എന്നിങ്ങനെ നാലു പുസ്തകങ്ങളാണ് രണ്ടാമത്തെ ഗണത്തിലുള്ളത്. റൂത്ത്, വിലാപങ്ങൾ, എന്നീ രണ്ട് പുസ്തകങ്ങൾ അടുത്ത വിഭാഗത്തിൽപ്പെടുന്നു. ബാറൂക്ക് ഹീബ്രൂ ബൈബിളിലില്ല. സ്വപ്നങ്ങളിലൂടെയും ആന്തരിക പ്രചോദനങ്ങളിലൂടെയും ദൈവം പ്രവാചകൻമാർക്കു വെളിപ്പെടുത്തിയ കാര്യങ്ങൾ പ്രതിപാദിക്കുന്നതിനാൽ തോറായുടെ അത്ര പ്രാധാന്യം പ്രവാചക ഗ്രന്ഥങ്ങൾക്കു നല്കിയിരുന്നില്ല.

**3. ലിഖിതങ്ങൾ (കെത്തൂബിം)** ബാക്കി ഗ്രന്ഥങ്ങളെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. സങ്കീർത്തനങ്ങൾ, ജോബ്, സുഭാഷിതങ്ങൾ, റൂത്ത്, ഉത്തമ ഗീതങ്ങൾ, സഭാപ്രസംഗകൻ, വിലാപങ്ങൾ, എസ്തേർ, ദാനിയേൽ, എസ്രാനെഹിമിയാ, ദിനവൃത്താന്തങ്ങൾ എന്നിങ്ങനെ പതിനൊന്നു പുസ്തകങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. പ്രവാചകൻമാരുടെ കാലത്തിനുശേഷം രചിക്കപ്പെട്ടവ എന്ന നിഗമനത്തിൽ, ആധികാരികതയുടെയും പ്രധാന്യത്തിന്റെയും കാര്യത്തിൽ മൂന്നാം സ്ഥാനമാണ് ലിഖിതങ്ങൾക്കു നല്കപ്പെട്ടിരുന്നത്. ജ്ഞാനം, പ്രഭാഷകൻ, തോബിത്, യുദിത്ത്, 1-2 മക്കയാബർ എന്നീ പുസ്തകങ്ങൾ ഹീബ്രു ബൈബിളിലില്ല. ഇവയും ബാറൂക്കിന്റെ പുസ്കതവും ഉൾപ്പെടെയുള്ള ഏഴു പുസ്തകങ്ങൾ ഔദ്യോഗികമായ അംഗീകാരമില്ലാത്തവ എന്ന അർത്ഥത്തിൽ അപ്രമാണിക ഗ്രന്ഥങ്ങൾ (Apocrypha) എന്നു പ്രൊട്ടസ്റ്റന്റു സഭകളും, പില്ക്കാലത്ത് ഒദ്യോഗിക പട്ടികയിൽ പെടുത്തിയവ എന്ന അർത്ഥത്തിൽ "ഉത്തര കാനോനിക ഗ്രന്ഥങ്ങൾ" (Deutero Canonical books) എന്നു കത്തോലിക്കരും വിശേഷിപ്പിക്കുന്നു.

ലിഖിതങ്ങളുടെ പട്ടികയുടെ മധ്യത്തിലുള്ള അഞ്ചുപുസ്തകങ്ങൾ ചുരുളുകൾ എന്ന അർത്ഥത്തിൽ, 'മെഗില്ലോത്ത്' എന്നും അറിയപ്പെടാറുണ്ട്. ഇവയിൽ ഓരോന്നും ഓരോ പ്രധാന തിരുനാളിനു വായിച്ചിരുന്നു. റൂത്ത് പന്തക്കോസ്താ; ഉത്തമഗീതങ്ങൾ - പെസഹാ; സഭാപ്രസംഗകൻ - കൂടാരത്തിരുനാൾ; വിലാപങ്ങൾ- പെസഹാക്കുഞ്ഞാടിനെ

തിരഞ്ഞെടുക്കുന്നതിന്റെ തലേദിവസമായ ആബീബൂമാസം ഒമ്പതാം തീയ്യതി; എസ്തേർ- പുരിം തിരുനാൾ. തിരുനാളുകൾക്ക് ഉപയോഗിച്ചിരുന്നതിനാൽ ഇവയെ ലിറ്റർജിക്കൽ ഗ്രന്ഥങ്ങളായി പരിഗണിക്കുന്നു.

മേൽപറഞ്ഞ വിഭജനക്രമമാണ് പുതിയ നിയമകാലത്തു നിലവിലിരുന്നത്. പഴയ നിയമത്തെ മുഴുവൻ സൂചിപ്പിക്കാനായി ഇതിൽ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പേരോ, മൂന്നിന്റെയും പേരുകൾ ഒരുമിച്ചോ ഉപയോഗിച്ചിരുന്നു. "നിയമം", മത്താ 5,8 "നിയമവും പ്രവാചകൻമാരും". മത്താ 5,7, നിയമവും പ്രവാചകൻമാരും സങ്കീർത്തനങ്ങളും; ലൂക്കാ 24,44, ലിഖിതങ്ങളിൽ പ്രധാനഗ്രന്ഥം സങ്കീർത്തനങ്ങളാകയാൽ ''സങ്കീർത്തനങ്ങൾ'' എന്ന ശീർഷകത്തിൽ ലിഖിതങ്ങളെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

ബൈബിളിന്റെ വിഭജനത്തെക്കുറിച്ചുള്ള പൊതുവായ അവലോകനത്തിനുശേഷം പഠനവിഷയമായ ഗ്രന്ഥങ്ങളിലേക്ക് ശ്രദ്ധതിരിക്കാം. റൂത്ത്, ദിനവൃത്താന്തങ്ങൾ എന്നീ പുസ്തകങ്ങൾ യഹൂദരുടെ കാഴ്ച്ചപ്പാടനുസരിച്ച് ലിഖിതങ്ങളുടെ പട്ടികയിലാണ് പെടുന്നതെങ്കിലും പ്രവാസത്തിനു മുമ്പുള്ള കാലഘട്ടത്തെ ചിത്രീകരിക്കുന്നവയാകയാൽ അവയെയും ഈ കൂട്ടത്തിൽ പഠന വിഷയമാക്കുന്നു.

## ആദികാല പ്രവാചകന്മാർ

വാഗ്ദത്ത ഭൂമി കൈയ്യടക്കുന്നതുമുതൽ അതു നഷ്ടപ്പെടുന്നതുവരെയുള്ള ചരിത്രം അവതരിപ്പിക്കുന്ന ഗ്രന്ഥങ്ങളെ പ്രവാചക ഗ്രന്ഥങ്ങളുടെ പട്ടികയിൽ പെടുത്തുന്നത് എന്തുകൊണ്ട് എന്നു ചോദിച്ചേക്കാം. നാലു കാരണങ്ങളാണ് ഇതിന് എടുത്തു കാട്ടാറുള്ളത്.

1. പ്രവാചകൻമാരുടെ ചരിത്ര പശ്ചാത്തലം വിവരിക്കുന്നു. ഇസ്രായേലിലെ പ്രവാചകൻമാരിൽ അധികപങ്കും പ്രവാസത്തിനു മുമ്പാണു ജീവിച്ചിരുന്നത്. അവരുടെ പ്രവർത്തനങ്ങളും പഠനങ്ങളും ഗ്രഹിക്കാൻ ഉതകുന്ന പശ്ചാത്തലചിത്രീകരണമാണ് ഈ ഗ്രന്ഥങ്ങളിൽ നല്കിയിരിക്കുന്നത്.

2. പ്രവാചകൻമാരുടെ ജീവചരിത്രം അവതരിപ്പിക്കുന്നു: നാഥാൻ, ഏലിയാ, എലീഷാ, എന്നീ പ്രധാന പ്രവാചകന്മാരെക്കുറിച്ച് ഈ ഗ്രന്ഥങ്ങളിലാണ് പ്രതിപാദിക്കുന്നത്. സാമുവേലും വലിയൊരു പ്രവാചകനായി പരിഗണിക്കപ്പെടുന്നു. ന്യായാധിപൻമാരുടെ പുസ്തകത്തിലെ ദെബോറാ പ്രവാചിക എന്ന പേരിലാണ് അറിയപ്പെടുന്നത്. മറ്റുചില ന്യായാധിപന്മാരെയും ജോഷ്വായെയും പ്രവാചകൻമാരായി പരിഗണിക്കുന്നവരുമുണ്ട്.



3. പ്രവചനം ചരിത്രത്തിലൂടെ: മനുഷ്യവ്യക്തികളിലൂടെ ദൈവം തന്റെ ഹിതം ജനത്തെ അറിയിക്കുന്ന വചനമാണ് പ്രവചനം. അത് പറയുന്ന വാക്കുകൾ മാത്രമല്ല, ചെയ്യുന്ന പ്രവൃത്തികളും സംഭവങ്ങളും ആകാം. ഈ കാഴ്ചപ്പാടിൽ ഇസ്രായേലിന്റെ ചരിത്രം മുഴുവൻ പ്രവചനമാണ്. തങ്ങൾ ചെയ്തതും തങ്ങൾക്കു സംഭവിച്ചതുമെല്ലാം ദൈവഹിതത്തിന്റെ വെളിപ്പെടുത്തലായി കാണാൻ കഴിഞ്ഞതിനാൽ ചരിത്ര ഗ്രന്ഥങ്ങളെ പ്രവാചക ഗ്രന്ഥങ്ങളായി അവർ കരുതി.

4. ചരിത്രത്തിന്റെ വ്യാഖ്യാനം: സംഭവങ്ങളെ കാര്യകാരണ സഹിതം വസ്തുനിഷ്ഠവും സമഗ്രവുമായി അവതരിപ്പിക്കുന്ന ചരിത്രകാരന്റെ ശൈലിയല്ല ഈ ഗ്രന്ഥങ്ങളിൽ സ്വീകരിച്ചിരിക്കുന്നത്. മറിച്ച്, ചില വ്യക്തികളെയും സംഭവങ്ങളെയും തിരഞ്ഞെടുത്ത് അവരുടെ ചെയ്തികളെയും അവയുടെ പരിണിത ഫലങ്ങളെയും ദൈവിക ദൃഷ്ടിയിലൂടെ അപഗ്രഥിക്കുകയും വിലയിരുത്തുകയുമാണ് ഈ ഗ്രന്ഥങ്ങളിൽ ചെയ്തിരിക്കുന്നത്. ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ അവലോകനമാണിത്. ഇതുതന്നെയാണ് പ്രവാചകൻമാരും ചെയ്തിരുന്നത്. വ്യക്തികളുടെയും സമൂഹം മുഴുവന്റെയും ജീവിതവും പ്രവൃത്തികളും ദൈവഹിതത്തിന് അനുയോജ്യമോ അല്ലയോ എന്ന് അവർ വിലയിരുത്തുന്നു. യോജിച്ചതെങ്കിൽ പ്രശംസയും പ്രോത്സാഹനവും നല്കുന്നു. അനുയോജ്യമല്ലെങ്കിൽ ശകാരവും ശിക്ഷയുടെ മുന്നറിയിപ്പും വഴി തിരുത്താൻ ശ്രമിക്കുന്നു. ഇസ്രായേൽ ചരിത്രത്തിന്റെ പ്രവാചക വ്യാഖ്യാനം എന്ന നിലയിൽ ഈ ഗ്രന്ഥങ്ങളെ പ്രവാചക ഗ്രന്ഥങ്ങളായി പരിഗണിക്കുന്നത് തികച്ചും ഉചിതമത്രേ.

## നിയമാവർത്തനാത്മക ചരിത്രം.

പഞ്ചഗ്രന്ഥത്തിന്റെ തുടർച്ചയാണ് ജോഷ്വാ മുതലുള്ള പുസ്തകങ്ങൾ. നിയമാവർത്തനം അവസാനിച്ചിടത്ത് ജോഷ്വയുടെ പുസ്തകം ആരംഭിക്കുന്നു. ജോഷ്വായെ തന്റെ പിൻഗാമിയായി നിയോഗിച്ചുകൊണ്ടാണ് മോശ മരിച്ചത്. ജോഷ്വാ നേതൃത്വം ഏറ്റെടുത്ത് ഇസ്രായേൽ ജനത്തെ വാഗ്ദത്ത ഭൂമിയിലേക്കു നയിക്കുന്നതിന്റെ ചരിത്രമാണ് ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്നത്. പഞ്ചഗ്രന്ഥത്തിന്റെ പിന്നിലുണ്ട് എന്നു കരുതപ്പെടുന്ന നാലു പാരമ്പര്യങ്ങളും (JEDP) തുടർന്നുള്ള പുസ്തകങ്ങളിലും കണ്ടെത്താൻ ബൈബിൾ പണ്ഡിതന്മാർ യത്നിക്കുകയുണ്ടായി. എന്നാൽ പഞ്ചഗ്രന്ഥത്തിൽത്തന്നെ ഈ പാരമ്പര്യങ്ങളുടെ സ്ഥാനം ഇന്നുചോദ്യം ചെയ്യപ്പെടാൻ തുടങ്ങിയിരിക്കുന്നതിനാൽ മറ്റു ഗ്രന്ഥങ്ങളിൽ അവയെ തേടുന്നത് പാഴ്വേലയായി കരുതപ്പെടുന്നു.

നേരെമറിച്ച്, ജോഷ്വായുടെ പുസ്തകവും പഞ്ചഗ്രന്ഥവുമായുള്ള

അടുത്ത ബന്ധത്തെ പരിഗണിച്ച് ആ പുസ്തകവും കൂട്ടിച്ചേർത്ത് ഷഡ്ഗ്രന്ഥം (ആറു പുസ്തകങ്ങൾ hexateuch) എന്ന ഒരു ആശയം കുറെ വർഷങ്ങൾക്കുമുമ്പ് ചില ബൈബിൾ പണ്ഡിതൻമാർ അവതരിപ്പിക്കുകയുണ്ടായി. വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രയാണം പൂർത്തിയാക്കുന്നത് ജോഷ്വായുടെ പുസ്തകത്തിലായതിനാൽ അതും ചേർന്നാലേ ആ പുസ്തക വിഭാഗം പൂർത്തിയാവുകയുള്ളൂ എന്ന് അവർ വാദിച്ചു. എന്നാൽ പഞ്ചഗ്രന്ഥത്തോട് എന്നതിനേക്കാൾ തുടർന്നുവരുന്ന ചരിത്രഗ്രന്ഥങ്ങളോടാണ് ജോഷ്വായുടെ പുസ്തകത്തിന് കൂടുതൽ അടുപ്പം എന്ന് എല്ലാവരും അംഗീകരിക്കും.

നിയമാവർത്തന പുസ്തകത്തിലെ പ്രധാന ആശയങ്ങളും പദസമുച്ചയങ്ങളും പൊതുവായ ദൈവശാസ്ത്ര വീക്ഷണവും ജോഷ്വാ മുതൽ രാജാക്കൻമാർ വരെയുള്ള പുസ്തകങ്ങളിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട് എന്ന കാര്യം ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലേ ബൈബിൾ പണ്ഡിതൻമാരുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നു. കാഴ്ചപ്പാടിലും രചനാ ശൈലിയിലും നിയമാവർത്തന പുസ്തകവുമായുള്ള സാമ്യത്തിന്റെ പേരിൽ ഈ ചരിത്ര ഗ്രന്ഥങ്ങളെ ഇന്ന് നിയമാവർത്തനാത്മക ചരിത്രം (Deuteronomistic History) എന്നു വിളിക്കാറുണ്ട്. ദൈവത്തിന്റെ സ്വതന്ത്രവും സൗജന്യവുമായ തിരഞ്ഞെടുപ്പ്, ഉടമ്പടി, ദൈവം നേരിട്ടു നിശ്ചയിക്കുന്ന വ്യക്തികളിലൂടെയുള്ള ഭരണ സംവിധാനം (Theocracy), വാഗ്ദത്ത ഭൂമിയിൽ വസിക്കാൻ ഉടമ്പടിയുടെ നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത, അരാധനയ്ക്കായുള്ള ഏകസ്ഥലം, ഉടമ്പടി ലംഘനം വിളിച്ചുവരുത്തുന്ന ഭീകരശാപങ്ങൾ, എന്നിങ്ങനെ നിയമാവർത്തന പുസ്തകത്തിൽ അവതരിപ്പിച്ച അടിസ്ഥാന ആശയങ്ങളുടെ വെളിച്ചത്തിലാണ് തുടർന്നുള്ള ഗ്രന്ഥങ്ങളിൽ ഇസ്രായേൽ ചരിത്രം അവതരിപ്പിക്കുന്നത്. ബൃഹത്തായ ഈ ചരിത്രസമാഹാരത്തിന്റെ ആമുഖമായിരുന്ന നിയമാവർത്തന പുസ്തകം, മോശയുമായി ബന്ധപ്പെട്ട സംഭവങ്ങളെല്ലാം ഒരുമിച്ച് അവതരിപ്പിക്കാൻ വേണ്ടി, പില്ക്കാലത്ത് ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും വേർപെടുത്തി പഞ്ചഗ്രന്ഥത്തിന്റെ ഭാഗമാക്കി മാറ്റിയെന്നു കരുതുന്നവരുമുണ്ട്.

നിയമാവർത്തന പുസ്തകം എഴുതപ്പെട്ട വിവിധ കാലഘട്ടങ്ങളും അവയുടെ പ്രത്യേകതകളും ആ പുസ്തകത്തിന്റെ ആമുഖത്തിൽ നാം കണ്ടുകഴിഞ്ഞു. (തീ. 9. P. 6-8). ഇസ്രായേൽ ചരിത്രത്തിന്റെ ആമുഖമായാണ് നിയമാവർത്തന പുസ്തകം എഴുതപ്പെട്ടത് എന്നതിനേക്കാൾ നിമയാവർത്തന പുസ്തകത്തിന്റെ വീക്ഷണങ്ങളും ശൈലിയും സ്വീകരിച്ചുകൊണ്ട് ചരിത്ര ഗ്രന്ഥങ്ങൾ എഴുതപ്പെട്ടു എന്ന നിഗമനമാണ് കൂടുതൽ സ്വീകര്യം. ഒറ്റപ്പെട്ട വ്യക്തിയല്ല, ഒരേ ആശയഗതിക്കാരുടെ ഒരു സമൂഹമാണ് ഈ ചരിത്ര രചന നടത്തിയത്



എന്നും അനുമാനിക്കാം. ഈ ഗ്രന്ഥകാരന്മാരെ നിയമാവർത്തനാത്മക ചരിത്രകാരൻമാർ എന്നും (Deuteronomistic Historians) നിയമാവർനാത്മക പണ്ഡിത ശാഖ (Deuteronomistic School) എന്നും വിളിക്കുന്നു.

രണ്ടു ഘട്ടമായിട്ടാണ് ഈ ചരിത്രരചന നടന്നതെന്ന് കരുതപ്പെടുന്നു. ജോസിയാ രാജാവിന്റെ (646-609) മത നവീകരണ കാലത്തായിരിക്കണം ആദ്യരചന നടന്നത്. ആ ഗ്രന്ഥസമാഹാരം പിന്നീട് പ്രവാസകാലത്ത് ജറുസലെമിന്റെ നാശത്തിന്റെയും വാഗ്ദത്ത ഭുമിയുടെ നഷ്ടത്തിന്റെയും അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിഷ്കരിച്ചു. പുനഃപ്രസാധനം ചെയ്യപ്പെട്ടു. ജോഷ്വാ മുതൽ രാജാക്കൻമാർ വരെയുള്ള ഗ്രന്ഥങ്ങൾ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന വിധത്തിൽ അന്തിമരൂപം പ്രാപിച്ചത് പ്രവാസകാലത്തോ പ്രവാസാനന്തരം എസ്രാ-നെഹെമിയാമാരുടെ കാലത്തോ ആണെന്നു കരുതപ്പെടുന്നു.

വാചികവും, അതിലുപരി ലിഖിതവുമായി ഇസ്രായേൽ ജനം കാത്തുസൂഷിച്ചുപോന്ന പാരമ്പര്യങ്ങൾ ഉപയോഗിച്ചാണ് നിയമാവർത്തനാത്മക ചരിത്രകാരൻമാർ ഗ്രന്ഥ രചന നടത്തിയത്. വ്യത്യസ്തങ്ങളും ചിലപ്പോഴൊക്കെ പരസ്പര വിരുദ്ധങ്ങളുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ഈ പാരമ്പര്യങ്ങൾ. രാജഭരണത്തിന് അനുകൂലവും പ്രതികൂലവുമായ കാഴ്ച്ചപ്പാടുകൾ (1 സാമു 8-10) ഉദാഹരണമാണ്. പാരമ്പര്യങ്ങളിൽ മാറ്റം വരുത്താതെ, ആവശ്യമായ വ്യാഖ്യാനങ്ങളും മറ്റും കൂട്ടിച്ചേർത്ത് തുടർച്ചയായ ആഖ്യാനമായി അവതരിപ്പിക്കുകയാണ് ഈ ഗ്രന്ഥകാരൻ ചെയ്യുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ വ്യക്തികൾ നടത്തുന്ന പ്രസംഗങ്ങൾ, പ്രാർത്ഥനകൾ, സംഭവങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വിവരണങ്ങൾ മുതലായവ ഇവരുടെ തന്നെ രചനയായി കരുതാം.

## ലക്ഷ്യം

വാഗ്ദത്തഭൂമിയിൽ നിന്നു വിദേശത്തേക്ക് വലിച്ചെറിയപ്പെട്ട ജനത്തെ തങ്ങൾക്കുണ്ടായ ദുരന്തത്തിന്റെ കാരണങ്ങളെക്കുറിച്ചു ബോധ്യപ്പെടുത്തുകയും അവർക്ക് പ്രത്യാശയും ആത്മാഭിമാനവും നല്കുകയുമാണ് ഈ ഗ്രന്ഥങ്ങളുടെ പൊതുവായ ലക്ഷ്യം. ദൈവം തന്റെ ഉടമ്പടി റദ്ദാക്കിയിട്ടില്ല, പിതാക്കൻമാർക്കു നല്കിയ വാഗ്ദാനങ്ങൾ വിസ്മരിച്ചിട്ടുമില്ല. വാഗ്ദത്ത ഭൂമി നഷ്ടപ്പെടാൻ കാരണം അവർ ഉടമ്പടി ലംഘിച്ചിട്ടുമാണ്. കർത്താവിനോട് അവിശ്വസ്തത കാട്ടിയതാണ്. അവിശ്വസ്തതയുടെ സുദീർഘമായ ചരിത്രം അവതരിപ്പിച്ചുകൊണ്ട് ദേശനഷ്ടവും പ്രവാസവും അവർ അർഹിക്കുന്ന ശിക്ഷ തന്നെ എന്നു സമർത്ഥിക്കുന്നു.

ജനം അവിശ്വസ്തരായാലും കർത്താവ് വിശ്വസ്തനായിരിക്കും.

തെറ്റുകൾക്കു ശിക്ഷിച്ചാലും അവിടുന്നു ജനത്തെ നശിപ്പിക്കുകയില്ല. എന്നേക്കുമായി പരിത്യജിക്കുകയില്ല. അതിനാൽ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് പൂർണ്ണ ഹൃദയത്തോടെ കർത്താവിങ്കലേക്കു തിരിയുക. കർത്താവ് പാപങ്ങൾ ക്ഷമിച്ച് ജനത്തിന്റെ ഭാഗധേയം പുനഃസ്ഥാപിക്കും. യൂദാ രാജാവായ യെഹോയാക്കിൻ കാരാഗൃഹത്തിൽനിന്നു മോചിതനായി ബാബിലോൺ ചക്രവർത്തിയോടൊപ്പം ഒരേ മേശയിൽ നിന്നു ഭക്ഷിക്കുന്നതിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ട് ചരിത്രം അവസാനിപ്പിക്കുമ്പോൾ (2 രാജാ 25,27-30) ഈ പ്രത്യാശ സഫലമാകുന്നതിന്റെ ആദ്യകിരണങ്ങൾ കാണാം.

## ചരിത്ര മൂല്യം

ചരിത്രഗ്രന്ഥങ്ങളിൽ അവതരിപ്പിക്കുന്ന കാര്യങ്ങളെല്ലാം അതേപടി സംഭവിച്ചതാണോ? ഈ വിവരണങ്ങൾക്ക് ചരിത്രപരമായ എന്തുമൂല്യമുണ്ട്? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഗ്രന്ഥകാരന്റെ ലക്ഷ്യം, ഉപയോഗിച്ച ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഗ്രന്ഥകാരന്റെ ലക്ഷ്യം, ഉപയോഗിച്ച രേഖകൾ, ആഖ്യാനശൈലി, എന്നിങ്ങനെ പല കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്. ഇസ്രായേൽ ചരിത്രം വസ്തുനിഷ്ഠവും നിഷ്പക്ഷവുമായി അവതരിപ്പിക്കുക എന്നതല്ല വി. ഗ്രന്ഥക്കാരന്റെ ലക്ഷ്യം. ഇസ്രായേലിനുവേണ്ടി ദൈവം ചെയ്ത വലിയ കാര്യങ്ങളും അവയ്ക്കു ജനം നല്കിയ മറുപടിയും വിവരിച്ചുകൊണ്ട് നിരാശർക്കു പ്രത്യാശ നൽകാനും ഉടമ്പടിയുടെ നിയമങ്ങൾ പാലിക്കുന്നതിലൂടെ കർത്താവിനോടു വിശ്വസ്തത പുലർത്താൻ ജനത്തെ പ്രേരിപ്പിക്കാനും വേണ്ടിയാണ് വി. ഗ്രന്ഥകാരൻ ചരിത്രമെഴുതിയത്. ഇസ്രായേൽ ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ അവതരണമാണ് ചരിത്രഗ്രന്ഥങ്ങളിലൂടെ നമുക്കു ലഭിച്ചിരിക്കുന്നത്.

ഏകദേശം ഏഴു നൂറ്റാണ്ടുകാലത്തെ ചരിത്രത്തിൽനിന്ന് ചില വ്യക്തികളെയും പ്രാതിനിധ്യ സ്വഭാവമുള്ള സംഭവങ്ങളെയും തിരഞ്ഞെടുത്ത് രക്ഷാചരിത്രത്തിൽ അവരുടെ സ്ഥാനവും സ്വാധീനവും വ്യക്തമാക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്. നേതാക്കൻമാരുടെ ഭൗതികമായ നേട്ടങ്ങളെക്കാൾ കർത്താവിനോടുള്ള അവരുടെ വിശ്വസ്തതയ്ക്ക് ഊന്നൽ നല്കുന്നു. നാഥാനെയും ദാവീദിനെയും പോലുള്ള ഏറ്റം സമുന്നതരായ നേതാക്കൻമാരുടെ പോലും കുറവുകളും വീഴ്ചകളും മറച്ചുവയ്ക്കുന്നില്ല എന്നതും ഈ ഗ്രന്ഥങ്ങളുടെ ചരിത്രമൂല്യത്തിനു സാക്ഷ്യം വഹിക്കുന്നു.

സമാഹാരത്തിലെ എല്ലാ ഗ്രന്ഥങ്ങൾക്കും ഒരു ഗ്രന്ഥത്തിലെ തന്നെ എല്ലാ ഭാഗങ്ങൾക്കും തുല്യമായ ചരിത്രമൂല്യം അവകാശപ്പെടാനാവില്ല. ജോഷ്വാ, ന്യായാധിപൻമാർ, റൂത്ത്, എന്നീ ഗ്രന്ഥങ്ങളിൽ ചരിത്രമുണ്ട്.



ചരിത്രത്തേക്കാളേറെ വ്യാഖ്യാനമുണ്ട്. സംഭവങ്ങൾ കഴിഞ്ഞ് അനേകം നൂറ്റാണ്ടുകൾക്കുശേഷമാണ് ഇവ ഗ്രന്ഥരൂപത്തിലാക്കിയത് എന്നും ഓർക്കണം. സാമുവേൽ, രാജാക്കൻമാർ, ദിനവൃത്താന്തങ്ങൾ എന്നീ പുസ്തകങ്ങളിൽ അധികപങ്കും നിഷ്കൃഷ്ടമായ അർത്ഥത്തിൽത്തന്നെ ചരിത്രമാണ്. രാജാക്കന്മാരുടെ ചെയ്തികൾ ഔദ്യോഗികമായി എഴുതി സൂക്ഷിച്ചിരുന്ന രേഖകളും ദൃക്സാക്ഷി വിവരണങ്ങളും അടിസ്ഥാനമാക്കിയാണ് ഇവ രചിച്ചിരിക്കുന്നത്.

വൈവിധ്യമാർന്ന സാഹിത്യ രൂപങ്ങൾ ഈ ഗ്രന്ഥങ്ങളിൽ സ്വീകരിച്ചിരിക്കുന്നതായികാണാം. കൃത്യമായ ചരിത്രാഖ്യാനമുണ്ട്. സുദീർഘമായ പ്രഭാഷണങ്ങളും പ്രാർത്ഥനകളുമുണ്ട്. നാടകീയമായ വിവരണങ്ങളും സംഭാഷണങ്ങളും ഈ ഗ്രന്ഥങ്ങളിൽ കാണാം. ഹാസ്യകഥകളും ഐതിഹ്യങ്ങളും കീർത്തനങ്ങളും അങ്ങിങ്ങായി അവതരിപ്പിച്ചിരിക്കുന്നു. ഉപയോഗിച്ച പാരമ്പര്യങ്ങൾ മാത്രമല്ല, വിശുദ്ധ ഗ്രന്ഥകാരന്റെ സ്വതസിദ്ധമായ സാഹിത്യഗുണങ്ങളും ചരിത്രരചനയിൽ അന്ന് പൊതുവെ അവലംബിച്ചിരുന്ന പ്രത്യേക രീതികളും രചനാരൂപത്തെ സ്വാധീനിച്ചിട്ടുണ്ട്. നിർണ്ണായക മുഹൂർത്തങ്ങളിൽ നേതാക്കൻമാർ നടത്തുന്ന പ്രഭാഷണങ്ങൾ, പ്രതിസന്ധികളിൽപ്പെട്ടവരുടെ പ്രാർത്ഥനകൾ, വിജയത്തിൽ സന്തോഷിക്കുന്നവരുടെ സ്തുതികീർത്തനങ്ങൾ മുതലായവ എഴുതിച്ചേർക്കുന്നത് ചരിത്രരചനയുടെ ഭാഗമായി കരുതപ്പെട്ടിരുന്നു. അതിനാൽ ഇവിടെ വിവരിക്കുന്ന ഓരോ സംഭവങ്ങളും പറയുന്ന ഓരോ വാക്കും അക്ഷരാർത്ഥത്തിൽ അതേപടി സംഭവിച്ചതാകണമെന്നില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിപാലനയും പ്രചോദനവും ലഭിച്ച ഗ്രന്ഥകാരൻമാർ എഴുതിയതാകയാൽ ഇവയെല്ലാം ദൈവവചനമാണ്.

ഉടമ്പടിയുടെ പേടകം വഹിച്ച പുരോഹിതന്മാരുടെ പിന്നാലെ കാഹളധ്വനികളുടെയും ജയഘോഷങ്ങളുടെയും അകമ്പടിയോടെ വാഗ്ദത്ത ഭൂമിയിലേക്കു പ്രവേശിച്ച ജനം ഏകദേശം ഏഴു നൂറ്റാണ്ടു കഴിഞ്ഞപ്പോൾ എല്ലാം നഷ്ടപ്പെട്ട് വീണ്ടും അടിമത്തത്തിലായതിന്റെ സുദീർഘമായ ചരിത്രം രക്ഷാചരിത്രത്തിന്റെ ഭാഗമാണ്. ഇസ്രായേൽ ജനത്തിന്റെ വിജയങ്ങളും പരാജയങ്ങളും, ദൈവത്തിന്റെ നീതിയും ശിക്ഷയും വാഗ്ദാനങ്ങളോടുള്ള വിശ്വസ്തതയും, സർവ്വോപരി ക്ഷമിക്കുന്നതും അചഞ്ചലവുമായ അവിടുത്തെ സ്നേഹവും വിവരിക്കുന്ന ഈ ഗ്രന്ഥങ്ങൾ എന്നും ഏവർക്കും പ്രത്യാശയും പ്രചോദനവും നല്കുന്നു. ഇസ്രായേലിന്റെ അനുഭവങ്ങൾ നമുക്കും പാഠമാകണം.

ജോഷ്വാ, ന്യായാധിപൻമാർ, റൂത്ത്, എന്നീ മൂന്നു പുസ്തകങ്ങൾ ഈ വാല്യത്തിൽ പഠനവിഷയമാക്കുന്നു. മറ്റു പുസ്തകങ്ങൾ അടുത്ത വാല്യങ്ങളിൽ വിശദീകരിക്കുന്നതാണ്.

# 1 ജോഷ്വാ

## ആമുഖം

അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനങ്ങളിൽ (ഉൽപ 12, 3.7) പലതിന്റെയും പൂർത്തീകരണം പഞ്ചഗ്രന്ഥത്തിൽ വിവരിച്ചുകഴിഞ്ഞു. അബ്രാഹവും സന്തതികളും സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടു. അവർ വലിയൊരു ജനസമൂഹമായി വളർന്നു. കാനാൻകാർ അധിവസിച്ചിരുന്ന നാട് അവർക്കുസ്വന്തമായി നല്കും എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് ബൈബിളിലെ ആറാമത്തെ പുസ്തകമായ "ജോഷ്വാ"യിൽ വിവരിക്കുന്നത്.

ഇസ്രായേൽക്കാരെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു പുറത്തുകൊണ്ടുവന്ന്, മരുഭൂമിയിലൂടെ നയിച്ച്, വാഗ്ദത്തഭൂമിയുടെ പടിവാതിൽക്കൽ എത്തിച്ച മോശ, ജോർദ്ദാൻ നദിയുടെ കിഴക്കേകരയിൽ, മൊവാബു സമതലത്തിൽ വച്ചു മരിച്ചു. ദൈവം വാഗ്ദാനം ചെയ്ത ഭൂമി അകലെനിന്നു നോക്കിക്കാണാനല്ലാതെ അവിടെ പ്രവേശിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ദൈവകല്പനപ്രകാരം തന്റെ പിൻഗാമിയായി മോശതന്നെ അഭിഷേകം ചെയ്തു നിയോഗിച്ച ജോഷ്വായാണ് ജനത്തെ ജോർദ്ദാനു പടിഞ്ഞാറുള്ള കാനാൻ ദേശത്തേക്കു നയിച്ച്, അനേകം യുദ്ധങ്ങളിലൂടെ വാഗ്ദത്ത ഭൂമി കീഴടക്കി, ഇസ്രായേൽ ജനത്തിനു വീതിച്ചു കൊടുത്തത്.

വളരെ ലളിതമാണ് പുസ്തകത്തിന്റെ പ്രമേയം. ശക്തരായ അനേകം രാജാക്കന്മാരെ കർത്താവിന്റെ പ്രത്യേക പരിപാലനയാൽ ഇസ്രായേൽ ജനം ജോഷ്വായുടെ നേതൃത്വത്തിൽ നിഷ്പ്രയാസം തോൽപിച്ച് അവരുടെ ഭൂമി സ്വന്തമാക്കി. കീഴടക്കിയ ഭൂമി ജോഷ്വാ തന്നെ ഓരോ ഗോത്രത്തിനും അവകാശമായി വീതിച്ചു കൊടുത്തു. കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടും വിശ്വസ്തത പുലർത്താൻ ഉപദേശിച്ചതിനുശേഷം നൂറ്റിപത്താം വയസ്സിൽ ജോഷ്വാ മരിച്ചു.

ഈ പ്രമേയത്തിന്റെ ലാളിത്യം പുസ്തകത്തിന്റെ ഘടനയിലും വ്യക്തമാകുന്നുണ്ട്.



1-12 വാഗ്ദത്ത ഭൂമി കീഴടക്കുന്നു.

13-22 ഭൂമി തിരിച്ചു കൊടുക്കുന്നു

23-24 അന്തിമോപദേശം

ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ഗോത്രങ്ങൾ ഒറ്റക്കെട്ടായി യുദ്ധം ചെയ്ത് കാനാൻ ദേശം മുഴുവൻ കീഴടക്കിയ പ്രതീതിയാണ് ജോഷ്വായുടെ പുസ്തകത്തിന്റെ ഉപരിപ്ലവമായ ഒരു വായനയിൽ നിന്നു ലഭിക്കുക. എന്നാൽ ന്യായാധിപന്മാരുടെ പുസ്തകം ഇതിൽ നിന്നു വ്യത്യസ്തമായ ഒരു ചിത്രം വരച്ചുകാട്ടുന്നു. ജോഷ്വായുടെ മരണത്തിനു ശേഷം കാനാൻ ദേശത്തിന്റെ പലഭാഗങ്ങളിലും ഭൂമി കൈയടക്കാൻ വേണ്ടി ഇസ്രായേൽ ഗോത്രങ്ങളിൽ പലതും ഒറ്റയ്ക്കും, ചിലപ്പോൾ പലഗോത്രങ്ങൾ ഒരുമിച്ചും യുദ്ധം ചെയ്യുന്നതായി കാണാം. ആ യുദ്ധങ്ങൾ എല്ലാം എപ്പോഴും വിജയിച്ചതുമില്ല. അതിനാൽ ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്ന വിജയങ്ങളുടെ ചിത്രം ചരിത്രത്തോട് എത്രമാത്രം വിശ്വസ്തത പുലർത്തുന്നു എന്ന കാര്യത്തിൽ സംശയം ഉളവാകുന്നു. വാഗ്ദത്തഭൂമി മുഴുവൻ കൈവശപ്പെടുത്താൻ സാധിച്ചില്ല എന്ന് ജോഷ്വായുടെ പുസ്തകത്തിൽ തന്നെ പലതവണ സൂചിപ്പിക്കുന്നുമുണ്ട് (ജോഷ്വാ 11,22; 13:2-6; 15,63; 16,10;17,11-18;1 9,47; 23,4-5).

ജോഷ്വായുടെ പുസ്തകത്തിന്റെ ആദ്യവായനയിൽ തോന്നുത്ര ലളിതമായിരുന്നില്ല വാഗ്ദത്തഭൂമി കീഴടക്കൽ എന്ന സൂചനയാണ് ഇതിൽ നിന്നെല്ലാം ലഭിക്കുന്നത്. ദാവീദിന്റെ കാലത്തുമാത്രമേ കാനാൻദേശം മുഴുവനായി കീഴടക്കാൻ ഇസ്രായേൽ ജനത്തിനു കഴിഞ്ഞുള്ളൂ. ജോഷ്വാ മുതൽ ദാവീദുവരെയുള്ള ഏകദേശം 200 വർഷത്തെ ചരിത്രം (ബി.സി. 1200-1000) ഒരു ദൂരദർശിനിയിലൂടെ എന്നപ്പോലെ ഒരുമിച്ചുകാണുകയും സംക്ഷിപ്തമായി അവതരിപ്പിക്കുകയുമാണ് ജോഷ്വായുടെ പുസ്തകത്തിൽ ചെയ്യുന്നത് എന്നു ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ ചരിത്രത്തിന്റെ ഒരു ഏകദേശരൂപമെങ്കിലും അറിഞ്ഞിരിക്കുന്നത് പഠനവിഷയമായ പുസ്തകം നല്കുന്ന സന്ദേശം ഗ്രഹിക്കാൻ ഉപകാരപ്രദമാണ്.

ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രയേൽക്കാർ കടന്നുവരുമ്പോൾ എന്തായിരുന്നു കാനൻ ദേശത്തിന്റെ അവസ്ഥ? ഇസ്രായേൽക്കാർ എപ്രകാരമാണ് ഈ ദേശം കൈവശപ്പെടുത്തിയത്? ഏതുതരത്തിലുള്ള ബന്ധമാണ് അവർ തദ്ദേശവാസികളുമായി സ്ഥാപിച്ചത്? പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുള്ള രേഖകളും ബൈബിളിലേതന്നെ പരാമർശങ്ങളും ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ സഹായിക്കും.

## 1. കാനൻ ദേശം

**a) ഭൂപ്രകൃതി:** ജോർദ്ദാൻ നദിക്കും മധ്യധരണ്യാഴിക്കും ഇടയിലുള്ള ഭൂപ്രദേശമാണ് കാനാൻ ദേശം എന്നപേരിൽ അറിയപ്പെടുന്നത്. വടക്ക് സിറിയായും തെക്ക് മരുഭൂമിയും അതിരുകളായിരുന്നു. തെക്കുവടക്ക് ഏകദേശം 300 കി.മീ നീളത്തിലും കിഴക്കുപടിഞ്ഞാറ് 30 മുതൽ 80 വരെ കി.മീ വീതിയിലും ഇരുപത്തിയ്യായിരം ചതുരശ്ര കി.മീ വിസ്തീർണ്ണമുള്ള ഒരു പ്രദേശമായിരുന്നിത്. ഫിലിസ്ത്യരുടെ നാട് എന്ന അർത്ഥത്തിൽ ഇതിനെ പലസ്തീന എന്നും വിളിക്കാറുണ്ട്. ഇന്ന് ഇസ്രായേൽ എന്നാണ് ഈ പ്രദേശം അറിയപ്പെടുന്നത്.

അനേകം ജനതകൾ ഒരുമിച്ചു വസിച്ചിരുന്ന ഒരു ഭൂപ്രദേശമാണ് കാനാൻ. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ് എന്നീ മൂന്നു ഭൂഖണ്ഡങ്ങളുടെയും സംഗമ സ്ഥാനമായിട്ടാണ് കാനാൻ കരുതപ്പെടുന്നത്. മെസൊപ്പൊട്ടാമിയായിലും യൂറോപ്പിലും നിന്ന് ഈജിപ്തിലേക്കും തിരിച്ചും കരമാർഗ്ഗം യാത്രചെയ്യാൻ കാനാൻ ദേശത്തുകൂടെ കടന്നുപോകണം. അതിനാൽ അനേകം പടയോട്ടങ്ങൾക്കും കടുത്ത പോരാട്ടങ്ങൾക്കും സാക്ഷ്യം വഹിക്കുന്ന ഒരു ഭൂപ്രദേശമാണിത്. ബി.സി. മൂന്നാം സഹസ്രാബ്ദം മുതൽ ഇന്നു വരെ നിരവധി യുദ്ധങ്ങൾ ഈ ഭൂമിയിൽ അരങ്ങേറിയിട്ടുണ്ട്.

പ്രായേണ ഫലപുഷ്ടിയായ ഭൂപ്രദേശമാണ് കാനാൻ. നല്ലമഴയും ധാരാളം അരുവികളും അതിനെ ജലസമ്പന്നമാക്കുന്നു. പഴവർഗ്ഗങ്ങളും ധാന്യങ്ങളും സമൃദ്ധമായി വിളയുന്ന മലപ്രദേശങ്ങളും സമതലങ്ങളും, തഴച്ചുവളരുന്ന പുൽമേടുകളും ഉള്ളതിനാൽ മരുഭൂമിയിൽ നിന്നു വരുന്നവർക്ക് ഇത് "പറുദീസ" ആയിതോന്നും. പുതിയ മേച്ചിൽ പുറങ്ങളും കൃഷിയിടങ്ങളും തേടി പുറപ്പെടുന്ന കുടിയേറ്റ ജനതകളും നാടുകൾ വെട്ടിപ്പിടിക്കാൻ ഇറങ്ങിത്തിരിക്കുന്ന സാമ്രാജ്യശക്തികളും കാനാനിൽ വാസമുറപ്പിച്ചിട്ടുണ്ട്. അതിനാൽ വൈവിധ്യമാർന്ന സംസ്കാരങ്ങൾ ഉരുകിച്ചേർന്ന് ഒന്നാകുന്ന ഒരു വലിയ സംസ്കാരിക മൂശപോലെയാണ് കാനാൻ ദേശം.

**b) ഭരണസംവിധാനം:** ബി.സി. പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലാണ് ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ കാനാനിൽ പ്രവേശിക്കുന്നത്. അന്നുദേശത്തിനു പൊതുവായ ഒരു ഭരണകൂടമോ നേതൃത്വമോ ഉണ്ടായിരുന്നില്ല. സ്വതന്ത്രമായ അനേകം നാട്ടുരാജ്യങ്ങളായി ദേശം വിഭജിക്കപ്പെട്ടിരുന്നു. നൂറ്റാണ്ടുകളായി കാനാൻ ദേശം ഈജിപ്തിന്റെ ആധ്യപത്യത്തിൽ കീഴിലായിരുന്നെങ്കിലും



ബി.സി.14-ാം നൂറ്റാണ്ടിൽ ഈജിപ്ത് ദുർബ്ബലമായപ്പോൾ കാനാന്റെ മേലുള്ള അവരുടെ സ്വാധീനവും ക്ഷയിച്ചു. നാട്ടുരാജാക്കന്മാർ പരസ്പരം യുദ്ധം ചെയ്തു. ശക്തായവർ പ്രായേണ ശക്തികുറഞ്ഞവരെ കീഴടക്കി. കാനാൻദേശം മുഴുവൻ വലിയൊരു ആഭ്യന്തര കലാപത്തിലായി.

ഈജിപ്തിന്റെ സൈനികസഹായം തേടിക്കൊണ്ട് കാനാനിലെ നാട്ടു രാജാക്കന്മാർ അയച്ച അനേകം കത്തുകൾ പുരാവസ്തുഗവേഷകന്മാർ കണ്ടെടുത്തിട്ടുണ്ട്. ബി.സി. 14-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഈജിപ്തു ഭരിച്ച ആമെൻഹോതെഫ് നാലാമൻ തലസ്ഥാനമായി പണികഴിപ്പിച്ച റ്റെൽ എൽ അമർണ എന്ന നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ നിന്നാണ് കളിമൺ ഫലകങ്ങളിലുള്ള ഈ കത്തുകൾ കണ്ടെത്തിയത്. ഇവ "എൽ അമർണാ ലിഖിതങ്ങൾ" എന്ന പേരിൽ അറിയപ്പെടുന്നു. ഈജിപ്തുതന്നെ ആഭ്യന്തര കലാപത്തിലായിരുന്നതിനാൽ ആശ്രിതർക്കു സഹായം എത്തിക്കാൻ കഴിഞ്ഞില്ല. ഇടപ്രഭുക്കന്മാരും നാട്ടുരാജാകന്മാരും പരസ്പരം പൊരുതിത്തകരുന്ന ഒരു രാജ്യമായിരുന്നു. ബി.സി. 14-13 നൂറ്റാണ്ടുകളിലെ കാനാൻ.

**c) സാമ്പത്തിക സാമൂഹിക സംവിധാനങ്ങൾ:** നിലനിന്ന സാമൂഹികവും സാമ്പത്തികവുമായ സംവിധാനങ്ങളും ദേശത്തിന്റെ ശക്തി ക്ഷയിക്കാൻ കാരണമായി. കോട്ട കെട്ടി ഭദ്രമാക്കിയ പട്ടണങ്ങളെ കേന്ദ്രമാക്കിയാണ് നാട്ടുരാജ്യങ്ങൾ വളർന്നത്. ചുരുക്കം ചില അപവാദങ്ങൾ ഒഴിച്ചാൽ ഈ പട്ടണങ്ങൾ ഭൂരിഭാഗവും പത്തേക്കറിൽ താഴെമാത്രം വിസ്താരമുള്ള കോട്ടകളായിരുന്നു. സാമ്പത്തികാടിസ്ഥാനത്തിൽ ജനം ധനികർ, ഇടത്തരക്കാർ, ദരിദ്രർ എന്ന മൂന്നു തട്ടുകളിലായിരുന്നു. ഏറ്റവും മുകളിലത്തെ തട്ടിൽ രാജാവും പുരോഹിതനും അവരുടെ ഉദ്യോഗസ്ഥവൃന്ദവും. ഇവാരണ് പട്ടണത്തിൽ വസിക്കുന്നത്. രാജകൊട്ടാരവും ദേവാലയവും ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളായിരുന്നു. പട്ടണത്തിനു ചുറ്റുമുള്ള ഭൂപ്രദേശങ്ങൾ മുക്കാലം ഈ സംവിധാനങ്ങളുടെ ഉടമസ്ഥതയിലായിരുന്നു. സ്വന്തമായി തുണ്ടുഭൂമിയുള്ള കർഷകരാണ് രണ്ടാമത്തെ തട്ടിൽ. രാജഭണ്ഡാരത്തിലേക്കും ദേവാലയത്തിലേക്കും നികുതികളായി തങ്ങളുടെ ഉല്പന്നങ്ങളുടെ പകുതിയിലേറെ അവർ നല്കേണ്ടിയിരുന്നു. സ്വന്തമായി ഭൂമിയോ സ്ഥിരമായ വരുമാനമാർഗ്ഗമോ ഇല്ലാത്തവരാണ് ഏറ്റം താഴത്തെ തട്ടിൽ. രാജാവിന്റെയും പുരോഹിതന്മാരുടെയും ഭൂമിയിൽ പാട്ടക്കാരായി കൃഷിചെയ്തിരുന്നവരാണ് അവരിൽ ഒരു പങ്ക്. മേൽപറഞ്ഞ രണ്ടു സംവിധാനങ്ങളുടെയും അടിമകളായി ജീവിച്ചിരുന്നവരും ഏറെയുണ്ടായിരുന്നു. കൊടുത്തുവീട്ടാത്ത നികുതിയുടെയും

കടങ്ങളുടെയുമൊക്കെ പേരിൽ ഭൂമിയും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട ഇടത്തരക്കാർ അടിമകളുടെ തട്ടിലേക്കു വീഴുക പതിവായിരുന്നു.

താഴത്തെ രണ്ടു തട്ടുകളിലുമുള്ളവർ പട്ടണത്തിനു വെളിയിലാണ് താമസിക്കുക. പട്ടണവാസികളെ തീറ്റിപ്പോറ്റിയിരുന്നത് ഇവരാണെങ്കിലും അധികാര സംവിധാനങ്ങളുടെ സഹായമോ സംരക്ഷണമോ ഇവർക്കു ലഭിച്ചിരുന്നില്ല. ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ ഇവർക്കാണ് കൂടുതൽ നഷ്ടം സംഭവിക്കുക. ബി.സി. 14-13 നൂറ്റാണ്ടുകളിൽ ചെറുകിട കർഷകരും ഭൂരഹിതരായ കുടിയാന്മാരും അടിമകളും പട്ടണവാസികളായ ധനികർക്കെതിരേ സംഘടിച്ച് കലാപങ്ങളിൽ ഏർപ്പെട്ടതായി ചരിത്രകാരന്മാർ കരുതുന്നു. ഈ ആഭ്യന്തര കലാപങ്ങൾ കാനാൻ ദേശത്തിന്റെ പൊതുവായ ദൗർബ്ബല്യത്തിനു കാരണമായി. പുറമെനിന്നു വരുന്ന ശത്രുക്കൾക്ക് ദേശം കീഴടക്കാൻ ഏറെ സഹായകമായ ഒരു അവസ്ഥാ വിശേഷമായിരുന്നു ഇത്. ''നിനക്കുമുമ്പേ ഞാൻ കടന്നലുകളെ അയക്കും" (പുറ 23,28; നിയ 7,20) എന്ന വാഗ്ദാനം ഈ അവസ്ഥയെ സൂചിപ്പിക്കുന്നതായി കരുതാം.

കാനാൻ ദേശം കീഴടക്കാൻ ജോഷ്വായ്ക്കു സഹായകമായ ഘടകങ്ങൾ വേറെയും ഉണ്ടായിരുന്നു. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ കടന്നുവരുമ്പോൾ കാനാൻ ദേശം ജനനിബിഢമായിരുന്നില്ല. സമതലങ്ങളിലും മധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങളിലുമാണ് ജനങ്ങൾ അധിക പങ്കും വസിച്ചിരുന്നത്. അങ്ങിങ്ങായുള്ള നാട്ടുരാജ്യങ്ങൾക്കിടയിൽ ധാരാളം വിഭജന പ്രദേശങ്ങളുണ്ടായിരുന്നു. ഇവിടങ്ങളിൽ കുടിയേറിപ്പാർക്കാൻ ഇസ്രായേൽക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടായിരുന്നില്ല.

**d) കാനാൻകാരുടെ മതം:** ബഹുദൈവാരാധകരായിരുന്ന കാനാൻകാരുടെ വിശ്വദേവതാഗണത്തിന്റെ അധിപതിയാണ് സർവ്വശക്തനായ ഏൽ. ആകാശങ്ങളുടെ ദൈവം എന്നും ഏൽ അറിയപ്പെട്ടിരുന്നു. ഏറ്റം വലിയ കൊടുമുടിയിലാണ് അദ്ദേഹം വസിക്കുന്നത്. ഭൂമിയുടെ മേൽ ഭരണം നടത്തുന്നതും ഭൂമിക്കു ഫലപുഷ്ടിയും മൃഗങ്ങൾക്കും മനുഷ്യർക്കും സന്താനപുഷ്ടിയും നൽകുന്നതും ബാൽ ദേവനാണ്. സകലദേവന്മാരുടെയും മാതാവാണ് ജലദേവതയായ അഷേറാ. അവൾ ചിലപ്പോൾ ബാലിന്റെ മാതാവായും ചിലപ്പോൾ ഭാര്യയായും ചിത്രീകരിക്കപ്പെടാറുണ്ട് ബാലിന്റെ സഹധർമ്മിണികളാണ് അസ്താർതെയും അനാത്തും. കൃഷി മുഖ്യതൊഴിലാക്കിയിരുന്ന കാനാൻകാരുടെ ദേവതകളും ആരാധനാനുഷ്ഠാനങ്ങളും കൃഷിയുമായി ബന്ധപ്പെട്ടിരുന്നു. അവരുടെ ഉത്സവങ്ങളെല്ലാം തന്നെ കാർഷികോത്സവങ്ങളായിരുന്നു.

മലമുകളിലും കുന്നിൻപുറങ്ങളിലുമാണ് ആരാധനാലയങ്ങൾ സ്ഥാപിച്ച് ആരാധനയർപ്പിച്ചിരുന്നത്. മദ്യപാനവും ലൈംഗികവേഴ്ചകളും



ഉത്സവങ്ങളുടെ അവിഭാജ്യഘടകങ്ങളായിരുന്നു. ബാൽദേവനും സഹധർമ്മിണികളുമൊയുള്ള ലൈംഗികവേഴ്ചയാണ് ഭൂമിയെ ഫലപുഷ്ടമാക്കുന്നത് എന്ന വിശ്വാസത്തിൽ നിന്ന് ആരാധനാനുഷ്ഠാനങ്ങൾ ഉരുത്തിരിഞ്ഞു. ആകാശത്തിൽ നടക്കുന്ന വേഴ്ചകളുടെ അനുരൂപണമായി ഭൂമിയിൽ ആരാധനാവിധികൾ രൂപം കൊണ്ടു. അതിനായി നിയുക്തരായ സ്ത്രീ പുരുഷന്മാർ പുരോഹിതരായി പരിഗണിക്കപ്പെട്ടു. ബൈബിൾ ഇവരെ വേശ്യകൾ എന്നു വിളിക്കുന്നു. കാരണം അവരുടെ ആരാധന തന്നെ വേശ്യാവൃത്തിയായിരുന്നു. കാര്യസാധ്യത്തിനുവേണ്ടി നരബലിയും ശിശുഹത്യയും നടത്തുക പതിവായിരുന്നു.

വേദസങ്കല്പങ്ങളും ദേവാലയങ്ങളും ആരാധനാനുഷ്ഠാനങ്ങളും എല്ലാ സമ്പന്നർക്കു സംരക്ഷണം നൽകുന്നതായിരുന്നു. രാജാവും പ്രധാനപുരോഹിതനുമായിരുന്നു രാജ്യത്തെ ഏറ്റം വലിയ സമ്പന്നർ. ധാർമ്മികമായ ഇച്ഛാശക്തിയോ പാവങ്ങൾക്കു നീതി നടത്തിക്കൊടുക്കാനുള്ള കഴിവോ ഇവരുടെ ദേവതകൾക്കുണ്ടായിരുന്നില്ല. നാടുമുഴുവൻ സ്വന്തമാക്കുകയും ഭൂരിഭാഗം ജനങ്ങളെയും അടിമത്തത്തിൽ തളച്ചിടുകയും ചെയ്ത സാമ്പത്തിക-സാമൂഹിക സംവിധാനങ്ങൾക്ക് ന്യായീകരണവും പിന്തുണയും നൽകാനേ മതസംവിധാനങ്ങൾ പര്യാപ്തമായുള്ളൂ. ആരാധനോത്സവങ്ങളുടെ മേളക്കൊഴുപ്പിൽ ആകൃഷ്ടരായപ്പോഴും അടിമത്തത്തിന്റെ ക്രൂരമായ നുകം വഹിച്ചിരുന്ന കാനാൻദേശത്തെ ദരിദ്രവിഭാഗത്തിന് മരുഭൂമിയിൽ നിന്നു വന്നവരുടെ മതവും വിശ്വാസവും കൂടുതൽ ആകർഷണീയമായിത്തോന്നി.

ഈജിപ്തിലെ ഫറവോയെ പരാജയപ്പെടുത്തി ഒരുപറ്റം അടിമകളെ മോചിപ്പിച്ചവനാണല്ലോ ഇസ്രായേൽക്കാർ ആരാധിച്ചിരുന്ന ദൈവമായ യാഹ്വേ. അന്നുവരെ തങ്ങൾക്ക് അജ്ഞാതവും അചിന്ത്യവുമായിരുന്ന ''അടിമകളുടെ ദൈവം'' എന്ന സങ്കല്പം കാനാൻകാർക്കു സ്വീകാര്യമായതിൽ അത്ഭുതത്തിന് വകയില്ല. റാഹാബിന്റെയും (ജോഷ്വാ 2) ഗിബയോൻകാരുടെയും (ജോഷ്വാ 9) വിവരണങ്ങൾ ഇപ്രകാരമൊരു അവസ്ഥാവിശേഷത്തെ ചിത്രീകരിക്കുന്നതാണ്. തദ്ദേശവാസികളായ ദരിദ്രരുടെ മതപരമായ ആഭിമുഖ്യവും കാനാൻദേശം കീഴടക്കുന്നതിൽ ജോഷ്വയ്ക്കു സഹായമായി.

## 2. ഇസ്റായേലിന്റെ ദിഗ്വിജയങ്ങൾ

ഈജിപ്തിൽ ഒരു വലിയ ജനസമൂഹമായിത്തീർന്ന ഇസ്രയേൽക്കാർ മോശയുടെ നേതൃത്വത്തിൽ അടിമത്തത്തിൽനിന്നു പുറപ്പെട്ട് കർത്താവിന്റെ അത്ഭുതകരമായ സഹായത്താൽ ദേശം മുഴുവൻ കീഴടക്കി. ബൈബിൾ

വിവരണങ്ങളുടെ വ്യാഖ്യാനമാണിതെങ്കിലും സമകാലിക ചരിത്രരേഖകളും ബൈബിളിലെ തന്നെ പല പരാമർശങ്ങളും ഈ വ്യാഖ്യാനത്തിന്റെ സാധുതയെ ചോദ്യം ചെയ്യുന്നു. ചരിത്രത്തിന്റെ ലളിതവും ആദർശവൽകൃതവുമായ ഒരു സംഗ്രഹമായി മാത്രമേ ഇതിനെകാണാൻ കഴിയൂ. ഇതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് രണ്ടാമത്തെ കാഴ്ചപ്പാട്. അതിൻപ്രകാരം പടിപടിയായിട്ടാണ് ഇസ്രായേൽക്കാർ കാനാൻ ദേശം മുഴുവൻ കീഴടക്കിയത്. സുദീർഘമായ ഈ പ്രക്രിയയിൽ മൂന്നു ഘടകങ്ങൾ കാണാം. a. നുഴഞ്ഞുകയറ്റം b. മതപരിവർത്തനം c. വെട്ടിപ്പിടിക്കൽ.

**a) നുഴഞ്ഞുകയറ്റം:** ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ മെസൊപ്പൊട്ടാമിയേൽക്കാരുടെ നിന്നു നടന്ന വലിയൊരു കുടിയേറ്റത്തിന്റെ ഭാഗമായിട്ടാണ് ഇസ്രായേൽകാരുടെ പൂർവ്വപിതാവായ അബ്രഹാം കാനാൻദേശത്ത് എത്തിയത് എന്ന് അബ്രഹാമിന്റെ ചരിത്രം പഠിച്ചപ്പോൾ നാം കണ്ടു കഴിഞ്ഞു. (തീർത്ഥാടനം 3-4 11) ആടുമേയ്ക്കൽ മുഖ്യതൊഴിലാക്കിയിരുന്ന ഇസ്രായേലിന്റെ പൂർവ്വികർ കാനാൻ ദേശത്തിന്റെ പലഭാഗങ്ങളിൽ വാസമുറപ്പിക്കുകയും കൃഷിയിൽ ഏർപ്പെടുകയും ചെയ്തതായി പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിൽ സൂചനകളുണ്ട്. ഹെബ്രോണിലെ ശവപ്പറമ്പ് അബ്രഹാം വിലയ്ക്കു വാങ്ങിയതും (ഉൽപ 23) ഇസഹാക്ക് 23) ഇസഹാക്ക് പലേടത്തും കൃഷിയിറക്കിയതും (ഉൽപ 26) യാക്കോബിന്റെ മക്കൾ ഷെക്കം നിവാസികളുടെമേൽ മിന്നലാക്രമണം നടത്തിയതും (ഉൽപ 34) മറ്റും ഉദാഹരണങ്ങളാണ്. ജോസഫും, പിന്നീട് യാക്കോബും മറ്റു മക്കളും ഈജിപ്തിലേക്കു പോയെങ്കിലും അവരുടെ വംശത്തിൽപ്പെട്ട ഹബീറുക്കളായ പലരും കാനാനിൽത്തന്നെ വസിച്ചിരുന്നു. ഇസ്രായേൽക്കാർ എന്ന് പില്ക്കാലത്ത് അറിയപ്പെട്ടവരെല്ലാം ഈജിപ്തിലേക്കു കുടിയേറിയവരുടെ സന്തതികളായിരുന്നില്ല.

ഈജിപ്തിൽ നിന്നുള്ള പുറപ്പാടിന്റെ കാര്യത്തിലും ഇതുപോലൊരു നിഗമനത്തിലാണ് ചരിത്രകാരന്മാർ എത്തിനിൽക്കുന്നത്. മോശയുടെ നേതൃത്വത്തിൽ ഒരു വലിയ സമൂഹം പുറപ്പെടുന്നതിനു മുമ്പുതന്നെ ഇസ്രായേൽ വംശജരിൽ പലരും പലപ്പോഴായി കാനാനിലേക്കു കുടിയേറിപ്പാർത്തിരുന്നു. ബി. സി. 16-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഹിക്സോസ് രാജവംശം ഈജിപ്തിൽ നിന്നു തുരത്തപ്പെട്ടപ്പോൾ അവരിൽ പലരും കാനാനിലേക്കു തിരിച്ചുപോന്നു. മോശയുടെ കൂടെ വന്നവർ കാദേശ് ബർണെയായിൽ നിന്ന് കാനാൻദേശം കീഴടക്കാൻ ശ്രമിച്ചു തോറ്റോടിയതായി സംഖ്യ 14,39-45ൽ വിവരിക്കുന്നുണ്ട്. എന്നാൽ പിന്നീടൊരു യുദ്ധത്തിൽ അവർ കാനാൻകാരെ പരാജയപ്പെടുത്തി ഹോർമാ കീഴടക്കിയെന്ന് സംഖ്യ 21,1-3ൽ രേഖപ്പെടുത്തിയിരിക്കുന്നു. മരുഭൂമിയിൽ നിന്നു വന്ന ഇസ്രായേൽക്കാരുടെ ചെറിയ സംഘങ്ങൾ കാനാൻ ദേശത്ത്



അങ്ങിങ്ങായി വിജനപ്രദേശങ്ങളിൽ വാസമുറപ്പിച്ചതായും ചരിത്രകാരന്മാർ കരുതുന്നു. ജോഷ്വായുടെ നേതൃത്വത്തിൽ കാനാനിൽ പ്രവേശിച്ച ഇസ്രായേൽക്കാരുമായി ഇവരെല്ലാം സഹകരിക്കുകയും പിന്നീട് ഒരു ജനതയാവുകയും ചെയ്തതായി കരുതാം.

**b) മതപരിവർത്തനവും ഉടമ്പടിയും:** അടിമകൾക്കു വിടുതൽ നല്കുന്ന ദൈവത്തിലുള്ള വിശ്വാസം സ്വീകാര്യമായി കരുതിയ പല കാനാൻകാരും ഇസ്രായേൽക്കാരുടെ വിശ്വാസം സ്വീകരിച്ച് അവരൊടുചേർന്ന് ഒരു ജനമായി. റാഹാബും കുടുംബവും ഇതിനുദാഹരണമാണ്. ചെറുത്തുനിൽക്കുക അസാധ്യമാണെന്നു മനസിലാക്കി ഇസ്രായേൽക്കാരുമായി ഉടമ്പടി ചെയ്യാൻ തയ്യാറായ കാനാൻകാരുമുണ്ട്. ഗിബയോൻകാർ (ജോഷ്വാ 9) മാത്രമായിരിക്കണമെന്നില്ല ഇപ്രകാരമുള്ള ഉടമ്പടിയുണ്ടാക്കിയത്. ഈ ജനങ്ങളെല്ലാം ഇസ്രായേലിന്റെ വിശ്വാസം പരസ്യമായി ഏറ്റുപറയുകയും ഉടമ്പടിയിൽ പങ്കുചേർന്ന് ഒറ്റ ജനമാവുകയും ചെയ്തതിന്റെ വിവരണമാണ് ഷെക്കെമിലെ ഉടമ്പടി നവീകരണമായി (ജോഷ്വാ 24) ചിത്രീകരിച്ചിരിക്കുന്നത്.

**c) പടവെട്ടിപ്പിടിക്കൽ:** ജോഷ്വായുടെ നേതൃത്വത്തിൽ കടന്നുവന്ന ഇസ്രായേൽക്കാർ പലനാട്ടുരാജാക്കന്മാരെയും നേരിട്ടുള്ള യുദ്ധത്തിൽ പരാജയപ്പെടുത്തി അവരുടെ രാജ്യം കൈയടക്കി. 13-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സമൂലം നശിപ്പിക്കപ്പെട്ട പല പട്ടണങ്ങളുടെയും നഷ്ടാവശിഷ്ടങ്ങൾ കാനാൻ ദേശത്തിന്റെ പലഭാഗത്തായി പുരാവസ്തുഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ലാക്കിഷ്, ദെബീർ, ഹസോർ തുടങ്ങിയവ ഈ കൂട്ടത്തിൽപ്പെടുന്നു. ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്ന യുദ്ധങ്ങളെല്ലാം അക്ഷരാർത്ഥത്തിൽ അപ്രകാരം നടന്നതല്ലെങ്കിൽ തന്നെ, കഠിനമായ പോരാട്ടങ്ങളിലൂടെ ഇസ്രായേൽക്കാർ കാനാൻ ദേശത്തിന്റെ പല ഭാഗങ്ങളും കീഴടക്കി എന്നതിൽ സംശയമില്ല.

ഈ വിജയങ്ങൾ കാനാൻകാരുടെ ഇടയിൽ ഇസ്രായേൽക്കാരെക്കുറിച്ച് ഭീതിയും ആദരവും ഉളവാക്കി; പല നാട്ടുരാജാക്കന്മാരും ഇടപ്രഭുക്കന്മാരും അവരോടു സഖ്യം ചേരുന്നതിനും ഇസ്രായേൽക്കാരുടെ മതവിശ്വാസം സ്വീകരിക്കുന്നതിനും ഇതു കാരണമായി. ഇപ്രകാരം വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ ദീർഘകാലം കൊണ്ട് കാനാൻദേശം കീഴടക്കിയതിന്റെ ചരിത്രമാണ് ജോഷ്വായുടെ പുസ്തകത്തിൽ സമ്യക്കായി വിവരിച്ചിരിക്കുന്നത്.

## 3. തദ്ദേശവാസികളുടെ ഉന്മൂലനം

കീഴടക്കിയ പട്ടണങ്ങളിലെ സ്ത്രീകളും വൃദ്ധരും ശിശുക്കളും അടക്കം സകലമനുഷ്യരെയും ദൈവകല്പന പ്രകാരം ഇസ്രായേൽക്കാർ വാളിനിരയാക്കിയതായി ജോഷ്വായുടെ പുസ്തകത്തിൽ പലതവണ

വിവരിക്കുന്നുണ്ട്. (6,20-21; 8,22-24). വളരെ ക്രൂരവും ആരോചകവുമായി തോന്നാവുന്ന ഈ സംഭവങ്ങൾ പഴയനിയമത്തിലെ ദൈവം പ്രതികാരബുദ്ധിയായ ഒരു കിരാതമൂർത്തിയാണെന്നു കരുതാൻ ഇന്നും അനേകരെ പ്രേരിപ്പിക്കുന്നുണ്ട്. നിയമാവർത്തനപുസ്തകം പഠിച്ചപ്പോൾ ഈ വിഷയം നാം ചർച്ചചെയ്തതാണ്. എങ്കിലും ചില കാര്യങ്ങൾ പ്രത്യേകം ഓർത്തിരിക്കുന്നത് ദൈവത്തെക്കുറിച്ചുള്ള തെറ്റായ ചില ധാരണകൾ ഒഴിവാക്കാൻ സഹായിക്കാം.

a) യുദ്ധം എപ്പോഴും ക്രൂരമായിരുന്നു. പുരാതനകാലത്ത് കീഴടക്കുന്ന ജനതകളെ ഒന്നടങ്കം നശിപ്പിക്കുക പതിവായിരുന്നു. ആധുനികയുദ്ധങ്ങളിലും കഥ വ്യത്യസ്തമല്ലല്ലോ. ഹിരോഷിമയും നാഗസാക്കിയും ഉദാഹരണങ്ങളാണ്. ഇതരജനങ്ങൾ ചെയ്തിരുന്നതിനേക്കാൾ ഒട്ടും കൂടുതലായിരുന്നില്ല ഇസ്രായേൽക്കാർ ശത്രുനിഗ്രഹത്തിൽ കാട്ടിയ ക്രൂരത.

b) ചുരുക്കം ചില സാഹചര്യങ്ങളൊഴികെ ഇസ്രായേൽക്കാർ കാനാൻകാരെ ഉന്മൂലനം ചെയ്തതായി ജോഷ്വായുടെ പുസ്തകത്തിൽ പോലും പറയുന്നില്ല. തദ്ദേശവാസികളുമായി സഖ്യം ചെയ്യാനും അവരെയും തങ്ങളുടെ ഭാഗമായി സ്വീകരിച്ച് ഉടമ്പടിയിൽ പങ്കുകാരാക്കാനും അവർ തയ്യാറായിരുന്നു. എതിർത്തു നിന്നവരെ മാത്രമാണ് ഉന്മൂലനം ചെയ്തത്. ഇതര ജനതകളിൽ ഭയം ജനിപ്പിക്കാൻ ഉപയോഗിച്ച ഒരു തന്ത്രമായും ഇതിനെ കാണാവുന്നതാണ്.

c) വാഗ്ദത്ത ഭൂമി കൈവശപ്പെടുത്താനുള്ള യുദ്ധങ്ങളിൽ യാഹ്വേയാണ് തങ്ങളെ നയിക്കുന്നതെന്ന് ഇസ്രായേൽക്കാർക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. യുദ്ധത്തിൽ അനിവാര്യമായ മനുഷ്യക്കുരുതികൾ ദൈവഹിതമായി അവർ വ്യാഖ്യാനിച്ചു എന്നു കരുതുന്നതിലും തെറ്റില്ല.

d) വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങളെ ഒരു വിശുദ്ധമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. കീഴടക്കിയ പട്ടണങ്ങളിലെ സകലജീവികളെയും വധിക്കുന്നത് ദൈവത്തിനർപ്പിക്കുന്ന കൃതജ്ഞതാസൂചകമാ ദഹനബലിയായി പരിഗണിക്കപ്പെട്ടിരുന്നു.

e) സംഭവങ്ങൾ കഴിഞ്ഞ് ഏകദേശം ആറു നൂറ്റാണ്ടുകൾക്കു ശേഷമാണ് അവയുടെ വിവരണം എഴുതപ്പെട്ടത് എന്ന് ആമുഖത്തിൽ നാം കണ്ടുകഴിഞ്ഞു. ദേശം നഷ്ടപ്പെട്ട് ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞവരാണ് തങ്ങളുടെ പൂർവ്വകാലചരിത്രം എഴുതിയത്. തങ്ങൾക്കുപാർക്കാൻ ഇടം നല്കുന്നതിനുവേണ്ടി ഇതര ജനതകളെ



ഉന്മൂലനം ചെയ്ത കർത്താവിന് തങ്ങളോടുള്ള പ്രത്യകസ്നേഹമാണ് ഈ വിവരണങ്ങളിലൂടെ പ്രകീർത്തിക്കപ്പെടുന്നത്.

f) കാനാൻകാരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയും അവരുടെ മതവിശ്വാസങ്ങളിലും ആരാധനാനുഷ്ഠാനങ്ങളിലും പങ്കുചേരുകയും ചെയ്തതുവഴി കർത്താവിനോട് അവിശ്വസ്തരായതാണ് വാഗ്ദത്തഭൂമി നഷ്ടപ്പെടാൻ കാരണം എന്നു പ്രവാസികൾക്കു ബോധ്യമായിരുന്നു. ഇപ്രകാരം ഒരു വിപത്ത് ഉണ്ടാകതിരിക്കാൻ വേണ്ടിയാണ് കാനാൻകാരെ ഉന്മൂലനം ചെയ്യണം, അവരുമായി യാതൊരു ബന്ധവും ഉണ്ടാകരുത് എന്ന് കർത്താവ് കല്പിക്കുന്നത് എന്ന് അവർ വിശ്വസിച്ചു. ശത്രുക്കളുടെ ഉന്മൂലനമല്ല, കർത്താവിനോടുള്ള പൂർണ്ണവും അചഞ്ചലുവുമായ വിശ്വസ്തതയാണ് ഈ കല്പനയുടെ ലക്ഷ്യം.

g) ''എന്റെ നീതി നിമിത്തമാണ് കർത്താവ് ഈ സ്ഥലം അവകാശമാക്കാൻ എന്നെ കൊണ്ടുവന്നതെന്നു നിങ്ങൾ ഹൃദയത്തിൽ പറയരുത്. ഈ ജനതകളുടെ ദുഷ്ടത നിമിത്തമാണ് അവിടുന്ന് അവരെ നിങ്ങളുടെ മുമ്പിൽ നിന്ന് നീക്കിക്കളയുന്നത്'' (നിയ 9,4) എന്ന വിശദീകരണം പ്രത്യേകശ്രദ്ധയർഹിക്കുന്നു. വിഗ്രഹാരാധനയും വേശ്യാവൃത്തിയും നരബലിയും മറ്റു സകലമ്ലേച്ഛതകളും മൂലം ആ ദേശത്തെ അശുദ്ധമാക്കിയതിനാൽ കാനാൻകാരുടെമേലുള്ള കർത്താവിന്റെ ശിക്ഷാവിധി നടപ്പിലാക്കുന്ന ഉപകരണങ്ങൾ മാത്രമായിരുന്നു ഇസ്രായേൽക്കാർ. അതിനാൽ ഈ കല്പനയിൽ കർത്താവിന്റെ ക്രൂരതയല്ല, നീതിപൂർവ്വകമായ ശിക്ഷാവിധിയാണ് പ്രകടമാകുന്നത്.

h) പാപത്തിൽ തുടരുന്നവർക്കെല്ലാം എതിരേയുള്ള ശക്തമായ ഒരു താക്കീതാണ് ഈ കല്പന. കാനാൻകാർക്കെതിരേ നടപ്പിലാക്കാൻ ഇസ്രായേൽക്കാരോട് നിർദ്ദേശിച്ചതിനേക്കാൾ ഒട്ടും കുറഞ്ഞതല്ല ഉടമ്പടി ലംഘിച്ചാൽ ഇസ്രായേലിന്റെ മേൽ നിപതിക്കും എന്ന് കർത്താവു മുന്നറിയിപ്പു നൽകിയ ശിക്ഷാവിധിയും ശാപങ്ങളും (ലേവ്യർ 26,14-39; നിയ 28,15-68). ഈ ശിക്ഷാവിധി ഏറ്റുവങ്ങിയ ജനത്തോടാണ് ജോഷ്വായുടെ പുസ്തകത്തിലൂടെ കർത്താവ് സംസാരിക്കുന്നത്. ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ പുതിയ നിയമത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ ചിത്രവും ഒട്ടും വ്യത്യസ്തമല്ല എന്നു കാണാനാവും. പാപത്തിൽ തുടരുന്നവർക്ക് നിശ്ചയിച്ചിരിക്കുന്ന നിത്യശിക്ഷ കാനാൻകാരുടെമേൽ നടപ്പാക്കിയതിനേക്കാൾ കഠിനമാണല്ലോ (മത്താ 7,23; 25,41-46; ലൂക്കാ 13,25-28; വെളി 21,8).

## 4. പുസ്തകത്തിന്റെ സന്ദേശം

a) പേര്: "രക്ഷകൻ" എന്നാണ് ജോഷ്വാ എന്ന പേരിന്റെ അർത്ഥം. യാഹ്‌വേയാണ് രക്ഷ എന്ന് അർത്ഥമുള്ള യാഹ്‌വേ + ഷ്വാ എന്ന രണ്ടു വാക്കുകൾ ഒന്നിച്ചുചേർന്നാണ് ഈ പേരുണ്ടായത്. യെഹോഷ്വാ, ഹോഷെയാ, ഹോസിയാ എന്നിവയെല്ലാം ഒരേ പേരിന്റെ തന്നെ വിവിധ രൂപങ്ങളത്രെ. ഈ പേര് ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ "യേസൂസ്" എന്നായി. ഇതിൽ നിന്നാണ് "ജീസസ് (Jesus) " എന്ന് ഇംഗ്ലീഷ് രൂപവും യേശു എന്ന മലയാള നാമവും ഉണ്ടായത്. ലത്തീനിലും മറ്റു പാശ്ചാത്യഭാഷകളിലും "ജോഷ്വാ" എന്ന ഹീബ്രൂ രൂപം നിലനിന്നു. ഈ പേര് സുറിയാനിയിലേക്കു വിവർത്തനം ചെയ്തപ്പോൾ "ഈശോ" എന്നായി. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ഈ പേരാണല്ലോ സ്വീകരിച്ചത്. അതിനാൽ തന്നെ ജോഷ്വായെ യേശുവിന്റെ പ്രതീകവും മുന്നോടിയുമായി കാണാം. ഈ ആശയം കൂടുതൽ വിശദമായി പിന്നീടു ചർച്ചചെയ്യുന്നതാണ്.

**b) ദൈവത്തിന്റെ വിശ്വസ്തത:** വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് ദൈവം എന്ന് ജോഷ്വായുടെ പുസ്തകത്തിലെ വിവരണങ്ങൾ എടുത്തുകാട്ടുന്നു. പഞ്ചഗ്രന്ഥത്തിൽ പലതവണ ആവർത്തിച്ചുനൽകിയതാണ് ഭൂമിയെ സംബന്ധിച്ച വാഗ്ദാനം. കാനാൻ ദേശം അബ്രാഹത്തിന്റെ സന്തതികൾക്ക് സ്വന്തമായി നല്കുമെന്നും ദേശം കൈവശമാക്കാൻ വേണ്ടി കർത്താവു തന്നെ അവരെ നയിക്കുമെന്നും ഉള്ള വാഗ്ദാനങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ നിറവേറിയതായി ഇവിടെ ചിത്രീകരിക്കുന്നു. കർത്താവിന്റെ ഉടമ്പടി ശാശ്വതവും വാഗ്ദാനം അലംഘനീയവും സ്നേഹം അചഞ്ചലവുമാണ്. മനുഷ്യർ അവിശ്വസ്തരായാലും കർത്താവു തന്റെ വാക്കുപാലിക്കും. അവിടുത്തെ വിശ്വസിക്കാം.

**c) ദൈവത്തിന്റെ വിശുദ്ധി:** പാപികളെ ശിക്ഷിച്ച് തിന്മയെ ഉന്മൂലനം ചെയ്തുകൊണ്ട് ദൈവം തന്റെ വിശുദ്ധി പ്രകടമാക്കുന്നു. മനുഷ്യന്റെ ദുഷ്ടതയെ അവിടുന്ന് വച്ചുപൊറുപ്പിക്കുകയില്ല. കാനാൻ ദേശക്കാരെ ഉന്മൂലനം ചെയ്യാൻ ആവശ്യപ്പെടുന്നതിന്റെ മുഖ്യകാരണം ഇതാണ്. അക്രമവും ദുഷ്ടതയും ആരു പ്രവർത്തിച്ചാലും അവർ ദൈവകോപത്തിനിരയാകും. കാനാൻകാരുടെ മ്ലേച്ഛതകൾ അനുകരിച്ച ഇസ്രായേൽ ജനത്തിന്റെ മേലും ഈ കോപം നിപതിച്ചു എന്ന് ബാബിലോണിൽ പ്രവാസികളായി കഴിയുന്നവർക്ക് വ്യക്തമായിരുന്നു. എക്കാലത്തും പ്രസക്തമായൊരു പാഠമാണിത്.

**d) യാഹ്‌വേ യോദ്ധാവ്:** ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നു മോചിപ്പിച്ച് മരുഭൂമിയിലൂടെ നയിച്ച യാഹ്‌വേയാണ് വാഗ്ദത്തഭൂമിക്കുമേണ്ടിയുള്ള പോരാട്ടങ്ങളിൽ അവർക്കു നേതൃത്വം നൽകിയത്. ഊരിയ വാളുമായി ജെറീക്കോ പട്ടണത്തിന്റെ പ്രാന്തപ്രദേശത്തുവച്ച് ജോഷ്വായ്ക്കു പ്രത്യക്ഷപ്പെട്ട ദൂതൻ (ജോഷ്വാ 5,13-15) യുദ്ധങ്ങൾ നയിക്കുന്ന കർത്താവിന്റെ പ്രതീകമായിരുന്നു. ജെറീക്കോയുടെ പതനവും അത്ഭുതകരമായ മറ്റു വിജയങ്ങളും കർത്താവാണ് യുദ്ധം നയിക്കുന്നത് എന്നതിന്റെ ഉദാഹരണങ്ങളാണ്.



ബഹുദൈവാരാധന നിലനിന്ന കാലഘട്ടത്തിൽ ഓരോ ജനതയും തങ്ങളുടെ സംരക്ഷണത്തിനായി ഓരോ ദൈവത്തെ ആരാധിച്ചുപോന്നു. തങ്ങളുടെ ദൈവമാണ് തങ്ങളെ യുദ്ധത്തിൽ നയിക്കുകയും വിജയം നല്കുകയും ചെയ്യുന്നത് എന്ന് അവർ വിശ്വസിച്ചിരുന്നു. ഒരു ജനത്തിന് യുദ്ധത്തിലുണ്ടാകുന്ന പരാജയം ആ ജനത്തെ നയിക്കുന്ന ദൈവത്തിന്റെ ബലഹീനതയുടെ തെളിവായി കരുതിപ്പോന്നു. സാമ്രാജ്യശക്തിയായ ഈജിപ്തിനെ തോല്പിക്കുകയും, വാളും പരിചയും തേരും കുതിരയുമുള്ള കാനാൻകാരെ തുരത്തുകയും ചെയ്ത യാഹ്‌വേ സർവ്വശക്തനാണെന്ന് ഈ യുദ്ധങ്ങളിലൂടെ തെളിഞ്ഞു.

തന്റെ നീതിയും കരുണയും അചഞ്ചലമായ സ്നേഹവും വിശ്വസ്തതയും സകലർക്കും പ്രാപ്യമാക്കുന്നതിനുവേണ്ടിയാണ് ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്ത്, സ്വന്തമായി ഒരു ദേശം നൽകി സംരക്ഷിച്ചത്. അധർമ്മത്തെ ഉന്മൂലനം ചെയ്ത് നീതി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന ദൈവമാണ് യോദ്ധാവായ യാഹ്‌വേ (ഏശ 63,1-6). സൈന്യങ്ങളുടെ കർത്താവായ ദൈവത്തെ പ്രകീർത്തിക്കുന്ന അനേകം സങ്കീർത്തനങ്ങൾ ഈ സത്യം ഏറ്റുപറയുന്നു (സങ്കീ 9; 10; 11; 18; 21; 24; 35; 54; 64; 68; 76; 89)

**e) ദൈവം പ്രപഞ്ചത്തിന്റെ നാഥൻ:** പ്രപഞ്ചത്തിന്റെ സ്രഷ്ടാവും അതിനാഥനും പരിപാലകനുമാണ് ദൈവം. സൃഷ്ടവസ്തുക്കളെല്ലാം അവിടുത്ത ആജ്ഞാനുവർത്തികളാണ്. അവിടുത്തെ കല്പനയനുസരിച്ച് ജലപ്രവാഹങ്ങൾ നിലയ്ക്കും (ജോഷ്വാ 3,15); കോട്ടകൾ തകർന്നു വീഴും (6,20); ധർമ്മ സംസ്ഥാപനാർത്ഥം യുദ്ധരംഗത്തിറങ്ങുന്ന ദൈവത്തിന്റെ സർവ്വശക്തിയുടെ ഉദാഹരണങ്ങളാണ് ഈ സംഭവങ്ങൾ കർത്താവിലുള്ള വിശ്വാസമാണ് ഈ വിവരണങ്ങളിലൂടെ ഏറ്റുപറയുന്നത്.

**f) കർത്താവിന്റെ കരുണയ്ക്ക് അതിരുകളില്ല:** ഇസ്രായേലിനു സ്വന്തമായി ദേശം നേടിക്കൊടുക്കാൻ വേണ്ടി കർത്താവു നയിച്ച യുദ്ധങ്ങളാണ് ജോഷ്വായുടെ പുസ്തകത്തിന്റെ ആദ്യഭാഗത്തു വിവരിക്കുന്നതെങ്കിലും നീതിയും ന്യായവും പ്രവർത്തിക്കുകയും പൂർണ്ണഹൃദയത്തോടെ അവിടുത്തെ തേടുകയും ചെയ്യുന്ന ആരെയും

അവിടുന്ന് പരിത്യജിക്കുന്നില്ല. ഇസ്രായേലിന്റെ പരിധികൾക്കപ്പുറത്തുള്ളവരേയും കർത്താവിന്റെ പരിപാലന വലയം ചെയ്തു സംരക്ഷിക്കുന്നതിന്റെ ഉദാഹരണങ്ങളാണ് റാഹാബിന്റെയും ഗിബയോൻകാരുടെയും അനുഭവങ്ങൾ.

**g) വാഗ്ദത്തഭൂമി-ദാനവും ദൗത്യവും:** കർത്താവ് സൗജന്യമായി നൽകുന്ന ദാനമാണ് വാഗ്ദത്തഭൂമി. എന്നാൽ അതു കൈവശപ്പെടുത്താൻ ധീരതയോടെ യുദ്ധം ചെയ്തേ മതിയാവൂ. സുരക്ഷിതമായി വസിക്കാൻ ഒരിടത്തിനു വേണ്ടിയാണ് ജോഷ്വായും കൂട്ടരും യുദ്ധം ചെയ്തത്. അത് ഒരു ധർമ്മ യുദ്ധമായിരുന്നു. അധർമ്മത്തിനെതിരെ യുദ്ധത്തിനു തയ്യാറാകുന്നവർക്കേ വാഗ്ദത്ത ഭൂമിയായ ദൈവരാജ്യത്തിൽ അവകാശം ലഭിക്കൂ. ധർമ്മ സമരങ്ങളിൽ കർത്താവ് എന്നും നേതാവായി മുമ്പിൽ തന്നെ ഉണ്ടായാരിക്കും. അനീതിയ്ക്കെതിരെ കണ്ണടയ്ക്കാനോ, അധർമ്മവുമായി ഒത്തുതീർപ്പിലെത്താനോ അവിടുന്ന് അനുവദിക്കുകയില്ല. ഇസ്രായേൽക്കാർക്ക് കാനാൻദേശം അവകാശമായി നൽകിയ ദൈവം എല്ലാ ജനതകൾക്കും, ഓരോ കുടുംബത്തിനും വളരാനും വികസിക്കാനും ആവശ്യമായ ഭൂമിയും വിഭവങ്ങളും അവകാശമായി നൽകുന്നു. ഭൂമിയുടെ നാഥനായ ദൈവം സകല മനുഷ്യർക്കും നൽകുന്ന ഈ അവകാശത്തെ നിഷേധിക്കാൻ യാതൊരു ഭരണകൂടത്തിനും അധികാരമില്ല.

**h) യേശുവിന്റെ മുന്നോടിയും പ്രതീകവും:** പേരിൽ മാത്രമല്ല, പ്രവൃത്തിയിലും ജോഷ്വാ യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ്. വാഗ്ദത്തഭൂമിയായ കാനാൻ ദേശത്തേക്ക് ജോഷ്വാ ഇസ്രായേൽക്കാരെ നയിച്ചെങ്കിൽ യേശുക്രിസ്തു സകല ജനതകളേയും ദൈവരാജ്യത്തിലേക്ക് നയിക്കുന്നു. ജോർദ്ദാൻ നദികടന്നാണ് ജോഷ്വാ ജനത്തെ കാനാൻ നാട്ടിലേക്കു നയിച്ചത്. മാമ്മോദീസായിൽ ഈ നദി കടക്കലിന്റെ പ്രതീകം യാഥാർത്ഥ്യമായി മാറുന്നു. മരണം വഴി ഈ ജീവിതത്തിൽ നിന്നും നിത്യജീവനിലേക്കു പ്രവേശിക്കുമ്പോൾ ഈ നദികടക്കൽ പൂർണ്ണമാകുന്നു. ജോർദ്ദാനിലെ മാമ്മോദീസായിൽ തുടങ്ങി കുരിശുമരണമാകുന്ന മാമ്മോദീസായിലൂടെയാണല്ലോ യേശു തന്റെ മഹത്വത്തിൽ പ്രവേശിച്ചതും അനുയായികളെ നിത്യജീവനിലേക്കു നയിക്കുന്നതും. കാനാൻ നിവാസികളുടെമേൽ ജോഷ്വാ നേടിയ വിജയങ്ങളിൽ തിന്മയുടെ സകലശക്തികളുടെയും മേൽ യേശു നേടിയ വിജയത്തിന്റെ നിഴൽ കാണാം. യേശുക്രിസ്തു നയിക്കുന്ന ധർമ്മയുദ്ധം ഏതെങ്കിലും വ്യക്തികൾക്കോ ജനപദങ്ങൾക്കോ എതിരായിട്ടല്ല, "പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മക്കൾക്കും എതിരായത്രേ" (എഫേ 6,12).



## ചോദ്യങ്ങൾ

1. കാനാൻദേശം എവിടെയാണ്? ഇന്ന് ഏതു രാജ്യത്തിന്റെ കീഴിലാണ് ഈ ഭൂപ്രദേശം?
2. മരുഭൂമിയിൽ നിന്നു വരുന്നവർക്ക് കാനാൻ ദേശം പറുദീസ ആയിത്തോന്നും. എന്തുകൊണ്ട്?
3. ഇസ്രായേൽക്കാർ കടന്നു വരുമ്പോൾ എന്തായിരുന്നു കാനാനിലെ രാഷ്ട്രീയവും സാമൂഹികവുമായ അവസ്ഥ?
4. കാനാൻകാരുടെ മതവിശ്വാസവും ആചാരങ്ങളും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. വിശദീകരിക്കുക.
5. പ്രധാനമായും മൂന്നു വിധത്തിലാണ് ഇസ്രായേൽക്കാർ കാനാൻദേശം കൈയടക്കിയത്. വിശദീകരിക്കുക.
6. കാനാനിലെ സാധാരണ ജനത്തിന് ഇസ്രായേൽക്കാരുടെ മതം ആകർഷകമായിത്തോന്നി. എന്തുകൊണ്ട്?
7. കാനാൻകാരെ ഉന്മൂലനം ചെയ്യാനുള്ള ദൈവ കല്പനക്ക് എന്തുവിശദീകരണം നല്കാനാവും?
8. ജോഷ്വാ എന്ന പേരിന്റെ അർത്ഥമെന്ത്?
9. യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ് ജോഷ്വാ. വിശദീകരിക്കുക.

**ചർച്ചയ്ക്ക്:** 1. പഴയ നിയമത്തിലെ ദൈവം ക്രൂരനാണ് എന്ന ധാരണയ്ക്ക് ജോഷ്വായുടെ പുസ്തകം എപ്രകാരമാണ് കാരണമായത്? ഈ ധാരണ ശരിയോ?

2. വാഗ്ദത്ത ഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ നിന്ന് എന്തു പ്രായോഗിക പാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?

**പ്രാർത്ഥന:** കർത്താവായ യേശുവേ, ജോഷ്വാ ഇസ്രായേൽ ജനത്തെ വാഗ്ദത്ത ഭൂമിയിലേക്കു നയിച്ചതുപോലെ അങ്ങു ഞങ്ങളെ ദൈവരാജ്യത്തിലേക്കു നയിക്കുന്നതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ധീരതയോടെ അങ്ങയെ അനുഗമിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ

ആമ്മേൻ

# 1. വാഗ്ദത്ത ഭൂമി കീഴടക്കൽ 1–12

കാനാൻ ദേശം കീഴടക്കിയതിന്റെ ചരിത്രം രണ്ടു ഭാഗമായി തിരിക്കാം. ആദ്യഭാഗത്ത് (1–5) ഭൂമി കീഴടക്കാൻ വേണ്ടി നടത്തിയ ഒരുക്കങ്ങളും രണ്ടാം ഭാഗത്ത് (6–12) കാനാൻകാർക്കെതിരേ നടത്തിയ പോരാട്ടങ്ങളും വിവരിക്കുന്നു. ഭൂമി കർത്താവിന്റെ ദാനമാണെന്നും തങ്ങളെക്കാൾ പതിന്മടങ്ങു വിപുലവും ശക്തവുമായ ശത്രുസൈന്യങ്ങളെ പരാജയപ്പെടുത്താൻ കർത്താവാണ് ഇസ്രായേൽക്കാരെ സഹായിച്ചതെന്നും എടുത്തുകാട്ടുന്നതാണ് ഈ വിവരണങ്ങൾ. കർത്താവിനോടു പരിപൂർണ്ണ വിധേയത്വവും വിശ്വസ്തതയും പാലിച്ചാൽ മാത്രമേ വിജയം ലഭിക്കൂ എന്നും ഈ വിവരണങ്ങളിലൂടെ പഠിപ്പിക്കുന്നു.

## A ഒരുക്കം 1–5

വാഗ്ദത്ത ഭൂമിയിലേക്ക് പ്രവേശിക്കാൻ കർത്താവു ജോഷ്വായ്ക്കു നിർദ്ദേശം നല്കുന്നതു മുതൽ (1,1–9) ജെറീക്കോ പട്ടണത്തിന്റെ സമീപത്തുവച്ച് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് ജോഷ്വായ്ക്ക് ശക്തി പകരുന്നതുവരെ (5,13–15)യുള്ള സംഭവങ്ങൾ വാഗ്ദത്ത ഭൂമി കൈയടക്കുന്നതിനുള്ള ഒരുക്കമാണ്. ആരംഭത്തിലും അവസാനത്തിലും കർത്താവിന്റെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നതിലൂടെ ഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടത്തെ കർത്താവു നയിക്കുന്ന ഒരു വിശുദ്ധയുദ്ധമായി ചിത്രീകരിക്കുന്നു. നിർദ്ദേശങ്ങൾ, ചാരവൃത്തി, നദികടക്കൽ എന്നീ മൂന്നു കാര്യങ്ങൾ ഈ ഭാഗത്തു വിവരിക്കുന്നു.

### 1. നിർദ്ദേശങ്ങൾ 1,1–18

കർത്താവു ജോഷ്വായ്ക്കും (1–1–9) ജോഷ്വാ ജനത്തിനും (1,10–18) നല്കിയ നിർദ്ദേശങ്ങൾ പുസ്തകത്തിന്റെ ആമുഖമായി നിലകൊള്ളുന്നു. ഈ അധ്യായം മുഴുവൻ നിയമാവർത്തന ചരിത്രകാരൻമാരുടെ രചനയായി കരുതപ്പെടുന്നു. മോശയെക്കുറിച്ചുള്ള പരാമർശങ്ങളിലൂടെ ജോഷ്വായുടെ പുസ്തകത്തെ നിയമാവർത്തന പുസ്തകവുമായി ബന്ധിപ്പിച്ചിരിക്കുന്നു. മോശയിലൂടെ പ്രവർത്തിച്ച കർത്താവ് ഇപ്പോൾ ജോഷ്വായിലൂടെ തന്റെ പ്രവർത്തനം തുടരുന്നു. നേതാക്കന്മാർ മാറിമാറി വരും. എന്നാൽ യഥാർത്ഥ നേതാവ് കർത്താവു തന്നെയാണ്. അവിടുത്തെ സാന്നിധ്യവും സഹായവുമാണ് നേതാക്കൻമാരെയും ജനത്തെയും ശക്തിപ്പെടുത്തുന്നത്.



**ജോഷ്വയ്ക്കു നിർദ്ദേശങ്ങൾ 1,1–9** മോശയുടെ സേവകനായിരുന്നു ജോഷ്വാ എന്ന വിശേഷണം രക്ഷാചരിത്രത്തിന്റെയും ഇസ്രായേലിലെ നേതൃത്വത്തിന്റെയും ഇടമുറിയാത്ത പിന്തുടർച്ചയിലേക്ക് ശ്രദ്ധ തിരിക്കുന്നു. മരുഭൂമിയിലൂടെയുള്ള പ്രയാണത്തിൽ മുഴുവൻ മോശയോടു ചേർന്നുനിന്ന വിശ്വസ്ത ദാസനായിരുന്നു ജോഷ്വാ. അമലേക്യരുമായുള്ള യുദ്ധത്തിൽ മോശ മലമുകളിൽ നിന്നു പ്രാർത്ഥിച്ചപ്പോൾ താഴെ സൈന്യത്തെ നയിച്ചത് ജോഷ്വായാണ് (പുറാ 17,8–16) മലമുകളിൽവെച്ച് ഉടമ്പടിയുടെ പ്രമാണങ്ങൾ സ്വീകരിച്ചപ്പോൾ ജോഷ്വാ മോശയോടൊപ്പം ഉണ്ടായിരുന്നു (പുറ. 24,12–18). കാദേശിൽവെച്ച് ജനം മുഴുവൻ കലഹിച്ചപ്പോൾ ജോഷ്വാ വിശ്വസ്തനായി മോശയോടൊപ്പം നിന്നു (സംഖ്യ 13–14). കർത്താവുതന്നെയാണ് മോശയുടെ പിൻഗാമിയായി ജോഷ്വായെ നിയോഗിച്ചത്. (സംഖ്യ 27,18; നിയ 31,3. 14–23; 34,9). പക്വമതികളും പരിചയസമ്പന്നരും ആയവരെയാണ് തന്റെ ജനത്തിന്റെ നേതാക്കൻമാരായി ദൈവം നിയോഗിക്കുന്നത്.

വാഗ്ദത്ത ഭൂമിയുടെ അതിരുകളെക്കുറിച്ച് 1,3–4ൽ നല്കുന്ന വിവരണം നിയ 11,24–25ൽ കണ്ടതാണ്. കർത്താവു ജനത്തിനു സൗജന്യമായി നൽകുന്ന ദാനമാണ് ദേശം എന്നു വീണ്ടും അനുസ്മരിപ്പിക്കുന്നു. ഈ ദേശം കൈവശപ്പെടുത്തി വിതരണം ചെയ്യാൻ ജോഷ്വാ ജനത്തിനു നേതൃത്വം നല്കണം. ദാനം നല്കുന്ന ദൈവത്തോടു സഹകരിക്കുമ്പോൾ മാത്രമേ വാഗ്ദത്ത ഭൂമി സ്വന്തമാക്കാൻ കഴിയൂ. "ശക്തനും ധീരനും ആയിരിക്കുക," എന്ന ആഹ്വാനം മൂന്നു തവണ ആവർത്തിക്കുന്നുണ്ട്. കർത്താവു തന്റെ കൂടെയുണ്ട് എന്നതാണ് ധീരതയുടെ അടിസ്ഥാനം. ശക്തിയും ധീരതയും യുദ്ധം ചെയ്യാൻ ആവശ്യമായ ഗുണങ്ങളാണെന്നതിൽ സംശയമില്ല. എന്നാൽ ഇവിടെ യുദ്ധത്തെക്കുറിച്ചല്ല, ഉടമ്പടിയുടെ നിയമങ്ങളോടുള്ള വിശ്വസ്തതയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

**വിചിന്തനം:** ദൈവം വാഗ്ദാനം ചെയ്ത ഭൂമി മുഴുവൻ കൈവശമാക്കാൻ ഇസ്രായേൽ ജനത്തിന് ഒരിക്കലും സാധിച്ചില്ല. വ്യക്തികൾക്കും സമൂഹത്തിനും സാക്ഷാൽക്കരിക്കാൻ കഴിയുന്നതിനേക്കാൾ വളരെ വലുതാണ്. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാകര പദ്ധതി. അവിടുത്തെ മഹാമനസ്കതയ്ക്കും ഔദാര്യത്തിനം അതിരുകളുമില്ല. നമ്മുടെ ബലഹീനതയും അവിശ്വസ്തതയുമാണ് നമ്മെക്കുറിച്ചുള്ള അവിടുത്തെ പദ്ധതി പൂർണ്ണമായും നിറവേറാതെ പോകുന്നതിനു കാരണം.

ദൈവരാജ്യത്തിന്റെ പ്രതീകമാണ് വാഗ്ദത്ത ഭൂമി. അതു കൈവശമാക്കാൻ ആരൊടെങ്കിലും യുദ്ധം ചെയ്യുകയല്ല, കർത്താവിന്റെ പ്രമാണങ്ങളോടു വിശ്വസ്തത പാലിക്കുകയാണ് ആവശ്യം. ന്യായപ്രമാണ

ഗ്രന്ഥത്തിന്റെ സ്ഥാനത്ത് ഇന്നു നമുക്ക് ബൈബിൾ ലഭിച്ചിരിക്കുന്നു. അതുവായിച്ച് ഹൃദിസ്ഥമാക്കുകയും ദൈവവചനം മറ്റുള്ളവരോടു പ്രഘോഷിക്കുകയും ചെയ്യാൻ നേതാക്കൻമാർക്കു മാത്രമല്ല. സകല വിശ്വാസികൾക്കും കടമയുണ്ട്. ദൈവവചനം ജീവിതത്തിനു വഴികാട്ടിയായി സ്വീകരിക്കുന്നവർക്ക് ആരെയും ഒന്നിനെയും ഒരിക്കലും ഭയപ്പെടേണ്ടതില്ല. ദൈവം എപ്പോഴും അവരോടുകൂടെ ഉണ്ടായിരിക്കും

**ജനത്തിനു നിർദ്ദേശങ്ങൾ 1,10-18:** കർത്താവിൽ നിന്നു ലഭിച്ച കല്പനയനുസരിച്ച് ജോഷ്വാ ജനത്തിനു നിർദ്ദേശങ്ങൾ നൽകി (1-10-11). വാഗ്ദത്ത ഭൂമി കൈവശമാക്കാനുള്ള യാത്രയെ ഒരു പടപ്പുറപ്പാട് എന്നതിനെക്കാൾ ഒരു തീർത്ഥാടനത്തിന്റെ ശൈലിയാണ് അവതരിപ്പിക്കുന്നത്. ജോർദ്ദാൻ നദിയുടെ കിഴക്ക് വാസമുറപ്പിച്ച റൂബെൻ, ഗാദ് ഗോത്രങ്ങളെയും മനാസ്സെ ഗോത്രത്തിന്റെ പകുതിയെയുംക്കുറിച്ച് സംഖ്യ 32; നിയ 3,12-20-ൽ പ്രതിപാദിച്ചിട്ടുണ്ട്. സ്വന്തമായി വാസസ്ഥലം ലഭിച്ചുകഴിഞ്ഞാൽ തങ്ങളുടെ സഹോദരങ്ങൾക്കു വാസസ്ഥലം നേടിയെടുക്കാൻ വേണ്ടി മുൻകൈ എടുക്കണം എന്ന നിർദ്ദേശം ഗോത്രങ്ങൾ തമ്മിൽ നിലനിൽക്കേണ്ട കൂട്ടായ്മയ്ക്ക് ഊന്നൽ നല്കുന്നു. മോശയെ എന്നപോലെ ജോഷ്വായെയും അനുസരിച്ചുകൊള്ളാം എന്ന് ജനം വാഗ്ദാനം ചെയ്തു. ദൈവമായ കർത്താവ് നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ (1,17) എന്നത് ഒരു ആശംസയും അതേ സമയം നിബന്ധനയുമാണ്. നീ കർത്താവിനെ അനുസരിക്കുന്നിടത്തോളം കാലം ഞങ്ങൾ നിന്നെയും അനുസരിക്കും എന്നതാണ് നിബന്ധന.

**വിചിന്തനം:** ഒറ്റപ്പെട്ട വ്യക്തികളുടെ തനതായ പ്രയാണമല്ല ജീവിതം. അത് സഹോദരങ്ങളുടെ കൂട്ടായ തീർത്ഥാടനമാണ്. അതിൽ ഓരോരുത്തരും സ്വന്തം സുരക്ഷിതത്വവും സുഖസൗകര്യങ്ങളും ഉറപ്പുവരുത്താൻ പരിശ്രമിച്ചാൽ പോരാ, അവ എല്ലാവർക്കും ലഭ്യമാക്കാൻ വേണ്ടി യത്നിക്കണം. സ്വന്തമായി ഭൂമി ലഭിച്ച ഗോത്രങ്ങൾ മറ്റു ഗോത്രങ്ങൾക്കും ഭൂമി ലഭിക്കുന്നതുവരെ യുദ്ധം ചെയ്തതുപോലെ എല്ലാവരും, പ്രത്യേകിച്ച് ജീവിത ഭദ്രത നേടിയ സമ്പന്നർ, ദരിദ്രരുടെ കാര്യത്തിൽ ശ്രദ്ധാലുക്കളാകണം. എല്ലാ മനുഷ്യർക്കും രാജ്യങ്ങൾക്കും ബാധകമായ ഈ പ്രമാണം ക്രിസ്തുവിന്റെ സഭയിലും സന്യാസ സഭകളിലും കൂടുതൽ പ്രസക്തമാണ്. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും വർഗ്ഗബോധത്തോടെ സമരം ചെയ്യുന്നവർ ഈ കടമയെക്കുറിച്ചു ബോധവാൻമാരായിരുന്നെങ്കിൽ എല്ലാവർക്കും നീതി ലഭ്യമാകുമായിരുന്നു.



കർത്താവിനോടുകൂടെ ആയിരിക്കാൻ നേതാവും അണികളും ഒരുപോലെ ജാഗ്രത പാലിക്കണം. കർത്താവിനെ പൂർണ്ണ ഹൃദയത്തോടെ അനുസരിക്കുന്ന നേതാക്കൻമാർക്കു മാത്രമേ അനുയായികളിൽ നിന്ന് അനുസരണം ആവശ്യപ്പെടാൻ അവകാശമുള്ളൂ. ദൈവരാജ്യത്തിലേക്കുള്ള പ്രയാണത്തിൽ ഈ കൂട്ടായ്മയും അനുസരണവും ജീവൽ പ്രധാനമത്രെ.

## 2. ചാരൻമാരും വേശ്യയും 2,1-24

കാനാൻ ദേശത്തിന്റെ തെക്കു കിഴക്ക് ജോർദ്ദാൻ സമതലത്തിലെ ഏറ്റം പ്രധാനപ്പെട്ട കോട്ടയായിരുന്നു ജെറീക്കോ. ദേശം കൈയടക്കാൻ ആദ്യമേ ഈ കോട്ട കീഴടക്കേണ്ടിയിരുന്നു. അതിനാൽ ജറീക്കോ പട്ടണത്തെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിക്കുന്നതിനായി ജോഷ്വാ രണ്ടു ചാരൻമാരെ അയച്ചു.

ഇസ്രായേൽ ചാരൻമാർ പട്ടണത്തിലെ വേശ്യയായ റാഹാബിന്റെ വീട്ടിൽ പ്രവേശിച്ചത് അറിഞ്ഞ ജറീക്കോ രാജാവ് അവരെ വിട്ടുകിട്ടുന്നതിനായി റാഹാബിന്റെയടുക്കലേക്ക് രണ്ട് ദൂതൻമാരെ അയച്ചു. എന്നാൽ റാഹാബ് വീടിന്റെ മട്ടുപ്പാവിൽ ഉണക്കാനിട്ടിരുന്ന ചണത്തുണ്ടുകൾക്കിടയിൽ ചാരന്മാരെ ഒളിപ്പിച്ചതിനുശേഷം തെറ്റായ വിവരങ്ങൾ നല്കി ദൂതൻമാരെ പറഞ്ഞയച്ചു. ദൂതൻമാർ പോയികഴിഞ്ഞപ്പോൾ അവൾ ചാരൻമാരെ സുരക്ഷിതരായി ഇറക്കിവിട്ടു. മൂന്നു ദിവസത്തിനുശേഷം മടങ്ങിയെത്തിയ ചാരൻമാർ ജോഷ്വായ്ക്ക് ആവശ്യമായ വിവരങ്ങൾ നല്കി. എല്ലാത്തരം ആളുകളും വന്നുചേരുന്നതും രഹസ്യങ്ങൾ ചോർത്താൻ സൗകര്യപ്രദവും ആയ സ്ഥലമായതിനാലാണ് ചാരൻമാർ വേശ്യാലയത്തിൽ രാത്രി ചിലവഴിക്കാൻ തീരുമാനിച്ചത്. വേശ്യാവൃത്തിയും ചാരവൃത്തിയും ഒരുമിച്ചു പോവുക ഇന്നും സാധാരണമാണല്ലോ. കാനാൻ ദേശം കർത്താവ് ഇസ്രായേൽ ജനത്തിനു നല്കിയിരിക്കുന്നു എന്ന് ഇവിടെ രണ്ടുതവണ (2,8.24) എടുത്തു പറയുന്നുണ്ട്. കാനാൻകാരെ പരിഭ്രാന്തരാക്കിക്കൊണ്ട് കർത്താവ് വിജയത്തിനു വഴിയൊരുക്കികഴിഞ്ഞു. (2,9.24) ഈ രണ്ടു പ്രസ്താവനകൾക്കു മധ്യേ റാഹാബിന്റെ വിശ്വാസ പ്രഖ്യപനം രേഖപ്പെടുത്തിയിരിക്കുന്നു.

“മുകളിൽ ആകാശത്തിലും താഴം ഭൂമിയിലും നിങ്ങളുടെ ദൈവമായ കർത്താവു തന്നെയാണ് ദൈവം'' (2,11) എന്ന പ്രസ്താവനയാണ് റാഹാബിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ കേന്ദ്രം. ഈജിപ്തുമുതൽ ജോർദ്ദാൻ താഴ്വര വരെ ഇസ്രായേൽക്കാർക്കുവേണ്ടി ചെയ്ത വലിയകാര്യങ്ങളിലൂടെ കർത്താവുമാത്രമാണ് ദൈവം എന്നു തെളിഞ്ഞു.

അടിമകൾക്കു വിടുതൽ നല്കാനായി അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന കർത്താവിനെ ദൈവമായി സ്വീകരിക്കാൻ റാഹാബ് തയ്യാറായി. ഈ വിശ്വാസമാണ് നാശത്തിന് ഉഴിഞ്ഞിട്ട നഗരത്തിൽനിന്ന് റാഹാബിനെ രക്ഷിച്ചതും ഇസ്രായേലിന്റെ രാജാവായ ദാവീദിന്റെയും ലോകരക്ഷകനായ യേശുക്രിസ്തുവിന്റെയും മതാമഹിയാക്കിയതും. അബ്രാഹത്തിൽ നിന്നു ജനിച്ചവർ മാത്രമല്ല, ദൈവമായ കർത്താവിൽ വിശ്വസിക്കുന്നവരെല്ലാം ദൈവജനവും വാഗ്ദാനത്തിന് അവകാശികളും ആണെന്നു റാഹാബിന്റെ മാതൃകയിലൂടെ വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു.

കുടുംബാംഗങ്ങളോടുള്ള സ്നേഹമാണ് റാഹാബിന്റെ മറ്റൊരു സവിശേഷതയായി വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നത്. ആസന്നമായിരിക്കുന്ന അപകടത്തിൽ നിന്ന് തന്റെ കുടുംബാംഗങ്ങളെ മുഴുവൻ രക്ഷിക്കാൻ കരുണാപൂർണ്ണമായ പ്രവർത്തനവും വിനയാന്വിതമായ യാചനയും വഴി അവൾക്കു സാധിച്ചു. കുടുംബാംഗങ്ങളെ മുഴുവൻ ഒരു വീട്ടിൽ വിളിച്ചുകൂട്ടണമെന്നും ആരും വീടുവിട്ടുപുറത്തുപോകരുതെന്നും ചാരൻമാർ നല്കുന്ന നിർദ്ദേശത്തിൽ (2,18-19) ഈജിപ്തിൽ വെച്ചു നടത്തിയ പെസഹാ ആഘോഷത്തിന്റെ (പുറ 12,21-23) പ്രതിധ്വനികേൾക്കാം. ജനാലയിൽ കെട്ടിയിട്ട ചുവന്ന ചരട് (2,18-21) ഇസ്രായേൽക്കാർ കട്ടിളപ്പടിയിൽ തളിച്ച കുഞ്ഞാടിന്റെ രക്തത്തെ (പുറ 12-22) അനുസ്മരിപ്പിക്കുന്നു. ആദ്യജാതന്മാരുടെ സംഹാരത്തിൽ നിന്ന് ഇസ്രായേൽക്കാരെ ഒഴിവാക്കിയ കർത്താവുതന്നെയാണ് റാഹാബിനെയും കുടുംബത്തെയും കൂട്ടക്കൊലയിൽ നിന്ന് ഒഴിവാക്കുന്നത്.

**വിചിന്തനം:** വേശ്യയായ റാഹാബും അവളുടെ കുടുംബവും മാത്രമാണ് ജെറീക്കോ പട്ടണത്തിന്റെ നാശത്തിൽനിന്നും രക്ഷ പ്രാപിച്ചത്. മനുഷ്യന്റെ മാനദണ്ഡം വച്ചല്ല ദൈവം അളക്കുന്നത് എന്ന് ഇതിലൂടെ വ്യക്തമാകുന്നു. പാപികളും അശുദ്ധരുമെന്ന് മനുഷ്യർ മുദ്രകുത്തി മാറ്റിനിർത്തുന്നവരെ ദൈവം പ്രത്യേകമായി സംരക്ഷിക്കുന്നു. അതിനാൽ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്ന ആരും നിരാശപ്പെടേണ്ടതില്ല.

കർത്താവുമാത്രമാണ് ദൈവം എന്നു ബോധ്യമായപ്പോൾ ജീവൻ പോലും പണയപ്പെടുത്തി അവിടുത്തോട് ചേർന്നു നിൽക്കാൻ റാഹാബ് തയ്യാറായി. രാജ്യദ്രോഹകുറ്റവും വധശിക്ഷയും അവൾ ഭയന്നില്ല. ധീരവും സാഹസികവുമായ ഈ പ്രവൃത്തിയാണ് റാഹാബിനു രക്ഷ നൽകിയത്. ബോധ്യങ്ങൾ ഉണ്ടായാൽ പോരാ, അതനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറാകണം.

രാജസേവകരോടു നുണ പറയുകയും ചാരൻമാർക്ക് സംരക്ഷണം നൽകുകയും ചെയ്ത റാഹാബിന്റെ പ്രവൃത്തികളുടെ ധാർമ്മികത ചോദ്യം ചെയ്യപ്പെട്ടേക്കാം. വഞ്ചനയും ചാരപ്പണിയും നീതീകരിക്കുകയല്ല ഈ



വിവരണത്തിന്റെ ഉദ്ദേശ്യം. ഇസ്രായേൽക്കാർ വിശ്വസിക്കുന്ന യാഹ്വെ മാത്രമണ് ദൈവമെന്നും കാനാൻ ദേശം ഇസ്രായേൽക്കാർക്കായി നല്കപ്പെട്ടിരിക്കുന്നു എന്നും ബോധ്യമായപ്പോൾ തന്റെ ബോധ്യവും വിശ്വാസവും അനുസരിച്ചു പ്രവർത്തിച്ച റാഹാബിന്റെ ധീരതയാണ് ഇവിടെ ശ്രദ്ധാകേന്ദ്രം. ഭൂരിപക്ഷത്തിനെതിരെ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും പേരിൽ ഒറ്റയ്ക്കുനിൽക്കുന്ന നോഹയുടെയും അബ്രഹാമിന്റെയും മോശയുടെയും പ്രവാചകൻമാരുടെയും നിലപാടാണ് റാഹാബും സ്വീകരിച്ചത്. ആസന്നമായ വിപത്തിനുമുന്നിൽ തന്ത്രപൂർവ്വം പ്രവർത്തിച്ച കാര്യസ്ഥന്റെ (ലൂക്കാ 16,1-9) പ്രവൃത്തിയോട് ഇതിനെ തുലനം ചെയ്യാനാവും. ദേശഭക്തിയും രാജ്യസ്നേഹവും അധാർമ്മികതയ്ക്കു കൂട്ടുനിൽക്കാൻ പ്രേരകമാവരുത്.

വിജയം കർത്താവിന്റെ ദാനമാണ്. അവിടുത്തെ ഹിതമനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് അതിന് ആവശ്യമായ സാഹചര്യങ്ങൾ അവിടുന്ന് ഒരുക്കിത്തരും. മാനുഷികമായ കാഴ്ചപ്പാടിൽ അസാധ്യമെന്നു തോന്നാവുന്ന സംരംഭങ്ങളിൽ ഏർപ്പെടാൻ ഈ വിശ്വാസമാണ് ശക്തി പകരുന്നത്.

## 3. നദികടക്കൽ 3,1-5,12

കാനാൻദേശത്തു പ്രവേശിക്കാനുള്ള ഒരുക്കങ്ങളെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷം ജനം ജോർദ്ദാൻ നദി കടന്നതിന്റെ വിവരണമാണ് വി. ഗ്രന്ഥകാരൻ ഈ അധ്യായങ്ങളിൽ നല്കുന്നത്. കർത്താവിന്റെ കല്പനയും ജോഷ്വായുടെ നിർദ്ദേശങ്ങളും അനുസരിച്ച് ജനം ജോർദ്ദാൻ നദിക്കരയിലേക്കു പ്രദക്ഷിണമായി നീങ്ങി. വാഗ്ദാനപേടകം വഹിച്ച പുരോഹിതന്മാരുടെ പാദങ്ങൾ നദീജലത്തെ സ്പർശിച്ചപ്പോൾ നദിയുടെ വടക്കുനിന്നുള്ള ഒഴുക്കു നിലച്ചു. ജനം മുഴുവൻ വരണ്ട നിലത്തൂടെ നദികടന്നു. ഈ അത്ഭുതത്തിന്റെ ഓർമ്മ നിലനിർത്താനായി നദിയിൽനിന്നു പന്ത്രണ്ടുകല്ലുകൾ എടുത്ത് ജനം പാളയമടിച്ച ഗിൽഗാലിൽ സ്ഥാപിച്ചു. അവിടെ വച്ച് അവർ പെസഹാ ആഘോഷിച്ചു.

വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയിലെ അവസാനത്തേതും ഏറ്റും നിർണ്ണായകവും ആയ സംഭവമാണ് ജോർദ്ദാൻ നദി കടക്കൽ. ഈജിപ്തിൽ നിന്നുള്ള പുറപ്പാടിൽ തുടങ്ങിയ യാത്ര ഇതോടെ അതിന്റെ ലക്ഷ്യത്തിലെത്തുന്നു. യാത്രയുടെ തുടക്കവും ഒടുക്കവും തമ്മിൽ വി.ഗ്രന്ഥകാരൻ ബോധപൂർവ്വം ബന്ധിപ്പിച്ചിരിക്കുന്നതായികാണാം. പെസഹാ ആഘോഷത്തിനു ശേഷമാണ് ജനം ചെങ്കടൽ കടന്നത്. നദികടന്നതിനുശേഷം ജനം പെസഹാ ആഘോഷിക്കുന്നു. അങ്ങനെ രണ്ട് പെസഹാ ആഘോഷങ്ങൾക്കു മധ്യേയാണ് വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്ര മുഴുവൻ വിവരിച്ചിരിക്കുന്നത്. ജോർദ്ദാൻ നദി വറ്റിയതും (3,16-17)

ചെങ്കടലിനു നടുവിൽ പാതതെളിഞ്ഞതും (പുറ 14,21-27) തമ്മിൽ വലിയ സാമ്യമുണ്ട്. ഇതുരണ്ടും തമ്മിൽ ജോഷ്വാ 4,23ൽ വ്യക്തമായി ബന്ധിപ്പിച്ചിരിക്കുന്നു. ജനത്തെ വിശുദ്ധീകരിക്കാനുള്ള കൽപന (ജോഷ്വാ 3,5; പുറ. 19,14), അവയുടെ വ്യഖ്യാനം (ജോഷ്വാ 4, 21-24, നിയ 6,20-24), സ്മാരക ശിലകൾ (ജോഷ്വാ, 4,8, പുറ 24,4) മുതലായവയിലും ഈ സാമ്യം ദൃശ്യമാണ്. ജോഷ്വായ്ക്കുണ്ടാകുന്ന ദർശനം (4,13-15) പുറപ്പാടു സംഭവത്തിന്റെ തുടക്കത്തിൽ മോശയ്ക്കു ലഭിച്ച വിളിയെ (പുറ 3, 1-6) അനുസ്മരിപ്പിക്കുന്നു.

കർത്താവ് ജോഷ്വായോടും ജോഷ്വാ ജനത്തോടും കല്പിക്കുകയും കല്പനകൾ നിറവേറ്റപ്പെടുകയും ചെയ്യുന്നതായി ഈ വിവരണത്തിൽ അനേകം തവണ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാം ദൈവനിശ്ചിതമായ പദ്ധതിയനുസരിച്ച് നിറവേറുന്നു എന്ന് ഇതിലൂടെ ഊന്നിപ്പറയുന്നു. കർത്താവാണ് ജനത്തെ വാഗ്ദത്ത ഭൂമിയിലേക്ക് നയിക്കുന്നത്. ജോഷ്വാ അവിടുത്തെ പ്രതിനിധിയും വക്താവും മാത്രമാണ്.

ഒരു തിരുനാൾ ആഘോഷത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതാണ് ഈ വിവരണം. വാഗ്ദാന പേടകം വഹിച്ച പുരോഹിതന്മാരുടെ പിന്നാലെ ജനം ഘോഷയാത്രയായി നീങ്ങുന്നു. നദി കടന്നു കഴിയുമ്പോൾ സ്മാരകശിലകൾ സ്ഥാപിക്കുകയും ജനത്തെ മുഴുവൻ ഛേദനാചാരം ചെയ്തതിനുശേഷം പെസഹാ ആഘോഷിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവം നല്കുന്ന രക്ഷയുടെ ആഘോഷമായിട്ടാണ് വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രവേശനം ചിത്രീകരിച്ചിരിക്കുന്നത്.

ആറു ഭാഗങ്ങളായി തിരിച്ചാണ് നദികടക്കൽ വിവരിച്ചിരിക്കുന്നത്. a. നദി കടക്കാൻ ഒരുക്കം, b. നദികടക്കൽ, c. സ്മാരക ശിലകൾ, d. വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രവേശം, e. ഗിൽഗാലിലെ പാളയം, f. ദൈവദർശനം. നദികടക്കലിന്റെയും സ്മാരകശിലകളുടെ സ്ഥാപനത്തിന്റെയും വിവരണം ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നു. പല സംഭവങ്ങളും ഒന്നിലധികം തവണ വിവരിച്ചിട്ടുണ്ട്. വ്യത്യസ്ത പാരമ്പര്യങ്ങൾ ഒരുമിച്ചു ചേർത്താണ് ഈ ആവർത്തനങ്ങളുടെ കാരണം എന്നു കരുതപ്പെടുന്നു.

**a. നദികടക്കാൻ ഒരുക്കം.** 3,1-13: മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം അവസാനമായി പാളയമടിച്ച സ്ഥലമാണ് ഷിത്തിം (സംഖ്യ 33,49; 25,1). വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയിൽ പേടകം വഹിക്കുന്ന പുരോഹിതന്മാരാണ് ജനത്തെ വഴി നയിക്കുന്നത്. മരുഭൂമിയിലൂടെയുള്ള യാത്രയിൽ കർത്താവിന്റെ മേഘം ജനത്തെ നയിച്ചതിനെ (സംഖ്യ 9,15-23) അനുസ്മരിപ്പിക്കുന്നതാണിത്. പേടകത്തിനും ജനത്തിനും മധ്യേ ഏകദേശം



ഒരു കിലോമീറ്റർ അകലമുണ്ടായിരിക്കണം എന്ന നിർദ്ദേശം ദൈവത്തോട് ഭക്തിയും ആദരവും പാലിക്കണം എന്നു സൂചിപ്പിക്കുന്നു. സ്വയം ശുദ്ധീകരിക്കാൻ ജനത്തിനു നല്കുന്ന കല്പന (3,5) സീനായ് മലയിലെ പ്രത്യക്ഷീകരണത്തിനുള്ള ഒരുക്കത്തെ (പുറ 19,10) അനുസ്മരിപ്പിക്കുന്നു. ദൈവത്തിന്റെ രക്ഷണീയ പ്രവർത്തനത്തിൽ പങ്കുകാരാകാൻ ആത്മവിശുദ്ധീകരണം ആവശ്യമാണെന്ന് ഇതിലൂടെ ഉദ്ബോധിപ്പിക്കുന്നു.

ഈ വിവരണങ്ങളിൽ 'മൂന്നാം ദിവസം' എന്ന ആശയത്തിന് പ്രത്യേക ഊന്നൽ നല്കിയിരിക്കുന്നു (1,11;2, 16,22; 3,3). കർത്താവ് മാനവ ചരിത്രത്തിൽ പ്രത്യേകമാം വിധം ഇടപെട്ട് പ്രവർത്തിക്കുന്ന ദിവസമാണ് മൂന്നാം ദിവസം. 'മൂന്നു ദിവസങ്ങൾക്കുശേഷം' എന്നും ഈ ആശയം അവതരിപ്പിക്കപ്പെടാറുണ്ട്. യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉദാഹരണമാണ് (ലൂക്കാ 9,22, മർക്കോ 8,31). ജോർദ്ദാനിൽ വച്ചു നടക്കാൻ പോകുന്ന സംഭവം ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയാണെന്ന് മൂന്നു ദിവസത്തെക്കുറിച്ചുള്ള പരാമർശത്തിലൂടെ (ജോഷ്വാ 3,3) സൂചിപ്പിക്കുന്നു.

ജോർദ്ദാൻ നദിയിൽ സംഭവിക്കാൻ പോകുന്ന അത്ഭുതത്തിന് മൂന്നു ലക്ഷ്യങ്ങളുണ്ട്. 1. ജോഷ്വായെ മോശയുടെ പിൻഗാമിയും ദൈവത്താൽ നിയുക്തനായ നേതാവുമായി പരസ്യമായി അംഗീകരിക്കുക (3,7) 2. കർത്താവു ജനമധ്യത്തിലുണ്ടെന്ന് തെളിയിക്കുക. 3. വാഗ്ദത്ത ഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ജനം വിജയം വരിക്കുമെന്ന് ഉറപ്പു നൽകുക (3,10). ഭൂമി മുഴുവന്റെയും നാഥനാണ് കർത്താവ് എന്നു രണ്ടുതവണ ആവർത്തിച്ചുകൊണ്ട് (3,1;13) ജോർദ്ദാനിലെ അത്ഭുതത്തിന് (3,14) കളമൊരുക്കുന്നു. പന്ത്രണ്ടു പേരെ തിരഞ്ഞെടുക്കാനുള്ള നിർദ്ദേശം (3,12) സ്മാരക ശിലകളെക്കുറിച്ചുള്ള വിവരണത്തിന്റെ തുടക്കമാണ്. 4,2ൽ ഇതു വീണ്ടും ആവർത്തിച്ചിരിക്കുന്നു.

**വിചിന്തനം:** വാഗ്ദാന പേടകം പഹിച്ച പുരോഹിതന്മാർ ജനത്തെ വാഗ്ദത്ത ഭൂമിയിലേക്കു നയിച്ചതു പോലെ ലോകജനതകളെ മുഴുവൻ ദൈവരാജ്യത്തിലേക്കു നയിക്കുകയാണ് ക്രൈസ്തവ പൗരോഹിത്യത്തിന്റെ ധർമ്മം. സത്യത്തിന്റെയും നീതിയുടെയും സാഹോദര്യത്തിന്റെയും പാതയിൽ ജനത്തിനുമുമ്പേ പുരോഹിതന്മാർ നടക്കണം. ജനം അവരെ അനുഗമിക്കണം. (1 കോറി,11,1; ഫിലി3,17) ക്രിസ്തുവിനെ അനുഗമിക്കാനും (യോഹ 8,12) മറ്റുള്ളവർക്ക് വഴികാട്ടിയാകാനുമുള്ള കല്പന ശുശ്രൂഷാ പൗരോഹിത്യത്തിലും രാജകീയ പൗരോഹിത്യത്തിലും ഒരുപോലെ പ്രസക്തമാണ്.

**b. നദി കടക്കൽ** 3,14 - 17: ജോഷ്വായുടം കല്പന പുരോഹിതന്മാരും ജനവും അനുസരിച്ചു. അദ്ദേഹം മുൻകൂട്ടി അറിയിച്ചതുപോലെ ജോർദ്ദാന്റെ

വടക്കുനിന്നുള്ള ഒഴുക്കു നിലച്ചു. ജെറീക്കോയിൽനിന്ന് ഏകദേശം 25 കിലോമീറ്റർ വടക്ക്, യാബോക്ക് നദി ജോർദ്ദാനിൽ വന്നു ചേരുന്നതിന്റെ തൊട്ടുതാഴെയാണ് ആദാം പട്ടണം. അവിടയാണ് നദിയുടെ ഒഴുക്കു നിലച്ചത്. തെക്കുള്ള ചാവുകടലാണ് ആറാബാ ഉൾക്കടൽ. വടക്ക് ജലം ചിറപോലെ പൊങ്ങുകയും തെക്ക് ജലം വാർന്ന് തീരുകയും ചെയ്തപ്പോൾ ജനത്തിന് വരണ്ട നിലത്തൂടെ നദി കടക്കാൻ കഴിഞ്ഞു.

വസന്തകാലത്തിന്റെ ആരംഭത്തിലാണ് കൊയ്ത്ത്. അപ്പോൾ വടക്കുള്ള ലെബനോൻ പർവ്വതനിരകളിലെ, പ്രത്യേകിച്ചും ഹെർമ്മോൻ പർവ്വതത്തിലെ മഞ്ഞ് ഉരുകുന്നതിനാൽ ജോർദ്ദാൻ നദി കരകവിഞ്ഞൊഴുകും. ശക്തമായ ജലപ്രവാഹത്തിൽ മണ്ണിടിഞ്ഞ് നദിയുടെ ഗതി തടയുക അസാധാരണമല്ല. മലയിടുക്കിലൂടെ ഒഴുകുന്ന ജോർദ്ദാൻ നദിക്കു വഴിമാറാൻ പറ്റാത്തതിനാൽ ഉയരുന്ന ജലത്തിന്റെ ശക്തമായ സമ്മർദ്ദത്താൽ ഏറെ താമസിയാതെ പ്രതിബന്ധം സൃഷ്ടിക്കുന്ന മണ്ണും കല്ലുകളും ഒഴുകിപ്പോവുകയും നദിയുടെ ഗതി പഴയ പടി തുടരുകയും ചെയ്യും. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉദ്ദേശം എട്ടുമണിക്കൂർ നേരത്തേക്ക് ആദാം പട്ടണത്തിനടുത്ത് ജോർദ്ദാന്റെ ഒഴുക്കു നിലയ്ക്കുകയുണ്ടായി. ഇപ്രകാരം ഒരു സംഭവമായിരിക്കും ഇസ്രായേൽ ജനത്തിനു നദികടക്കാൻ സഹായകമായത്. ഈജിപ്തിലെയും മരുഭൂമിയിലെയും അത്ഭുതങ്ങളെന്നതുപോലെ ഇവിടെയും പ്രകൃതിശക്തികൾ രക്ഷണീയമായി ഉപയോഗിക്കപ്പെടുന്നു. സംഭവത്തിന്റെ സമയമാണ് അത്ഭുതകരമായ അടയാളമായിത്തീരുന്നത്.

**വിചിന്തനം:** പേടകം വഹിച്ച പുരോഹിതന്മാരാണ് ആദ്യമേ നദിയിൽ ഇറങ്ങിയത്, മലപോലെ ഉയരുന്ന ജലത്തിനു താഴെ നിർഭയരായി അവർനിന്നു. ജനം മുഴുവൻ മറുകരെയത്തിയതിനുശേഷമേ അവർ നദിയിൽ നിന്നു കയറിയുള്ളൂ. നദിയുടെ നടുവിൽ നില്ക്കുന്ന പുരോഹിതന്മാർ ജനത്തിനു പരിചയായി നിലകൊള്ളുന്ന മധ്യസ്ഥന്മാരാണ്. ദൈവത്തെ വഹിക്കുന്നവർ ദൈവിക സാന്നിധ്യത്തിന്റെ അടയാളമായിരിക്കുന്നവർ, ജനത്തിന്റെ ക്ലേശങ്ങളിലും ദൈവരാജ്യത്തിന്റെ സാക്ഷാൽക്കാരത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിലും ജനമധ്യത്തിൽ നില്ക്കണം. അവരുടെ സാന്നിധ്യം ജനത്തിനു ധൈര്യവും പ്രത്യാശയും പ്രദാനം ചെയ്യും. ദൈവരാജ്യത്തിൽ പ്രവേശിക്കാനായി നദിയിലൂടെ കടന്നുപോകുമ്പോൾ ജലം അവരെ മുക്കിക്കളയാതിരിക്കാൻ ദൈവം അവരോടുകൂടെ ഉണ്ടായിരിക്കും (ഏശ 43,2). ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളുടെയും ക്ലേശങ്ങളുടെയും എല്ലാം പ്രതീകമാണ് ജോർദ്ദാൻ. ദൈവത്തിൽ ദൃഷ്ടിയുറപ്പിച്ച് യാത്രചെയ്യുന്നവർക്ക് നിർഭയരായി അവയെ തരണം ചെയ്യാൻ കഴിയും.



### c. സ്മാരക ശിലകൾ 4,1-9:

കർത്താവു ചെയ്ത അത്ഭുതകരമായ രക്ഷാകര പ്രവൃത്തി തലമുറ തോറും അനുസ്മരിക്കുന്നതിനുവേണ്ടി ദൃശ്യമായ ഒരു അടയാളമായിട്ടാണ് ജോർദ്ദാനിൽ നിന്നെടുത്ത പന്ത്രണ്ടുകല്ലുകൾ സ്ഥാപിക്കുന്നത്. "തങ്ങൾ താമസിച്ച സ്ഥലം" ഗിൽഗാൽ ആണെന്ന് 4,19ൽ വ്യക്തമാക്കുന്നുണ്ട്. ജനം നദികടന്ന സ്ഥലത്തെ അനുസ്മരിപ്പിക്കാൻ വേണ്ടി നദിയിലും പന്ത്രണ്ടുകല്ലുകൾ സ്ഥാപിക്കുന്നു (4,9). വേനൽക്കാലത്ത് ജലനിരപ്പു താഴുമ്പോൾ ദൃശ്യമായതിനാലാവണം നദിയിലെ കല്ലും സ്മാരകമായിത്തീരുന്നത്. ഇരുകരമുറ്റിയൊഴുകിയ സമയത്ത് നദി കടന്നു എന്നതാണ് അത്ഭുതകരമായ അടയാളം. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ ഒരുമിച്ച് ഈ നദിക്കടലിൽ പങ്കുചേർന്നു എന്ന് അനുസ്മരിപ്പിക്കുന്നതിനു വേണ്ടിയാണ് ഗോത്ര പ്രതിനിധികൾ ഓരോ കല്ലു സ്ഥാപിക്കുന്നത്. ഗിൽഗാലിലെയും ജോർദ്ദാനിലെയും സ്മാരക ശിലകൾ ഇസ്രായേൽ ജനത്തിന് എന്നും പ്രതിസന്ധികളിൽ പ്രത്യാശപകരുന്ന അടയാളമായിരുന്നു. തങ്ങൾക്കുവേണ്ടി നദി വറ്റിച്ചവർ ഇന്നും തങ്ങളോടുകൂടെ ഉണ്ടെന്നും തങ്ങൾക്കുവേണ്ടി പ്രവർത്തിക്കണമെന്നും അവരെ അനുസ്മരിപ്പിക്കുന്നതിനാണ് വി.ഗ്രന്ഥകാരൻ സ്മാരക ശിലകളെക്കുറിച്ചു പ്രതിപാദിക്കുന്നത്.

**വിചിന്തനം:** ദൈവത്തിന്റെ രക്ഷാകര പ്രവൃത്തികൾ തലമുറ തോറും അനുസ്മരിക്കപ്പെടണം. മാതാപിതാക്കൾ മക്കൾക്ക് അതു പറഞ്ഞുകൊടുക്കണം. ദൃശ്യമായ സ്മാരകങ്ങൾ അതിനു സഹായിക്കും. എന്നാൽ ചിലപ്പോൾ സ്മാരകങ്ങൾ വ്യക്തികളുടെയും സംഘടനകളുടെയും വ്യർത്ഥാഭിമാനത്തെ മാത്രം വിളിച്ചറിയിക്കുന്നവയായി അധഃപതിക്കാറുണ്ട്. ദൈവം ചെയ്ത ഏറ്റം വം ചെയ്ത ഏറ്റം വലിയ രക്ഷാകര പ്രവൃത്തിയുടെ സ്മാരകം കല്ലുകളോ, കെട്ടിടങ്ങളോ അല്ല, വിശുദ്ധ കുർബാനയാണ്. യേശുവിന്റെ ബലിയിലുള്ള പങ്കുചേരലും സഹോദരങ്ങൾക്കു വേണ്ടി ജീവൻ പോലും ത്യജിക്കാൻ സന്നദ്ധമാകുന്ന സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രവൃത്തികളും വഴിയാണ് രക്ഷാകര പ്രവൃത്തി തലമുറതോറും അനുസ്മരിക്കപ്പെടേണ്ടത്.

### d. വാഗ്ദത്ത ഭൂമിയിൽ പ്രവേശം 4,10-18

സ്മാരക ശിലകളെക്കുറിച്ചുള്ള പരാമർശത്താൽ മുറിഞ്ഞുപോയ നദിക്കടക്കലിന്റെ വിവരണം ഈ വാക്യങ്ങളിൽ പൂർത്തിയാക്കുന്നു. അപകടത്തിന്റെ നടുവിലൂടെയാണ് തങ്ങൾ കടന്നുപോകുന്നത് എന്ന ജനത്തിന്റെ അവബോധം വെളിപ്പെടുത്തുന്നതാണ് 'അതിവേഗം മറുകര കടന്നു" (4,11) എന്ന പ്രസ്താവന. ജോർദ്ദാനു കിഴക്ക് അവകാശം ലഭിച്ച

റൂബെൻ, ഗാദ്മനാസ്സെ ഗോത്രങ്ങൾ മുമ്പേ നീങ്ങിക്കൊണ്ട്. അവർ മോശയോടു ചെയ്ത വാഗ്ദാനം (സംഖ്യ 32,18-27) പാലിച്ചു. ചെങ്കടൽ കടക്കലിലെന്നപോലെ ജോർദ്ദാൻ കടക്കലിനെയും ഇസ്രായേയിലെ പന്ത്രണ്ടു ഗോത്രങ്ങളും പങ്കെടുത്തു എന്ന് വി.ഗ്രന്ഥക്കാരൻ എടുത്തു പറയുന്നു. ജോർദ്ദാൻ നദിയിലെ അത്ഭുതം ജോഷ്വായുടെ നേതൃത്വത്തിനുള്ള തെളിവും അംഗീകാരവുമായി (3,7;4,14). പ്രപഞ്ച ശക്തികളെല്ലാം കർത്താവിന്റെ കല്പനയനുസരിക്കുന്നു എന്നതിന്റെ തെളിവാണ് ജനം മറുകരയെത്തിയപ്പോൾ നദി പഴയതുപോലെ കരകവിഞ്ഞൊഴുകിയത്.

**e. ഗിൽഗലിലെ പാളയം 4,19-5,12**

വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതോടെ ഇസ്രായേൽ ചരിത്രത്തിൽ ഒരു പുതിയ ഘട്ടം ആരംഭിക്കുകയായി. ജെറിക്കോ പട്ടണത്തിന്റെ അതിർത്തിയിലുള്ള ഗിൽഗാൽ (4,19) ജെറീക്കോയിൽ നിന്ന് തെക്കുകിഴക്കായി ഏകദേശം രണ്ടുകിലോമീറ്റർ അകലെയുള്ള കീർബെത്ത് എൻ നിത്‌ലേ എന്ന ആധുനിക നാമത്തിൽ അറിയപ്പെടുന്ന പട്ടണമാണെന്നു കരുതപ്പെടുന്നു. ബെഞ്ചമിൻ ഗോത്രത്തിലെ ഒരു പ്രമുഖനഗരമായിരുന്നു ഗിൽഗാൽ. വൃത്തത്തിൽ നാട്ടിനിറുറുത്തിയ കല്ലുകൾ (ശിലാവൃത്തം) എന്നാണ് ഗിൽഗാൽ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. പട്ടണത്തിന്റെ അതിരായി നാട്ടിനിർത്തിയിരുന്ന കല്ലുകളിൽ നിന്നായിരിക്കാം ഈ പേരുണ്ടായത്. ഈ പേരിന്റെയും അതിനുകാരണമായ കല്ലുകളുടെയും വ്യാഖ്യാനമായി പിൽക്കാലത്ത് മെനഞ്ഞെടുത്ത ഒരു കഥയാണ് സ്മാരക ശിലകളെക്കുറിച്ചുള്ള വിവരണം എന്നു കരുതുന്ന വ്യഖ്യാതക്കളും ഉണ്ട്. ഗിൽഗാൽ എന്ന പേരിനും മറ്റൊരു വ്യാഖ്യാനം 5,9 ൽ നല്കിയിട്ടുണ്ട്. ഗിൽഗാലിലാണ് വാഗ്ദത്ത പേടകം ആദ്യമായി സ്ഥാപിക്കപ്പെട്ടത്. ജോഷ്വായുടെ പ്രധാന പാളയമായിരുന്നു ഗിൽഗാൽ. അവിടെ നിന്നാണ് സകല പടനീക്കങ്ങളും ആരംഭിച്ചത്.

സ്മാരക ശിലകൾ സ്ഥാപിക്കുന്നതിന് മൂന്നു ലക്ഷ്യങ്ങൾ എടുത്തു പറയുന്നു. 1. കർത്താവിന്റെ അത്ഭുതകരമായ രക്ഷാ പ്രവൃത്തി തലമുറകളിലൂടെ വിളംബരം ചെയ്യണം. 2. ജനം ദൈവത്തെ ഭയപ്പെടണം. 3. സർവ്വശക്തനായ ദൈവമാണ് കർത്താവെന്ന് ലോക ജനതകൾ അറിയണം (4,22-24).

അത്ഭുതകരമായ നദികടക്കൽ കാനാൻകാരിൽ ഉളവാക്കിയ സംഭ്രമം ഇസ്രായേൽക്കാർക്കു ദേശം കീഴടക്കാൻ സഹായകമായ സാഹചര്യം സൃഷ്ടിക്കുന്നു. എന്നാൽ ദിഗ്‌വിജയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിനു മുമ്പേ രണ്ട് ലിറ്റർജിക്കൽ കർമ്മങ്ങളാണ് വി.ഗ്രന്ഥകാരൻ വിവരിക്കുന്നത്. ഛേദനാചാരവും (5,2-9) പെസഹാ ആചരണവും (5,10-12), ഇസ്രായേലിന്റെ



ഏറ്റം പ്രധാനപ്പെട്ട രണ്ടുകർത്തവ്യങ്ങളായിരുന്നു. പരിഛേദന കർമ്മത്തിലൂടെയാണ് ഒരാൾ ഇസ്രായേൽ ജനത്തിൽ അംഗമാകുന്നത്. പെസഹാ ഭക്ഷണത്തിൽ പങ്കുചേരാൻ പരിഛേദിതർക്കു മാത്രമെ അവകാശമുള്ളൂ (പുറ 12,43-45). "അഗ്രചർമ്മത്തിന്റെ കുന്ന്" എന്നാണ് ജോഷ്വാ ഇസ്രായേൽ മക്കൾക്കു പരിഛേദ ശുശ്രൂഷ നടത്തിയ സ്ഥലത്തിന്റെ "ഗിബെയാത്ത് ഹരാലോത്ത്" (5,3) എന്ന പേരിന് അർത്ഥം. ഈ പേരുണ്ടായതിന്റെ ഒരു വിശദീകരണമായും പരിഛേദന കർമ്മത്തെക്കുറിച്ചുള്ള വിവരണത്തെ വ്യാഖ്യാതക്കൾ കരുതുന്നു. മരുഭൂമിയിൽ വച്ചു മരണമടഞ്ഞവരെക്കുറിച്ചുള്ള പരാമർശം (5,6) നിയമം അനുസരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അനുവാചകരെ ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു. പരിഛേദനം വഴി കർത്താവിന്റെ ഉടമ്പടിയിൽ പങ്കുചേരുകയും അവിടുത്തെ ജനമായിത്തീരുകയും ചെയ്യുന്നതിനാൽ ഈജിപ്തിലെ അടിമത്തത്തിന്റെ അപകീർത്തി മാറ്റപ്പെടുന്നു. ഇപ്രകാരം ജനത്തിന്റെ അപകീർത്തി മാറ്റപ്പെട്ടതിനാലാണ് ആ സ്ഥലത്തിന് "ഗിൽഗാൽ" എന്ന പേരുണ്ടായത് എന്ന വിശദീകരണം(5,9) ആ പേരിന്റെ മറ്റൊരു വ്യാഖ്യാനമാണ് 'ഉരുട്ടിമാറ്റുക' എന്ന അർത്ഥമാണ് ഗിൽഗാൽ എന്ന പേരിന് ഇവിടെ നല്കിയിരിക്കുന്നത്. വേറൊരു വ്യാഖ്യാനം 4,19-20 ൽ നാം കണ്ടു.

ഒന്നാം മാസം പത്താം ദിവസമാണ് ജനം ജോർദ്ദാൻ കടന്ന് ഗിൽഗാലിൽ പാളയമടിച്ചത് (4,19). ആബീബ് എന്നും നീസാൻ എന്നും അറിയപ്പെടുന്ന ഈ മാസം (മാർച്ച് - ഏപ്രിൽ) കൊയ്ത്തുകാലമാണ്. പെസഹാക്കുഞ്ഞാടിനെ മാറ്റിനിർത്തേണ്ട ദിവസമാണ് ഒന്നാം മാസം പത്താം ദിവസം (പുറ 12,3). അതിനാൽ പത്താം ദിവസത്തെക്കുറിച്ചുള്ള പരാമർശം 5,10-12ലെ പെസഹാ ആഘോഷത്തിന്റെ വിവരണത്തിന് കളമൊരുക്കുന്നു. ഈജിപ്തിൽവച്ചു പെസഹാ ആഘോഷിച്ചുകൊണ്ടുതുടങ്ങിയ തീർത്ഥാടനം വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ച് പെസഹാ ആഘോഷിച്ചുകൊണ്ടുതുടങ്ങിയ തീർത്ഥാടനം വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ച് പെസഹാ ആഘോഷിച്ചതോടെ പൂർത്തിയായി. ഇനി അങ്ങോട്ട് മന്നായുടെ ആവശ്യമില്ല. ദേശത്തെ ഫലമൂലാദികൾകൊണ്ട് അവർക്കു ജീവിക്കാം.

**വിചിന്തനം:** മരുഭൂമിയിലെ യാത്രാമദ്ധ്യേ സൗജന്യമായി ലഭിച്ചിരുന്ന മന്നാ വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചതോടെ കിട്ടാതായി. ഇതു വളർച്ചയുടെ രണ്ടാം ഘട്ടത്തെ സൂചിപ്പിക്കുന്നു. ശൈശവും പിന്നിട്ടവർ അധ്വാനിച്ച് ആഹാരം സമ്പാദിക്കണം. ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ ഇതു പ്രസക്തമാണ്. അനുദിനാഹാരത്തിനുവേണ്ടി കർത്താവിനോടു യാചിക്കുന്നതോടൊപ്പം അതിനായി അധ്വാനിക്കാനും എല്ലാവർക്കും കടമയുണ്ട്.

### 4. ദൈവദൂത ദർശനം 5,13-15

വാഗ്ദത്ത ഭൂമി കയ്യടക്കാൻവേണ്ടിയുള്ള പോരാട്ടങ്ങളുടെ തുടക്കമായി ഈ സംഭവത്തെ കാണാവുന്നതാണ്. അതേസമയം അതിനായുള്ള ഒരുക്കങ്ങളുടെ സമാപനവുമാണിത്. ജെറീക്കോ പട്ടണത്തിനു സമീപത്തുവച്ച് ജോഷ്വായ്ക്കുലഭിച്ച ഈ ദർശനം പോരാട്ടങ്ങൾക്കുവേണ്ടി അയാൾക്കു ശക്തിയും ധൈര്യവും പകരുന്നു. ഊരിയ വാളുമായി നില്ക്കുന്ന ദൈവദൂതന്റെ ചിത്രം ബൈബിളിൽ മറ്റുപലേടത്തും പ്രത്യക്ഷപ്പെടുന്നുണ്ട്. (സംഖ്യ 22,23; 1 ദിന 21;16-26). കർത്താവിന്റെ സൈന്യത്തെക്കുറിച്ചുള്ള പരാമർശവും ദൂതന്റെ സാന്നിധ്യവും കർത്താവു തന്നെയാണ് യുദ്ധം നയിക്കുന്നതും വിജയം നല്കുന്നതും എന്ന് ഊന്നിപ്പറയുന്നു. (2 രാജ 6,17). ദൂതന്റെ കല്പനയും ജോഷ്വായുടെ പ്രതികരണവും (5,14-15) സീനായ് മലയിൽ വച്ചു മോശയ്ക്കുണ്ടായ അനുഭവത്തെ (പുറ 3,1-6) അനുസ്മരിപ്പിക്കുന്നതാണ്. പോരാട്ടം തുടങ്ങാനുള്ള ആഹ്വാനമായി ഇതിനെ പരിഗണിക്കാം.

**വിചിന്തനം:** ദൈവരാജ്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ദൈവമാണ് നമ്മെ നയിക്കുന്നത്. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് അനുയോജ്യമല്ലാത്ത സകലതും പരിത്യജിക്കുന്നവർക്കേ ഈ പോരാട്ടത്തിൽ വിജയം വരിക്കാൻ കഴിയൂ. എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ (മത്താ 16,24) എന്ന ആഹ്വാനത്തിൽ "ചെരുപ്പുകൾ അഴിച്ചുമാറ്റൂ" എന്ന കല്പനയുടെ പൊരുൾ തെളിയുന്നു.

## B. പോരാട്ടങ്ങൾ 6-12

വാഗ്ദത്ത ഭൂമി കൈവശമാക്കാൻ വേണ്ടിയുള്ള പോരാട്ടങ്ങളെ മൂന്നു ഘട്ടങ്ങളായി തിരിച്ചാണ് വി.ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്നത്. ആദ്യഘട്ടത്തിൽ (6-9) കാനാൻ ദേശത്തിന്റെ മധ്യഭാഗത്തുള്ള പ്രദേശങ്ങൾ പോരാട്ടങ്ങളും ഉടമ്പടികളും വഴി കീഴടക്കുന്നു. രണ്ടാം ഘട്ടത്തിൽ (10) കാനാന്റെ തെക്കുഭാഗത്തും മൂന്നാം ഘട്ടത്തിൽ (11) വടക്കുഭാഗത്തും ഉള്ള രാജാക്കൻമാരെ മിന്നലാക്രമണങ്ങളിലൂടെ കീഴടക്കുന്നു. കീഴടങ്ങിയ പട്ടണങ്ങളുടെയും രാജാക്കൻമാരുടെയുംപട്ടിക (12) അവതരിപ്പിച്ചുകൊണ്ടാണ് പോരാട്ടങ്ങളുടെ വിവരണം സമാപിക്കുന്നത്. കർത്താവാണ് യുദ്ധം നയിക്കുകയും വിജയം നല്കുകയും ചെയ്യുന്നത് എന്ന സത്യം അടിവരയിട്ടുറപ്പിക്കുന്നതാണ് പോരാട്ടങ്ങളുടെ വിവരണങ്ങൾ.

ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം നടത്തിയ യുദ്ധങ്ങളുടെ വസ്തുനിഷ്ഠമായ വിവരണങ്ങൾ എന്നതിനേക്കാൾ



കർത്താവുനല്കിയ വിജയങ്ങളുടെ പ്രകീർത്തനങ്ങളായിട്ടാണ് ഈ ഭാഗം പ്രത്യക്ഷപ്പെടുന്നത്. കർത്താവിനോടു വിശ്വസ്തത പാലിക്കുമ്പോൾ വിജയവും അവിശ്വസ്തതയ്ക്കു ശിക്ഷയായി പരാജയവും ഉണ്ടാകുന്നതായി കാണാം. ജെറീക്കോയുടെ പതനവും "ആയി" പട്ടണത്തിൽ ആദ്യമുണ്ടായ പരാജയവും തുടർന്നുണ്ടായ വിജയവും വിശദമായി വിവരിച്ചിട്ടുണ്ട്. എന്നാൽ പിന്നീടു നടന്ന യുദ്ധങ്ങളും വിജയങ്ങളും ഒരു നിശ്ചിത ശൈലിയിൽ വളരെ ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു. എക്കാലത്തും, പ്രത്യേകിച്ച് രാജ്യം നഷ്ടപ്പെട്ടു പ്രവാസികളായി കഴിയുന്നവർക്ക്, പ്രസ്ക്തമായ ഒരു പാഠമാണ് ഈ വിവരണങ്ങളിലൂടെ നല്കുന്നത്. ആൾബലമോ ആയുധങ്ങളുടെ മേന്മയോ മെച്ചപ്പെട്ട യുദ്ധതന്ത്രങ്ങളോ അല്ല, കർത്താവിനോടുള്ള വിശ്വസ്തതയാണ് വിജയത്തിന് നിദാനം.

### 1. ജെറീക്കോയുടെ പതനം 6,1-27

കാനാൻ ദേശത്തിന്റെ കിഴക്കുനിന്നുള്ള പ്രവേശന കവാടം എന്നു വിശേഷിപ്പിക്കാവുന്ന ജെറീക്കോ കീഴടക്കിക്കൊണ്ടാണ് വാഗ്ദത്ത ഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ആരംഭിക്കുന്നത്. ചാരൻമാരുടെ വിവരണത്തിൽ (2) ഈ വിജയത്തിനുള്ള ഒരുക്കം കാണാം. 5,3-15-ൽ വിവരിച്ച ദൈവദൂത ദർശനം ഈ പോരാട്ടത്തിന്റെ തുടക്കം കുറിക്കുന്നു. ജെറീക്കോ പട്ടണം കീഴടക്കിയതിന്റെ വിവരണം ഒരു വിശുദ്ധ കർമ്മാചരണത്തിന്റെ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പേടകം വഹിക്കുന്ന പുരോഹിതന്മാരെയും അവർ നയിക്കുന്ന പ്രദക്ഷിണത്തെയുംക്കുറിച്ചുള്ള പ്രതിപാദനം ജെറീക്കോയുടെ പതനത്തെ ജോർദ്ദാൻ കടക്കലുമായി സാമ്യപ്പെടുത്തിയിരിക്കുന്നു. ഏഴ് എന്ന പൂർണ്ണ സംഖ്യയ്ക്കു നൽകുന്ന പ്രധാന്യം, പട്ടണം മുഴുവൻ കർത്താവിനു പ്രതിഷ്ഠിക്കാനുള്ള കല്പന, മതിലുകൾ ഇടിഞ്ഞു വീണ വിധം തുടങ്ങിയവ കർത്താവാണ് വിജയം നല്കുന്നത് എന്ന് എടുത്തു കാട്ടുന്നു.

പട്ടണം കീഴടക്കാൻ എന്തു ചെയ്യണം എന്നു കർത്താവ് ജോഷ്വായോടും (6,2-5) ജോഷ്വാ പുരോഹിതന്മാരോടും (6.6) ജനത്തോടും (6,7) കല്പിക്കുകയും അവർ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. ഈ അനുസരണമാണ് അവർക്കു വിജയം നല്കിയത്. പട്ടണത്തെയും രാജാവിനെയും നിന്റെ കൈകളിൽ ഏല്പിച്ചുതന്നിരിക്കുന്നു (6,2) എന്ന കർത്താവിന്റെ പ്രഖ്യാപനം പല തവണ (8,1;10,8;11,6) ആവർത്തിക്കുന്നുണ്ട്.

ആറു ദിവസം ഒരു പ്രാവശ്യം വീതവും ഏഴാം ദിവസം ഏഴുപ്രാവശ്യവും പട്ടണത്തിനു വലം വയ്ക്കുന്നതും കാഹളം മുഴക്കുന്നതും അവസാനം ജനം ഒരുമിച്ച് ആർത്ത് അട്ടഹസിക്കുന്നതും ഉപരോധിക്കപ്പെട്ട പട്ടണവാസികളുടെ ധൈര്യം കെടുത്താനുള്ള തന്ത്രമായി കരുതുന്നവരുണ്ട്.

മതിലിന്റെ ചിലഭാഗങ്ങളിൽ തുരങ്കങ്ങൾ നിർമ്മിക്കുന്നവരിൽ നിന്ന് നഗരവാസികളുടെ ശ്രദ്ധയകറ്റാൻ വേണ്ടിയായിരുന്നു ഈ പ്രദക്ഷിണം എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. അടിത്തറമാന്തിക്കഴിഞ്ഞപ്പോൾ മതിലുകൾ താനേ തകർന്നു വീണത്രെ! ഭൂമികുലുക്കം മൂലമാണ് മതിലുകൾ ഇടിഞ്ഞത് എന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. ജോർദ്ദാന്റെ ഒഴുക്കു നിലയ്ക്കാൻ മണ്ണിടിയിൽ കാരണമായതുപോലെ ഭൂമികുലുക്കം മതിലുകൾ തകരാൻ കാരണമായി എന്നു അനുമാനിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഒരു പ്രത്യേക നിമിഷത്തിൽ അതു സംഭവിച്ചു എന്നത്, മറ്റ് അവസരങ്ങളിലെന്നപോലെ ഇവിടെയും ദൈവത്തിന്റെ പ്രത്യേക ഇടപെടലിന്റെ അടയാളമായിക്കാണാം.

റാഹാബും കുടുംബവും ഒഴികെ ബാക്കി സകലനഗരവാസികളും അവരുടെ സമസ്ത വസ്തുവകകളും കർത്താവിനുള്ളതാണ്. അവയെ എല്ലാം നശിപ്പിക്കണം എന്നു കല്പിച്ചിരിക്കുന്നു. "ഹെരെം (herem)" എന്ന ഹീബ്രു വാക്കാണ് ഇപ്രകാരം നശിപ്പിക്കാനായി ഉഴിഞ്ഞിട്ടിരിക്കുന്നതിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. യുദ്ധം നയിക്കുകയും വിജയം നല്കുകയും ചെയ്യുന്ന കർത്താവിന് അവകാശപ്പെട്ടവയാണിത്. ഇവയെല്ലാം തനിക്ക് ഒരു ദഹനബലിയായി അർപ്പിക്കാൻ കർത്താവ് ആവശ്യപ്പെടുന്നു. അഗ്നിയിൽ ദഹിക്കാത്ത ലോഹങ്ങൾ കർത്താവിന്റെ ഭണ്ഡാരത്തിൽ നിക്ഷേപിക്കണം. തദ്ദേശവാസികളുടെ ഉന്മൂലനത്തെക്കുറിച്ച് പശ്ചാത്തലവിവരണത്തിൽ വിശദമായി പ്രതിപാദിച്ചുകഴിഞ്ഞു. പട്ടണം സമൂലം നശിപ്പിക്കാനുള്ള കല്പനയുടെയും അതു നടപ്പിലാക്കിയതിന്റെയും വിവരണം അടുത്ത അധ്യായത്തിൽ വിവരിക്കാൻ പോകുന്ന പരാജയത്തിനു കളമൊരുക്കുന്നതാണ്.

റാഹാബിനെയും കുടുംബത്തെയും നാശത്തിൽ നിന്ന് ഒഴിവാക്കുമ്പോൾ ചാരന്മാർ നല്കിയ വാഗ്ദാനം നിറവേറ്റപ്പെടുന്നു. വിജാതീയരും അതിനാൽ തന്നെ അശുദ്ധരും ആയതിനാലാവണം അവരെ പാളയത്തിനു പുറത്ത് പാർപ്പിച്ചത് (6,23). അവരുടെ സാന്നിധ്യം പാളയത്തെ അശുദ്ധമാക്കുമായിരുന്നു (സംഖ്യ 5,3; 31,19; നിയ23,14). എന്നാൽ കാലക്രമത്തിൽ അവർ ഇസ്രായേൽ ജനത്തിന്റെ ഭാഗമായിത്തീർന്നു (6,25). മാത്രമല്ല ഇസ്രായേൽ രാജാവായ ദാവീദിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും മുത്തശ്ശിയാകാനുള്ള ഭാഗ്യവും റാഹാബിനു ലഭിച്ചു (മത്താ 1,5). അവളുടെ വിശ്വാസത്തെയും ധീരമായ പ്രവൃത്തിയെയും പുതിയ നിയമം പുകഴ്ത്തിപ്പറയുന്നുണ്ട്. (ഹെബ്രാ 11,31; യാക്കോ 2,25).

ജെറീക്കോപ്പട്ടണം ദീർഘകാലത്തേക്കു നാശക്കൂമ്പാരമായി കിടക്കാൻ കാരണം ജോഷ്വായുടെ ശാപമാണെന്ന വിശ്വാസം 6,26ൽ കാണാം. മൂന്നു



നൂറ്റാണ്ടുകൾക്കുശേഷം ഈ ശാപം നിറവേറിയതായി 1 രാജാ 16,34ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജെറീക്കോയുടെമേൽ നേടിയ വിജയം കർത്താവ് ജോഷ്വായോടുകൂടെ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് (6,27;1,5). ജോഷ്വായുടെ കീർത്തിയെക്കുറിച്ചുള്ള പരാമർശം തദ്ദേശവാസികൾ ഭയചകിതരായതിനെ സൂചിപ്പിക്കുന്നു.

**വിചിന്തനം**: വാതിൽ അടച്ചുപൂട്ടി ഭദ്രമാക്കിയ വലിയ കോട്ടയ്ക്കുള്ളിൽ തങ്ങൾ സുരക്ഷിതരാണെന്ന് ജെറീക്കോ നിവാസികൾ കരുതി. ഭയവും അരക്ഷിതത്വബോധവുമാണ് കോട്ടകളും മതിലുകളും നിർമ്മിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്. പക്ഷേ മതിലുകൾ നിർമ്മിക്കുന്നവർ സ്വയം തടവറയിലാകുകയാണെന്ന കാര്യം മറന്നു പോകുന്നു. ദൈവത്തിന്റെ സംരക്ഷണം ലഭിക്കുന്നില്ലെങ്കിൽ എത്ര വലിയ കോട്ടയ്ക്കും ആരെയും രക്ഷിക്കാനാവില്ല (സങ്കീ 127,1)

വാഗ്ദത്തഭൂമിയിലേക്കുള്ള വഴിയിൽ ഉയർന്നുനിന്ന ശക്തമായ കോട്ടമറികടക്കാനാവാത്ത പ്രതിബന്ധമാണെന്ന് ഇസ്രായേൽക്കാർക്കു തോന്നിയിരിക്കാം. ദൈവരാജ്യത്തിലേക്കുള്ള പ്രയാണത്തിൽ ഇപ്രകാരം വലിയ പ്രതിബന്ധങ്ങൾ പലതും നമുക്കു തരണംചെയ്യേണ്ടിവരും. കർത്താവിൽ വിശ്വാസമർപ്പിച്ചുകൊണ്ട്, അവിടുത്തെ കല്പനയനുസരിച്ചു മുന്നേറുന്നവർക്ക് ഏതു പ്രതിബന്ധങ്ങളെയും മറികടക്കാൻ കഴിയും. ഇസ്രായേൽക്കാർ ഏഴുദിവസം തുടർച്ചയായി നഗരത്തിനു വലംവച്ചതുപോലെ ശാന്തരായി, വിശ്വാസപൂർവ്വം, പ്രത്യാശ നഷ്ടപ്പെടാതെ കർത്താവിനെ അനുസരിക്കണം എന്നുമാത്രം (മത്താ 10,22;24,31).

മതിലുകൾ തകർന്നുവീണപ്പോൾ ഇസ്രായേൽക്കാർ ഓരോരുത്തരും നേരെ പട്ടണത്തിലേക്കു കയറി തങ്ങളെ ഏൽപിച്ചിരുന്ന ദൗത്യം നിർവഹിച്ചു. ഓരോ വ്യക്തിയും തനിക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന ദൗത്യം നിർവ്വഹിക്കുമ്പോൾ മാത്രമേ വ്യക്തികൾക്കും സമൂഹത്തിനും വിജയം ലഭിക്കുകയുള്ളൂ. സഭയുടെയും രാഷ്ട്രത്തിന്റെയും കുടുംബത്തിന്റെയും കാര്യത്തിൽ ഇതു പ്രധാനമാണ്. എല്ലാം ദൈവം ചെയ്തുതരും, മറ്റുള്ളവർ ചെയ്തുകൊള്ളും എന്നൊക്കെ കരുതി നിഷ്ക്രിയരായി ഇരിക്കുന്നവർ സമൂഹത്തിനും തങ്ങൾക്കു തന്നെയും ദ്രോഹം ചെയ്യുന്നു.

## 2. വിജയം വിശ്വസ്തതയ്ക്കുള്ള പ്രതിഫലം 7,1–8,29

കർത്താവിന്റെ കല്പന ലംഘിച്ചപ്പോൾ പരാജയവും പാപത്തിനു പരിഹാരം അനുഷ്ഠിച്ചുകഴിഞ്ഞപ്പോൾ വിജയവും ഉണ്ടായതിന്റെ ഉദാഹരണമാണ് ആയിപ്പട്ടണത്തെ ആക്രമിച്ചു കീഴടക്കിയതിന്റെ വിവരണം. ആഖാന്റെ ശാപംമൂലം കർത്താവിന്റെ കോപം ഇസ്രായേൽ ജനത്തിനെതിരെ ജ്വലിച്ചു (7,1) എന്ന ആമുഖത്തോടെയാണ് വിവരണം

ആരംഭിക്കുന്നത്. ജെറീക്കോയ്ക്കെതിരേ യുദ്ധത്തിനൊരുങ്ങിയതുപോലെ ഇവിടേയും ചാരന്മാരെ അയച്ചു വിവരങ്ങൾ ശേഖരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തെങ്കിലും ഇസ്രായേൽ യുദ്ധത്തിൽ തോറ്റോടി (7,2-5). കർത്താവു നയിച്ച യുദ്ധമായിരുന്നില്ല അത്. കർത്താവിന്റെ ഹിതം ആരായുകയോ കല്പന അനുസരിക്കുകയോ ചെയ്യാതെയാണ് അവർ യുദ്ധത്തിനു പുറപ്പെട്ടത്.

ജോഷ്വായുടെ പ്രാർത്ഥന (7,6-9) അവിശ്വസ്തരായ ജനത്തിനുവേണ്ടി മോശനടത്തിയ പ്രാർത്ഥനയെ (പുറ 32,11-13) അനുസ്മരിപ്പിക്കുന്നു. ഇസ്രായേലിന്റെ പരാജയം കർത്താവിനു തന്നെ മാനഹാനിക്ക് ഇടയാക്കും എന്നു വാദിച്ചുകൊണ്ട് അവിടുത്തെ സംരക്ഷണത്തിനു വേണ്ടി ജോഷ്വാ യാചിച്ചു. ജനത്തിൽ ഒരുവൻ കർത്താവിന്റെ കല്പന ലംഘിച്ചതാണ് പരാജയത്തിനു കാരണം എന്ന് കർത്താവ് ജോഷ്വായ്ക്കു വെളിപ്പെടുത്തുകയും കുറ്റവാളിയെ ശിക്ഷിക്കുന്നില്ലെങ്കിൽ വിജയം ലഭിക്കുകയില്ല എന്ന താക്കീതു നല്കുകയും ചെയ്തു. (7,10-15).

കർത്താവിന്റെ മറുപടിയിൽ നിന്ന് സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു. 1. ഒരു വ്യക്തിയുടെ പാപത്തിനു സമൂഹത്തെ മുഴുവൻ ഉത്തരവാദിയാക്കുന്നു. ഇസ്രായേൽ ജനത്തെ ഒറ്റ വ്യക്തിയായിട്ടാണ് ഇവിടെ കാണുന്നത്. ആഖാൻ മാത്രമാണ് പാപം ചെയ്തതെങ്കിലും "ഇസ്രായേൽ പാപം ചെയ്തിരിക്കുന്നു" (7,11) എന്നാണ് കർത്താവു പറയുന്നത്. കൂട്ടുത്തരവാദിത്വത്തെ സംബന്ധിച്ച ഈ കാഴ്ചപ്പാടിനു പില്കാലത്തു മാറ്റമുണ്ടായി (ജറെ 31,29-30; എസെ 18,1-20). 2. കർത്താവിനോട് അവിശ്വസ്തത കാട്ടിയാൽ ഇസ്രായേൽ ഇതര ജനതകളെപ്പോലെ ആയിത്തീരും. നശിപ്പിക്കാനുള്ള വസ്തു സ്വന്തമാക്കിയതിനാൽ ഇസ്രായേലും നശിപ്പിക്കാനുള്ള വസ്തുവായിത്തീരുന്നു (7,12). 3. കർത്താവിനോടുള്ള അനുസരണയും വിശ്വസ്തതയും മാത്രമാണ് ഇസ്രായേലിന്റെ ബലം. അതില്ലെങ്കിൽ കർത്താവിന്റെ സാന്നിധ്യവും സംരക്ഷണവും അവർക്കു ലഭിക്കയില്ല. 4. പാപം ശിക്ഷയെ വിളിച്ചുവരുത്തുന്നു. പാപം തുടച്ചുമാറ്റിയാലേ കർത്താവിന്റെ സംരക്ഷണം അനുഭവവേദ്യമാകൂ. പാപിയെ ഉന്മൂലനം ചെയ്തുകൊണ്ടാണ് ഇവിടെ ശുദ്ധീകരണം സാധിക്കുന്നത്. എന്നാൽ പാപിയുടെ മരണമല്ല. മാനസാന്തരമാണ് കർത്താവ് ആവശ്യപ്പെടുന്നത് എന്നു പിന്നീട് പ്രവാചകന്മാരിലൂടെ അവിടുന്ന് വ്യക്തമാക്കും. മനുഷ്യന് സ്വന്തം ശക്തിയാൽ അസാധ്യമായ പാപപരിഹാരം നമുക്കുവേണ്ടി ദൈവം തന്നെ മനുഷ്യനായി അവതരിച്ചുകൊണ്ട് നിർവഹിച്ചു (ഏശ 53,4-6; മർക്കോ 10,45; 2 കോറി 5,21).



കർത്താവിന്റെ നിർദ്ദേശപ്രകാരം ജോഷ്വാ കുറിയിട്ട് കുറ്റവാളിയെ കണ്ടുപിടിച്ച് ശിക്ഷിച്ചു (716-26). കുറ്റവാളിയുടെയും (ആഖാൻ) അയാളെ ശിക്ഷിച്ച സ്ഥലത്തിന്റെയും (ആഖോർ) പേരുകൾ തമ്മിൽ സാമ്യമുണ്ട്. കഷ്ടത, ക്ലേശം, കുഴപ്പം എന്നൊക്കെയാണ് ആഖോർ എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. ഇസ്രായേലിന്റെ മേൽ കഷ്ടതകൾ വരുത്തി വച്ചവനെ വധിച്ചസ്ഥലം എന്ന അർത്ഥത്തിലാണ് ആ താഴ്വരയ്ക്ക് 'ആഖോർ' എന്ന പേരു ലഭിച്ചത് (7,26). താഴ്വരയുടെ പേരിന്റെയും അവിടെയുള്ള കല്ക്കൂമ്പാരത്തിന്റെയും ഉത്ഭവം വിശദീകരിക്കുന്ന ഒരു വിവരണമായി ഇതിനെ കാണുന്ന വ്യാഖ്യാതാക്കളുണ്ട്. അത്യാഗ്രഹം മൂലം കർത്താവിന്റെ കല്പനലംഘിക്കാൻ പ്രലോഭിതരാകുന്നവർക്ക് എന്നും ഒരു താക്കീതാണ് ആഖോർ താഴ്വരയിലെ കല്ക്കൂമ്പാരം.

പാപം തുടച്ചുമാറ്റിക്കഴിഞ്ഞപ്പോൾ വിജയം ഉറപ്പായി. ആയിപ്പട്ടണത്തിനെതിരെ യുദ്ധം ചെയ്യാൻ കർത്താവുതന്നെ നിർദ്ദേശങ്ങൾ നല്കുകയും ജോഷ്വായും ജനവും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു (8,1-29). ഈ വിവരണത്തിൽ ചില വൈരുദ്ധ്യങ്ങൾ കാണാം. മുപ്പതിനായിരം പേരെ ആയിപ്പട്ടണത്തിനു പടിഞ്ഞാറ് ഒളിപ്പിച്ചു എന്നു 8,3.9ലും അയ്യായിരംപേരെ എന്ന് 8,12ലും കാണുന്നു. ബെഥേലിനും ആയിക്കും മധ്യേയാണ് പടയാളികൾ ഒളിച്ചിരുന്നതെങ്കിൽ ബെഥേലിൽ നിന്നു ജനം പുറത്തുവന്നപ്പോൾ (8,17) അവരെ കാണാതിരുന്നത് എങ്ങിനെ എന്ന സംശയമുദിക്കുന്നു. രണ്ടുവിവരണങ്ങൾ പില്കാലത്തു കൂട്ടിച്ചേർത്തതാണ് ഇതിനു കാരണം എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. കാനാൻ ദേശത്ത് അബ്രഹാം ആദ്യമായി ബലിയർപ്പിച്ചത് ബെഥേലിനും ആയിക്കും മധ്യേ ആയിരുന്നു (ഉൽപ 12,8) എന്നതു ശ്രദ്ധേയമത്രെ.

യുദ്ധം ജയിക്കുന്നതുവരെ കുന്തം നീട്ടിപ്പിടിച്ചുനില്ക്കുന്ന ജോഷ്വായുടെ ചിത്രം (8,18-26) അമേലക്യരുമായുള്ള യുദ്ധത്തിന്റെ സമയം മുഴുവൻ കൈകൾ ഉയർത്തി നിന്ന മോശയെ (പുറ 17,11-12) അനുസ്മരിപ്പിക്കുന്നു. ജെറിക്കോയിൽനിന്നു വ്യത്യസ്തമായി ഇവിടെ കന്നുകാലികളെയും മറ്റുകൊള്ളവസ്തുക്കളെയും എടുക്കാൻ കർത്താവ് ജനത്തെ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. "നാശക്കൂമ്പാരം" എന്നാണ് 'ആയ്' എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. രാജാവിന്റെ ശവം രാത്രിക്കു മുമ്പേ മറവുചെയ്തത് നിയ 21,22-23ൽ നിർദേശിച്ചിരിക്കുന്ന നിമയപ്രകാരമാണ്.

**വിചിന്തനം:** ഓരോ വ്യക്തിയുടെയും പ്രവർത്തനങ്ങൾ, അതു നന്മയോ തിന്മയോ ആകട്ടെ, സമൂഹത്തെ മുഴുവൻ ബാധിക്കുന്നു. എനിക്ക് എന്റെ കാര്യം എന്നു പറഞ്ഞ് ഈ കൂട്ടുത്തരവാദിത്വത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ല. ആഖാന്റെ അത്യാഗ്രഹമാണ് ജനത്തെ മുഴുവൻ

നാശത്തിന്റെ വക്കിൽ എത്തിച്ചത്. ഇസ്രായേലിലെ ഏറ്റവും പ്രബലമായ യൂദാ ഗോത്രത്തിലെ അംഗമായിരുന്നു ആഖാൻ. ഇന്നും വ്യക്തികളുടെ, അതും പ്രബലരും അധികാരകളുമായവരുടെ, അത്യാഗ്രഹം സമൂഹത്തിന്റെ മുഴുവൻ നാശത്തിനു കാരണമായിത്തീരുന്നു. കർത്താവിനായ് മാറ്റിവച്ചത് സ്വന്തമാക്കി എന്നതായിരുന്നു ആഖാന്റെ പാപം. ദൈവത്തിനു നൽകേണ്ടത്, അത് ധനമോ സമയമോ കഴിവുകളോ സ്തുതിയോ എന്തുമാകട്ടെ, സ്വന്തമാക്കാൻ ശ്രമിക്കുന്നത് വലിയ പാപമായിരിക്കും.

സൈന്യാധിപനായ ജോഷ്വാ കുന്തം ഉയർത്തി നില്ക്കുകയായിരുന്നു ഇത് യുദ്ധം തുടങ്ങാൻ നല്കിയ അടയാളമായിരുന്നെങ്കിലും യുദ്ധം തീരുന്നതുവരെ കുന്തം ഉയർത്തിനിന്നത് പ്രാർത്ഥനയുടെ പ്രതീകമായ മാറുന്നു. പ്രാർത്ഥനയും പ്രവർത്തനവും ജീവിതവിജയത്തിന് ആവശ്യമാണ്. ജീവിതം മുഴുവൻ പ്രാർത്ഥനയ്ക്കായി ചിലവഴിക്കാൻ ആയോധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിജയത്തിനു വഴിയൊരുക്കുന്നു.

### 3. ഏബാൻ മലയിലെ ബലിപീഠം 8,30-35

രണ്ടു വിജയങ്ങളിലൂടെ വാഗ്ദത്ത ഭൂമിയിൽ ചുവടുറപ്പിച്ചുകഴിഞ്ഞ ഉടനെ ജോഷ്വാ കർത്താവിനു ബലിപീഠം പണിത് ബലിയർപ്പിക്കുകയും ഉടമ്പടിയുടെ നിയമങ്ങൾ ജനത്തെ അനുസ്മരിപ്പിക്കുകയും ചെയ്തതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത്. മോശ നല്കിയ കല്പനയുടെ (നിയ 27,1-8) പൂർത്തീകരണമാണിത്. കാനാൻ ദേശത്തിന്റെ മധ്യഭാഗത്തുള്ള ഏബാൽ മലയിൽ ബലിപീഠം പണിതു ബലിയർപ്പിക്കുകയും നിയമങ്ങൾ കല്ലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ദേശത്തെ മുഴുവൻ കർത്താവിനു പ്രതിഷ്ഠിക്കുന്നു. ആയ് പട്ടണത്തിൽ നിന്ന് ഏകദേശം 30കി.മീ വടക്കുകിഴക്കായിട്ടാണ് ഏബാൽമല. ജനത്തെ രണ്ടായിതിരിച്ച്, പകുതി ഗരിസിംമലയുടെയും പകുതി ഏബാൽ മലയുടെയും മുമ്പിലായി നിർത്തി. നിയമം മുഴുവൻ വായിച്ചുകേൾപ്പിക്കുന്നതും മോശനല്കിയിരിക്കുന്ന കല്പന (നിയ 27,11-13) അനുസരിച്ചുതന്നെ. കർത്താവ് കല്പിച്ചിരുന്നതെല്ലാം ജോഷ്വായും ജനവും നിറവേറ്റി എന്ന് ഇതിലൂടെ ഊന്നിപ്പറയുന്നു.

സാഹചര്യവുമായി അടുത്തുബന്ധമില്ലാതെയാണ് ഈ വിവരണം നിലകൊള്ളുന്നത്. ജെറീക്കോ-ആയ് പട്ടണങ്ങളുടെ പതനമാണ് കാനാൻ നിവാസികളെ ഭയചകിതരാക്കിയതും ഗിബയോൻ നിവാസികളെ ഉടമ്പടിക്കു പ്രേരിപ്പിച്ചതും. ഈ രണ്ടു സംഭവങ്ങൾക്കു മധ്യേ ഏബാൽ മലയിലെ ബലിപീഠസ്ഥാപനം രേഖപ്പെടുത്തുന്നതിലൂടെ ജോഷ്വായ്ക്കെതിരെ കാനാൻ നിവാസികൾ ഒത്തുചേർന്നതിന്റെ കാരണം മാറുന്നു. രണ്ടു പട്ടണങ്ങളുടെ പതനത്തേക്കാൾ ഉപരി കാനാൻ നാടിന്റെ ഹൃദയഭാഗത്ത് ഇസ്രായേൽക്കാർ അവകാശം സ്ഥാപിച്ചതാണ് ഈ സംഘടിതമായ എതിർപ്പിനു കാരണം.



അതിനാൽ ഗിബയോൻകാരെ സന്ധിക്കു പ്രേരിപ്പിച്ചത് ജെറീക്കോയുടെയും ആയ് പട്ടണത്തിന്റെയും പതനമാണെന്ന് വീണ്ടും എടുത്തുപറയേണ്ടിവരുന്നു (9,3).

ഏബാലിലെ സംഭവങ്ങൾക്ക് ഉടമ്പടി നവീകരണത്തിന്റെ സ്വഭാവമുണ്ട്. ബലിയർപ്പണത്തിനുശേഷം നിയമങ്ങൾ വായിക്കുന്നു. ജനത്തിന്റെ പ്രതികരണം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവർ എല്ലാം അനുസരിച്ചു കൊള്ളാമെന്നു വാഗ്ദാനം ചെയ്തതിന്റെ പ്രതീതി ലഭിക്കുന്നു. ജോഷ്വാ 24-ാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉടമ്പടി നവീകരണവുമായി ഇതിന് അടുത്ത ബന്ധമുണ്ട്. ഒരേ സംഭവത്തിന്റെ രണ്ടുവിവരണങ്ങളായി ഇതിനെ ചില വ്യഖ്യാതാക്കൾ കരുതുന്നു.

ഇസ്രായേൽക്കാരും വിദേശികളും അടങ്ങുന്ന ഒരു ജനസമൂഹമാണ് (8,35) ഈ ഉടമ്പടി നവീകരണത്തിൽ പങ്കുചേർന്നത്. ജെറീക്കോ, ആയ് എന്നീ രണ്ടു പട്ടണങ്ങളൊഴികെ കാനാൻ ദേശത്തിന്റെ മധ്യഭാഗം കീഴടക്കാൻ വേണ്ടി ജോഷ്വാ യുദ്ധം നയിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇസ്രായേൽക്കാരുമായി ബന്ധമുള്ള ഹബീറുക്കൾ ഈ പ്രദേശത്തു നേരത്തെ വാസമുറപ്പിച്ചിരുന്നു എന്നും ജോഷ്വായുടെ കീഴിൽ കാനാനിൽ പ്രവേശിച്ച ഇസ്രായേൽക്കാരുമായി അവർ ഉടമ്പടിയിൽ പങ്കുചേർന്ന് ഒരു ജനമായിത്തീർന്നതിന്റെ വിവരണമാണ് ഇവിടെ നല്കിയിരിക്കുന്നതെന്നും അനുമാനിക്കാം. ഇതിന്റെയോ ഇതിനോട് സമാനവും കൂടുതൽ വിപുലമായ മറ്റൊരു ഉടമ്പടിയുടെയോ വിവരണമായിരിക്കും ജോഷ്വാ 24ൽ നല്കിയിരിക്കുന്നത്.

**വിചിന്തനം:** പരാജയപ്പെടുമ്പോൾ പശ്ചാത്തപിച്ച് കർത്താവിലേക്കു തിരിഞ്ഞാൽ മാത്രം പോരാ, വിജയം ലഭിക്കുമ്പോൾ നന്ദിയോടെ അവിടുത്തെ സ്തുതിക്കുകയും വേണം. അവിടുത്തെ കല്പനകൾ എപ്പോഴും കൺമുന്നിൽ ഉണ്ടായിരിക്കണം. ഉടമ്പടിയുടെ നിയമങ്ങൾ പരസ്യമായി പ്രഘോഷിക്കാനും അവ അനുസരിച്ചു ജീവിക്കാൻ ജനത്തെ ഉദ്ബോധിപ്പിക്കാനും ഉള്ള അവസരങ്ങളാകണം തിരുനാളുകൾ.

### 4. ഗിബയോൻകാരുമായി ഉടമ്പടി 9,1-27

കാനാൻകാരുമായി യാതൊരു വിധ ബന്ധവും പാടില്ല എന്ന കല്പന ലംഘിച്ച് അവരിൽ ചിലരുമായി ഉടമ്പടിയുണ്ടാക്കാൻ ഇസ്രായേൽക്കാർ പ്രേരിതരായതിന്റെ വിവരണമാണ് അടുത്തതായി നല്കുന്നത്. വാഗ്ദത്തഭൂമി കീഴടക്കാൻ വേണ്ടി നടത്തുന്ന യുദ്ധങ്ങളിൽ പാലിക്കേണ്ട നിയമങ്ങൾ നിയ 7,1-5; 20,10-18ൽ വിശദമായി അവതരിപ്പിച്ചിട്ടുണ്ട്. കാനാൻദേശത്തു വസിക്കുന്നവരെ ഉന്മൂലനം ചെയ്യണം; വിദൂരത്തുള്ളവരുമായി മാത്രമേ സന്ധിചെയ്യാവൂ എന്ന കല്പനയ്ക്കു വിരുദ്ധമായി കാനാൻ നിവാസികളായ

ഗിബയോൻകാരുമായി ഇസ്രായേൽ എന്തുകൊണ്ട് ഉടമ്പടിയുണ്ടാക്കി എന്ന് ഇവിടെ വിവരിക്കുന്നു.

ജയിച്ചുമുന്നേറുന്ന ഇസ്രായേൽക്കാരോട് കാനാൻ നിവാസികൾ എടുത്ത രണ്ടു വ്യത്യസ്ത സമീപനങ്ങൾ ഈ വിവരണത്തിൽ ദൃശ്യമാണ്. ഭൂരിഭാഗം ജനതകളും സംഘടിച്ച് ഇസ്രായേലിനെ യുദ്ധത്തിൽ നേരിടാൻ ഒരുങ്ങി (9,1-2). മലകൾ, താഴ്വര, കടൽത്തീരം എന്ന വിഭജനം ജോർദ്ദാൻ താഴ്വരയിൽനിന്നു പടിഞ്ഞാറോട്ടുള്ള കാനാൻദേശത്തിന്റെ ഭൂപ്രകൃതിയെ വിവരിക്കുന്നു. തുടർന്ന് വിവരിക്കാൻ പോകുന്ന വലിയ യുദ്ധങ്ങളുടെ ആമുഖമാണ് ഈ വാക്യങ്ങൾ. എന്നാൽ യുദ്ധങ്ങളെക്കുറിച്ചു വിവരിക്കുന്നതിനുമുമ്പേ ഒരു കൊച്ചു ജനസമൂഹം ഇസ്രായേൽക്കാരുമായി സന്ധിചെയ്യാൻ ശ്രമിച്ച്, കൗശലത്തിലൂടെ വിജയിച്ചത് രേഖപ്പെടുത്തിയിരിക്കുന്നു (9,3-27).

തങ്ങൾ വിദൂരത്തുനിന്നാണ് വരുന്നതെന്നുപറയുകയും അതു വിശ്വസിപ്പിക്കാൻ വേണ്ട അടവുകൾ പ്രയോഗിക്കുകയും ചെയ്ത ഗിബയോൻകാരുടെ സംസാരത്തിലും പ്രവൃത്തിയിലും (9,4-12) യുദ്ധത്തെ സംബന്ധിച്ച ഇസ്രായേൽക്കാരുടെ നിയമങ്ങളുടെ സ്വാധീനം കാണാം. ഗിബയോൻകാരുടെ വിവരണത്തിൽ സംശയം തോന്നിയ ഇസ്രായേൽ ജനം ഈ പ്രശ്നം ഉന്നയിക്കുന്നുണ്ട് (9,7). എന്നാൽ ജീവൻ നിലനിർത്താൻ വേണ്ടി എന്തുനുണയും പറയാനും എന്തുത്യാഗവും സഹിക്കാനും ഒരുങ്ങിവന്ന ഗിബയോൻകാർ തങ്ങളുടെ തന്ത്രവും കൗശലവും വഴി ഇസ്രായേൽക്കാരെ ഉടമ്പടിക്കു പ്രേരിപ്പിച്ചു (9,8-1,3). ഭക്ഷണത്തിൽ പങ്കുചേരുന്നത് ഉടമ്പടിയുടെ അടയാളമാണ്. കർത്താവിന്റെ നിർദ്ദേശം ആരായാതെയാണ് ജോഷ്വായും ജനവും അപ്രകാരം ചെയ്തത് എന്ന് പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു.

കർത്താവ് ഇസ്രായേൽക്കാർക്കുവേണ്ടി ചെയ്ത വൻ കാര്യത്തെക്കുറിച്ച് ഗിബയോൻകാർ പറയുന്നത് (9,9-10) പുറപ്പാടുസംഭവത്തിന്റെ ഒരു സംക്ഷിപ്തവിവരണമാണ്. ഈ വിവരണത്തിൽ മുഖസ്തുതിയുടെ ലാഞ്ഛനയും കാണാം. കർത്താവിന്റെ ഹിതം ആരായാതെ സന്ധിചെയ്യാൻ ജോഷ്വായെ പ്രേരിപ്പിച്ചത് ഈ മുഖസ്തുതിയാണെന്ന സൂചനയും ഈ വിവരണത്തിലുണ്ട്.

ബെഥേലിൽ നിന്ന് ഏകദേശം പന്ത്രണ്ടു കിലോമീറ്റർ തെക്കുപടിഞ്ഞാറായിട്ടാണ് ഗിബയോൻ സ്ഥിതിചെയ്യുന്നത്. ഇവിടെ (9,17) പേരെടുത്തു പറയുന്ന നാലുപട്ടണങ്ങളും യഥാർത്ഥത്തിൽ ചെറിയ ഗ്രാമങ്ങളായിരുന്നു. തങ്ങൾ കബിളിക്കപ്പെട്ടു എന്നു മനസ്സിലാക്കിയ ഇസ്രായേൽക്കാർ ഉടമ്പടി മാനിച്ച് കബളിക്കപ്പെട്ടു എന്നു മനസ്സിലാക്കിയ ഇസ്രായേൽക്കാർ ഉടമ്പടി മാനിച്ച് അവരെ വധിക്കാതെ അടിമകളായി



സ്വീകരിച്ചു (9,16-23). ഗിബയോൻകാരുടെ വിശദീകരണത്തിൽ (9,24-25) യുദ്ധത്തെക്കുറിച്ചുള്ള ഇസ്രായേൽക്കാരുടെ നിയമങ്ങൾ വീണ്ടും പരാമർശ വിഷയമാകുന്നു. വെള്ളം കോരുകയും വിറകു വെട്ടുകയും ചെയ്യുന്നത് ഏറ്റവും താണ അടിമവേലയായി അന്നു പരിഗണിക്കപ്പെട്ടിരുന്നു. കർത്താവു തിരഞ്ഞെടുത്ത സ്ഥലം (9,27) എന്നത് ഉടമ്പടിയുടെ പേടകം സ്ഥിതി ചെയ്തിരുന്ന ദേവാലയത്തെ സൂചിപ്പിക്കുന്നു. ഗിബയോൻകാരുമായി ഉണ്ടാക്കിയ ഉടമ്പടി വീണ്ടും ബൈബിളിൽ പരാമർശവിഷയമാകുന്നുണ്ട്. (2സാമു 21,1-9). ഗിബയോൻ പില്കാലത്ത് ഇസ്രായേലിലെ ഒരു മുഖ്യ ആരാധനാകേന്ദ്രമായിരുന്നു (1 രാജാ 3,4). ഇസ്രായേൽക്കാർ കാനാൻദേശത്തുണ്ടായിരുന്ന സകലരേയും കൊന്നൊടുക്കിയില്ല എന്നതിന് ഗിബയോൻകാരുടെ ഉദാഹരണം തെളിവാണ്.

**വിചിന്തനം:** ആപൽസന്ധികളിൽ ജീവൻ രക്ഷിക്കാൻ വേണ്ടി വിവേകപൂർവ്വം പെരുമാറിയ ഗിബയോൻകാരുടെ പ്രവൃത്തിയെ വി.ഗ്രന്ഥകാരൻ ന്യായീകരിക്കുന്നില്ലെങ്കിലും കുറ്റപ്പെടുത്തുന്നതുമില്ല. കർത്താവിനോട് ആലോചിക്കാതെ തീരുമാനമെടുത്ത ഇസ്രായേൽ നേതാക്കന്മാരാണ് വിമർശനവിധേയരാകുന്നത്. എല്ലാവരെയും ഒരുപോലെ വിശ്വസിക്കരുതെന്നും വസ്തുതകളുടെ സത്യാവസ്ഥ അന്വേഷിച്ചറിയുകയും പ്രാർത്ഥനയിലൂടെ കർത്താവിന്റെ ഹിതം ആരായുകയും ചെയ്തതിനു ശേഷമേ തീരുമാനമെടുക്കാവൂ എന്നും ഈ സംഭവത്തിലൂടെ പഠിപ്പിക്കുന്നു.

### 5. മിന്നലാക്രമണങ്ങൾ 10-12

കാനാൻദേശത്തിന്റെ തെക്കും വടക്കും ഭാഗങ്ങളിലുള്ള രാജാക്കന്മാരെ ധീരവും തന്ത്രപരവുമായ നീക്കങ്ങളിലൂടെ ആക്രമിച്ചു കീഴടക്കിയത് അടുത്തതായി വിവരിക്കുന്നു. ഈ ആക്രമണങ്ങളുടെ ഏകദേശരൂപം ലഭിക്കാൻ മാപ്പ് കാണുക. ഇസ്രായേൽക്കാരുടെ വിജയങ്ങളും ഗിബയോൻകാർ അവരുമായി ചെയ്ത ഉടമ്പടിയും ചുറ്റുപാടമുള്ള ജനതകളെ പരിഭ്രാന്തരാക്കി (10,1). ജറുസലേം രാജാവായ അദോനിസെദെക്കിന്റെ നേതൃത്വത്തിൽ കാനാൻദേശത്തിന്റെ തെക്കുഭാഗത്തുള്ള അഞ്ചു രാജാക്കന്മാർ ഒത്തൊരുമിച്ച് ഗിബയോനെ ആക്രമിച്ചു (10,2-5). വിവരമറിഞ്ഞ ജോഷ്വാ സൈന്യസമേതം ഒറ്റരാത്രികൊണ്ട് ഏകദേശം മുപ്പതുകിലോമീറ്റർ യാത്ര ചെയ്ത്, അപ്രതീക്ഷിതമായ ആക്രമണത്തിലൂടെ സഖ്യശക്തികളെ പരാജയപ്പെടുത്തി (10,8-27). തുടർന്ന ഓരോ രാജ്യത്തെയും ആക്രമിച്ചു കീഴടക്കി.

ജോഷ്വായുടെ ധീരതയും യുദ്ധനൈപുണ്യവും വിവരിക്കുമ്പോഴും കർത്താവാണ് യുദ്ധം നയിക്കുകയും വിജയം നല്കുകയും ചെയ്യുന്നത് എന്ന് വി.ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നുണ്ട് (10,820,25) കർത്താവിന്റെ

ആജ്ഞയനുസരിക്കുന്ന പ്രകൃതിശക്തികൾ ഇസ്രായേൽക്കാരുടെ വിജയത്തിനു സഹായകമായി (10,11-13).

ഗുഹയിൽ ഒളിച്ച രാജാക്കന്മാരെ പുറത്തുകൊണ്ടുവന്ന് അവരുടെ കഴുത്തിൽ ചവിട്ടുന്നത് (10,24) അവരുടെമേൽ പരിപൂർണ്ണവിജയം നേടിയതിന്റെ സൂചനയാണ്. ഈജിപ്തിലും മെസൊപൊട്ടാമിയായിലും നിലവിലുരുന്ന ഒരു ആചാരമായിരുന്നു ഇത് എന്ന് പുരാവസ്തുഗവേഷകർ കണ്ടെത്തിയിട്ടുള്ള അനേകം ശിലാചിത്രങ്ങൾ തെളിയിക്കുന്നു. കർത്താവു വിജയം നല്കും എന്നു ബോധ്യപ്പെടുത്തി സേനാധിപന്മാർക്കു ധൈര്യം പകരുന്നതിനു വേണ്ടിയാണ് ജോഷ്വാ ഇതു ചെയ്തത് (10,25). കർത്താവ് ശത്രുക്കളെ തന്റെ അഭിഷിക്തന്റെ പാദപീഠമാക്കും എന്ന സങ്കീർത്തനവാക്യം (110,1) ഇതുമായി ബന്ധപ്പെട്ടതത്രെ. കൊന്ന് മരത്തിൽ തൂക്കിയവരുടെ ജഡം രാത്രിയാവുന്നതിനു മുമ്പെ മറവുചെയ്തത് നിയ 21,23ലെ നിയമപ്രകാരമാണ്.

ഓരോ പട്ടണവും കീഴടക്കി നശിപ്പിക്കുന്നതിന്റെ ചിത്രം ഒരേ രീതിയിൽതന്നെ വിവരിക്കുന്നു (10,28-39). അവിടെയുള്ള ജനങ്ങളെ മുഴുവൻ വാളിനിരയാക്കി എന്ന പ്രസ്താവന യുദ്ധത്തെ സംബന്ധിച്ച നിബന്ധനകൾ (നി. 7,1-5;20 16-18) ഇസ്രായേൽക്കാർ പൂർണ്ണമായി അനുസരിച്ചു എന്ന് വ്യക്തമാക്കുന്നു. 10,40-43ൽ തെക്കൻ പടയോട്ടത്തിന്റെ സംക്ഷിപ്തവിവരണം കാണാം. ഗിൽഗാലിലെ പാളയത്തിൽ നിന്നാണ് യുദ്ധത്തിനു പുറപ്പെട്ടത്. യുദ്ധം കഴിഞ്ഞ് ഇസ്രായേൽ സൈന്യം ഗിൽഗാലിലേക്കു തന്നെ മടങ്ങി.

കാനാൻദേശത്തിന്റെ വടക്ക് ഗലീലിത്തടാകത്തിനു ചുറ്റുമുള്ള പ്രദേശങ്ങൾ കീഴടക്കിയതാണ് അടുത്തതായി വിവരിക്കുന്നത്. ആ പ്രദേശത്തെ പ്രമുഖനഗരമായിരുന്ന ഹാസോറിലെ രാജാവായ യാബീന്റെ നേതൃത്വത്തിൽ സംഘടിച്ച സൈന്യത്തെ ജോഷ്വാ ഒറ്റ ആക്രമണത്തിൽ പരാജയപ്പെടുത്തികയും (11,1-9) തുടർന്ന് ഓരോ നഗരവും യുദ്ധം ചെയ്തു കീഴടക്കുകയും ചെയ്തു (11,10-14). ആയുധത്തിന്റെ ബലമോ ബാഹുല്യമോ അല്ല, കർത്താവിന്റെ കൃപയും തുണയുമാണ് വിജയത്തിന് നിദാനം എന്നുബോധ്യപ്പെടുത്താൻ വേണ്ടിയാണ് രഥങ്ങൾ കത്തിക്കാനും കുതിരകളുടെ കുതിഞരമ്പുകൾ മുറിക്കാനും (11,6-9) ആജ്ഞാപിക്കുന്നത്. സോളമന്റെ കാലത്തേ ഇസ്രായേൽക്കാർ രഥങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയുള്ളൂ.

11,15-23 പോരാട്ടങ്ങളുടെ വിവരണത്തിന്റെ ഉപസംഹാരമാണ്. കർത്താവിന്റെ കല്പനകൾ ഒന്നൊഴിയാതെ എല്ലാ ജോഷ്വാ നിറവേറ്റി (11,15) എന്ന പ്രസ്താവനയിലൂടെ ദേശം കർത്താവിന്റെ ദാനമാണെന്നും ജോഷ്വാ



അവിടുത്തെ വിശ്വസ്തദാസനാണെന്നും എടുത്തു കാട്ടുന്നു. നാടു മുഴുവൻ പിടിച്ചെടുത്തു എന്നു പറയുമ്പോഴും അത് ദീർഘകാലത്തെ യുദ്ധത്തിന്റെ ഫലമായിരുന്നു. എന്നും കീഴടക്കാത്ത ദേശങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ടെന്നും വി.ഗ്രന്ഥകാരൻ സൂചനകൾ നല്കുന്നുണ്ട് (11,18-22). കാനാൻകാരുടെ ഹൃദയ കഠിന്യത്തെക്കുറിച്ചുള്ള പരാമർശം (11,20) ഇന്നു മനസിലാക്കുക എളുപ്പമല്ല. വാഗ്ദത്ത ഭൂമി കർത്താവിന്റെ ദാനമാണ് എന്ന വിശ്വാസത്തിന്റെ അതിശക്തമായ പ്രഖ്യാപനമായി ഇതിനെ കരുതാം. രാജ്യം നഷ്ടപ്പെട്ട് പ്രവാസികളായി കഴിയുന്നവർക്ക് തങ്ങൾ അനുഭവിക്കുന്ന ശിക്ഷയുടെ വിശദീകരണവും പൂർണ്ണ ഹൃദയത്തോടെ അനുതപിച്ച് കർത്താവിലേക്കു തിരിഞ്ഞാൽ വാഗ്ദത്ത ഭൂമി വീണ്ടും ലഭിക്കും എന്ന പ്രത്യാശയും നൽകാൻ പര്യാപ്തമാണ് ഈ പ്രഖ്യാപനം.

കീഴടക്കിയ രാജാക്കന്മാരുടെ പട്ടികയുടെ ആദ്യഭാഗം (12,1-6) മോശയുടെ നേതൃത്വത്തിൽ ജോർദ്ദാനു കിഴക്കു നടന്ന യുദ്ധങ്ങളെ അനിസ്മരിപ്പിക്കുന്നു (സംഖ്യ 21,2-35). പട്ടികയുടെ രണ്ടാം ഭാഗം (12,7-24) ജോർദ്ദാൻ നദിക്കു പടിഞ്ഞാറ് കീഴടക്കിയ നഗരങ്ങളുടെ പേരുകൾ അവതരിപ്പിക്കുന്നു. ഇവയിൽ പലതും എവിടെ ആയിരുന്നു എന്ന് ഇന്നു നിശ്ചയമില്ല. പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥല നിർണ്ണയമനുസരിച്ച് സ്ഥലങ്ങൾ മാപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

വിചിന്തനം: നിസ്സഹായരായ ഗിബയോൻകാർക്കെതിരെ യുദ്ധം ചെയ്യാൻ സംഖ്യം ചേർന്ന രാജാക്കൻമാർ മെച്ചപ്പെട്ട ആയുധങ്ങളണിഞ്ഞ, ശക്തമായ സൈന്യവ്യൂഹത്തെ അണിനിരത്തിയെങ്കിലും ഒടുവിൽ അവർക്കു ഗുഹയിൽ ഒളിക്കേണ്ടി വന്നു, മാനവും ജീവനും നഷ്ടപ്പെടുകയും ചെയ്തു. സഹായിക്കാൻ ആരുമില്ലാത്തവർക്കു ദൈവം തുണയുണ്ട്. ശിക്ഷാഭീതി കൂടാതെ അക്രമം തുടരാൻ അധികനാളത്തേക്ക് കർത്താവ് ആരെയും അനുവദിക്കുകയില്ല. വടക്കെ ഇറ്റലിയിലെ ഒരു ചന്തയിൽ തൂക്കിക്കൊല്ലപ്പെട്ട മുസ്സോലിനിയും ബർലിനിലെ ഒരു ഇരുട്ടറയിൽ വച്ച് ആത്മഹത്യചെയ്ത ഹിറ്റലറും അതുപോലുള്ള അന്ത്യംകണ്ട നൂറുകണക്കിന് ആധുനിക സ്വേഛാധിപതികളും ഈ സത്യം ഉച്ചത്തിൽ വിളിച്ചു പറയുന്നു. അധർമ്മികൾ അജയ്യരായി കാണപ്പെടുന്നെങ്കിലും കർത്താവിന്റെ ശിക്ഷാവിധി അവരെ തേടിയെത്താൻ വൈകുകയില്ല.

പോർക്കുതിരകളുടെ കുതിഞരമ്പു കണ്ടിക്കുകയും രഥങ്ങൾ കത്തിക്കുകയും ചെയ്യാൻ ആജ്ഞാപിച്ച കർത്താവ് യുദ്ധോപകരണങ്ങൾ നശിപ്പിക്കാൻ ഇന്നും ആവശ്യപ്പെടുന്നു. നിരായുധീകരണത്തിലൂടെയേ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ എന്ന് ആയുധപ്പന്തയത്തിൽ ഏർപ്പെട്ടിരിക്കുന്ന ആധുനികശക്തികൾ മനസിലാക്കേണ്ട സമയം

അതിക്രമിച്ചിരിക്കുന്നു. സൈന്യബലത്തിന്റെ തുല്യതയല്ല. നിരുപാധികം ക്ഷമിക്കാനും സഹോദരതുല്യം സ്നേഹിക്കാനുമുള്ള സന്നദ്ധതയാണ് സമാധാനം ഉറപ്പുവരുത്തുന്നത്.

## 6. ജോഷ്വാ നശിപ്പിച്ച പട്ടണങ്ങൾ പുരാവസ്തു ഗവേഷണങ്ങളുടെ വെളിച്ചത്തിൽ

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ പലസ്തീനായിൽ നടത്തിയ പുരാവസ്തു ഗവേഷണങ്ങൾ ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്ന യുദ്ധങ്ങളെയും നശീകരണങ്ങളെയുംക്കുറിച്ച് വ്യക്തമായ ചില തെളിവുകൾ നൽകുന്നുണ്ട്. അതേസമയം ഈ ഗവേഷണ ഫലങ്ങൾ ചില പ്രശ്നങ്ങളും ഉന്നയിക്കുന്നു.

ബി.സി. 13-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കാനാൻ ദേശത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പല പട്ടണങ്ങളും അതിക്രൂരമാംവിധം നശിപ്പിക്കപ്പെട്ടതിന്റെ തെളിവുകൾ കണ്ടുകിട്ടിയിട്ടുണ്ട്. നഗരങ്ങൾ തീവെച്ചു നശിപ്പിക്കുകയും മതിലുകൾ തകർക്കപ്പെടുകയും ചെയ്തു. ലാക്കിഷ്, ഗേസർ, ദെബീർ, ഹാസോർ, തുടങ്ങിയ നഗരങ്ങൾ ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്ന വിധത്തിൽ നശിപ്പിക്കപ്പെട്ടവയാണ്. എന്നാൽ ജെറീക്കോ, ആയിപ്പട്ടണങ്ങളിൽ നിന്നു കിട്ടിയ തെളിവുകൾ പുസ്തകത്തിലെ വിവരണവുമായി പൊരുത്തപ്പെടുന്നില്ല. പുരാവസ്തു ഗവേഷകർ കണ്ടെത്തിയ ഏറ്റം പുരാതന നഗരമാണ് ജെറീക്കോ. ഏകദേശം പതിനായിരം വർഷം പഴക്കമുണ്ട് ജെറീക്കോയിലെ ആദ്യത്തെ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്ക് എന്നാൽ ജോഷ്വായുടെ കാലത്തേതെന്നു വിശേഷിപ്പിക്കാവുന്ന യാതൊന്നും അവിടെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബി.സി. മൂവായിരം മുതൽ ആയിപ്പട്ടണം നിലനിന്നു പക്ഷേ അവിടെയും ജോഷ്വായുടെ കാലത്തെ അവശിഷ്ടങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ വസ്തുതകൾക്ക് പല വിശദീകരണങ്ങൾ നൽകാറുണ്ട്.

കാനാൻദേശം കീഴടക്കാൻ വേണ്ടി നടന്ന പലപോരാട്ടങ്ങളെ ഒരു ദൂരദർശിനിയിലൂടെ എന്നതുപോലെ ഒരുമിച്ച് അവതരിപ്പിക്കുന്നതാണ് ജോഷ്വായുടെ പുസ്തകത്തിലെ പടയോട്ടങ്ങളുടെ വിവരണങ്ങൾ എന്നു ചിലർ കരുതുന്നു. ജോഷ്വായ്ക്കുമുമ്പും അതിനുശേഷവും നടന്നയുദ്ധങ്ങളും വിജയങ്ങളും ജോഷ്വായുടെ പേരിൽ ആരോപിച്ചതായി ഇക്കൂട്ടർ കരുതുന്നു. ദീർഘകാലം നാശക്കൂമ്പാരമായി കഴിഞ്ഞ ജെറീക്കോ പട്ടണത്തിന്റെ പതനം ജോഷ്വായുടെ കാലത്തു സംഭവിച്ചതായി പിൻ തലമുറകൾ വ്യാഖ്യാനിച്ചതാവും. "നാശക്കൂമ്പാരം"എന്നാണ് ആയ് എന്ന പേരിന് അർത്ഥം. ഇവിടെയും അതേ വിശദീകരണം നൽകിയതാവാം. ബി.സി. 13-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബെഥേൽ നഗരം



അഗ്നിക്കിരയായതിന് തെളിവുകളുണ്ട്. ബഥേൽ ആയ് ഒറ്റ പട്ടണമായി കണ്ടുകൊണ്ട് ബെഥേലിന്റെ നാശത്തെ ആയിയുടെ പതനമായി വ്യാഖ്യാനിച്ചതായും കരുതുന്നവരുണ്ട്.

ഈ വ്യാഖ്യാനങ്ങൾ സ്വീകരിക്കുന്നതിനു മുമ്പേ രണ്ടു കാര്യങ്ങൾ പ്രത്യേകാ പരിഗണിക്കണം. 1. പുരാവസ്തു ഗവേഷകന്മാർ നിശ്ചയിക്കുന്ന കാലഗണന എപ്പോഴും അത്ര കണിശമായിരിക്കണമെന്നില്ല. ഒരേ പട്ടണത്തിന്റെ തന്നെ കാലം നിശ്ചയിക്കുന്നതിൽ ഗവേഷകന്മാർ തമ്മിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ട്. 2. തെളിവുകളുടെ അഭാവം ഒന്നും തെളിയിക്കുന്നില്ല. മൺ കട്ടകൊണ്ടു നിർമ്മിച്ച മതിലുകളുടെ അവശിഷ്ടങ്ങൾ കാറ്റും മഴയും മൂലം തീർത്തും അപ്രത്യക്ഷമായതാകാം. 13-ാം നൂറ്റാണ്ടിൽ ജെറീക്കോ പട്ടണത്തിന്റെ മതിലുകൾ ഇപ്രകാരമുള്ളതായിരുന്നെങ്കിൽ അതിന്റെ അവശിഷ്ടങ്ങൾ കാണാത്തതുകൊണ്ട് ജോഷ്വായുടെ പുസ്തകത്തിലെ വിവരണം വെറും ഭാവനാസൃഷ്ടിയാണെന്നു വരുന്നില്ല. ആയി പട്ടണത്തെക്കുറിച്ചും ഇതു തന്നെ പറയാനാവും.

ലഭിച്ചിരിക്കുന്ന തെളിവുകളുടെ വെളിച്ചത്തിൽ ബി.സി. 13-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ കാനാനിൽ വലിയൊരു പടയോട്ടം നടന്നുവെന്നും വടക്ക് ഹാസോർ മുതൽ തെക്ക് ലാക്കിഷ് വരെ അനേകം നഗരങ്ങൾ നശിപ്പിക്കപ്പെട്ടു എന്നും സംശയലേശമന്യേ തെളിഞ്ഞിട്ടുണ്ട്. ഇത് ജോഷ്വായുടെ നേതൃത്വത്തിൽ നടന്ന യുദ്ധങ്ങളായിരുന്നു എന്ന് ന്യായമായും അനുമാനിക്കാം. ചില പട്ടണങ്ങളുടെ കാര്യത്തിൽ ആവശ്യത്തിനു തെളിവുകളില്ലാത്തതുകൊണ്ട് ആ നഗരങ്ങൾ കീഴടക്കിയില്ല എന്നു വരുന്നില്ല. പുരാവസ്തു ഗവേഷകർ നിരത്തുന്ന തെളിവുകളും തെളിവുകളുടെ അഭാവവും അവധാനപൂർവ്വമേ സ്വീകരിക്കാൻ കഴിയൂ.

## 7. നിശ്ചല സൂര്യൻ

ഇസ്രായേൽക്കാർ യുദ്ധം ജയിക്കുന്നതുവരെ സൂര്യനും ചന്ദ്രനും നിശ്ചലമായി നിന്നു എന്ന പ്രസ്താവന (10,12-13) വളരെയേറെ തെറ്റിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും കാരണമായിട്ടുണ്ട്. പലകപോലെ പരന്ന ഭൂമിക്കുമുകളിൽ കമാനം പോലെ വിരിച്ചു നിർത്തിയിരിക്കുന്ന ആകാശത്തിലൂടെ ദിവസേന കിഴക്കുനിന്ന് പടിഞ്ഞാറോട്ട് സൂര്യൻ യാത്രചെയ്യുന്നു എന്ന കാഴ്ചപ്പാടു നിലവിലിരുന്ന കാലഘട്ടത്തിൽ എഴുതിയ ഈ വിവരണം സൗരയൂഥത്തെക്കുറിച്ചുള്ള ആധുനിക വീക്ഷണത്തിന്റെ വെളിച്ചത്തിൽ ചോദ്യം ചെയ്യപ്പെട്ടു. പ്രപഞ്ചഘടനയെക്കുറിച്ചുള്ള പരമ്പരാഗത വീക്ഷണത്തിൽ ഉറച്ചുനിന്ന ബൈബിൾ വ്യാഖ്യാതക്കളും സഭാധികാരികളും പുതിയ വീക്ഷണത്തെ

നിഷേധിക്കുകയും അതിന്റെ പ്രണേതാക്കളെ ശിക്ഷിക്കുകയും ചെയ്തതിന്റെ ഉദാഹരണമാണ് ഗലിലെയോ സംഭവം. ബൈബിളിലെ പ്രസ്താവനയും പുതിയ പ്രപഞ്ച വീക്ഷണവും തമ്മിൽ പൊരുത്തപ്പെടുത്താനായി പിന്നീടു പല ശ്രമങ്ങളും നടക്കുകയുണ്ടായി. പക്ഷേ അതെല്ലാം വലിയൊരു തെറ്റിദ്ധാരണയിൽ നിന്നു രൂപം കൊണ്ടതായി ഇന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

സൂര്യചന്ദ്രന്മാരെക്കുറിച്ചുള്ള പ്രസ്താവനയുടെ അർത്ഥം ഗ്രഹിക്കാൻ മൂന്നു കാര്യങ്ങൾ കണക്കിലെടുക്കണം. 1. യുദ്ധത്തിന്റെ വിവരണത്തിൽ ഈ പ്രസ്താവനയുടെ സ്ഥാനം: 10,11നും 10,16നും മധ്യേ ഇടയിൽ തിരുകിയതുപോലെയാണ് 12–15 വാക്യങ്ങൾ നിലകൊള്ളുന്നത്. ഇതു പൂർണ്ണമായി മാറ്റിയാലും വിവരണത്തിൽ എന്തെങ്കിലും കുറവുള്ളതായി തോന്നുകയില്ല. യുദ്ധത്തിൽ വിജയം നൽകിയതു ദൈവമാണ് എന്ന് എടുത്തു കാട്ടാൻ വേണ്ടി പിൽക്കാലത്തു കൂട്ടിച്ചേർത്തതാണ് ഈ വാക്യങ്ങൾ എന്നു ന്യായമായും അനുമാനിക്കാം. 15–ാം വാക്യം 10,43ന്റെ ആവർത്തനമാണ്. ഈ യുദ്ധത്തിനിടയിൽ ജോഷ്വായും കൂട്ടരും പാളയത്തിലേക്കു മടങ്ങി എന്ന പ്രസ്താവന സാഹചര്യവുമായി പൊരുത്തപ്പെടുന്നതുമില്ല.

2. സൂര്യചന്ദ്രന്മാർ നിശ്ചലമായി നിന്നു എന്ന പ്രസ്താവന യാഷാറിന്റെ പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണിയാണെന്ന് വി.ഗ്രന്ഥകാരൻ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു (10,13). ഇസ്രായേലിലെ വീരന്മാരുടെ സാഹസങ്ങളെക്കുറിച്ചുള്ള വിവരണങ്ങളുടെ ഒരു സമാഹാരമായിരുന്നു ഈ പുസ്തകം എന്നു കരുതപ്പെടുന്നു. 2. സാമു 1,8ൽ ഇതു വീണ്ടും പരാമർശവിഷയമാകുന്നുണ്ട്.

3. പ്രസ്താവനയുടെ സാഹിത്യരൂപം ശ്രദ്ധിക്കണം. ആലങ്കാരിക പ്രയോഗമാണ് ഈ പ്രസ്താവനയിലുള്ളത്. പീഡിതർക്കു നീതി നടത്തിക്കൊടുക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളെ യുദ്ധത്തിന്റെ ഭാഷയിൽ വിവരിക്കുക ബൈബിളിൽ സാധാരണമാണ്. ഈ യുദ്ധത്തിൽ പ്രപഞ്ചശക്തികൾ കർത്താവിനുവേണ്ടി യുദ്ധം ചെയ്യുന്നതായി വിവരിക്കുന്നു. ന്യായാ 5,20; സങ്കീ 18,7–15; 68,7–8; ജ്ഞാനം 5,17–23; ഹബ 3,9–13 തുടങ്ങിയ ബൈബിൾ ഭാഗങ്ങൾ ഉദാഹരണങ്ങളാണ്. കവിഭാവനയെ ചരിത്ര വസ്തുതയായി തെറ്റിദ്ധരിച്ചതാണ് കഴിഞ്ഞകാലത്തു പറ്റിയ അബദ്ധം. അഞ്ചു രാജാക്കന്മാരുടെ സൈന്യത്തെ മുഴുവൻ ഒറ്റ ദിവസം കൊണ്ടു തോൽപിക്കാൻ ജോഷ്വായെ കർത്താവു സഹായിച്ചു എന്നു മാത്രമേ ഈ പ്രസ്താവനകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ.



## ചോദ്യങ്ങൾ

1. വാഗ്ദത്തഭൂമി ദൈവത്തിന്റെ ദാനമാണെന്ന് ഈ അദ്ധ്യായങ്ങളിൽ എപ്രകാരമാണ് സമർത്ഥിച്ചിരിക്കുന്നത്?
2. ദേശത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ ഒരു വിശുദ്ധ യുദ്ധത്തിന്റെ പ്രതീതി നൽകുന്നു – വിശദമാക്കുക.
3. ഇസ്രായേലിന്റെ യുദ്ധങ്ങൾ നയിച്ചതു കർത്താവാണ് – സമർത്ഥിക്കുക.
4. റാഹാബിന്റെ വിശ്വാസ പ്രഖ്യാപനം എന്ത്? അതിന്റെ അർത്ഥവും പ്രസക്തിയും വിശദീകരിക്കുക.
5. ചാരന്മാർ റാഹിബിനു നൽകിയ നിർദ്ദേശങ്ങളെ പെസഹാ ആഘോഷത്തെ സംബന്ധിച്ച നിർദ്ദേശങ്ങളുമായി താരതമ്യം ചെയ്യുക.
6. ജോർദ്ദാൻ കടന്നതിനെ ചെങ്കടൽ കടന്നതുമായി താരതമ്യം ചെയ്യുക.
7. ജോർദ്ദാൻ കടക്കാൻ വേണ്ടി എപ്രകാരമാണ് ജനം ഒരുങ്ങിയത്?
8. ഗിൽഗാലിലും ജോർദ്ദാനിലും സ്മാരകശിലകൾ സ്ഥാപിച്ചത് എന്തിനുവേണ്ടി?
9. ഗിൽഗാൽ എന്ന പേരിന്റെ രണ്ടു വിശദീകരണങ്ങൾ ഏവ?
10. കർത്താവിന്റെ സൈന്യാധിപൻ ജോഷ്വായ്ക്കു പ്രത്യക്ഷപ്പെട്ടത് എന്തിനുവേണ്ടി? ഈ ദർശനം മോശയുടെ വിളിയുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
11. വാഗ്ദത്ത ഭൂമിക്കുവേണ്ടി പോരാട്ടങ്ങളെ മൂന്നു ഘട്ടമായി തിരിച്ചിരിക്കുന്നു. ഏവ?
12. ജെറീക്കോ കീഴടക്കിയതിന്റെ വിവരണം ഒരു വിശുദ്ധ കർമ്മാചരണത്തിന്റെ പ്രതീതി ഉളവാക്കുന്നു. വിശദീകരിക്കുക.
13. ജെറീക്കോയുടെ പതനം എന്തു പാഠമാണ് നൽകുന്നത്?
14. ആഖാന്റെ കഥയിൽ നിന്നു ലഭിക്കുന്ന സന്ദേശമെന്ത്?
15. ഗിബയോൻകാരുമായി ഉടമ്പടി ചെയ്യാൻ കാരണമെന്ത്? ഈ സംഭവത്തിൽ നിന്ന് എന്തു പ്രായോഗിക പാഠമാണ് ലഭിക്കുന്നത്?
16. ജോഷ്വായുടെ വാക്കനുസരിച്ച് സൂര്യൻ നിശ്ചലമായി നിന്നു എന്ന പ്രസ്താവനയുടെ അർത്ഥമെന്ത്?
17. ജോഷ്വായുടെ യുദ്ധങ്ങളെയും വിജയങ്ങളെയുംക്കുറിച്ച് പുരാവസ്തു ഗവേഷകരുടെ അഭിപ്രായം എന്ത്?

**ചർച്ചയ്ക്ക് :** വാഗ്ദത്ത ഭൂമിയ്ക്കു വേണ്ടിയുള്ള പോരാട്ടങ്ങളെ ഇന്ന് എപ്രകാരമാണ് മനസിലാക്കേണ്ടത് അവയ്ക്ക് ഇന്നത്തെ പ്രസക്തി എന്ത്? എന്താണ് വാഗ്ദത്തഭൂമി? എപ്രകാരമാണ് അതു കൈവശമാക്കാൻ സാധിക്കുക?

**പ്രാർത്ഥന:** 'അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ് സ്വർഗ്ഗത്തിലേതു പോലെ ഭൂമിയിലും ആകണമേ".

# 2. ദേശവിഭജനവും വിടവാങ്ങലും 13 – 24

കാനാൻദേശം പന്ത്രണ്ടു ഗോത്രങ്ങൾക്കായി പങ്കുവെച്ചു കൊടുത്തതിനുശേഷം ജോഷ്വാ വിടവാങ്ങിയതിന്റെ ചരിത്രമാണ് പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. ഇതിനെ രണ്ടായി തിരിക്കാം. A. ദേശവിഭജനം B. വിടവാങ്ങൽ

### A ദേശവിഭജനം 13,1–21,45

ഇസ്രായേൽ സൈന്യത്തെ വിജയത്തിൽ നിന്നു വിജയത്തിലേക്കു നയിച്ച ജോഷ്വാ വൃദ്ധനായപ്പോൾ കർത്താവിന്റെ കല്പനയനുസരിച്ച് കാനാൻദേശം ഇസ്രായേൽ ഗോത്രങ്ങൾക്കു വീതിച്ചു കൊടുത്തു. റൂബെൻ, ഗാദ്, മനാസ്സെയുടെ പകുതി എന്നീ ഗോത്രങ്ങൾക്ക് ജോർദ്ദാൻ നദിയുടെ കിഴക്കു നല്കിയ അവകാശത്തെക്കുറിച്ചാണ് ആദ്യമേ പ്രതിപാദിക്കുന്നത് (13,8–33). തുടർന്ന് ജോർദ്ദാനു പടിഞ്ഞാറുള്ള കാനാൻ ദേശം മുഴുവൻ ഒമ്പതര ഗോത്രങ്ങൾക്കായി നറുക്കിട്ടു വീതിച്ചതിന്റെ ചരിത്രം വിവരിക്കുന്നു. കാലെബിന് ലഭിച്ച അവകാശത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് (14,6–15) ഈ വിവരണം തുടങ്ങുന്നത്. തുടർന്ന് യൂദായ്ക്കും (15,1–63) എഫ്രമിനും (16,1–10) മനാസ്സെയുടെ അർദ്ധഗോത്രത്തിനും (17,1–18) ലഭിച്ച പ്രദേശങ്ങൾ ഏവയെന്നു വിവരിക്കുന്നു. ശേഷിച്ച ഏഴു ഗോത്രങ്ങൾക്കു ലഭിച്ച അവകാശഭൂമിയുടെ വിവരണം 18–19 അധ്യായങ്ങളിൽ കാണാം. അബദ്ധവശാൽ ആരെയെങ്കിലും കൊല്ലാൻ ഇടയായവർക്ക് പ്രതാകാരകനിൽ നിന്ന് ഓടിയൊളിക്കാൻ വേണ്ട അഭയനഗരങ്ങളുടെ പട്ടിക 20,1–9ൽ വിവരിക്കുന്നു. ലേവ്യർക്കു ലഭിച്ച പട്ടണങ്ങളുടെ പട്ടികയാണ് (21,1–42) അവസാനമായി അവതരിപ്പിച്ചിരിക്കുന്നത്.

കാനാൻ ദേശത്ത് ഇനിയും വളരെയേറെ സ്ഥലങ്ങൾ കൈവശപ്പെടുത്താനുണ്ട് എന്ന ആമുഖത്തോടെ ആരംഭിക്കുന്ന (13,1–6) വിവരണം വാഗ്ദാനമായി ലഭിച്ച ദേശം മുഴുവൻ അവർ കൈവശമാക്കി വാസമുറപ്പിച്ചു എന്ന പ്രസ്താവനയോടെ (21,43–45) അവസാനിക്കുന്നു. ഈ ആമുഖവും ഉപസംഹാരവും തമ്മിൽ പൊരുത്തക്കേടുണ്ട്. ദാവീദിന്റെയും സോളമന്റെയും കാലത്തു മാത്രമാണ് ഇസ്രായേൽക്കാർക്ക് കാനാൻദേശം



മുഴുവൻ കീഴടക്കാൻ കഴിഞ്ഞത് അന്നുപോലും 13,2–6ൽ വിവരിച്ചിരിക്കുന്ന പ്രദേശങ്ങൾ മുഴുവൻ സ്വന്തമാക്കാൻ സാധിച്ചില്ല. കർത്താവ് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്ന് ഉപസംഹാരത്തിൽ (21,43–45) എടുത്തുപറയുമ്പോൾ കാനാൻ ദേശം കീഴടക്കൽ സുദീർഘമായ പ്രക്രിയ ആയിരുന്നെന്ന് ആമുഖത്തിൽ സൂചിപ്പിക്കുന്നു. എന്തുകൊണ്ടാണ് ദേശം മുഴുവൻ കീഴടക്കാൻ കഴിയാതെ പോയത് എന്ന് ഓരോ ഗോത്രത്തെയുംക്കുറിച്ചുള്ള വിവരണങ്ങൾക്കിടയിൽ സൂചിപ്പിക്കുന്നുമുണ്ട്. (17,16–18; 18;3). ജനത്തിന്റെ അലസത, ഭീരുത്വം, വിശ്വാസരാഹിത്യം തുടങ്ങിയവ ദേശം മുഴുവൻ കീഴടക്കാൻ കഴിയാതെ വന്നതിന്റെ കാരണങ്ങളാണ്. സാവകാശം ദേശം കീഴടക്കിയത് ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണെന്ന സൂചനയും (13,6; നിയ 7,22) നല്കുന്നുണ്ട്.

ഭൂമി മുഴുവൻ കർത്താവിന്റേതാണ്, ഓരോ ജനതയ്ക്കും ആവശ്യമായവ അവിടുന്ന് അവകാശമായി നല്കുന്നു എന്ന കാഴ്ചപ്പാടാണ് ദേശവിഭജനത്തിന്റെ വിവരണത്തിനു പിന്നിലുള്ളത്. ഓരോ ഗോത്രത്തിന്റെയും അംഗസംഖ്യക്കനുസരിച്ച് അവർക്കു നല്കുന്ന ഭൂപ്രദേശത്തിന്റെ വിസ്തൃതി നിശ്ചയിച്ചിരിക്കുന്നു (സംഖ്യ 33,54). ഏറ്റം ശക്തവും ജനസംഖ്യ കൂടുതലുള്ളതുമായ യൂദാ ഗോത്രത്തിനാണ് ഏറ്റം വിശാലമായ പ്രദേശം നല്കിയിരിക്കുന്നത്.

കർത്താവിന്റെ കല്പനയനുസരിച്ച് ജോഷ്വായും പുരോഹിതനായ എലയാസറും ഗോത്രത്തലവന്മാരും കൂടെയാണ് ഭൂമി പങ്കുവെച്ചത് എന്ന് 14,1; 21,1 ൽ കാണാം. എന്നാൽ കർത്താവ് ജോഷ്വായെ മാത്രമാണ് ദേശം വിഭജിക്കാൻ ചുമതലപ്പെടുത്തിയത് എന്ന് 13,7ലും ജോഷ്വാ തനിച്ചാണ് നറുക്കിട്ട് ദേശം വിഭജിച്ചത് എന്ന് 18,10ലും രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഗോത്രത്തിനും ലഭിച്ച അവകാശത്തെക്കുറിച്ചുള്ള വിവരണത്തിലും കാര്യമായ വ്യത്യാസങ്ങളുണ്ട്. യൂദാ ഗോത്രത്തിന്റെ അതിരുകൾ കണിശമായി നിർണ്ണയിക്കുകയും നൂറ്റിയിരുപതോളം നഗരങ്ങളുടെ പേരുകൾ എടുത്തുപറയുകയും ചെയ്യുമ്പോൾ മറ്റു ഗോത്രങ്ങളുടെ അതിരുകളെയും നഗരങ്ങളെയുംക്കുറിച്ച് വളരെ ഹ്രസ്വവും അവ്യക്തവുമായ രൂപമേ നല്കുന്നുള്ളൂ. ഇസ്രായേൽ ചരിത്രത്തിന്റെ പലകാലഘട്ടങ്ങളിൽ രൂപം പ്രാപിച്ച സ്ഥലവിവര പട്ടികകൾ കൂട്ടിയോജിപ്പിച്ചതാണ് ഇവിടെ നല്കിയിരിക്കുന്ന വിവരണം എന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു.

ദാവീദിന്റെ കാലം മുതൽ ഇസ്രായേലിലെ ഏറ്റം പ്രധാന ഗോത്രമായിരുന്നു. യൂദാ ബി.സി.721ൽ വടക്കൻ രാജ്യമായ ഇസ്രായേൽ അസീറിയായ്ക്കു കീഴടങ്ങി നശിച്ചതോടെ യൂദാ എന്ന ഒറ്റ ഗോത്രം

പിതാക്കന്മാർക്കു ലഭിച്ച വാഗ്ദാനങ്ങളുടെ അവകാശിയായി അവശേഷിച്ചു. യൂദാ ഗോത്രത്തിന്റെ പ്രാമുഖ്യത്തെ വ്യക്തമാക്കുന്നതാണ് ദേശവിഭജനത്തിന്റെ പട്ടിക. സോളമന്റെ കാലത്തു രൂപം പ്രാപിച്ചതാണ് ഈ പട്ടികയുടെ പ്രധാനപങ്ക് എന്ന് വ്യഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

മറ്റു ഗോത്രങ്ങൾക്കെന്നതുപോലെ കാനാൻ ദേശത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ലേവീഗോത്രത്തിനായി മാറ്റി വച്ചിട്ടില്ല എന്നു പലതവണ ആവർത്തിച്ചു പറയുന്നുണ്ട് (13,14.33; 14,4; 18,7). ദേശമല്ല കർത്താവാണ് അവരുടെ അവകാശം എന്ന് 13,33ലും കർത്താവിന്റെ പൗരോഹിത്യമാണ് അവരുടെ അവകാശം എന്ന് 18,7ലും നല്കുന്ന വിശദീകരണങ്ങൾ "കർത്താവിന് അർപ്പിക്കപ്പെടുന്ന ബലികളാണ് അവരുടെ അവകാശം" എന്ന് 13,14ൽ വ്യഖ്യാനിച്ചിരിക്കുന്നു. ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ലേവീഗോത്രം ആ ശുശ്രൂഷകളിൽ നിന്നു ലഭിക്കുന്ന വിഹിതം കൊണ്ട് ഉപജീവനം കഴിക്കണം. അതിന് ആവശ്യമായ നിബന്ധനകൾ ലേവ്യരുടെ പുസ്തകത്തിൽ നല്കിയിട്ടുണ്ട്.

ലേവ്യ നഗരങ്ങളുടെ ഈ പട്ടിക ഏതുകാലത്താണ് രൂപപ്പെട്ടത്. ഇത് ചരിത്രത്തോട് എത്രമാത്രം നീതിപുലർത്തുന്നു. എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ബൈബിൾ വ്യഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായഭിന്നതയുണ്ട്. ആരാധന ജറുസലേമിൽ കേന്ദ്രീകരിച്ച ജോസിയാ രാജാവിന്റെ കാലത്തു രൂപം കൊണ്ടതാണ് ഈ പട്ടിക എന്നു ചിലർ കരുതുന്നു. അല്ല, ബാബിലോൺ പ്രവാസത്തിനുശേഷമാണെന്നു മറ്റു ചിലർ. ലേവ്യർക്കു സംരക്ഷണം ഉറപ്പുവരുത്തുന്ന ഒരു ആദർശചിത്രമെന്നല്ലാതെ ചരിത്ര വസ്തുതയായി ഇതിനെ കാണാനാവില്ല എന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട്.

ലേവ്യരുടെ എന്നല്ല, എല്ലാ ഗോത്രങ്ങളുടെയും അവകാശഭൂമിയെയും നഗരങ്ങളെയുംക്കുറിച്ചും ഈ വിമർശനം ബാധകമാണ്. ഏതെല്ലാം നഗരങ്ങൾ ഏതേതു ഗോത്രങ്ങൾക്ക് അവകാശമായി ലഭിച്ചു എന്ന് കണിശമായി കണ്ടെത്തുന്നതിനേക്കാൾ പ്രാധാന്യം കാനാൻ ദേശം ഇസ്രായേൽ ജനത്തിന് അവകാശമായി നല്കും എന്ന വാഗ്ദാനം കർത്താവു പൂർത്തിയാക്കിയെന്നും വാഗ്ദത്ത ഭൂമിയിൽ സകല ഗോത്രങ്ങൾക്കും വാസസ്ഥലമുണ്ടായിരുന്നു എന്നും ഉള്ള അറിവാണ്. ഭൂമി നഷ്ടപ്പെട്ട പ്രവാസികൾക്കും യഥാർത്ഥ വാഗ്ദത്ത ഭൂമിയായ ദൈവരാജ്യത്തിനു വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന സകലർക്കും ഈ അറിവ് ആശ്വാസവും പ്രത്യാശയും പ്രദാനം ചെയ്യുന്നു.

പന്ത്രണ്ടു ഗോത്രങ്ങൾക്കായി ദേശം വിഭജിക്കുന്നതിന്റെ വിവരണത്തിനിടയിൽ കാലെബിനു ലഭിച്ച ഓഹരിയെക്കുറിച്ച് (14,6-15; 13-19) പ്രതിപാദിച്ചിരിക്കുന്നു. കാദേശ് ബർണെയായിലെ ചാരന്മാരുടെ



കലാപത്തിൽ (സംഖ്യ 13,1-14) കർത്താവിനോടു വിശ്വസ്തനായി നിന്നതിന്റെ പേരിൽ മോശ നല്കിയ വാഗ്ദാനത്തെ (നിയ 1,36) അനുസ്മരിച്ചുകൊണ്ടാണ് തന്റെ അവകാശഭൂമി നല്കാൻ കാലെബ് ജോഷ്വായോട് ആവശ്യപ്പെടുന്നത് (14.12). 'കെനീസ്യൻ' എന്ന് കാലെബിനെ ഇവിടെ (14,6) വിശേഷിപ്പിച്ചിരിക്കുന്നു. സംഖ്യ 32,12ലും ഇതേ വിശേഷണം കാണാം. എന്നാൽ സംഖ്യ 13,6; 34,19ൽ കാലെബിനെ യൂദാ ഗോത്രജനായി ചിത്രീകരിച്ചിരിക്കുന്നു. ഏദോമ്യരുടെ ഇടയിലുള്ള ഒരു ഗോത്രമായിരുന്നു കെനീസ്യർ എന്നും യൂദായുടെ തെക്കെ അതിർത്തിയിൽ താമസിച്ചിരുന്ന അവർ കാലക്രമത്തിൽ യൂദാ ഗോത്രത്തിന്റെ തന്നെ ഭാഗമായി പരിഗണിക്കപ്പെട്ടു എന്നും വ്യഖ്യാതാക്കൾ കരുതുന്നു. അതിനാലാവണം കാലെബിനെ കെനീസ്യനെന്നും യൂദാ ഗോത്രജനെന്നും വിശേഷിപ്പിച്ചിരിക്കുന്നത്.

കാലെബിന് അവകാശം നല്കുകയും കാലെബ് അത് കീഴടക്കുകയും ചെയ്തത് രണ്ടുതവണ (14,13-15; 15,13-14) വിവരിച്ചിരിക്കുന്നു. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ ഹെബ്രോൺ പിടിച്ചടക്കിയതായി 10,36ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാലെബാണ് അതു കീഴടക്കിയതെന്ന് 15,13-14ൽ പറയുന്നു. യൂദാ ഗോത്രക്കാരാണ് ഹെബ്രോൺ കീഴടക്കി അനാക്കിമുകളെ തുരത്തിയതെന്ന് ന്യായാ 1,9-10 ൽ കാണാം. വിവിധ പാരമ്പര്യങ്ങൾ കൂട്ടിച്ചേർത്തതാണ് ഈ ആവർത്തനങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും കാരണം. രാക്ഷസന്മാരുടെ വർഗ്ഗത്തിൽപ്പെട്ട അനാക്കിമുകളെക്കുറിച്ച് സംഖ്യ 13,23-33ൽ നാം കണ്ടു (ബൈ.തീ. 8p. 44-46). അവരെക്കുറിച്ചുള്ള ഭയമാണ് കാദെശിലെ കലാപത്തിനു കാരണമായത്. എന്നാൽ കർത്താവിനോടു വിശ്വസ്തനായിരുന്ന കാലെബിന് അവരെ നിഷ്പ്രയാസം കീഴടക്കാൻ കഴിഞ്ഞു (14;4).

ഒത്ത്നിയേലിന്റെ അവകാശത്തെക്കുറിച്ച് (15,15-19) ഏതാണ്ട് ഇതേ വാക്കുകളിൽത്തന്നെ വീണ്ടും ന്യായാ 1,11-15ൽ പ്രതിപാദിക്കുന്നുണ്ട്. ജോഷ്വായുടെ മരണത്തിനുശേഷം ഇസ്രായേലിനെ നയിച്ച ആദ്യത്തെ ന്യായാധിപനായിരുന്നു ഒത്തനിയേൽ (ന്യയ 3,7-11). കാലെബിന്റെ സഹോദര പുത്രനായ ഒത്ത്നിയേൽ ദെബീർ കീഴടക്കിയതിനെക്കുറിച്ച് വ്യത്യസ്തമായൊരു വിവരണം ജോഷ്വാ 10,38-39ൽ കാണാം. 'നഗരം' എന്നാണ് 'കിരിയാ' എന്ന ഹിബ്രുവാക്കിന്റെ അർത്ഥം. നാല് എന്ന് അർത്ഥമുള്ള 'അർബാ' എന്ന പദത്തോടു ചേരുമ്പോൾ കിരിയാത്ത് അർബാ എന്നാകുന്നു. നാലിന്റെ നഗരം എന്ന് അർത്ഥം (ഉൽപ 23,1; ബൈ. തീ 3-4 p. 72-73). എഴുത്തുകാരൻ എന്ന് അർത്ഥമുള്ള സേഫെർ എന്ന പദത്തോടു ചേർന്നപ്പോൾ എഴുത്തുകാരുടെ നഗരം എന്ന് അർത്ഥമുള്ള 'കിരിയാത്ത് സേഫർ' എന്ന പേരുണ്ടായി.

വിജാതീയരായ കെനീസ്യരുടെ രണ്ടു കുലങ്ങൾ യൂദാ ഗോത്രത്തിനുള്ളിൽ ഭൂമി അവകാശപ്പെടുത്തിയതിന്റെയും ആ രണ്ടുകുലങ്ങൾ തമ്മിൽ വിവാഹം വഴി ബന്ധം ഉറപ്പിച്ചതിന്റെയും സാഹചര്യങ്ങളാണ് 15,13-19ൽ വിവരിക്കുന്നത്. ശക്തരായ നേതാക്കന്മാർ മുൻകൈ എടുത്ത് സ്വന്തമായി നഗരങ്ങളും ഗ്രാമങ്ങളും പിടിച്ചെടുത്തും കാനാൻദേശം കീഴടക്കാൻ വേണ്ടി നടത്തിയ പോരാട്ടങ്ങളുടെ ഭാഗമായിരുന്നു. തന്നെയുമല്ല, ജന്മനാ ഇസ്രായേല്യരല്ലാത്തവരും വിവിധങ്ങളായ സാഹചര്യങ്ങളിൽ ഇസ്രായേൽ ജനത്തിന്റെ ഭാഗമായി മാറിയെന്നും ഈ വിവരണങ്ങൾ തെളിയിക്കുന്നു.

പിതൃസ്വത്തിൽ സ്ത്രീകൾക്കുള്ള അവകാശത്തെക്കുറിച്ച് സംഖ്യ 27,1-11ൽ പറഞ്ഞുവച്ചതനുസരിച്ച് മനാസ്സെ ഗോത്രത്തിലെ സെലോഫഹാദിന്റെ പുത്രിമാർക്ക് അവകാശം നല്കിയതിനെക്കുറിച്ച് 17,3-6ൽ പ്രത്യേകം പ്രതിപാദിച്ചിരിക്കുന്നു. പുത്രന്മാരോടൊപ്പം പുതിമാർക്കും തുല്യാവകാശം നല്കിയതിന്റെ ഈ വിവരണം സ്ത്രീകൾക്കു പൊതുവെ രണ്ടാം സ്ഥാനം നല്കുന്ന കാഴ്ചപ്പാടിന് അപവാദമായി നില്ക്കുന്നു. ഒരു കുടുംബവും അന്യം നിന്നു പോകാതെ സകലർക്കും വാഗ്ദത്തഭൂമിയിൽ അവകാശം ഉണ്ടായിരിക്കണം എന്ന ദൈവികപദ്ധതിയാണ് ഈ തീരുമാനത്തിൽ വെളിപ്പെടുന്നത്.

ജോർദ്ദാൻ കടന്നതു മുതൽ ഇതുവരെ ഗിൽഗാലിലായിരുന്നു ഇസ്രായേലിന്റെ പ്രധാന പാളയം. എന്നാൽ 18,1ൽ ഷിലോയിൽ സമാഗമകൂടാരം സ്ഥാപിച്ചതായി പ്രത്യേക ഒരുക്കമോ വിശദീകരണമോ കൂടാതെ പ്രസ്താവിച്ചിരിക്കുന്നു. ന്യായാധിപന്മാരുടെ കാലത്തും, പ്രത്യേകിച്ച് സാമുവേലിന്റെ കാലത്ത് (1 സാമു 1-6) ഉടമ്പടിയുടെ പേടകം സൂക്ഷിച്ചിരുന്ന ആരാധാകേന്ദ്രമായിരുന്നു ഗിൽഗാലിനും ഷെക്കെമിനും മധ്യേയുള്ള ഷീലോ. ഫിലിസ്ത്യർ പിടിച്ചെടുക്കുന്നതുവരെ പേടകം അവിടെയായിരുന്നു. ഷിലോയിൽ വച്ചാണ് അവകാശം ലഭിക്കാതെ അവശേഷിച്ച ഏഴു ഗോത്രങ്ങളെ അവരുടെ അലസതയുടെ പേരിൽ ജോഷ്വാ ശാസിക്കുകയും (18.3) ദേശത്തെക്കുറിച്ച് അന്വേഷണം നടത്തിയതിനുശേഷം (18,4-10) അവർക്കുള്ള അവകാശങ്ങൾ കുറിയിട്ടു നിശ്ചയിച്ചു കൊടുക്കുകയും (18,11-19,48) ചെയ്തത്.

ഇസ്രായേൽ ഗോത്രങ്ങൾക്കെല്ലാം അവകാശം ലഭിച്ചു കഴിഞ്ഞപ്പോൾ ജനം ജോഷ്വായ്ക്ക് ഒരു പ്രദേശം അവകാശമായി നല്കി (19,49-50). അതോടെ ദേശവിഭജനം പൂർത്തിയായി (1,51). അങ്ങനെ ദേശത്തെ സംബന്ധിച്ച് കർത്താവു നല്കിയിരുന്നു വാഗ്ദാനങ്ങലെല്ലാം പൂർത്തിയായി എന്ന് 21,45ൽ എടുത്തു പറയുന്നു. യുദ്ധം ചെയ്താണ് വാഗ്ദത്തഭൂമി കീഴടക്കിയതെങ്കിലും ദേശം കൈവശമാക്കിക്കഴിഞ്ഞപ്പോൾ അവർക്കു സമാധാനമുണ്ടായി എന്ന് പലതവണ ആവർത്തിച്ചു പറയുന്നുണ്ട് (11,23; 14,15; 21,44; 23,1). ഭൂമിയും സമാധാനവും കർത്താവിന്റെ ദാനംതന്നെ. വാഗ്ദത്തഭൂമി സ്വന്തമാക്കി അതിൽ വാസമുറപ്പിക്കുന്നത് കർത്താവിന്റെ വിശ്രമത്തിൽ പങ്കുചേരുന്നതിന്റെ പ്രതീകമായിരുന്നു (സങ്കീ 95,11; ഹെബ്രാ 3,11-4,11).



**വിചിന്തനം:** വാഗ്ദത്തഭൂമിയിൽ കർത്താവ് എല്ലാ ഇസ്രായേൽ ഗോത്രങ്ങൾക്കും അവകാശം നല്കിയെങ്കിലും എല്ലാവർക്കും ഒരുപോലെ അവകാശഭൂമി കൈവശപ്പെടുത്താനോ കാത്തുസൂക്ഷിക്കാനോ സാധിച്ചില്ല. കർത്താവിൽ ആശ്രയിച്ചുകൊണ്ട് ധീരതയോടെ യുദ്ധം ചെയ്യാൻ തയ്യറായവർക്കു മാത്രമേ അവകാശഭൂമി കൈവശമാക്കാൻ കഴിഞ്ഞുള്ളൂ. കാലെബും യൂദാ ഗോത്രജരും തങ്ങൾക്കു നിശ്ചയിക്കപ്പെട്ട പ്രദേശങ്ങൾ അതിവേഗം കീഴടക്കിയപ്പോൾ ജോസഫിന്റെ ഗോത്രങ്ങൾ കാനാന്യരുടെ ഇരുമ്പുരഥങ്ങളെ ഭയന്ന് പരാതിയുമായി കഴിഞ്ഞു. പലഗോത്രങ്ങളും അലസരായിരുന്നു. ദൈവരാജ്യം എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടതാണെങ്കിലും അലസർക്കും അവിശ്വാസികൾക്കും അതിൽ പ്രവേശിക്കാൻ കഴിയുകയില്ല (വെളി 21,8).

ലേവ്യർക്കു പ്രത്യേകമായൊരു പ്രദേശം ഓഹരിയായി നല്കപ്പെട്ടില്ല. കർതൃശുശ്രൂഷയ്ക്കായി മാറ്റി വെയ്ക്കപ്പെട്ടവർക്ക് ആവശ്യമായവ മറ്റു ഗോത്രങ്ങൾ നല്കി. ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം വിളിക്കപ്പെട്ട സന്യസ്തരും വൈദികരും ഇന്ന് സമ്പത്തിന്റെ ഉല്പാദനത്തിലും വിനിമയത്തിലും സൂക്ഷിപ്പിലും അമിതമായ ശ്രദ്ധ ചെലുത്തി, തങ്ങളുടെ മുഖ്യധർമ്മത്തിൽ നിന്നു തെന്നിമാറി പോകുന്നില്ലേ എന്ന് ആത്മശോധന ചെയ്യേണ്ടതുണ്ട്. സമ്പത്തിനെ പരമ മൂല്യമായി കരുതുന്ന ആധുനിക സംസ്കാരത്തിൽ "കർത്താവാണ് ഞങ്ങളുടെ അവകാശം" എന്നു പറയാൻ കഴിയുന്ന കൊച്ചു സമൂഹങ്ങളെങ്കിലും ഉണ്ടാകണം. സന്യസ്തർ എടുക്കുന്ന ദാരിദ്ര്യവ്രതത്തിന് ഈ ലക്ഷ്യവും ഉണ്ടല്ലോ.

## B. വിടവാങ്ങൽ 22-24

കനാൻദേശം യുദ്ധം ചെയ്തു കീഴടക്കി പന്ത്രണ്ടു ഗോത്രങ്ങൾക്കായി വീതിച്ചുകൊടുത്തതിന്റെ ചരിത്രമാണ് ജോഷ്വാ 1-21 അധ്യായങ്ങളിൽ വിവരിച്ചത്. തങ്ങളെ ഏൽപിച്ച ദൗത്യം പൂർണ്ണമായും നിർവ്വഹിച്ചതിനുശേഷം കിഴക്കൻ ഗോത്രങ്ങളും (22) ജോഷ്വായും (23-24) വിടവാങ്ങിയതിന്റെ വിവരണം പുസ്തകത്തിന്റെ ഉപസംഹാരമായി അവതരിപ്പിച്ചിരിക്കുന്നു.

## 1. കിഴക്കൻ ഗോത്രങ്ങൾ മടങ്ങുന്നു 22,1-9

ജോർദ്ദാൻ നദിയുടെ കിഴക്കുള്ള പ്രദേശങ്ങൾ റൂബെൻ-ഗാദ് ഗോത്രങ്ങൾക്കും മനാസ്സെ ഗോത്രത്തിന്റെ പകുതിക്കുമായി വീതിച്ചുകൊടുത്തപ്പോൾ മോശവച്ച ഒരു നിബന്ധനയായിരുന്നു മറ്റു ഗോത്രങ്ങൾക്ക് അവകാശപ്പെട്ട സ്ഥലം കീഴടക്കുന്നതുവരെ ഈ ഗോത്രങ്ങളും അവർക്കുവേണ്ടി യുദ്ധം ചെയ്യണം എന്നത് (സംഖ്യ 32). ഈ നിബന്ധന അവർ പൂർണ്ണമായും നിറവേറ്റി എന്ന് ജോഷ്വാ തന്നെ പരസ്യമായി അംഗീകരിക്കുകയും, ദൈവത്തോടും സഹോദരങ്ങളോടും അവസാനം വരെ വിശ്വസ്തത കാട്ടിയതിന്റെ പേരിൽ അവരെ പ്രശംസിക്കുകയും ചെയ്തു (22,1-3) നിയമാവർത്തനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മോശയുടെ ഉപദേശങ്ങളോട് സാമ്യമുണ്ട് (നിയ 6,5; 10,12; 11,22; 19,9; 30,6-20). നിയമാവർത്തനചരിത്രരചനയുടെ സ്വാധീനം ഈ ഉപദേശത്തിൽ വ്യക്തമാണ്. കർത്താവിനോടുള്ള അവിഭക്തമായ സ്നേഹവും അചഞ്ചലമായ വിശ്വസ്തതയും പൂർണ്ണമായ അനുസരണവും ഇസ്രായേൽ ജനത്തിന്റെ മുഖമുദ്രയായിരിക്കണം എന്ന് ഈ ഉപദേശത്തിലൂടെ അനുസ്മരിപ്പിക്കുന്നു. ഇതുവഴിയാണ് അവർക്കു കർത്താവിനോടു ചേർന്നു നില്ക്കാൻ കഴിയുന്നത്.

"നിങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങുവിൻ' (22,4) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കുകളുടെ വാച്യാർത്ഥം "നിങ്ങളുടെ കൂടാരങ്ങളിലേക്കു മടങ്ങുവിൻ" എന്നത്രെ. കിഴക്കൻ ഗോത്രങ്ങളുടെ വാസസ്ഥലങ്ങളെ കൂടാരങ്ങൾ എന്നു വിശേഷിപ്പിക്കുന്നതിന് ഒരു പ്രത്യേക കാരണം വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കാറുണ്ട്. ജോർദ്ദാനു പടിഞ്ഞാറുള്ള ഗോത്രങ്ങൾ സ്വന്തം ഭവനങ്ങളിൽ സ്വസ്ഥമായി വസിക്കുമ്പോൾ കിഴക്കൻ ഗോത്രങ്ങൾ കൂടാരങ്ങളിലാണ് വസിക്കുന്നത്. അവർ ഇപ്പോഴും വാഗ്ദത്ത ഭൂമിക്കു പുറത്താണ് എന്ന് സൂചന നല്കാൻ വേണ്ടിയാണ് കൂടാരങ്ങൾ എന്ന പദം ഉപയോഗിക്കുന്നത്. വിവാദവിഷയമായ ബലിപീഠനിർമ്മാണത്തിൽ (2,10-34) ഈ പ്രശ്നം കൂടുതൽ വിശദമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. നിഷ്കൃഷ്ടമായ അർത്ഥത്തിൽ ജോർദ്ദാനു പടിഞ്ഞാറുള്ള കാനാൻ ദേശമാണ് വാഗ്ദത്തഭൂമി. കിഴക്കുള്ള പ്രദേശങ്ങൾ ഏറെക്കാലം സ്വന്തമായി കാത്തുസൂക്ഷിക്കാൻ ആ ഗോത്രങ്ങൾക്കു കഴിഞ്ഞില്ല എന്ന ചരിത്രവസ്തുതയും ഇവിടെ കണക്കിലെടുക്കണം. ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ വാഗ്ദത്തഭൂമിയുടെ അതിരുകൾക്കു പുറത്താണെങ്കിലും അവരും കർത്താവിന്റെ ജനമാണെന്നും, അവരുടെ ദേശവും ദൈവം നല്കിയ ദാനമാണെന്നും അവരെ നിരന്തരം അനുസ്മരിപ്പിക്കുന്നതാണ് ജോഷ്വായുടെ ഉപദേശം.



കിഴക്കൻ ഗോത്രങ്ങളിലെ യോദ്ധാക്കളെ വലിയ സമ്മാനങ്ങളുമായിട്ടാണ് ജോഷ്വാ തിരിച്ചയക്കുന്നത്. ആ സമ്മാനങ്ങൾ തങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കാൻ ജോഷ്വാ നല്കുന്ന അനുശാസനത്തിൽ കൊള്ളമുതലിനെ സംബന്ധിച്ച് ഇസ്രായേലിൽ നിലവിലിരുന്ന നിയമത്തിന്റെ (സംഖ്യ 31,27;1 സാമു 30,21-25) സ്വാധീനം കാണാം. യുദ്ധക്കളത്തിലേക്കു പോകുന്ന പടയാളികൾക്കും വീട്ടിൽ കാവലിരിക്കുന്നവർക്കും തുല്യപങ്കുനല്കണം എന്നതായിരുന്നു ആ നിയമം. പടവെട്ടുന്നപോരാളികളും വീടു സൂക്ഷിക്കുന്ന കാവൽക്കാരും ഒരുപോലെ യുദ്ധത്തിൽ പങ്കു ചേരുന്നു. അതിനാൽ വിജയത്തിലും ഒരുപോലെ പങ്കു ലഭിക്കണം.

**വിചിന്തനം:** പോരാളികളെയും കാവൽക്കാരെയും സംബന്ധിച്ച നിയമം ജീവിതത്തിലെ എല്ലാ തുറകളിലും ബാധകമാണ്. പ്രത്യക്ഷമായി പൊതുപ്രവർത്തനങ്ങളിൽ ഇടപെടുന്നവർ മാത്രമല്ല, അവർക്കുവേണ്ട സംവിധാനങ്ങൾ ഒരുക്കുന്നവരും നിശ്ശബ്ദരായി അണിയറയിൽ പ്രവർത്തിക്കുന്നവരും സമൂഹത്തിന്റെ വളർച്ചയ്ക്കും സുസ്ഥിതിക്കും ആവശ്യമായ പങ്കു വഹിക്കുന്നതിനാൽ അവർക്കും അംഗീകാരവും ആദരവും നല്കണം.

## 2. ജോർദ്ദാൻ തീരത്തെ ബലിപീഠം 22,10-34

തങ്ങളുടെ അവകാശഭൂമിയിലേക്കു മടങ്ങിയ കിഴക്കൻ ഗോത്രങ്ങൾ ജോർദ്ദാൻ തീരത്തു നിർമ്മിച്ച ബലിപീഠത്തെച്ചൊല്ലിയുണ്ടായ പ്രതിസന്ധിയും തുറന്ന ചർച്ചയിലൂടെ കണ്ടെത്തിയ പരിഹാരവുമാണ് അടുത്തതായി വിവരിക്കുന്നത്. എവിടെയാണ് ബലിപീഠം നിർമ്മിച്ചതെന്ന്, കൃത്യമായി പറയുന്നില്ല. ഇങ്ങനെയൊരു ബലിപീഠത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്താൻ പുരാവസ്തുഗവേഷകർക്കു കഴിഞ്ഞിട്ടുമില്ല. എന്തായാലും വിവരണത്തിലെ സൂചനകളിൽ നിന്ന് (22,11-25)ജോർദ്ദാൻ നദിയുടെ പടിഞ്ഞാറെ തീരത്താണ് ബലിപീഠം നിർമ്മിച്ചതെന്ന് അനുമാനിക്കാം. ബലിപീഠത്തെച്ചൊല്ലിയുണ്ടായ തർക്കവും അതു പരിഹരിച്ച വിധവും പരിഗണിക്കുമ്പോൾ അതിപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു.

a. ഒരേ സംഭവത്തിന് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നല്കാനാവും. അതിനാൽ എന്തുകൊണ്ടാണ് ഒരാൾ ഒരു പ്രത്യേകവിധത്തിൽ പെരുമാറുന്നത് എന്ന് അന്വേഷിച്ചറിയാതെ, കേട്ടുകേൾവിയുടെയും ഊഹാപോഹങ്ങളുടെയും അടിസ്ഥാനത്തിൽ പ്രതികരിക്കുന്നത് അപകടമായിരിക്കും. കിഴക്കൻ ഗോത്രങ്ങൾ ബലിപീഠം നിർമ്മിച്ചു എന്നുകേട്ട പടിഞ്ഞാറൻ ഗോത്രങ്ങൾ അതിനെ വിശ്വാസത്യാഗമായി വ്യാഖ്യാനിച്ച്, അവർക്കെതിരെ യുദ്ധത്തിനൊരുങ്ങി. എന്നാൽ സംഭവത്തിന്റെ

നിജസ്ഥിതിയും കിഴക്കൻ ഗോത്രങ്ങളുടെ യഥാർത്ഥമായ ഉദ്ദേശ്യ ലക്ഷ്യങ്ങളും ദൂതൻമാർ വഴി അന്വേഷിച്ചു മനസിലാക്കിയപ്പോൾ തങ്ങളുടെ നിഗമനങ്ങൾ തെറ്റായിരുന്നു എന്ന് അവർക്കു ബോധ്യമായി. അനാവശ്യമായ യുദ്ധവും രക്തച്ചൊരിച്ചിലും ഒഴിവാക്കാൻ കഴിഞ്ഞു.

b. ബലഹീനർ പൊതുവെ സംശയാലുക്കളും അപകർഷതാബോധമുള്ളവരും ആയിരിക്കും. അതിനാൽ അനുഭാവപൂർണ്ണമായ സമീപനവും തുറന്ന ചർച്ചയും ആവശ്യമാണ്. വാഗ്ദത്ത ഭൂമിയുടെ അതിർത്തിയായ ജോർദ്ദാൻ നദിക്കു കിഴക്കുവസിക്കുന്നതിനാൽ തങ്ങൾക്ക് ഇസ്രായേൽ ജനത്തിന്റെ കൂട്ടായ്മയിലും അവകാശങ്ങളിലും പങ്കു നിഷേധിക്കപ്പെട്ടേക്കും എന്ന് കിഴക്കൻ ഗോത്രങ്ങൾ ഭയന്നു. ഈ ഭയമാണ് തങ്ങളുടെ അവകാശം ഉറപ്പുവരുത്തുന്നതിനുവേണ്ടി ബലിപീഠം പണിയാൻ അവരെ പ്രേരിപ്പിച്ചത്. ഇതു മനസിലാക്കാൻ ശക്തരായ പടിഞ്ഞാറൻ ഗോത്രങ്ങൾക്കു സമയം വേണ്ടിവന്നു. എന്നാലും കാര്യങ്ങൾ അന്വേഷിച്ചറിയാനും സത്യാവസ്ഥ മനസിലായപ്പോൾ അതനുസരിച്ച് രമ്യതയിലെത്താനും അവർ തയ്യാറായി. ഇരുകൂട്ടരും തങ്ങളുടെ ഭയങ്ങളും ആശങ്കകളും മുൻവിധികളും തുറന്നു ചർച്ചചെയ്യാൻ തയ്യാറായപ്പോഴാണ് അനുരഞ്ജനവും സമാധാനവും ഉണ്ടായത്.

c. വിശ്വാസത്തിലുള്ള ഐക്യമാണ് ഈ സംഭവത്തിലൂടെ ചർച്ചചെയ്യപ്പെടുന്ന പ്രധാന വിഷയം. കർത്താവു തിരഞ്ഞെടുക്കുന്ന ഒരു സ്ഥലത്തു മാത്രമേ ആരാധനയർപ്പിക്കാവൂ എന്ന നിയമം (നിയ 12.1–7) വിശ്വാസത്തിലുള്ള ഐക്യം സംരക്ഷിക്കാൻ വേണ്ടിയാണ് നിലവിൽ വന്നത് (ബൈ.തീ. 9,66–68). ജോസിയോ രാജാവിന്റെ കാലത്ത് ജറുസലേമിൽ ആരാധന കേന്ദ്രീകരിക്കുന്നതുവരെ ഇസ്രായേൽക്കാർ അനേകസ്ഥലങ്ങളിൽ ബലിയർപ്പിച്ചിരുന്നു. ഇത് വിഗ്രഹാരാധനയിലേക്കും വിശ്വാസത്യാഗത്തിലേക്കും ജനം പിന്തിരിയാൻ കാരണമായിത്തീർന്നു. ഈ പശ്ചാത്തലത്തിൽ വേണം ബലിപീഠത്തെച്ചൊല്ലിയുള്ള തർക്കം മനസിലാക്കാൻ. ജോർദ്ദാൻ നദീതീരത്തെ ബലിപീഠം നിർമ്മിച്ചത് വിശ്വാസത്യാഗവും കർത്താവിനോടുള്ള മത്സരവുമായി പരിഗണിക്കപ്പെട്ടു. ഈ പ്രവൃത്തി ബാൽപെയോറിലെ വിഗ്രഹാരാധനയും (സംഖ്യ 25) ആഖാന്റെ പാപവും (ജോഷ്വാ 7) പോലെ ജനത്തിനു മുഴുവൻ നാശകരമാകുമെന്ന് പടിഞ്ഞാറൻ ഗോത്രങ്ങൾ ഭയന്നു. എന്നാൽ കർത്താവിനോടുള്ള വിശ്വസ്തത തലമുറതോറും നിലനിർത്താൻ വേണ്ടിയാണ് തങ്ങൾ ബലിപീഠം നിർമ്മിച്ചതെന്ന് കിഴക്കൻ ഗോത്രങ്ങൾ വ്യക്തമാക്കി. ബലിയർപ്പിക്കാനല്ല, പിൻതലമുറകളെ അവരുടെ അവകാശങ്ങളെയും കടമകളെയുംക്കുറിച്ചു അനുസ്മരിപ്പിക്കുന്ന സാക്ഷ്യം ആയിരിക്കുന്നതിനുവേണ്ടിയാണെത്രെ ബലിപീഠം.



d. പ്രവാസത്തിൽ നിന്നു മടങ്ങിവന്ന ഇസ്രായേൽ ജനം നേരിട്ട ഒരു പ്രശ്നം ഈ വിവരണത്തിൽ പ്രതിഫലിക്കുന്നുണ്ട്. വാഗ്ദത്തഭൂമിക്കു പുറത്തു വസിക്കുന്നവർക്കും ഇസ്രായേൽ ജനത്തിന്റെ ഭാഗമായിരിക്കാൻ കഴിയുമോ എന്നതാണ് പ്രശ്നം. ഈജിപ്തിൽ വസിച്ചിരുന്ന ഇസ്രായേൽക്കാരുടെ ഒരു ചെറിയ സമൂഹം അവിടെ ദേവാലയം പണിത് ആരാധന നടത്തിയിരുന്നു. ഇതിനെ വിശ്വാസത്യാഗമായി ജറുസലേം നേതാക്കൾ കരുതി. ആരും ആരെയും എളുപ്പത്തിൽ കുറ്റം വിധിക്കരുതെന്നും വാഗ്ദത്തഭൂമിയുടെ ദൃശ്യമായ അതിർത്തികൾക്കപ്പുറത്തുവസിച്ചാലും ദൈവജനത്തിന്റെ ഭാഗമായിരിക്കും എന്നും ഈ സംഭവം വ്യക്തമാക്കുന്നു. കർത്താവിനോടുള്ള വിശ്വസ്തതയാണ് പ്രധാനം.

**വിചിന്തനം:** കേട്ടുകേൾവികളും ഊഹാപോഹങ്ങളും മറ്റുള്ളവരുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചുള്ള മുൻവിധികളുമാണ് വ്യക്തികളെയും സമൂഹങ്ങളെയും രാജ്യങ്ങളെത്തന്നെയും പലപ്പോഴും പരസ്പര വിദ്വേഷത്തിലേക്കും യുദ്ധത്തിലേക്കും നയിക്കുന്നത്. മുൻവിധി കൂടാതെയുള്ള സമീപനവും ഒന്നും ഒളിച്ചുവയ്ക്കാതുള്ള തുറന്ന ചർച്ചയും വഴി പ്രശ്നങ്ങൾ പരിഹരിക്കാനും സമാധാനവും സൗഹൃദവും പുനഃസ്ഥാപിക്കാനും കഴിയുമെന്ന് ഈ വിവരണത്തിലൂടെ പഠിപ്പിക്കുന്നു.

### 3. ജോഷ്വായുടെ വിടവാങ്ങൽ 23,1–16

തന്റെ മരണത്തിനു തൊട്ടുമുമ്പ് ജോഷ്വാ ഇസ്രായേൽ ജനത്തിനും നേതാക്കന്മാർക്കും നല്കുന്ന അന്തിമോപദേശമായിട്ടാണ് ഈ അധ്യായം നിലകൊള്ളുന്നത്. കീഴടക്കാൻ പ്രദേശങ്ങളും തോൽപിക്കാൻ ഇനിയും ശത്രുക്കളും അവശേഷിക്കുന്നുണ്ട് എന്നു പലതവണ ആവർത്തിച്ചതിനുവിരുദ്ധമായി "ചുറ്റുമുള്ള ശത്രുക്കളെയെല്ലാം കീഴടക്കി കർത്താവ് ഇസ്രായേലിനു സ്വസ്ഥത നല്കി' (23,1) എന്ന പ്രസ്താവനയോടെയാണ് വിടവാങ്ങൽ പ്രസംഗം ആരംഭിക്കുന്നത്. ചരിത്രവും കല്പനകളും വാഗ്ദാനങ്ങളും താക്കീതുകളും ഇടകലർത്തിയ ഈ പ്രസംഗത്തിൽ അനേകം ബൈബിൾ ഉദ്ധരണികൾ കോർത്തിണക്കിയിരിക്കുന്നു. മോശയുടെ അന്തിമോപദേശമെന്ന ഭാവേന രചിച്ചിരിക്കുന്ന നിയമാവർത്തന പുസ്തകത്തിന്റെ പൊതുശൈലി ഈ പ്രസംഗത്തിൽ ഉടനീളം പ്രത്യക്ഷമാണ്. അതിനാൽ തന്നെ ഈ പ്രസംഗം മുഴുവനായും നിയമാവർത്തന ഗ്രന്ഥകാരന്മാരുടെ രചനയായി കരുതപ്പെടുന്നു.

ഇസ്രായേലിനു ലഭിച്ച വിജയങ്ങളും സ്വസ്ഥതയും കർത്താവിന്റെ ദാനമാണെന്ന് ആദ്യമേ അനുസ്മരിപ്പിക്കുന്നു (23,10). ജോഷ്വാ വൃദ്ധനായി എന്ന് രണ്ടുതവണ ആവർത്തിക്കുന്നതിലൂടെ (23,2.3)

ജീവിതത്തികവിലെത്തിയ വ്യക്തമായി അദ്ദേഹത്തെ അവതരിപ്പിക്കുന്നു. കർത്താവ് ഏല്പിച്ച ദൗത്യം വിശ്വസ്തതയോടെ പൂർണ്ണമായി നിറവേറ്റി എന്ന കൃതാർത്ഥത ഈ ആമുഖത്തിൽ പ്രതിഫലിക്കുന്നുണ്ട്. 3-4. 9-10 വാക്യങ്ങളിൽ കർത്താവു നല്കിയ വിജയങ്ങളെ അനുസ്മരിക്കുന്നു. കർത്താവു തന്നെ യുദ്ധം നയിച്ചതിനാലാണ് ഇസ്രായേൽക്കാർക്ക് ശത്രുക്കളെ നിഷ്പ്രയാസം തോൽപിക്കാൻ കഴിഞ്ഞത്. ഇനിയും ശത്രുക്കളെ തോൽപിച്ച് ദേശങ്ങൾ നിറവേറ്റും എന്നും 23,5ൽ വാഗ്ദാനം ചെയ്യുന്നു.

ഇതുവരെ ചെയ്തതുപോലെ തുടർന്നും കർത്താവിനോടു പൂർണ്ണമായ വിശ്വസ്തത പാലിക്കണം എന്ന് ജോഷ്വാ ജനത്തെ ആവർത്തിച്ച് ഉദ്ബോധിപ്പിച്ചു (23,6-8,11). മോശയുടെ നിയമഗ്രന്ഥം എന്നു വിശേഷിപ്പിക്കുന്നത് (23,6) നിയമാവർത്തനപുസ്തകത്തെയാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. വിശ്വസ്തതയുടെ പ്രകടനമായി രണ്ടു കാര്യങ്ങൾ പ്രത്യേകം എടുത്തുകാട്ടുന്നുണ്ട്. 1. അന്യജനതകളുമായി കൂടിക്കലരരുത്. 2. അന്യദൈവങ്ങളെ ആരാധിക്കരുത്. മിശ്രവിവാഹവും വിഗ്രഹാരാധനയുമാണ് ഇതിലൂടെ വിലക്കുന്നത്. അന്യജനതകളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ അത് അവരുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും സ്വീകരിക്കാൻ പ്രേരകമാകും എന്ന അനുഭവം ഈ കല്പനയുടെ പിന്നിലുണ്ട്. കർത്താവിനെ സ്നേഹിക്കുക, അവിടുത്തോടു ചേർന്നു നിൽക്കുക - അതു മാത്രമാണ് വിജയത്തിനും സുസ്ഥിതിക്കും നിദാനം.

ഈ കല്പന ലംഘിച്ചാൽ വാഗ്ദത്തഭൂമിയിൽ അവശേഷിച്ചിരിക്കുന്ന തദ്ദേശവാസികളെ കർത്താവു നിർമ്മാർജ്ജനം ചെയ്യുകയില്ലെന്നുമാത്രമല്ല ഇസ്രായേൽക്കാർ തന്നെ അവിടെനിന്നു ബഹിഷ്കരിക്കപ്പെടും എന്ന താക്കീത് രണ്ടുതവണ ആവർത്തിച്ചുകൊണ്ടാണ്ടാണ് (23,13.16) വിടവാങ്ങൽ പ്രസംഗം ഉപസംഹരിക്കുന്നത്. ലേവ്യ 26,14-39; നിയ 28,15-68 എന്നീ ഭാഗങ്ങളിൽ വിവരിച്ച ഭീഷണികളുടെ ഒരു സംക്ഷിപ്തരൂപമാണ് ഈ താക്കീതുകൾ. "കെണിയും കുടുക്കും" പ്രലോഭനങ്ങളെ സൂചിപ്പിക്കുന്നു, ''ചാട്ടയും മുള്ളും'' നിരന്തരമായ പീഡനങ്ങളെയും. വാഗ്ദാനങ്ങൾ നിറവേറ്റിയ കർത്താവ് ഉടമ്പടി ലംഘിക്കുന്നവർക്കെതിരെ തന്റെ ഭീഷണികളും നിറവേറ്റും എന്ന താക്കീത് ബാബിലോൺ പ്രവാസത്തിൽ ഒരു യാഥാർത്ഥ്യമായിത്തീർന്നു.

പ്രവാസികളായി കഴിയുന്നവർക്ക് ഈ പ്രഭാഷണം അനുതാപത്തിൽ നിന്നുളവാകുന്ന പ്രത്യാശയുടെ ഉറവിടമാണ്. അവിശ്വസ്തതയുടെ പേരിലാണ് തങ്ങൾ ശിക്ഷയനുഭവിക്കുന്നതെന്നും പൂർണ്ണഹൃദയത്തോടെ കർത്താവിങ്കലേക്കു തിരിഞ്ഞ്, ഉടമ്പടിയോടു വിശ്വസ്തത പാലിച്ചാൽ



വീണ്ടും വാഗ്ദത്തഭൂമി അവകാശമായി ലഭിക്കുമെന്നും ഉള്ള ബോധ്യമാണ് പ്രത്യാശ നല്കുന്നത്.

**വിചിന്തനം:** ധന്യമായൊരു ജീവിതത്തിന്റെ അന്ത്യത്തിൽ നടത്തുന്ന വിടവാങ്ങലിന്റെ ഉത്തമമായൊരു മാതൃകയാണ് ജോഷ്വായുടെ പ്രഭാഷണം. സ്വന്തം നേട്ടങ്ങളെക്കുറിച്ച് ഒരു വാക്കുപോലും ജോഷ്വായ്ക്കു പറയാനില്ല. എല്ലാം കർത്താവിന്റെ ചെയ്തികൾ മാത്രം എന്ന ഉത്തമബോധ്യം ഈ പ്രഭാഷണത്തിലുടനീളം തുടിച്ചുനിൽക്കുന്നു. ജോലിയിൽ നിന്നു വിരമിക്കുകയും സ്ഥലംമാറിപ്പോവുകയും മറ്റും ചെയ്യുന്നവർക്ക് നല്കുന്ന യാത്രയയപ്പു സമ്മേളനങ്ങളിൽ അതിശയോക്തിക്കും അസത്യവും കൂടിക്കലർത്തി നല്കുന്ന മംഗളപത്രങ്ങളും നടത്തുന്ന അനുമോദനപ്രഭാഷണങ്ങളും മറുപടി പ്രസംഗങ്ങളും ജോഷ്വായുടെ പ്രഭാഷണത്തെ മാതൃകയായി സ്വീകരിച്ചെങ്കിൽ!

കർത്താവിൽ ആശ്രയിക്കുക, അവിടത്തോടു ചേർന്നു നിൽക്കുക, അവിടുന്നു നിങ്ങളെ ഒരിക്കലും പരിത്യജിക്കയില്ല. ഇതാണ് ജോഷ്വാ നല്കുന്ന അന്തിമോപദേശം. കർത്താവു നമ്മോടുകൂടെ ഉണ്ടോ എന്നാണ് അന്വേഷിക്കേണ്ടത്.

### 4. ഷെക്കെമിലെ ഉടമ്പടി 24,1-28

ഇസ്രായേൽ ജനവും ദൈവവും തമ്മിലുള്ള പ്രത്യേകബന്ധത്തെ ഒരു ഉടമ്പടിയുടെ ചട്ടക്കൂട്ടിലാണ് വി. ഗ്രന്ഥം അവതരിപ്പിക്കുന്നത്. ഇസ്രായേൽ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമായി മാറിയത് സീനായ് ഉടമ്പടിയിലൂടെയാണെന്ന് പുറപ്പാട്-നിയമാവർത്ത പുസ്തകങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. മരുഭൂമിയിൽ വച്ചുനടന്ന ആ ഉടമ്പടിയുടെ മധ്യസ്ഥൻ മോശയായിരുന്നു. കാനാൻ ദേശം സ്വന്തമാക്കിക്കഴിഞ്ഞപ്പോൾ ജനത്തെ മുഴുവൻ ഒരുമിച്ചുകൂട്ടി കർത്താവുമായി ഒരുടമ്പടി ചെയ്യാൻ ജോഷ്വാ അവരെ പ്രേരിപ്പിക്കുകയും അവർ പൂർണ്ണഹൃദയത്തോടെ അതിനു സമ്മതിക്കുകയും ചെയ്തതിന്റെ വിവരണം അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രഭാഷണത്തിന്റെയും (23,1-16) മരണത്തിന്റെയും (24,29-33) വിവരണങ്ങൾക്കിടയിൽ അവതരിപ്പിച്ചിരിക്കുന്നു.

എന്നാണ് ഈ ഉടമ്പടി നടത്തിയതെന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. 23-ാം അദ്ധ്യായത്തിൽ സ്ഥലം മാറുന്നതായി സൂചിപ്പിക്കാത്തതിനാൽ വിടവാങ്ങലും ഷീലോയിൽ വച്ചുനടന്നതായി അനുമാനിക്കാം. എന്നാൽ ഉടമ്പടിയുടെ സ്ഥലം ''ഷെക്കെം'' ആണെന്നു പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. "ചുമൽ" എന്നാണ് ഷെക്കെം എന്ന പേരിന്റെ അർത്ഥം. ഏബാൽ - ഗെരിസിം മലകളുടെ ഇടയിൽ, അവയുടെ ചുമലിൽ

എന്നതുപോലെ സ്ഥിതിചെയ്യുന്നതിനാലാണത്രെ പട്ടണത്തിന് ഈ പേരു ലഭിച്ചത്. ഏബാൽ മലയിൽ ബലിപീഠം പണിയുകയും ഏബാൽ-ഗെരിംസിം മലകൾക്കിടയിൽ നിന്ന് ഇസ്രായേൽ ജനം ഒന്നടങ്കം കർത്താവിനോടു വിശ്വസ്തത പ്രഖ്യാപിക്കുകയും ചെയ്തതിന്റെ വിവരണം ജോഷ്വാ 8,30-35ൽ നാം കണ്ടുകഴിഞ്ഞു. ഒരേ സംഭവത്തിന്റെ തന്നെ രണ്ടു വിവരണങ്ങളാണ് 8ഉം 24ഉം അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നു വ്യാഖ്യാതാക്കൾ കരുതുന്നു.

വ്യത്യസ്തങ്ങളായ വിശ്വാസങ്ങളും ആരാധനാരീതികളും ഉള്ള ഒരു ജനക്കൂട്ടമാണ് ഷെക്കെമിൽ സമ്മേളിച്ചതെന്ന് 24,14-23ൽ സൂചനയുണ്ട്. ജോഷ്വായുടെ നേതൃത്വത്തിൽ കാനാനിലേക്കു പ്രവേശിച്ച ഇസ്രായേൽക്കാരും വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ അവരോടു ചേർന്ന തദ്ദേശവാസികളും ഒരുമിച്ച് ഒരു ജനതയായിത്തീർന്ന സംഭവമാണ് ഷെക്കെമിലെ ഉടമ്പടി. ചരിത്രപരമായി നോക്കുമ്പോൾ ഈ ഉടമ്പടിക്ക് സീനായ് ഉടമ്പടിയോളം തന്നെ പ്രാധാന്യമുണ്ട്. ഇസ്രായേലിലെ ഒരു പ്രമുഖ ആരാധനാ കേന്ദ്രമായിരുന്ന ഷെക്കെമിൽ ആണ്ടുതോറും ഈ ഉടമ്പടി അനുസ്മരിക്കുകയും നവീകരിക്കുകയും ചെയ്തിരുന്നതായി ചില വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു. ഇപ്രകാരമുള്ള ഉടമ്പടി നവീകരണത്തിന്റെ നിയമാവർത്തനാത്മക ശൈലിയിലുള്ള വിവരണമാണ് പഠനവിഷയമായ ഭാഗം എന്നു കരുതാം.

ഹിത്യരുടെ ഇടയിൽ നിലവിലിരുന്ന ആന്താരാഷ്ട്ര ഉടമ്പടികളുടെ ഘടനയുമായി ഉടമ്പടിയെക്കുറിച്ചുള്ള ബൈബിളിലെ വിവരണങ്ങൾക്കുള്ള സാമ്യം നാം കണ്ടു കഴിഞ്ഞു (ബൈ. തീ 9. p 9). ആറു ഘടകങ്ങളാണ് ഈ ഉടമ്പടികൾക്കുള്ളത്.

1. ഉടമ്പടി നിർദ്ദേശിക്കുന്ന ചക്രവർത്തിയുടെ പേരുവിവരം
2. ചക്രവർത്തി സാമന്തർക്കുവേണ്ടി ചെയ്ത കാര്യങ്ങളുടെ വിവരണം
3. ഉടമ്പടിയുടെ നിബന്ധനകൾ
4. അനുഗ്രഹങ്ങളും ശാപങ്ങളും
5. സാക്ഷികൾ
6. ഉടമ്പടിയുടെ പകർപ്പെഴുതി സൂക്ഷിക്കാനും നിശ്ചിതകാലയളവിൽ വായിക്കാനും നിർദ്ദേശങ്ങൾ

ഷെക്കെമിലെ ഉടമ്പടിയുടെ വിവരണത്തിൽ ഈ ഘടന ഏതാണ്ട് പൂർണ്ണമായിത്തന്നെ പ്രത്യക്ഷമാകുന്നുണ്ട്.

"ഇസ്രായേലിന്റെ ദൈവമായ കർത്താവ്" എന്ന വിശേഷണം ഉടമ്പടി നല്കുന്നത് ആരെന്നു വ്യക്തമാക്കുന്നു. ദൈവവും ഇസ്രായേൽ ജനവും



തമ്മിലുള്ള ചരിത്രാധിഷ്ഠിതമായ പ്രത്യകബന്ധം സൂചിപ്പിക്കുന്നതാണ് കർത്താവ് (യാഹ്വേ) എന്ന പേര്. യൂഫ്രട്ടീസ് നദീതീരത്തുവച്ച് അബ്രാഹമിനെ വിളിച്ചതുമുതൽ കാനാൻദേശം ഇസ്രായേലിനു സ്വന്തമായി നല്കിയതുവരെയുള്ള ചരിത്രം 2-13 വാക്യങ്ങളിൽ വിവരിക്കുന്നു. ബൈബിളിലെ ആദ്യത്തെ ആറുപുസ്തകങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ആ ചരിത്രം ചില പ്രത്യേക സംഭവങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഇവിടെ സംക്ഷിപ്തമായി അവതരിപ്പിച്ചിരിക്കുന്നു. 2-4 പൂർവ്വപിതാക്കന്മാരുടെ ചരിത്രം; 5-7 ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള മോചനം; മരുഭൂമിയിലൂടെയുള്ള യാത്ര; 8-10 ജോർദ്ദാൻ നദിക്കു കിഴക്കു നേടിയ വിജയങ്ങൾ; 11-13 കാനാൻ ദേശം കീഴടക്കൽ. ഇപ്രകാരമുള്ള ചരിത്രസംഗ്രഹങ്ങൾ ബൈബിളിൽ അനേകം തവണ ആവർത്തിക്കുന്നുണ്ട്. (നിയ 26,5-9; എസെ 16,3-14; അപ്പ 7).

യൂഫ്രട്ടീസ് നദിക്കരെവച്ച് പിതാക്കന്മാർ അന്യദൈവങ്ങളെ ആരാധിച്ചിരുന്നു എന്ന പ്രസ്താവന (24,3) കർത്താവിന്റെ സ്വയം വെളിപ്പെടുത്തലിലൂടെ ചരിത്രത്തിലുണ്ടായ നിർണ്ണായകമായ മാറ്റത്തിലേക്കു വിരൽ ചൂണ്ടുന്നു. വ്യക്തമായ ചരിത്രസംഭവങ്ങളിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവമാണ് ഇപ്പോൾ തീരുമാനമെടുക്കാൻ ആഹ്വാനം ചെയ്യുന്നത് എന്നും തങ്ങളുടെ ശക്തിയോ സൈന്യബലമോ അല്ല, തങ്ങളെ സ്നേഹിക്കുകയും സ്വന്തമായി തിരഞ്ഞെടുക്കുകയും ചെയ്ത കർത്താവാണ് വിജയങ്ങൾ നേടിത്തന്നത് എന്നും ചരിത്രത്തിന്റെ ഈ അവലോകനം ജനത്തെ ബോധ്യപ്പെടുത്തുന്നു. ചരിത്രത്തിന്റെ വിശകലനത്തിൽ സീനായ് ഉടമ്പടിയെക്കുറിച്ചു സൂചിപ്പിക്കുന്നുപോലുമില്ല എന്നതു ശ്രദ്ധയമത്രേ. ദൈവം ജനവുമായി ആദ്യമായി ഉടമ്പടി ചെയ്യുന്ന പ്രതീതിയാണ് ഇതിൽ നിന്നു ലഭിക്കുന്നത്. വാഗ്ദാനങ്ങൾ മുഴവൻ നിറവേറ്റിയതിനുശേഷമാണ് തിരഞ്ഞെടുപ്പിന് ആഹ്വാനം ചെയ്യുന്നത്.

സീനായ് മലയിൽ വച്ച് ദൈവം ജനവുമായി ഉടമ്പടി ചെയ്തു. എന്നാൽ ഷെക്കെമിൽ വച്ച് ജോഷ്വായാണ് ജനവുമായി ഉടമ്പടി ചെയ്യുന്നത്. ഇതുവരെയുള്ള അനുഭവങ്ങളിലൂടെ കർത്താവിന്റെ കൃപയെയും വിശ്വസ്തതയെയുംക്കുറിച്ചു ബോധ്യപ്പെട്ട ജനം അവിടുത്തോട് വിശ്വസ്തരായിരുന്നുകൊള്ളാം എന്ന് ശപഥപൂർവ്വം ചെയ്യുന്ന പ്രതിജ്ഞയാണ് ഈ ഉടമ്പടിയുടെ കേന്ദ്രം. ആരെയാണ് ദൈവമായി അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുക എന്നതാണ് 14-24 വാക്യങ്ങളിൽ ഉന്നയിക്കുന്ന പ്രശ്നം. ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലുടനീളം പ്രത്യക്ഷമായ പ്രശ്നമാണിത്. ഏലിയാ തുടങ്ങി സകല

പ്രവാചകന്മാരും ജനത്തെ ഇപ്രകാരം അസന്ദിഗ്ദ്ധവും അചഞ്ചലവുമായ തീരുമാനത്തിന് പ്രേരിപ്പിച്ചിരുന്നു ( 1രാജാ 18,21)

കർത്താവിനെ മാത്രം ദൈവമായി ആരാധിക്കാം എന്നു പ്രതിജ്ഞ ചെയ്യുന്ന ജനത്തിന് ഈ പ്രതിജ്ഞ പാലിക്കാനുള്ള ബുദ്ധിമുട്ടകളെക്കുറിച്ച് ജോഷ്വാ നല്കുന്ന വിശദീകരണത്തിൽ (24,19-20) അവിശ്വസ്തതയ്ക്കു ലഭിക്കുന്ന ശിക്ഷയെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. പരിശുദ്ധനും അസഹിഷ്ണവുമായ ദൈവം അവിഭക്തമായ സ്നേഹം ആവശ്യപ്പെടുന്നു. മറ്റാരെയും ദൈവമായി ആരാധിക്കാൻ അനുവദിക്കുകയില്ല. വിഗ്രഹാരാധന ദൈവകോപവും ഭീകരമായ ശിക്ഷയും വിളിച്ചുവരുത്തും എന്ന താക്കീത് ഉടമ്പടിയുമായി ബന്ധപ്പെട്ട ശാപത്തിന്റെ സ്ഥാനത്ത് നിൽക്കുന്നു. എന്നാൽ കർത്താവിനെ മാത്രം സേവിക്കും എന്ന് ജനം മൂന്നുതവണ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു (24,18.21.24). ഈ പ്രതിജ്ഞയുടെ വെളിച്ചത്തിലാണ് ഉടമ്പടി ഉറപ്പിക്കുന്നത്. വാക്കുകൾ നിയമഗ്രന്ഥത്തിൽ എഴുതിയതും സാക്ഷിയായി കല്ല് സ്ഥാപിച്ചതും (24,26-27) ഉടമ്പടിസ്ഥാപനത്തിന്റെ ഭാഗങ്ങളത്രെ. ഏബാൽ മലയിൽ വച്ച് ജോഷ്വാ ഉടമ്പടിയുടെ നിയമങ്ങൾ കല്ലിൽ കൊത്തിവച്ചു എന്ന് ജോഷ്വാ 8,32ൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവം തന്നെ ആയിരിക്കാം ഇവിടെ നിയമഗ്രന്ഥത്തിൽ എഴുതി, കല്ലുസ്ഥാപിച്ചു എന്ന് രണ്ടായി വിവരിച്ചിരിക്കുന്നത്. സീനായ് ഉടമ്പടിയിൽ ആകാശത്തെയും ഭൂമിയെയുമാണ് സാക്ഷിയായി നിർത്തിയത്. ഇവിടെ പ്രമാണങ്ങൾ എഴുതിയ കല്പലകളെ (പുറ 31,18;34, 1.28) അനുസ്മരിപ്പിക്കുന്നു.

**വിചിന്തനം:** ഇസ്രയേൽക്കാർക്കു വാഗ്ദത്തഭൂമി അവകാശമായി നല്കുകയും അവര കർത്താവുമായുള്ള ഉടമ്പടിയിലൂടെ ഒരു ജനമാക്കി മാറ്റുകയും ചെയ്ത ജോഷ്വാ ലോകരക്ഷകനും പുതിയ ഉടമ്പടിയുടെ മധ്യസ്ഥനുമായ യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ്. ഭൗമികമായ കാനാൻ ദേശമല്ല, അനശ്വരമായ ദൈവരാജ്യമാണ് യേശു നമുക്ക് അവകാശമായി നല്കുന്നത്. അവിടുന്നു സ്ഥാപിച്ച ഉടമ്പടിയുടെ പ്രമാണങ്ങൾ കല്ലിലല്ല, ഹൃദയഭിത്തികളിലത്രെ ആലേഖനം ചെയ്തിരിക്കുന്നത്. പഴയ ഉടമ്പടി ലംഘിച്ചവർക്ക് കാനാൻദേശം നഷ്ടപ്പെട്ടെങ്കിൽ പുതിയ ഉടമ്പടി ലംഘിക്കുന്നവർക്ക് നിത്യനാശമായിരിക്കും ശിക്ഷയായി ലഭിക്കുക.

### 5. രണ്ടു മരണവും മൂന്നു സംസ്കാരവും 24,29-33

ജോഷ്വായുടെയും, അഹറോന്റെ മകനും പുരോഹിതനുമായ ഏലെയാസറിന്റെയും, മരണവും സംസ്കാരവും വിവരിച്ചുകൊണ്ടാണ് ജോഷ്വായുടെ പുസ്തകം സമാപിക്കുന്നത്. ഇരുവരും തങ്ങൾക്ക് അവകാശമായി ലഭിച്ച ഭൂമിയിൽ സംസ്കരിക്കപ്പെട്ടു എന്ന് പ്രത്യേകം



എടുത്തുപറയുന്നു. ഈ രണ്ടു വിവരണങ്ങൾക്കു മധ്യേ തികച്ചും അപ്രതീക്ഷിതമായ വിധത്തിൽ, ജോസഫിന്റെ അസ്ഥികൾ ഷെക്കെമിൽ സംസ്കരിച്ചതിനെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. ഇതിലൂടെ ജോസഫും ജോഷ്വായും തമ്മിലുള്ള ബന്ധവും സാമ്യവും വി.ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നു. ഭക്ഷണം തേടി ഈജിപ്തിലെത്തിയ ഇസ്രായേൽക്കാർക്ക് ജോസഫ് വാസസ്ഥലും മാന്യതയും നൽകി. ജോഷ്വായാകട്ടെ, അവർക്കു വാഗ്ദത്തഭൂമി അവകാശമായി നേടിക്കൊടുത്തു. ജോസഫ് അടിമത്തത്തിന്റെ തുടക്കത്തിലും ജോഷ്വാ അതിന്റെ അവസാനത്തിലും നിൽക്കുന്നു. ഇരുവർക്കും മധ്യേയുള്ളത് അടിമത്തവും വിമോചിത ജനതയുടെ മരുഭൂമിയിലൂടെയുള്ള തീർത്ഥാടനവും വാഗ്ദത്തഭൂമിയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങളുമാണ്.

ജോഷ്വായുടെ മരണത്തോടെ ഇസ്രായേൽ ചരിത്രത്തിന്റെ സുദീർഘമായ ഒരു കാലഘട്ടം അവസാനിക്കുന്നു. അദ്ദേഹത്തിന്റെയും കർത്താവു ചെയ്ത അത്ഭുതപ്രവൃത്തികൾ കണ്ട ശ്രേഷ്ഠന്മാരുടെയും കാലത്ത് ഇസ്രയേൽ കർത്താവിനെ സേവിച്ചു എന്ന പ്രസ്താവന (24,31) ന്യായാധിപന്മാരുടെ പുസ്തകത്തിൽ വിവരിക്കാൻ പോകുന്ന അവിശ്വസ്തതയുടെ ചരിത്രത്തിലേക്കുള്ള ഒരു സൂചനയാണ്.

**വിചിന്തനം:** കർത്താവിന്റെ സ്നേഹസാമീപ്യത്തിന്റെ പ്രതീകമാണ് വാഗ്ദത്തഭൂമി. അവിടെ സംസ്കരിക്കപ്പെടുന്നവർ കർത്താവിൽ നിദ്ര ചെയ്യുന്നതായി പഴയനിയമത്തിലെ പൂർവ്വികർ വിശ്വസിച്ചു. ഉത്ഥാനം പ്രതീക്ഷിച്ചാണ് തങ്ങൾ ശവക്കല്ലറകളിൽ ഉറങ്ങുന്നതെന്ന് അവർക്ക് അറിയില്ലായിരുന്നു. യേശുവാണ് ഈ സത്യം പൂർണ്ണമായും വെളിപ്പെടുത്തിയത് (യോഹ 5,28). ജോഷ്വായുടെ ജീവിതം കല്ലറയിൽ അവസാനിച്ചെങ്കിൽ പുതിയ ജോഷ്വാ ആയ യേശു കല്ലറയിൽ നിന്നു പുറത്തുവന്ന്, മരണത്തെത്തന്നെ കീഴടക്കിക്കൊണ്ട് നിത്യജീവിതത്തിലേക്കുള്ള പാത തുറന്നുതന്നു.

മരുഭൂമിയിലൂടെയുള്ള തങ്ങളുടെ പ്രയാണത്തിൽ ഇസ്രായേൽക്കാർ ജോസഫിന്റെ അസ്ഥികൾ കൂടെ കൊണ്ടുനടന്നു., വാഗ്ദത്ത ഭൂമിയിൽ അതു സംസ്കരിച്ചു. തലമുറകൾ തമ്മിൽ നിലനില്ക്കേണ്ട ബന്ധത്തെക്കുറിച്ച് വ്യക്തമായൊരു പാഠം ഇതിൽ നിന്ന് ലഭിക്കുന്നു. പൂർവ്വികരുടെ നേട്ടങ്ങളിലാണ് പുതിയ തലമുറ പടുത്തുയർത്തുന്നത്. ചരിത്രത്തിന്റെ വേരുകൾ മറക്കുന്നതും മുറിച്ചുമാറ്റുന്നതും ഏതു സംസ്കാരത്തിനും ആത്മഹത്യാപരമായിരിക്കും. ജോസഫിന്റെ അസ്ഥികൾ പൂർവ്വകാലത്തെ അനുസ്മരിപ്പിക്കുന്ന അടയാളമായിരുന്നു. എന്നാൽ മരണത്തെ കീഴടക്കിയ യേശുക്രിസ്തു യുഗാന്തം വരെ എന്നും നമ്മോടുകൂടെയുണ്ടായിരിക്കും (മത്താ 28,20).

## ചോദ്യങ്ങൾ

1. ജോഷ്വായുടെ കാലത്ത് ഇസ്രായേൽ ജനത്തിന് കാനാൻ ദേശംമുഴുവൻ കീഴടക്കാൻ കഴിഞ്ഞോ? ഇതിനെക്കുറിച്ച് പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്ന വ്യത്യസ്ത കാഴ്ചപ്പാടുകളും അവയുടെ അർത്ഥവും വ്യക്തമാക്കുക.
2. ഗോത്രങ്ങൾക്കു ദേശം വിഭജിച്ചു കൊടുത്തതിന്റെ വിവരണങ്ങളിൽ നിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?
3. ലേവ്യരുടെ അവകാശത്തെക്കുറിച്ച് എന്തുകാഴ്ചപ്പാടാണ് ജോഷ്വായുടെ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്?
4. സ്വന്തം അവകാശത്തിലേക്കു മടങ്ങുന്ന കിഴക്കൻ ഗോത്രങ്ങൾക്ക് ജോഷ്വാ നൽകിയ ഉപദേശമെന്ത്?
5. ജോർദ്ദാൻ നദീതീരത്തെ ബലിപീഠവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ വിവരണത്തിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?
6. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഏതെല്ലാം കാര്യങ്ങളാണ് ജോഷ്വാ എടുത്തു പറഞ്ഞത്? എന്താണ് ഈ പ്രഭാഷണത്തിന്റെ ലക്ഷ്യം?
7. ഷെക്കെമിലെ ഉടമ്പടിയുടെ ചരിത്ര പശ്ചാത്തലം വിശദീകരിക്കുക.
8. ഹിത്യരുടെ ഇടയിൽ നിലവിലിരുന്ന ഉടമ്പടിയുടെ ഘടന ഷെക്കെമിലെ ഉടമ്പടിയുടെ വിവരണത്തിൽ കാണാം. സമർത്ഥിക്കുക.
9. ഷെക്കെമിലെ ഉടമ്പടിയുടെ സ്മാരകം എന്ത്?

**ചർച്ചയ്ക്ക്** 1. യേശുക്രിസ്തുവിന്റെ മുന്നോടിയും പ്രതീകവുമാണ് ജോഷ്വാ. എങ്ങിനെ?

2. ജോഷ്വായുടെ വിടവാങ്ങലും ഇന്നുനടക്കുന്ന വിടവാങ്ങലുകളും തമ്മിൽ താരതമ്യം ചെയ്ത് പ്രായോഗിക പാഠങ്ങൾ കണ്ടുപിടിക്കുക.

3. ലേവ്യരുടെ അവകാശത്തെക്കുറിച്ചുള്ള വിവരണത്തിന്റെ വെളിച്ചത്തിൽ സമർപ്പിത ജീവിതത്തെ വിശകലനം ചെയ്യുക.

**പ്രാർത്ഥന:** "കർത്താവാണ് എന്റെ ഓഹരി..... എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്..... വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു" (സങ്കീ 16,5-6).



# II ന്യായാധിപന്മാർ

## ആമുഖം

വാഗ്ദത്ത ഭൂമിയിൽവാസമുറപ്പിച്ച ജനം ആ ഭൂമിയിൽ പിടിച്ചുനിൽക്കുന്നതിനും കൂടുതൽ പ്രദേശങ്ങൾ പിടിച്ചടക്കുന്നതിനും വേണ്ടി നടത്തിയ പോരാട്ടങ്ങളുടെ ചരിത്രമാണ് "ന്യായാധിപന്മാർ" എന്ന പേരിൽ അറിയപ്പെടുന്ന ബൈബിളിലെ ഏഴാമത്തെ പുസ്തകത്തിൽ വിവരിക്കുന്നത്. ജോഷ്വായുടെ മരണം മുതൽ സാമുവേലിന്റെ ജനനംവരെയുള്ള കാലഘട്ടത്തിന്റെ ചരിത്രം ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു.

ഇസ്രായേൽ ചരിത്രത്തിലെ ഏറ്റം ഇരുളടഞ്ഞ ഒരദ്ധ്യായമാണ് ന്യായാധിപന്മാരുടെ പുസ്തകം അവതരിപ്പിക്കുന്നത്. കർത്താവിനെ മാത്രം ആരാധിച്ച് ഉടമ്പടിയുടെ നിബന്ധനകൾ പാലിച്ച്, അവിടുത്തോടു പൂർണ്ണമായ വിശ്വസ്തത പാലിച്ചുകൊള്ളാം എന്ന് ഷെക്കെമിൽ വച്ച് ആവർത്തിച്ചു വാഗ്ദാനം ചെയ്ത ജനം ഒരു തലമുറ കഴിഞ്ഞപ്പോൾ വാഗ്ദാനങ്ങൾ മറന്നു. തദ്ദേശവാസികളുടെ വിശ്വാസങ്ങളും ആചാരങ്ങളും സ്വീകരിച്ച് വിഗ്രഹാരാധനയിൽ മുഴുകി. ഐതിഹാസികമായ പുറപ്പാടിലും വാഗ്ദത്തഭൂമി കീഴടക്കാൻ വേണ്ടിയുള്ള പോരാട്ടങ്ങളിലും ഒറ്റക്കെട്ടായിനിന്ന ഗോത്രങ്ങൾ കാനാൻ ദേശത്തിന്റെ വിവിധഭാഗങ്ങളിൽ വാസമുറപ്പിച്ചപ്പോൾ പരസ്പരമുണ്ടായിരുന്ന ബന്ധവും ഐക്യവും നഷ്ടപ്പെട്ടു. ജോഷ്വായുടെ നേതൃത്വത്തിൽ വിജയങ്ങൾ കൊയ്തവർ ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തുനിൽക്കാൻ ക്ലേശിച്ചു, പലപ്പോഴും പരാജയപ്പെട്ടു.

മരുഭൂമിയിലൂടെയുള്ള യാത്രയും വാഗ്ദത്ത ഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങളും കഴിഞ്ഞ് കാനാൻ ദേശത്തു വാസമുറപ്പിച്ചവർക്ക് തങ്ങളുടെ ജീവിതശൈലിയിൽ സമൂലമായ ഒരു പരിവർത്തനം ആവശ്യമായി വന്നു. നാടോടികളായ ഇടയന്മാർ സ്ഥിരവാസക്കാരായി മാറിയപ്പോൾ കാർഷികവൃത്തി മുഖ്യ തൊഴിലായി സ്വീകരിക്കേണ്ടി വന്നു. തദ്ദേശവാസികളായ കാനാൻ കർഷകരിൽ നിന്നാണ് അവർ കൃഷി അഭ്യസിച്ചത്. കാന്നാൻകാർക്കാകട്ടെ കൃഷി അവരുടെ വിശ്വാസവും ആരാധനയുമായി അഭേദ്യം ബന്ധപ്പെട്ടിരുന്നു. ദേശത്തിന്റെ ഫലപുഷ്ടി ബാൽ, അഷേറാ തുടങ്ങിയ ദേവതകളുടെ

അനുഗ്രഹമായി അവർ വിശ്വസിച്ചിരുന്നു. ഈ ദേവതകളെ പ്രീതിപ്പെടുത്തുന്ന ആരാധനാവിധികൾ ലൈംഗിക മ്ലേച്ഛതകളും നരബലിയും വരെ എത്തിനിന്നു. കാനാൻകാരിൽ നിന്നു കൃഷിയഭ്യസിച്ച ഇസ്രായേൽക്കാർ അവരുടെ ദേവതകളെ ആരാധിക്കാനും ആചാരാനുഷ്ഠാനങ്ങൾ അനുകരിക്കാനും പ്രലോഭിപ്പിക്കപ്പെട്ടു എന്നത് തികച്ചും സ്വാഭാവികമത്രെ.

അദൃശ്യനും വിഗ്രഹങ്ങൾ നിർമ്മിക്കാൻ അനുവദിക്കാത്തവനും ഉടമ്പടിയുടെ പ്രമാണങ്ങളിലൂടെ തന്റെ ഹിതം വെളിപ്പെടുത്തി അത് അനുസരിക്കാൻ പ്രേരിപ്പിക്കുന്നവനുമായ യാഹ്‌വെയെക്കാൾ കാനാൻകാരുടെ ദേവതകൾ ഇസ്രായേൽക്കാർക്ക് കൂടുതൽ ആകർഷകമായി അനുഭവപ്പെട്ടു. മതപരമായ തലത്തിൽ ഇത് വലിയൊരു ഒത്തുതീർപ്പിന് അവരെ പ്രേരിപ്പിച്ചു. യാഹ്‌വേയും ബാൽദേവനും തമ്മിലുള്ള വ്യത്യാസം തന്നെ ജനഹൃദയങ്ങളിൽ അത്ര വ്യക്തമല്ലാതായി. പുറപ്പാടു നയിച്ച യാഹ് വേയിലുള്ള വിശ്വാസത്തിൽ അവരെ തുടർന്നു നയിക്കാൻ മോശയെപ്പോലെ കഴിവുറ്റ നേതാക്കന്മാർ ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ ഓരോരുത്തരും താങ്ങൾക്ക് ഉചിതമെന്നു തോന്നിയതു ചെയ്തതുമൂലം സംജാതമായ സ്ഥിതിവിശേഷമാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ ചിത്രീകരിക്കുന്നത്.

കാനാൻ ദേശത്തിന്റെ ഫലപുഷ്ടമായ സമതലങ്ങളും താഴ്‌വരകളും തദ്ദേശവാസികളുടെ കൈവശമായിരുന്നു. തേരും കുതിരയും മെച്ചപ്പെട്ട ആയുധങ്ങളുമുള്ള അവരെ തോല്പിക്കാൻ ഇസ്രായേൽക്കാർക്കു കഴിയാതെപോയി. ജോഷ്വാ നയിച്ച് പടയോട്ടങ്ങളിൽ ചില രാജാക്കന്മാരെ വധിക്കാനും പട്ടണങ്ങൾ നശിപ്പിക്കാനും കഴിഞ്ഞെങ്കിലും ദേശം മുഴുവൻ കൈവശമാക്കാൻ സാധിച്ചില്ല. അതിനാൽ ഇസ്രായേൽക്കാർ അധികപങ്കും മലപ്രദേശങ്ങളിലാണ് വാസമുറപ്പിച്ചത്. അവിടെപ്പോലും അവരുടെ നില ഭദ്രമായിരുന്നില്ല. ഇസ്രായേൽക്കാർ കാനാൻദേശത്തു പ്രവേശിച്ച കാലഘട്ടത്തിൽത്തന്നെ പടിഞ്ഞാറുനിന്ന് കടൽമാർഗ്ഗം വന്ന് മധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങൾ കൈയടക്കിയ ഫിലിസ്ത്യർ അടിക്കടി ശക്തിപ്പെട്ടു വരികയായിരുന്നു. സ്ഥിരമായ സൈന്യവും നേതൃത്വസംവിധാനവും മെച്ചപ്പെട്ട ആയുധങ്ങളുമുണ്ടായിരുന്ന ഫിലിസ്ത്യരുടെ മുന്നേറ്റത്തെ ചെറുത്തുനില്ക്കാൻ ഇസ്രായേൽക്കാർക്കു പലപ്പോഴും സാധിക്കാതെ വന്നു. ദേശത്തിനുവേണ്ടിയുള്ള യുദ്ധങ്ങൾ കൂടുതൽ രൂക്ഷമായി. ഇസ്രായേലിന്റെ നിലനിൽപുതന്നെ അപകടത്തിലായി. ഈ അവസ്ഥാവിശേഷത്തിന്റെ ദൈവശാസ്ത്രപരമായ വിശദീകരണവും ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണാം.

ബാഹ്യവും ആന്തരികവുമായ അനേകം സമ്മർദ്ദങ്ങൾ ഉണ്ടായിട്ടും ഇസ്രായേൽ ഒരു ജനമായി നിലനിന്നു. ഉടമ്പടിയുടെ നിയമങ്ങൾ ലംഘിക്കുകയും കാനാൻകാരുടെ ദൈവങ്ങളെ ആരാധിക്കുകയും ചെയ്തിട്ടും



വിമോചകനായ യാഹ്‌വേയിലുള്ള വിശ്വാസം ചാരംമൂടിയ കനൽപോലെ അവരുടെ സാമൂഹ്യ അബോധമനസ്സിൽ കെടാതെ കിടന്നു. ശത്രുക്കളുടെ ആക്രമണങ്ങളും അവർ അടിച്ചേല്പിക്കുന്ന അടിമത്തവും ദുഃസഹമായ ക്ലേശങ്ങളും ഈ വിശ്വാസത്തെ ഊതിക്കത്തിക്കാൻ പര്യാപ്തമായ കാറ്റായിരുന്നു. ഇസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ കൈപിടിച്ചുനടത്തി, കാനാൻ ദേശത്തു കുടിയിരുത്തിയ കർത്താവ് ഏതാണ്ട് രണ്ടു നൂറ്റാണ്ടു കാലം അവരെ നിരവധിയായ പരീക്ഷണങ്ങളിലൂടെ കടത്തിവിട്ട് ശക്തിപ്പെടുത്തി, ക്ലേശങ്ങളുടെ മൂശയിൽ ഉരുക്കി ഒരു ജനമാക്കി മാറ്റി. മരുഭൂമിയിലൂടെയുള്ള യാത്രയെ ഇസ്രായേലിന്റെ ശൈശവമായി പരിഗണിക്കാമെങ്കിൽ കാനാൻദേശത്തെ ആദ്യത്തെ രണ്ടുനൂറ്റാണ്ടുകൾ അവരുടെ ബാല്യകാലമായി കരുതാവുന്നതാണ്. ഈ കാലഘട്ടത്തിന്റെ ചരിത്രമാണ് ന്യായാധിപന്മാരുടെ പുസ്തകം അവതരിപ്പിക്കുന്നത്.

## 1. പുസ്തകത്തിന്റെ പേര്

കക്ഷികളെയും സാക്ഷികളെയും വിചാരണം ചെയ്ത്, നിലവിലിരിക്കുന്ന നിയമങ്ങളുടെ വെളിച്ചത്തിൽ, തർക്കങ്ങളിന്മേൽ തീർപ്പുകൽപിക്കുന്ന വിധിയാളന്മാരുടെ ചിത്രമാണ് "ന്യായധിപന്മാർ" എന്ന പേരുകേൾക്കുമ്പോൾ മനസിൽ തെളിയുക. എന്നാൽ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന പന്ത്രണ്ടു ന്യായാധിപന്മാരിൽ ദെബോറയൊവികെ മറ്റാരും ഇപ്രാകരമൊരു ദൗത്യം നിർവ്വഹിച്ചതായി കാണുന്നില്ല. അതിനാൽ 'ന്യായാധിപന്മാർ' എന്ന പേര് പുസ്തകത്തിന്റെ ഉള്ളടക്കവുമായി പൊരുത്തപ്പെടുന്നതല്ല എന്നു തോന്നാം. എന്നാൽ 'ന്യായധിപന്മാർ' എന്നു വിവർത്തനം ചെയ്യുന്ന 'ഷോഫെത്തിം' എന്ന ഹീബ്രുവാക്കിന് കൂടുതൽ വ്യാപകമായ അർത്ഥമുണ്ട്.

'ഷാഫെത്ത്' എന്ന ക്രിയാ ധാതുവിൽ നിന്നാണ് ഷോഫെത്ത് (ബഹുവചനം 'ഷോഫെത്തത്തിം) എന്ന നാമത്തിന്റെ ഉത്ഭവം. വിധി പ്രസ്താവിക്കുക, നീതി നടത്തുക, ഭരിക്കുക, നയിക്കുക എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. വാദങ്ങൾകേട്ട് നിയമത്തിന്റെ അടിസ്ഥാനത്തിൽ തെറ്റും ശരിയും വ്യവച്ഛേദിച്ച് നിഷ്പക്ഷമായ വിധി പ്രസ്താവിക്കുക മാത്രമല്ല, കുറ്റക്കാരനെ ശിക്ഷിക്കുന്നതും, അനീതിക്ക് ഇരയായവന് നീതിനടത്തിക്കൊടുക്കുന്നതും ഷാഫെത്ത് എന്ന ക്രിയയുടെ അർത്ഥപരിധിയിൽപ്പെടുന്നു. അനീതിക്ക് ഇരയായവർക്ക് ഇപ്രകാരം ലഭ്യമാക്കുന്ന നീതിയെ 'മിഷ്പാത്തിം' എന്നു വിളിക്കുന്നു. പ്രവാചകഗ്രന്ഥങ്ങളിൽ പൊതുവേ 'നീതി' എന്നു വിവർത്തനം ചെയ്യുന്നത്. 'മിഷ്പാത്തിം' എന്ന പദമാണ്. ഇതും ഷാഫെത്ത് എന്ന ക്രിയാധാതുവിൽ നിന്ന് ഉത്ഭവിച്ചതത്രെ. നീതി നിഷേധിക്കപ്പെട്ട നിസ്സ

ഹയർക്കു നീതി നടത്തി കൊടുക്കുന്നവനാണ് ന്യായാധിപൻ. ഈ അർത്ഥ ത്തിൽ ന്യായാധിപനെ വിമോചകൻ എന്നും രക്ഷകൻ എന്നും വിളിക്കാം. ഈ കാഴ്ചപ്പാടിലാണ് ദൈവത്തെ ന്യായാധിപൻ എന്നും വിധിയാളൻ എന്നും ബൈബിൾ വിശേഷിപ്പിക്കുന്നത്. (സങ്കീ 50,6; 75,2,7;82,8;94,2).

ബലവാന്മാരായ ശത്രുക്കളുടെ ആക്രമണത്തിൽപ്പെട്ട് ക്രൂരമായ അടിമ ത്തവും പീഡനവും അനുഭവിച്ച ഇസ്രായേൽ ജനത്തെ രക്ഷിക്കാനായി ദൈവത്താൽ പ്രത്യേകവിധം നിയുക്തരായ വ്യക്തികളെയാണ് ന്യായാധി പന്മാർ എന്ന് ഈ പുസ്തകം വിശേഷിപ്പിക്കുന്നത്. അവർ കോടതിയിൽ വച്ച് വ്യവഹാരങ്ങൾ കേട്ട് വിധി പ്രസ്താവിക്കുകയല്ല, ധീരമായി പടക്കള ത്തിലിറങ്ങി മർദ്ദകരായ ശത്രുക്കളെ യുദ്ധത്തിൽ പരാജയപ്പെടുത്തി, മർദ്ദിത ജനത്തിനു മോചനം നൽകിക്കൊണ്ട് നീതി നടപ്പിലാക്കുകയാണ് ചെയ്ത ത്. നീതിമാനായ ദൈവത്തിന്റെ ന്യായവിധി നടപ്പിലാക്കാനായി ദൈവം തന്നെ തിരഞ്ഞെടുത്ത് ശക്തിപ്പെടുത്തി അയച്ചവരാണ് ന്യായാധിപന്മാർ. അവരുടെ ചരിത്രം വിവരിക്കുന്ന ഗ്രന്ഥത്തിന് ഈ പേര് തികച്ചും ഉചിതമത്രെ.

## 2. ഉള്ളടക്കം - ഘടന

ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും അവർ അടിച്ചേൽപ്പിച്ച അടിമ ത്തത്തിൽ നിന്നും ഇസ്രായേൽ ഗോത്രങ്ങൾക്കു മോചനം നല്കാനായി ദൈവം അയച്ച പന്ത്രണ്ടു പടനായകന്മാരുടെ ചരിത്രമാണ് ന്യായാധിപ ന്മാരുടെ പുസ്തക്തതിൽ മുഖ്യമായും പ്രതിപാദിക്കുന്നത്. ന്യായാധിപന്മാർ രംഗപ്രവേശം ചെയ്ത സാഹര്യങ്ങൾ ആമുഖമായും ദാൻ, ബെഞ്ചമിൻ ഗോത്രങ്ങളെ സംബന്ധിച്ച് ചിലകാര്യങ്ങൾ അനുബന്ധമായും അവതരിപ്പി ച്ചിരിക്കുന്നു.

ഒത്ത്നിയേൽ, ഏഹൂദ്, ദെബോറാ, ബാറാക്, ഗിദെയോൻ, ജെഫ്ത്താ, സാംസൺ എന്നിവരെക്കുറിച്ച് താരതമ്യേന ദീർഘമായി പ്രതിപാദിക്കുന്ന തിനാൽ ഇവരെ വലിയ ന്യായാധിപന്മാർ എന്നും ഷാംഗാർ, തോലാ, ജായീർ, ഇബ്സാൻ, ഏലോൺ, അബ്ദോൻ എന്നിവരെക്കുറിച്ച് വളരെ ചുരുക്കമായി മാത്രം പറയുന്നതുകൊണ്ട് ഇവരെ ചെറിയ ന്യായാധിപന്മാർ എന്നും വിശേ ഷിപ്പിക്കാറുണ്ട്. അബിമെലെകിന്റെ ചരിത്രം ദിർഘമായി വിവരിക്കുന്നുണ്ടെ ങ്കിലും അയാളെ ന്യായധിപനായി പരിഗണിക്കുന്നില്ല. ദെബോറയും ബാറുക്കും ഒരുമിച്ചു പ്രവർത്തിച്ചതിൽ അവരെ ഒന്നായി എണ്ണുന്നു.

പുസ്തകത്തെ മൂന്നു ഭാഗമായി തിരിക്കാം.

1. ആമുഖം - ചരിത്രം പശ്ചാത്തലം 1,1-3,6
2. പന്ത്രണ്ടു ന്യായാധിപന്മാർ 3,7-16,31
3. അനുബന്ധം - ദാൻ, ബെഞ്ചമിൻ ഗോത്രങ്ങൾ 17,1-21,25



## 3. ഗ്രന്ഥകർത്താവ് - കാലം

ഒരേ സമയം പ്രവാചകനും പുരോഹിതനും അവസാനത്തെ ന്യായാ ധിപനും, മോശകഴിഞ്ഞാൽ ഇസ്രായേലിലെ ഏറ്റം വലിയ നേതാവുമായ സാമുവേലാണ് ന്യായാധിപന്മാരുടെ പുസ്തകം രചിച്ചത് എന്ന് ഒരു കാലത്ത് കരുതപ്പെട്ടിരുന്നു. എന്നാൽ ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ ആവിർഭാവത്തോടെ ഈ കാഴ്ചപ്പാടിനു മാറ്റം വന്നു. ബി.സി. 721ലെ സമറി യായുടെ പതനത്തെതുടർന്ന് രൂപം പ്രാപിച്ച നിയമാവർത്തനാത്മക പണ്ഡി തശാഖയാണ്, ഉടമ്പടിയോടുള്ള വിശ്വസ്തതയുടെ വെളിച്ചത്തിൽ, പുറപ്പാ ടുമുതൽ പ്രവാസം വരെയുള്ള ഇസ്രായേലിന്റെ ചരിത്രം സമഗ്രമായി എഴു തിയത് എന്ന് ഈ പുസ്തകത്തിന്റെ ആമുഖത്തിൽ നാം കണ്ടുകഴിഞ്ഞു. സുദീർഘമായ ആ ചരിത്രത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ നിയ മാവർത്തനാത്മക ചരിത്രകാരന്മാർ ചരിത്രം പുതുതായി എഴുതുകയായിരു ന്നില്ല, വാചികവും ലിഖിതവുമായി ഇസ്രായേലിൽ നിലവിലിരുന്ന വിവിധ പാരമ്പര്യങ്ങൾ സമാഹരിച്ച് തങ്ങളുടെതായ കാഴ്ചപ്പാടിൽ അവയെ വ്യാഖ്യാ നിക്കുകയും ഒരു പ്രത്യേകമത്തിൽ കോർത്തിണക്കി അവതരിപ്പിക്കുകയു മാണ് ചെയ്തത്.

ഓരോ ഗോത്രത്തിലെയും വീരപുരുഷന്മാരെക്കുറിച്ചുള്ള ഓർമ്മകൾ കഥാരൂപത്തിൽ അതാതു ഗോത്രത്തിൽ തലമുറതോറും കൈമാറി സൂക്ഷി ച്ചിരുന്നു. ദാവീദിന്റെ കാലത്ത് ഇസ്രായേൽ ഗോത്രങ്ങൾ എല്ലാം ഒരേ കേന്ദ്ര ഭരണത്തിൽ കീഴിൽ വന്നപ്പോൾ ഈ സാഹസകഥകൾ സമാഹരിക്കുകയും കഥാപുരുഷന്മാരെ ഇസ്രായേലിന്റെ മുഴുവൻ നേതാക്കന്മാരും രക്ഷകരും ആയി പരിഗണിക്കാൻ തുടങ്ങുകയും ചെയ്തു. നിയമാവർത്തനചരിത്രകാ രന്മാർ തങ്ങളുടേതായ വ്യാഖ്യാനങ്ങൾ കൂട്ടിച്ചേർത്ത് ഇസ്രായേൽ ചരിത്ര ത്തിന്റെ ഭാഗമായി ഈ പുസ്തകം പ്രസാധനം ചെയ്തതായി കരുതപ്പെടു ന്നു. പ്രവാസത്തിനുശേഷം എസ്രാ-നെഹെമിയായുടെ കാലത്തായിരിക്കണം പുസ്തകം ഇന്നത്തെ രൂപത്തിൽ അന്തിമമായി പ്രസാധനം ചെയ്യപ്പെട്ടത്.

## 4. സാഹിത്യരൂപം

വീരപുരുഷന്മാരുടെ സാഹസകഥകൾ വിവരിക്കുന്ന ഇതിഹാസത്തിന്റെ ശൈലിയാണ് ഈ പുസ്തകത്തിൽ അധികമായി ഉപയോഗിച്ചിരിക്കുന്നത്. നേതാക്കന്മാരുടെ മനോഭാവങ്ങളെയും പ്രവൃത്തികളെയും ധാർമ്മികമായി വിലയിരുത്താൻ ശ്രമിക്കാതെ സംഭവങ്ങൾ വിവരിക്കുന്നു. വ്യക്തികളുടെ

അന്ത്യവും അവരുടെ പ്രവൃത്തികൾ സമൂഹത്തിൽ സൃഷ്ടിച്ച പ്രത്യാഘത ങ്ങളും നിഷ്പക്ഷമായി അവതരിപ്പിച്ചുകൊണ്ട് അവയിൽ നിന്നുള്ള ഗുണ പാഠങ്ങൾ സ്വീകരിക്കാൻ അനുവാചകരെ പ്രേരിപ്പിക്കുന്നതാണ് ഈ ശൈലി. ഉപദേശമോ പ്രസംഗമോ ന്യായാധിപന്മാരുടെ ജീവിതത്തെക്കുറിച്ചുള്ള വിവ രണങ്ങളിലില്ല. ആ കാലഘട്ടത്തിന്റെ സവിശേഷതകൾ അവതരിപ്പിക്കുന്ന ആമുഖത്തിലും അനുബന്ധത്തിലും ധാർമ്മികമായ ചില വിലയിരുത്തലു കൾ കാണാം. എന്നാലും "ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയുക" എന്ന നിലപാടാണ് ഈ വിവരണങ്ങളിൽ പൊതുവേ സ്വീകരിച്ചിട്ടുള്ളത്. ഇസ്രാ യേൽ നേതാക്കന്മാരുടെ വീരപരാക്രമങ്ങളും ബുദ്ധിവൈഭവവും, ശത്രുക്ക ളുടെ വിഡ്ഢിത്തവും ഭീരുത്വവും എടുത്തുകാട്ടി അനുവാചകരെ രസിപ്പി ക്കുകയും അതോടൊപ്പം ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളെക്കുറിച്ചു ബോധ്യം നല്കുകയും ചെയ്യുന്നതാണ് വിവരണങ്ങൾ.

## 5. ചില പ്രശ്നങ്ങൾ

ന്യായാധിപന്മാരുടെ പുസ്തകം വായിക്കുന്ന ഏതൊരാളും കണ്ടുമു ട്ടുന്ന ചില പ്രശ്നങ്ങളുണ്ട്.

**a. ജോഷ്വായുടെ പുസ്തകവുമായുള്ള വൈരുദ്ധ്യം:** ജോഷ്വായുടെ മരണത്തിനുശേഷം ഇസ്രായേൽ ഗോത്രങ്ങൾ കാനാൻ ദേശം പിടിച്ചെടു ക്കാൻ വേണ്ടി നടത്തിയ യുദ്ധങ്ങളുടെ ചരിത്രമാണ് ന്യായാധിപന്മാരുടെ പുസ്തകം ഒന്നാം അധ്യായത്തിൽ വിവരിക്കുന്നത് എന്ന് ആദ്യവായനയിൽ തോന്നാം. "ജോഷ്വായുടെ മരണത്തിനു ശേഷം" (1,1) എന്ന ആമുഖം ഈ പ്രതീതിയാണ് നല്കുന്നത്. എന്നാൽ തുടർന്ന് വിവരിക്കുന്ന യുദ്ധങ്ങൾ മിക്കതും ജോഷ്വായുടെ പുസ്തകത്തിൽ പലേടത്തായി വിവരിച്ചതാണ്. ചില വിവരണങ്ങൾ ജോഷ്വായുടെ പുസ്തകത്തിൽ വിവരിച്ചതിന്റെ തനിയാവർത്ത നമാണ്.

ന്യായം 1,12-15 = ജോഷ്വാ 15,15-19 കിരിയാത്ത് സേഫർ - ഒത്ത്നിയേൽ

ന്യായം 1,27-28 = ജോഷ്വാ 17,11-13 മനാസ്സെയുടെ ഗോത്രത്തിന് കൈവശമാക്കാൻ കഴിയാത്ത നഗരങ്ങൾ

ന്യായ 1,29 = ജോഷ്വാ 16,10 എഫ്രേം ഗോത്രത്തിനു കീഴടക്കാൻ കഴിയാത്ത നഗരങ്ങൾ.

ജോഷ്വാ നയിച്ചതായി ജോഷ്വായുടെ പുസ്തകത്തിൽ വിവരിക്കുന്ന യുദ്ധങ്ങൾ ജോഷ്വായുടെ മരണത്തിനുശേഷം ഒറ്റപ്പെട്ട ഗോത്രങ്ങൾ നയിച്ച തായയി ന്യായാധിപന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്നു. തന്നെയുമല്ല, ഇസ്രായേൽ ഗോത്രങ്ങൾ മുഴുവൻ ഒത്തൊരുമിച്ച് ജോഷ്വായുടെ നേതൃത്വ ത്തിൽ കാനാൻദേശം മുഴുവൻ രണ്ട് മിന്നലാക്രമണത്തിലൂടെ കീഴടക്കി യെന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ജോഷ്വായുടെ പുസ്തകത്തിലെ വിവ



രണങ്ങൾ. എന്നാൽ ന്യായാധിപന്മാരുടെ പുസ്തകത്തിൽ വളരെ ചുരുക്കം അവസരങ്ങളിൽ മാത്രമേ ഒന്നിലധികം ഗോത്രങ്ങൾ ഒരുമിച്ച് യുദ്ധം ചെയ്ത തായി പ്രതിപാദിക്കുന്നുള്ളൂ. കാനാൻ ദേശം കീഴടക്കൽ സുദീർഘവും ക്ലേശ കരവുമായ ഒരു പ്രക്രിയ ആയിരുന്നു. മിക്കപ്പോഴും ഒറ്റപ്പെട്ട ഗോത്രങ്ങളാണ് യുദ്ധത്തിനിറങ്ങിയത്. ആ യുദ്ധങ്ങൾ തന്നെ എപ്പോഴും വിജയിച്ചതുമില്ല. രണ്ടു പുസ്തകങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകളെ എങ്ങനെ മനസ്സി ലാക്കാൻ കഴിയും?

"ജോഷ്വായുടെ മരണത്തിനുശേഷം" എന്ന് ന്യായാ 1,1ൽ ആമുഖമായി പറഞ്ഞുവെച്ചെങ്കിലും 2,6-10ൽ ജോഷ്വായുടെ മരണം വിവരിക്കുന്നുണ്ട്. ജോഷ്വാ 24,29-31ലെ വിവരണത്തിന്റെ ആവർത്തനമാണിത്. അതിനാൽ ന്യായാ 1-ാം അധ്യായത്തിൽ വിവരിക്കുന്ന യുദ്ധങ്ങളെല്ലാം ജോഷ്വായുടെ മരണത്തിനുശേഷം സംഭവിച്ചതായിരിക്കണമെന്നില്ല. ന്യായാ 1,1-2,5 ന്യായാ ധിപന്മാരുടെ പുസ്തകത്തിന് ആമുഖമായി പില്കാലത്തു കൂട്ടിച്ചേർത്ത താണ് എന്നു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ട്. ഒരേ സംഭവ ങ്ങൾതന്നെ ആയിരിക്കാം രണ്ടു പുസ്തകങ്ങളിലും വിവരിക്കുന്നത്. എന്നാൽ ഓരോന്നിലും വ്യത്യസ്തമായ ഊന്നലുകൾ നല്കിയിരിക്കുന്നു. കർത്താവു തന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കി എന്ന് സ്ഥാപിക്കുന്നതോടൊപ്പം ജോഷ്വായുടെ വ്യക്തിപ്രഭാവത്തെ എടുത്തുകാണിക്കുക എന്നതും ജോഷ്വാ യുടെ പുസ്തകത്തിന്റെ ഒരു ലക്ഷ്യമാണ്. ജോഷ്വായുടെ മരണത്തിനുശേഷം ഇസ്രായേൽക്കാർ ഉടമ്പടി ലംഘിക്കുകയും വിജാതീയരുമായി ഇടപഴകി വിഗ്രഹാരാധനയിൽ മുഴുകുകയും ചെയ്തതിന്റെ കാരണങ്ങളും അതിനു വഴിയൊരുക്കിയ സാഹചര്യങ്ങളുമാണ് ന്യായധിപന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്നത്. കാനാൻകാരെ ഉന്മൂലനം ചെയ്യാതെ അവരുടെ ഇടയിൽ വാസമുറപ്പിച്ചതാണ് ഈ അവിശ്വസ്തതയ്ക്കുകാരണം എന്ന് ന്യായാധിപ ന്മാരുടെ പുസ്തകം എടുത്തുകാട്ടുന്നു. കാനാൻ ദേശം മുഴുവൻ കീഴടക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല എന്നും ഒറ്റപ്പെട്ട ഗോത്രങ്ങൾ തങ്ങളുടെ അവകാശഭൂമി കൈവശപ്പെടുത്താൻ വേണ്ടി യുദ്ധങ്ങളിൽ ഏർപ്പെട്ടെന്നും ജോഷ്വായുടെ പുസ്തകത്തിൽ തന്നെ ധാരാളം സൂചനകൾ നൽകിയിട്ടു ണ്ട്. അതിനാൽ രണ്ടു പുസ്തകങ്ങളും തമ്മിലുള്ള വൈരുദ്ധ്യം പ്രത്യക്ഷ ത്തിൽ തോന്നുന്നത്ര ഗൗരവമുള്ളതല്ല.

**b. കാലഗണന:** ന്യായാധിപന്മാരുടെ പുസ്തകത്തിൽ നല്കിയിരിക്കുന്ന കാലത്തെക്കുറിച്ചുള്ള സൂചനയാണ് പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം. ജോഷ്വാ യുടെ മരണത്തിനുശേഷം വിവിധ ജനതകളിൽനിന്ന് ഇസ്രായേൽ അനുഭ വിക്കേണ്ടി വന്ന അടിമത്തത്തിന്റെയും അവർക്കു മോചനം നല്കിയ ന്യായാ ധിപന്മാരുടെയും, തുടർന്ന് ജനത്തിനുണ്ടായ സ്വസ്ഥതയുടെയും വർഷങ്ങൾ

പുസ്തകത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം കൂടെ കൂട്ടിയാൽ 390 വർഷങ്ങൾ വരും. സാവൂൾ രാജാവായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ ഏകദേശം 20 വർഷം സാമുവേൽ നേതൃത്വം വഹിച്ചതായി കരുതപ്പെടുന്നു. അങ്ങനെ ജോഷ്വായുടെ മരണംമുതൽ രാജഭരണത്തിന്റെ തുടക്കം വരെ 410 വർഷങ്ങൾ എന്ന സംഖ്യ ലഭിക്കുന്നു. ഈ കാലഗണനയാണ് പ്രശ്നമായിത്തീരുന്നത്.

ബി.സി 13-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലാണ് ഇസ്രായേൽക്കാർ കാനാനിൽ പ്രവേശിച്ചത് എന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ബി.സി. 1200 ജോഷ്വായുടെ മരണവർഷമായി പരിഗണിക്കുന്നു. ബി.സി. 1030 രാജഭരണത്തിന്റെ തുടക്കവും. രാജഭരണത്തിനു മുമ്പ് സാമുവേൽ ന്യായാധിപനായിരുന്ന 20 വർഷം കൂടി പരിഗണിക്കുമ്പോൾ ന്യായാധിപന്മാരുടെ കാലം ഏകദേശം 150 വർഷം എന്നു കണക്കാക്കാം. 410 വർഷം എന്ന ആദ്യസംഖ്യയുമായി ഇതിനെ എങ്ങിനെ പൊരുത്തപ്പെടുത്താനാവും എന്നതാണ് പ്രശ്നം.

ഓരോ സംഭവങ്ങളുടെയും വർഷങ്ങൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ബൈബിൾ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. എന്നാലും മേൽപ്പറഞ്ഞ കണക്കുകകൾ തമ്മിലുള്ള വ്യത്യാസത്തിന് മൂന്നു കാരണങ്ങൾ പൊതുവേ നൽകപ്പെടുന്നു.

1. ന്യായാധിപന്മാരുടെയും പുസ്തകത്തിൽ കൊടുത്തിട്ടുള്ള വർഷസംഖ്യകൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. 3,7,10,20,40,80 എന്നിങ്ങനെയുള്ള സംഖ്യകൾ വർഷങ്ങളെ കൃത്യമായി നിർണ്ണയിക്കുന്നതിലുപരി പ്രതീകാത്മകസംഖ്യകളായി പരിഗണിക്കാവുന്നതാണ്. ഒരു തലമുറയുടെ കാലദൈർഘ്യമാണ് 40 വർഷം. അത് 20 വർഷവും ആകാം.

2. ന്യായാധിപന്മാരുടെ ജീവചരിത്രം ഒന്നിനു പിറകെ ഒന്നായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ഒന്നിലധികം പേർ ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്നിരിക്കാം. ഇസ്രായേൽ ജനത്തിന്റെ മുഴുവൻ നേതാക്കന്മാരല്ല ഓരോ ഗോത്രത്തിനും ഒരു പ്രത്യേകകാലഘട്ടത്തിൽ നേതൃത്വം നൽകിയവരാണ് ന്യായാധിപന്മാർ. ഇങ്ങിനെ ഓരേ കാലഘട്ടത്തിന്റെ ചരിത്രം പലതായി പരിഗണിക്കുന്നതുകൊണ്ടും കാലഗണനയിൽ പ്രശ്നമുണ്ടാകാം.

3. വർഷങ്ങളുടെ എണ്ണം കണിശമായി അവതരിപ്പിക്കുന്നതിനേക്കാൾ ഒരു കാലഘട്ടത്തിന്റെ സവിശേഷത ചിത്രീകരിക്കാനാണ് വി.ഗ്രന്ഥകാരൻ ശ്രമിക്കുന്നത്. അതിനാൽ ഓരോ ന്യായാധിപന്റെയും ഭരണകാലം, അതിനു മുമ്പും പിമ്പും ഇസ്രായേൽ അനുഭവിച്ച ക്ലേശങ്ങളുടെയും സ്വസ്ഥതയുടെയും ദൈർഘ്യം എന്നിവ ആധുനിക ചരിത്രകാരന്മാരുടെ കാഴ്ചപ്പാടിൽ



വിശദീകരിക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് കാലഗണനയെ സംബന്ധിച്ച പ്രശ്നം ഉണ്ടാകുന്നത്. വി.ഗ്രന്ഥകാരനല്ല, അർത്ഥവും ലക്ഷ്യവും ഗ്രഹിക്കാതെ വ്യാഖ്യാനിക്കുന്നവരാണ് ഈ പ്രശ്നത്തിന് ഉത്തരവാദികൾ.

**c. ധാർമ്മിക മൂല്യങ്ങൾ:** ന്യായാധിപന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്ന പലസംഭവങ്ങളും, ചില ന്യായാധിപന്മാരുടെ ജീവിതശൈലിയും പ്രവർത്തനങ്ങളും മാതൃകാപരമല്ലെന്നു മാത്രമല്ല ഉതപ്പ് ഉളവാക്കുന്നതുമാണ്. മിക്കായുടെ പൂജാവിഗ്രഹവും ഗിബെയാക്കാരുടെ മ്ലേഛതയും ബെഞ്ചമിൻ ഗോത്രത്തിനെതിരെ എടുത്ത പ്രതികാരനടപടിയും തികച്ചും അരോചകമത്രെ. അവിവേകമായി നേർച്ച നേർന്നതിന്റെ പേരിൽ സ്വന്തം മകളെ ബലിയർപ്പിച്ച ജെഫ്ത്തായെയും, വ്യഭിചാര വൃത്തിയിൽ ഏർപ്പെട്ട വ്രതസ്ഥനായ സാംസണെയും ആദർശപുരുഷന്മാരായി പരിഗണിക്കാമോ? ഇതൊക്കെ വിശദീകരിക്കുന്ന പുസ്തകത്തെ എങ്ങിനെ ദൈവവചനമായി കരുതാനാവും എന്നു ചേദിക്കാറുണ്ട്.

സങ്കല്പസൃഷ്ടികളായ മാതൃകാ വ്യക്തികളുടെ ആദർശപരമായ ജീവിതം ചിത്രീകരിക്കുന്ന ഒരു കഥാസമാഹാരമോ ഇതിഹാസമോ അല്ല ബൈബിൾ. പാപിയും രക്ഷിക്കപ്പെടേണ്ടവനുമായ മനുഷ്യന്റെ പച്ചയായ ജീവിതത്തിലേക്കു കടന്നുവന്ന്, അവനെ രക്ഷയിലേക്കും നിത്യജീവിതത്തിലേക്കും കൈപിടിച്ചു നയിക്കുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങൾ വിവരിക്കുന്ന രക്ഷാ ചരിത്രമാണത്. അതിനാൽ ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികളെല്ലാം ആദർശപുരുഷന്മാരായ വിശുദ്ധരല്ല, അവരുടെ എല്ലാ പ്രവൃത്തികളും വിശുദ്ധമോ അനുകരണീയമോ അല്ല. ദൈവകല്പന ലംഘിച്ച ആദാമും, സഹോദരനെ വധിച്ച കായേനും, നുണ പറഞ്ഞ അബ്രഹാമും, സഹോദരനെയും പിതാവിനെയും വഞ്ചിച്ച യാക്കോബും, ഭീരുവും അധികാരമോഹിയുമായ അഹറോനും, വ്യഭിചാരവും കൊലപാതകവും നടത്തിയ ദാവീദും എല്ലാം ഇപ്രകാരമുള്ള പച്ചയായ മനുഷ്യരാണ്. ഇവരുടെ ജീവിതം മറകൂടാതെ തുറന്നുകാട്ടുമ്പോൾ സ്വന്തശക്തികൊണ്ടു മനുഷ്യൻ നേടിയടക്കുന്നതല്ല, ദൈവം കനിഞ്ഞ് ദാനമായി നല്കുന്നതാണ് രക്ഷ എന്ന സത്യമാണ് വെളിപ്പെടുന്നത്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു വേണം സംഭവങ്ങളെയും വ്യക്തികളുടെ ചെയ്തികളെയും മനസിലാക്കാൻ.

ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഓരോ സംഭവവും വിശദീകരിക്കുമ്പോൾ അതിന്റെ പ്രത്യേകത എടുത്തുകാട്ടുന്നതാണ്. വിവരിക്കുന്ന സംഭവങ്ങളുടെ ധാർമ്മിക മൂല്യങ്ങളെക്കുറിച്ച് വി.ഗ്രന്ഥകാരൻ വ്യക്തമായ വിലയിരുത്തലുകൾ നടത്തുന്നില്ല. എന്നാൽ ഇവയൊന്നും അനുകരണാർഹമായ മാതൃകയായിട്ടല്ല, ഉടമ്പടി ലംഘിച്ച് കർത്താവിൽ നിന്നകന്ന പോകുന്ന ജനത്തിനു സംഭവിക്കുന്ന ദുരിതങ്ങളായിട്ടാണ് അവതരിപ്പിചിരിക്കുന്നത്. വിശ്വ

സ്തതയുള്ള ഒരു ജനത്തിന്റെ രൂപവൽക്കരണത്തിലെ ആദ്യപടികളായി ഇവയെ കാമണം. ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച, നീതിനിഷ്ഠമായ ഒരു സമൂഹത്തിന്റെ രൂപവൽക്കരണം ക്ലേശപൂർണ്ണവും സാവകാശവുമായ ഒരു പ്രക്രിയ ആയിരുന്നു. കർത്താവിനെ അറിയുകയോ ഉടമ്പടിയുടെ നിയമങ്ങൾ പാലിക്കുകയോ ചെയ്യാതിരിക്കുമ്പോൾ മനുഷ്യൻ എത്രമാത്രം അധഃപതിക്കുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് ഇവ.

### 6. പുസ്തകത്തിന്റെ ചരിത്രമൂല്യം

ഈ പുസ്തകത്തിൽ വിവരിക്കുന്ന സംഭവങ്ങളെല്ലാം തന്നെ ചരിത്രത്തിൽ അടിയുറച്ചതാണെന്ന കാര്യത്തിൽ സംശയത്തിനിടയില്ല. ജനത്തിന്റെയും ജനനേതാക്കന്മാരുടെയും നേട്ടങ്ങൾ വിവരിക്കുമ്പോഴും അവരുടെ വീഴ്ചകളും പാളിച്ചകളും മറച്ചുവയ്ക്കാതെ തുറന്നു കാട്ടുന്നതിനാൽ വിവരണങ്ങളുടെ വിശ്വാസ്യത വർദ്ധിക്കുന്നു. ചില വിവരണങ്ങളിൽ അതിശയോക്തി കലർന്നിട്ടുണ്ടാവാം. എന്നാൽ അതുകൊണ്ടുമാത്രം അവയുടെ ചരിത്രപരമായ അടിസ്ഥാനം നിഷേധിക്കാനാവില്ല. കാനാൻ ദേശത്തു വാസമുറപ്പിച്ച ഇസ്രായേൽ ജനത്തിന്റെ ആദികാലചരിത്രത്തെക്കുറിച്ച് വ്യക്തമായ ഒരു രൂപം ഈ പുസ്തകത്തിൽ ലഭിക്കുന്നു.

### 7. പുസ്തകത്തിന്റെ സന്ദേശം

പാപികളെ കർത്താവു ശിക്ഷിക്കുന്നു. അനുതപിക്കുന്നവർക്കു മാപ്പു നൽകുന്നു. ന്യായധിപന്മാരുടെ പുസ്തകത്തിൽ ഉടനീളം ആവർത്തിക്കുന്ന ഒരു പ്രമേയമാണിത്. പാപം-ശിക്ഷ-അനുതാപം-മാപ്പ് എന്ന ഈ ചട്ടക്കൂട് നിയമാവർത്തനാത്മക പണ്ഡിതശാഖയുടെ മുഖ്യപ്രമേയമാണ്. പാപികളെ ശിക്ഷിക്കുമ്പോൾ ദൈവത്തിന്റെ നീതിയും, അനുതപിക്കുന്നവർക്കു മാപ്പു നൽകുമ്പോൾ അവിടുത്തെ കരുണയും പ്രകടമാകുന്നു. അന്യജനതകളുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെടുകയും അവരുടെ വിഗ്രാഹാരാധനയിൽ പങ്കു ചേരുകയും ചെയ്ത് കർത്താവിൽ നിന്ന് അകന്നു പോകുന്നവരെ കർത്താവ് അന്യജനങ്ങൾക്ക് ഏൽപ്പിച്ചു കൊടുക്കുന്നു. അടിമത്തത്തിൽ പൊറുതിമുട്ടിയ ജനം കണ്ണീരോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുമ്പോൾ അവിടുന്ന് അവർക്ക് ഒരു വിമോചകനെ അയച്ച് രക്ഷ നൽകുന്നു. നശിപ്പിക്കാനല്ല, മാനസാന്തരത്തിലേക്കു നയിക്കാനാണ് കർത്താവ് ശിക്ഷിക്കുന്നത്. ബലഹീനരും പാപികളുമായ മനുഷ്യരെയാണ് തന്റെ രക്ഷാകരപ്രവൃത്തികൾക്ക് ഉപകരണങ്ങളായി ദൈവം തിരഞ്ഞെടുക്കുന്നത്. മനുഷ്യരുടെ പാപത്തെപോലും രക്ഷയ്ക്കുള്ള സാഹചര്യങ്ങളാക്കി മാറ്റാൻ ദൈവത്തിനു സാധിക്കും. അതിനാൽ സ്വന്തം ബലഹീനതകളെയും വീഴ്ചകളെയുംക്കുറിച്ചു നിരാശപ്പെടാതെ, കർത്താവു നല്കുന്ന പ്രചോദനമനുസരിച്ചു പ്രവർത്തിക്കാൻ ഓരോരുത്തരും തയ്യാറാകണം. അസാധാരണമായ ശക്തിയും അത്ഭുതകരമായ സിദ്ധികളും വ്യക്തിയുടെ വിശുദ്ധിക്കു തെളിവായി പരിഗണിക്കണമെന്നില്ല. ദൈവം പ്രത്യകമായി തിരഞ്ഞെടുക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷേചിച്ച് അയ്ക്കുകയും ചെയ്തവരായ വ്യക്തികൾക്കും വലിയ വീഴ്ചകൾ സംഭവിക്കാം. അഹങ്കാരം നാശത്തിലേക്കു നയിക്കും. അതിനാൽ നിരന്തരമായ ജാഗ്രത ആവശ്യമാണ്.



സ്വന്തം തോന്നലുകളെ മാത്രം ജീവിതത്തിനു മാനദണ്ഡമായി സ്വീകരിക്കാതെ ദൈവം നിശ്ചയിച്ചുതന്നിരിക്കുന്ന അധികാരികളെ ശ്രവിക്കുകയും അധികാരസംവിധാനങ്ങളെ മാനിക്കുകയും ചെയ്യണം. ചെറിയ കാര്യങ്ങളിൽ ശ്രദ്ധിക്കാത്തവർ വലിയ കുഴിയിൽ വീഴും. കാനാൻകാരെ ഉന്മൂലനം ചെയ്യാതെ അവരുടെ ഇടയിൽ വാസമുറപ്പിച്ച ഇസ്രായേൽക്കാർ സാവധാനം അവരുടെ വിശ്വാസവും ആരാധനാരീതികളും സ്വീകരിച്ചു. അവസാനം കർത്താവിൽ നിന്നു തീർത്തും അകന്നുപോയി. വ്രതത്തിന്റെ നിയമങ്ങൾ നിസ്സാരമായിക്കരുതിയ സാംസൺ കാഴ്ചയും ശക്തിയും നഷ്ടപ്പെട്ട തടവുകാരനായി. തങ്ങളിൽ ഒരുവന്റെ മ്ലേഛപ്രവൃത്തിയെ സാധൂകരിക്കാൻ ശ്രമിച്ച ബെഞ്ചമിൻ ഗോത്രം അതിനു വലിയ വില കൊടുക്കേണ്ടി വന്നു. ചെറിയ കാര്യങ്ങളിൽ പോലും ശ്രദ്ധിക്കുകയും കർത്താവിനോടു പൂർണ്ണമായ വിശ്വസ്തത പാലിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇപ്രകാരമുള്ള സംഭവങ്ങളുടെ വിവരണത്തിലൂടെ വി.ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നത്.

## 1. ചരിത്രപശ്ചാത്തലം 1,1-3,6

ന്യായാധിപന്മാർ രംഗപ്രവേശം ചെയ്ത സാഹചര്യങ്ങളും അതിനെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ വിശകലനവും അവതരിപ്പിക്കുന്ന ഈ അധ്യായങ്ങൾ പുസ്തകതതിന്റെ ആമുഖമായി നിലകൊള്ളുന്നു. ഈ ഭാഗത്തെ രണ്ടായി തിരിക്കാം. 1. ഗോത്രങ്ങളുടെ പോരാട്ടങ്ങൾ 2. ചരിത്രത്തിന്റെ ദൈവശാസ്ത്രം

### 1. ഗോത്രങ്ങളുടെ പോരാട്ടങ്ങൾ 1,1-2,5

കാനാൻദേശത്ത് തങ്ങൾക്ക് അവകാശമായി ലഭിച്ച പ്രദേശങ്ങൾ കൈവശമാക്കാൻ വേണ്ടി ഇസ്രായേൽ ഗോത്രങ്ങൾ ഒറ്റയ്ക്കും ചില ഗോത്രങ്ങൾ ഒരുമിച്ചും നടത്തിയ പോരാട്ടങ്ങളുടെ ചരിത്രമാണ് 1,1-36ൽ സംക്ഷിപ്തമായി അവതരിപ്പിച്ചിരിക്കുന്നത്. യൂദാ-ശിമയോൻ ഗോത്രങ്ങൾ ഒരുമിച്ച് കാനാൻ ദേശത്തിന്റെ തെക്കുഭാഗത്തും (1,1-20) ജോസഫിന്റെ ഗോത്രം മധ്യഭാഗത്തും (1,22-26) നടത്തിയ പോരാട്ടങ്ങളും നേടിയ വിജയങ്ങളും ചുരുക്കമായി വിവ

രിക്കുന്നുണ്ട്. മറ്റു ഗോത്രങ്ങൽ കാനൻ ദേശത്തിന്റെ വടക്കുഭാഗത്ത് തദ്ദേശ വാസികളെ തുരത്താതെ, അവരുടെ ഇടയിൽ വാസമുറപ്പിച്ചു എന്ന 1,27 –36ൽ പ്രസ്താവിക്കുന്നു. ഈ അവസ്ഥാവിശേഷത്തെക്കുറിച്ചുള്ള ഒരു വില യിരുത്തലാണ് 2,1–5ൽ രേഖപ്പെടുത്തിയിരിക്കുന്ന അരുളപ്പാട്.

ജോഷ്വായുടെ പുസ്തകത്തിൽ വിവരിച്ച പോരാട്ടങ്ങളുടെ തന്നെ വ്യത്യ സ്തമായൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള അവതരണമാണിത്. മിന്ന ലാക്രമണങ്ങളിലൂടെ പട്ടണങ്ങൾ നശിപ്പിക്കുകയും കാനാൻ ദേശത്തു നില യുറപ്പിക്കുകയും ചെയ്തതിന് ജോഷ്വായുടെ പുസ്തകം ഊന്നൽ നല്കു മ്പോൾ കാനാൻകാരെ മുഴുവൻ ഉന്മൂലനം ചെയ്യാതെ ഇസ്രായേൽ ഗോത്ര ങ്ങൾ അവരുടെ ഇടയിൽ വാസമുറപ്പിച്ചു എന്ന് ന്യായാധിപന്മാരുടെ പുസ്തകം എടുത്തു കാട്ടുന്നു.

ജോഷ്വായുടെ മരണത്തിനുശേഷം (1,1) എന്ന കാലസൂചനയിലൂടെ ന്യായാധിപന്മാരുടെ പുസ്തകത്തെ ജോഷ്വായുടെ പുസ്തകവുമായി ബന്ധി പ്പിച്ചിരിക്കുന്നു. കർത്താവിന്റെ ഹിതം ആരാഞ്ഞതിനുശേഷമാണ് ഗോത്ര ങ്ങൾ യുദ്ധത്തിനു പുറപ്പെട്ടത്. 'കർത്താവിന്റെ സന്നിധിയിൽ' എന്നത് ഉട മ്പടിയുടെ പേടകം സൂക്ഷിച്ചിരിക്കുന്ന ആരാധനാ കേന്ദ്രത്തെ സൂചിപ്പിക്കു ന്നു. അത് എവിടെയാണെന്നു വ്യക്തമാക്കുന്നില്ല. ഗിൽഗാലിൽ ആയിരു ന്നെന്ന് അനുമാനിക്കാം. അവിടെ നിന്നാണല്ലോ ഇസ്രായേൽക്കാർ പടയോ ട്ടങ്ങൾക്കായി പുറപ്പെട്ടത്. മരുഭൂമിയിലെ യാത്രയിൽ മുമ്പേ പോയ യൂദാ ഗോത്രം (സംഖ്യ 2,3) ആദ്യമേ യുദ്ധത്തിനു പോകുന്നു. ഗോത്രപിതാക്കന്മാ രുടെ പേരുമാത്രമേ പറയുന്നുള്ളൂവെങ്കിലും ഗോത്രം മുഴുവനെയും ഉദ്ദേശി ച്ചാണ് പേരുകൾ ഉപയോഗിച്ചിരിക്കുന്നത്. ശിമയോൻ ഗോത്രത്തിന്റെ അവ കാശം യൂദാഗോത്രത്തിന്റെ അതിർത്തിക്കുള്ളിലായിരുന്നതിനാലായിരിക്കാം (ജോഷ്വാ 19,1) ആ രണ്ടു ഗോത്രങ്ങൾ ഒരുമിച്ച് യുദ്ധക്കിനു പോകുന്നത്. കാലക്രമത്തിൽ ശിമയോൻ ഗോത്രം യൂദായിൽ ലയിച്ച് അപ്രത്യക്ഷമായി.

കാനാൻകാരോടുള്ള യുദ്ധത്തിൽ അവരുടെ നേതാവായ അദോനിബെ സെക്കിനെ പരാജയപ്പെടുത്തുകയും അയാളുടെ പെരുവിരലുകൾ ഛേദിക്കു കയും ചെയ്തതിന്റെ വിവരണത്തിന് (1,4–7) തെക്കൻ രാജ്യങ്ങൾക്കെതിരെ ജോഷ്വാ നയിച്ച പടയോട്ടവുമായി (ജോഷ്വാ 10) സാമ്യമുണ്ട്. ജറുസലേം രാജാവായ അദോനിസെദെക്ക് ആണ് തെക്കൻ രാജ്യങ്ങളുടെ സഖ്യശ ക്തിയെ നയിച്ചത്. അദോനിബെസെക്കും അദോനിസെദെക്കും ഒരാൾ തന്നെ യാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. യുദ്ധം ചെയ്യാനുള്ള കഴിവു നഷ്ട പ്പെടുത്താനും അപമാനിക്കാനും വേണ്ടിയാണ് കൈകാലുകളുടെ പെരുവി രലുകൾ ഛേദിച്ചുകളഞ്ഞത്. "അവർ അവനെ ജറുസലെമിൽ കൊണ്ടു വന്നു" (1,7) എന്ന് പ്രസ്താവനയിൽ ആരാണ് അയാളെ കൊണ്ടുവന്നത്



എന്നു വ്യക്തമല്ല. അയാളുടെ അനുയായികൾ തന്നെ കൊണ്ടുവന്നു എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. അങ്ങിനെയെങ്കിൽ അയാൾ ജറുസ ലെമിലെ രാജാവായിരുന്നു എന്ന് ന്യായമായും അനുമാനിക്കാം. ദൈവത്തിന്റെ നീതി ഏറ്റുപറയുന്നതാണ് രാജാവിന്റെ വിലാപം. അക്രമം പ്രവർത്തിക്കു ന്നവൻ അക്രമത്തിന് ഇരയാകും എന്ന് ഇതിലൂടെ പഠിപ്പിക്കുന്നു.

യൂദാ ഗോത്രക്കാർ ജറുസലേം പിടിച്ചടക്കി നശിപ്പിച്ചു എന്ന് 1,8 ലെ പ്രസ്താവന ബൈബിളിലെ മറ്റു ഭാഗങ്ങളിൽ നിന്നു ലഭിക്കുന്ന വിവരവു മായി പൊരുത്തപ്പെടുന്നില്ല. തെക്കൻ സഖ്യകക്ഷികളുടെ മേൽ ജോഷ്വാ വിജയം നേടിയതിന്റെ വിവരണത്തിൽ (ജോഷ്വാ 10) ജറുസലേമിനെക്കു റിച്ചു നിശ്ശബ്ദത പാലിക്കുന്നു. യൂദാ ഗോത്രത്തിന് ജറുസലെം കീഴടക്കാൻ കഴിഞ്ഞില്ല എന്ന് ജോഷ്വാ 15,63ലും ബെഞ്ചമിൻ ഗോത്രക്കാർ ജറുസലെ മിൽ നിന്നു ജബൂസ്യരെ പുറത്താക്കിയില്ല എന്ന് ന്യായാ 1,21ലും എടുത്തു പറയുന്നു. ദാവീദാണ് ജറുസലെം കീഴടക്കിയത് എന്ന് 2 സാമു 5,7ൽ വ്യക്ത മായി രേഖപ്പെടുത്തിയിട്ടുണ്ട്. ദാവീദിന്റെ വിജയത്തെ യൂദാഗോത്രത്തിന്റെ വിജയമായി ഇവിടെ മുൻകൂട്ടി അവതരിപ്പിക്കുന്നതാവാം. അല്ലെങ്കിൽ യൂദാ ഗോത്രം ജറുസലെമിനെതിരെ നേടിയ ഭാഗികമായ വിജയമായിരിക്കാം ഇവിടെ വിവരിക്കുന്നത്. യൂദാഗോത്രത്തിന്റെയും ബെഞ്ചമിൻ ഗോത്രത്തി ന്റെയും അതിർത്തിയിലുള്ള ഒരു നഗരമായിരുന്നു ജറുസലെം. അതിനാൽ ദാവീദ് കീഴടക്കുന്നതുവരെ ആ നഗരം ഏതു ഗോത്രത്തിന്റെ അവകാശത്തിൽ പെട്ടതാണ് എന്നതിനെക്കുറിച്ച് തർക്കമുണ്ടായിരുന്നിരിക്കാം.

കാലെബാണ് ഹെബ്രോൺ കീഴടക്കി അവിടെ വസിച്ചിരുന്ന അനാ ക്കിന്റെ വംശജരായ ഷേഷായി, അഹിമാൻ, തൽമായി എന്നീ അതികായ ന്മാരാരെ തുരത്തിയത് എന്ന് ജോഷ്വാ 15,13–ലും ന്യായ 1,20ലും രേഖപ്പെടു ത്തിയിട്ടുണ്ട്. അതും യൂദാഗോത്രത്തിന്റെ വിജയമായി ഇവിടെ (ന്യായാ 1,10) വിശേഷിപ്പിച്ചിരിക്കുന്നു. കാലെബ് വംശജരും യൂദാ ഗോത്രത്തിൽ ലയിച്ച് ഒന്നായിത്തീർന്നതിനാലാവാം അവരുടെ നേട്ടങ്ങൾ യൂദായുടെ നേട്ടങ്ങളായി ചിത്രീകരിക്കുന്നത്. കാലെബിന്റെ ആഹ്വാനമനുസരിച്ച് ഒത്ത്നിയേൽ ദെബീർ കീഴടക്കുകയും സ്ത്രീധനമായി കിട്ടിയ പ്രദേശങ്ങൾക്കു പുറമെ നീരുറവകൾ ചോദിച്ചു വാങ്ങുകയും ചെയ്തതിന്റെ വിവരണം (ന്യായാ 1,11 –15) ജോഷ്വാ 15,15–19ൽ കണ്ടതുതന്നെയാണ്. കേന്യരെക്കുറിച്ചുള്ള 1,16ലെ പരാമർശം വിവിധ ജനതകൾ ഇസ്രായേലിനോടു ചേർന്ന് ഒരു ജനമായി ത്തീർന്നതിന്റെ മറ്റൊരുദാഹരണമാണ്. ഈന്തപ്പനകളുടെ നഗരം എന്ന വിശേഷണം ജെറീക്കോപ്പട്ടണത്തെ സൂചിപ്പിക്കുന്നു. ശിമയോന് അവകാശ മായി നല്കിയ നഗരമാണ് ഗോർമ (ജോഷ്വാ 19,4)

ഗാസ, അഷ്ക്കലോൺ, എക്റോൺ എന്നിവ ഫിലിസ്ത്യരുടെ പ്രമുഖ

നഗരങ്ങളായിരുന്നു. അവയുടെമേൽ നേടിയ വിജയം (1,18) താൽക്കാലിക മായിരുന്നു. സമതലങ്ങളിൽ വസിച്ചിരുന്നവർക്ക് ഇരുമ്പുരഥങ്ങൾ ഉണ്ടായി രുന്നതിനാൽ അവരെ തുരത്താൻ കഴിഞ്ഞില്ല എന്ന പ്രസ്താവന (1,19) യൂദാ യുടെ വിജയവും ഭാഗികമായിരുന്നു എന്നു സൂചിപ്പിക്കുന്നു.

ബെഥേലിനെതിരെ നടത്തിയ യുദ്ധത്തിന്റെ വിവരണത്തിന് (1,22-26) ജെറീക്കോയുടെ പതനത്തിന്റെ വിവരണവുമായി സാമ്യമുണ്ട്. ചാരന്മാരെ അയച്ച് വിവരങ്ങൾ ശേഖരിക്കുകയും തങ്ങൾക്കു രഹസ്യങ്ങൾ ചോർത്തി ക്കൊടുത്തവരെ പട്ടണം കീഴടക്കികഴിഞ്ഞപ്പോൾ സംരക്ഷിക്കുകയും ചെയ്തത തായി രണ്ടിടത്തും വിവരിക്കുന്നു. "നഗരത്തിലേക്കുള്ള വഴി" (1,24) കാവൽക്കാരുടെ ദൃഷ്ടിയിൽ പെടാതെ പട്ടണത്തിനുള്ളിൽ കടക്കാനുള്ള രഹസ്യമാർഗ്ഗത്തെയാണ് സൂചിപ്പിക്കുന്നത്. പട്ടണത്തിനു വെളിയിലുള്ള നിരു റവകളിലേക്ക് പട്ടണമതിലിനിടയിലൂടെ തുരങ്കങ്ങൾ നിർമ്മിക്കുക പതിവാ യിരുന്നു. ജെറീക്കോയുടെ പതനത്തെത്തുടർന്ന് റാഹാബും കുടുംബവും ഇസ്രായേൽക്കാരുടെ ഇടയിൽ വാസമുറപ്പിച്ചു. എന്നാൽ ബെഥേലിലെ ഒറ്റു കാരൻ നാടുവിട്ടുപോയി. ഉപേക്ഷിച്ചുപോന്ന നഗരത്തിന്റെ ഓർമ്മ നില നിർത്താനായി താൻ പുതുതായി സ്ഥാപിച്ച നഗരത്തിനു പഴയനഗരത്തിന്റെ പേരിട്ടു.

മനാസ്സെ, എഫ്രേം, സെബുലൂൺ, ആഷേർ, നഫ്താലി, ദാൻ എന്നീ ഗോത്രങ്ങൾ കാനാൻകാരെ ഉന്മൂലനം ചെയ്യാതെ അവരുടെ ഇടയിൽ വസി ക്കുകയും കാലക്രമത്തിൽ അവരെ അടിമകളാക്കുകയും ചെയ്തതായി 1,27 -36ൽ വിവരിക്കുന്നു. ദാൻ ഗോത്രത്തിന് അവകാശമായി ലഭിച്ചത് കാനാൻദേ ശത്തിന്റെ തെക്കുഭാഗത്തുള്ള പ്രദേശമായിരുന്നെങ്കിലും അതു കീഴടക്കാൻ കഴിയാതെ വന്നതിനാൽ അവർ കാനാന്റെ വടക്കുഭാഗത്തേക്കു നീങ്ങി. ഇതി നെക്കുറിച്ച് ന്യായാ 18ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ദാൻ ഒഴികെ മറ്റു ഗോത്രങ്ങൾ എന്തുകൊണ്ട് കാനാൻകാരെ ഉന്മൂലനം ചെയ്തില്ല എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. ചരിത്രപരമായി നോക്കുമ്പോൾ അവരുടെ കഴി വുകേടായിരുന്നു കാരണമെങ്കിലും കർത്താവു നൽകിയിരുന്ന കല്പനയുടെ ലംഘനമായിട്ടാണ് ഇതിനെ വി.ഗ്രന്ഥകാരൻ കാണുന്നത്.

ഇതുവരെ വിവരിച്ച കാര്യങ്ങളുടെ ഒരു വിലയിരുത്തലാണ് 2,1-5ൽ അവ തരിപ്പിക്കുന്നത്. കർത്താവിന്റെ തന്നെ ദൃശ്യമായ സാന്നിധ്യത്തെ സൂചിപ്പി ക്കുന്നതാണ് "കർത്താവിന്റെ ദൂതൻ" എന്ന പ്രയോഗം (ഉൽപ 16,7; 22,11; പുറ 3,2; ന്യായാ 6,12-22). ഉടമ്പടിയുടം പേടകം കാനാൻ ദേശത്ത് ആദ്യ മായി സ്ഥാപിച്ച സ്ഥലമാണ് ഗിൽഗാൽ. "ബോക്കിം" എവിടെയാണെന്നു നിശ്ചയമില്ല. വിലപിക്കുന്നവർ എന്നാണ് ഈ പേരിന്റെ അർത്ഥം. സപ്തതി



എന്ന ഗ്രീക്കു വിവർത്തനത്തിൽ ബെഥേൽ എന്ന സ്ഥലനാമം കൂട്ടിച്ചേർത്തി ട്ടുണ്ട്. ഇസ്രായേലിലെ ഒരു പ്രധാന ആരാധനാകേന്ദ്രമായിരുന്ന ബെഥേ ലിൽവച്ചാണ് അരുളപ്പാടുണ്ടായതെന്നും കർത്താവിന്റെ ശിക്ഷാവിധി കേട്ട് ജനം വിലപിച്ചതിനാൽ അതിനു "ബോക്കിം" എന്ന പേരു നൽകിയാതാ ണെന്നും വ്യാഖ്യാതാക്കൾ കരുതുന്നു.

കർത്താവു തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തത പാലിച്ചെങ്കിലും ജനം അവിടുത്തെ അനുസരിച്ചില്ല എന്നതാണ് ദൂതൻ ഉന്നയിക്കുന്ന കുറ്റാരോപ ണം. തദ്ദേശവാസികളുമായി സഖ്യത്തിൽ ഏർപ്പെടരുതെന്നും അവരുടെ ബലിപീഠങ്ങൾ തകർക്കണമെന്നും ഉള്ള കല്പന (പുറ 34,12-13) ലംഘിച്ച തിനാൽ കാനാൻകാരെ പുറത്താക്കാൻ അവർക്കു കഴിയുകയില്ല. "അവ രുടെ ദേവൻമാർ നിങ്ങൾക്കു കെണിയായിരിക്കും" എന്ന ശിക്ഷാവിധി ജോഷ്വാ 23,12-13ൽ മുൻകൂട്ടി അറിയിച്ചിരുന്നതാണ്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ തുടർന്നു വിവരിക്കുന്ന സകല പരാജയങ്ങളുടെയും ദുരി തങ്ങളുടെയും മൂലകാരണം ഈ അവിശ്വസ്തതയാമെന്ന് ഈ വിധിവാച കത്തിലൂടെ വ്യക്തമാക്കുന്നു.

**വിചിന്തനം:** തങ്ങളുടെ അവകാശഭൂമി കൈവശപ്പെടുത്താൻ വേണ്ടി യൂദായും ശിമയോനും ഒരുമിച്ചു പോരാടിയത് സഹോദരങ്ങൾ തമ്മിൽ നില നിൽക്കേണ്ട കൂട്ടായ്മയുടെ ഉദാഹരണമാണ്. ദൈവരാജ്യത്തിന്റെ സാക്ഷാൽക്കാരത്തിനായി വിശ്വാസികൾ ഒറ്റക്കെട്ടായി യത്നിക്കണം എന്ന ഇതിലൂടെ പഠിപ്പിക്കുന്നു. വരണ്ടഭൂമി അവകാശമായി ലഭിച്ച അക്സാ നീർച്ചാ ലുകൾക്കുവേണ്ടി പിതാവായ കാലെബിനോടു യാചിക്കുകയും അവൾക്കു നീർച്ചാലുകൾ ലഭിക്കുകയും ചെയ്തത് സമറിയാക്കാരിക്ക് യേശു നൽകിയ വാഗ്ദാനത്തെ അനുസ്മരിപ്പിക്കുന്നു. ഉണങ്ങി വരണ്ട ജീവിതത്തിലേക്ക് ദൈവകൃപയുടെ ജീവദായകമായ നീർച്ചാലുകൾ ഒഴുകുന്നത് പരിശുദ്ധാ ത്മാവായ ദൈവമാണ്.

കാനാൻവാസികളുടെ വിശ്വാസങ്ങൾ ഇസ്രായേൽക്കാർക്കു കെണിയാ യിത്തീർന്നത് ഇതരമതങ്ങളുമായുള്ള സംവാദത്തിൽ ജാഗ്രത പാലിക്കേണ്ട തിന്റെ ആവശ്യകതയെ എടുത്തുകാട്ടുന്നു. എല്ലാ മതങ്ങളിലും സത്യവും നന്മയും ആയി ഉള്ളതിനെ സ്വീകരിക്കാനും സ്വാംശീകരിക്കാനും തയ്യാറാ കുന്നതോടൊപ്പം ക്രിസ്തീയ വിശ്വാസത്തിനു നിരക്കാത്തവ ഏവയെന്നു വേർതിരിച്ചറിയാനും ത്യജിക്കാനും സംവാദകർ ശ്രദ്ധിക്കണം. വിവേചനം കൂടാതെ അന്യരുടെ ആചാരങ്ങൾ സ്വീകരിക്കുന്നവർ അറിയാതെ തന്നെ അവരുടെ വിശ്വാസങ്ങളിലേക്കു വഴുതിവീഴാം. തിന്മയോടു സഹിഷ്ണുത കാണിക്കുകയും സഹവാസിക്കുകയും ചെയ്യുന്നവർ തിന്മയക്ക് അടിമയാ യിത്തീരും.

## 2. ചരിത്രത്തിന്റെ ദൈവശാസ്ത്രം 2,6–3,6

കാനാൻദേശത്തു വാസമുറപ്പിച്ച ഇസ്രായേൽ ജനത്തിന്റെ ആദ്യകാല ചരിത്രം ഹ്രസ്വമായി അവതരിപ്പിച്ചതിനുശേഷം ആ ചരിത്രത്തെ കർത്താവുമായുള്ള ഉടമ്പടിയുടെ വെളിച്ചത്തിൽ വി.ഗ്രന്ഥകാരൻ വിലയിരുത്തുന്നു. ദൈവദൂതന്റെ അരുളപ്പാടിലൂടെ നല്കിയ മുന്നറിയിപ്പ് തുടർന്നുള്ള ചരിത്രത്തിൽ ഒരു യാഥാർത്ഥ്യമായിത്തീർന്നു എന്ന് വ്യക്തമാക്കുന്നതാണ് ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഈ അപഗ്രഥനവും വിലയിരുത്തലും. ജോഷ്വാ മുതൽ സാമുവേൽ വരെയുള്ള കാലഘട്ടത്തിന്റെ മുഴുവൻ വിശകലനമാണ് ഈ ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്. ഉടമ്പടിയോടുള്ള വിശ്വസ്തതയാണ് ചരിത്രത്തെ വിലയിരുത്താൻ ഉപയോഗിക്കുന്ന ഏക മാനദണ്ഡം.

ജോഷ്വായുടെ മരണത്തെക്കുറിച്ചുള്ള വിവരണം (2,6–10) ജോഷ്വാ 24,29–31ൽ അവതരിപ്പിച്ചതിന്റെ ആവർത്തനമാണ്. എന്നാൽ ജോഷ്വായുടെ പുസ്തകത്തിൽ സൂചിപ്പിച്ചതിന്റെ ആവർത്തനമാണ്. എന്നാൽ ജോഷ്വായുടെ പുസ്തക്തതിൽ സൂചിപ്പിക്കുകമാത്രം ചെയ്ത വിശ്വാസത്യാഗം ഇവിടെ കൂടുതൽ സ്പഷ്ടമാക്കുന്നു. "കർത്താവിനെയോ അവിടുന്നു ചെയ്ത വലിയ കാര്യങ്ങളെയോ അറിയാത്ത മറ്റൊരു തലമുറ വളർന്നു വന്നു" (2,10) എന്ന പ്രസ്താവന തുടർന്നു വിവരിക്കാൻ പോകുന്ന അവിശ്വസ്തതയുടെ ചരിത്രത്തിന്റെ ആമുഖമാണ്. "അറിയാത്ത തലമുറ' എന്ന വിശേഷണത്തിൽ കുറ്റകരമായ അനാസ്ഥയെക്കുറിച്ചു സൂചനയുണ്ട്. കർത്താവിനെയും അവിടുത്തെ രക്ഷാകരപ്രവൃത്തികളെയുംക്കുറിച്ച് അറിയാൻ ആവശ്യമായ സകല സാഹചര്യങ്ങളും ഉണ്ടായിരുന്നിട്ടും മനഃപൂർവ്വം അവയെ അവഗണിച്ചു. മാതാപിതാക്കന്മാർ മക്കളെ പറഞ്ഞുപഠിപ്പിച്ചതുമില്ല. അതിനാൽ തലമുറകൾ കടന്നുപോയപ്പോൾ കർത്താവിന്റെ നാമം തന്നെ വിസ്മൃതയിലാണ്ടു.

ന്യായാധിപന്മാരുടെ കാലഘട്ടത്തിന്റെ ചരിത്രത്തിന് നാലു ഘടകങ്ങളുണ്ട്. 1. ജനത്തിന്റെ വിശ്വാസത്യാഗം, 2. കർത്താവിന്റെ ശിക്ഷ, 3. ജനത്തിന്റെ നിലവിളി, 4. രക്ഷകന്റെ വരവ്. ഈ നാലു ഘടകങ്ങൾ 2,11–23ൽ പലതവണ ആവർത്തിച്ചിരിക്കുന്നു. അതിനുംപുറമെ പല ന്യായധിപന്മാരുടെയും ചരിത്രം വിവരിക്കുമ്പോൾ ഇത് ആവർത്തിക്കുന്നതായും കാണാം.

അന്യദേവന്മാരെ ആരാധിക്കുന്നതിലൂടെയാണ് വിശ്വാസത്യാഗം പ്രകടമായത്. പിതാക്കനാമരെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന കർത്താവിനെ അവർ ഉപേക്ഷിച്ചു എന്ന പ്രസ്താവന 2,10ൽ നല്കിയ സൂചനയെ കൂടുതൽ വ്യക്തമാക്കുന്നു. ഒന്നാം പ്രമാണത്തിന്റെ ലംഘനമാണിത്. ബാൽദേവനെയും അസ്താർത്തെ ദേവിയെയും കാനാനിലെ പലസ്ഥലങ്ങളിൽ പല



രൂപങ്ങളിലും ഭാവങ്ങളിലും ആരാധിച്ചുപോന്നതിനാലാണ് അവർക്ക് ബഹുവചനം ഉപയോഗിച്ചിരിക്കുന്നത്. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടതായിരുന്നു ഈ ദൈവസങ്കൽപങ്ങളും ആരാധനാവിധികളും.

ഉടമ്പടി ലംഘിച്ച ജനത്തിനെതിരെ ദൈവത്തിന്റെ കോപം ജ്വലിച്ചു; തന്നെ ഉപേക്ഷിച്ചവരെ ശത്രുകരങ്ങളിൽ വിട്ടുകൊടുത്തുകൊണ്ട് ശിക്ഷിച്ചു. ഇസ്രായേൽ ജനം അനുഭവിക്കേണ്ടി വന്ന സകല ദുരിതങ്ങളുടെയും വിശദീകരണം ഇവിടെ കാണാം. കർത്താവിനോടു ചേർന്നു നില്ക്കാത്തവർക്ക് അവിടുത്തെ സംരക്ഷണം അനുഭവിക്കാൻ കഴിയുകയില്ല. തന്റെ ജനത്തെ സംരക്ഷിക്കാൻ കർത്താവിനു ശക്തിയില്ലാത്തതിനാലോ അന്യദേവന്മാർ കർത്താവിനേക്കാൾ ശക്തരായതിനാലോ അല്ല, ഇസ്രായേൽ ജനത്തിനു പരാജയങ്ങൾ സംഭവിച്ചത്. നേരെമറിച്ച്, കർത്താവു തന്നെ അവരെ ശിക്ഷിച്ച് മാനസാന്തരത്തിലേക്കു നയിക്കാനായി അന്യജനതകൾക്ക് ഏല്പിച്ചു കൊടുക്കുകയായിരുന്നു.

ശിക്ഷിക്കപ്പെട്ട ജനത്തിന്റെ ക്ലേശങ്ങൾ കർത്താവിനെ ആർദ്രഹൃദയനാക്കി. ജനം മാനസാന്തരപ്പെട്ടെന്നോ കർത്താവിലേക്കു തിരിഞ്ഞെന്നോ വി.ഗ്രന്ഥകാരൻ പറയുന്നില്ല. അവരുടെ നിലവിളിയെക്കുറിച്ചു തന്നെ സൂചിപ്പിക്കുന്നതേയുള്ളൂ (2,18). ജനത്തിന്റെ പശ്ചാത്താപമോ വിശുദ്ധിയോ ഒന്നുമല്ല, അവരുടെ ദയനീയാവസ്ഥ മാത്രമാണ് കരുണ കാണിക്കാൻ കർത്താവിനെ പ്രേരിപ്പിക്കുന്നത്. നിസ്സഹായനായി നിലവിളിക്കുന്ന മനുഷ്യന്റെ അടുക്കലേക്ക് അനുകമ്പയോടെ ഇറങ്ങിവന്ന് അവനെ രക്ഷിക്കുന്നവനാണ് ദൈവം.

മർദ്ദിത ജനത്തിന്റെ മധ്യത്തിൽ നിന്നുതന്നെ ശക്തരായ നേതാക്കന്മാരെ ഉയർത്തിക്കൊണ്ടാണ് കർത്താവ് അവർക്ക് മോചനം നൽകിയത്. ഇപ്രകാരം കർത്താവ് തിരഞ്ഞെടുത്ത് അയച്ച് നേതാക്കന്മാരെ ന്യായാധിപന്മാർ എന്നു വിശേഷിപ്പിച്ചിരിക്കുന്നു. കർത്താവ് അവരോടുകൂടെ ഉണ്ടായിരുന്നു എന്നതാണ് ന്യായാധിപന്മാരുടെ ശക്തിയുടെയും വിജയത്തിന്റെയും അടിസ്ഥാനം. ന്യായാധിപന്മാർ വഴി താല്ക്കാലികമായ മോചനം ലഭിച്ചെങ്കിലും ജനം കർത്താവിലേക്കു തിരിയാൻ കൂട്ടാക്കിയില്ല. അവർ ഒന്നിനൊന്ന് അകന്നുപോകുകയാണ് ചെയ്തത്. അങ്ങനെ വാഗ്ദത്തഭൂമിയിലെ ഇസ്രായേലിന്റെ ചരിത്രം നിരന്തരമായ അവിശ്വസ്തതയുടെ ചരിത്രമായിത്തീർന്നു.

കാനാൻകാരെ ദേശത്തുനിന്ന് ഉന്മൂലനം ചെയ്യാതിരുന്നതിന് വ്യത്യസ്തമായ കാരണങ്ങൾ എടുത്തുകാട്ടുന്നുണ്ട്. അവർക്ക് മെച്ചപ്പെട്ട ആയുധങ്ങൾ ഉണ്ടായിരുന്നതിനാൽ അവരെ പരാജയപ്പെടുത്താൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞില്ല (1,19) എന്നതാണ് ചരിത്രപരമായ കാരണം. എന്നാൽ ഇസ്രായേൽക്കാർ അവരെ തുരത്താൻ ശ്രമിച്ചില്ല എന്ന സൂചനയാണ് 1,27–35ൽ

നൽകുന്നത്. ഇസ്രായേൽക്കാരുടെ അവിശ്വസ്തത കാരണം കർത്താവ് കാനാൻകാരെ തുരത്തിയില്ല എന്ന് 2,3ൽ പ്രസ്താവിക്കുന്നു. കർത്താവിനോടു വിശ്വസ്തത പാലിക്കുമോ ഇല്ലയോ എന്ന് ഇസ്രായേൽ ജനത്തെ പരീക്ഷിക്കാൻ വേണ്ടിയാണ് കാനാൻകാരെ ദേശത്ത് അവശേഷിപ്പിച്ചത് എന്ന് 2,20-23ലും, 3,4ലും ശത്രുക്കളുമായി ഏറ്റുമുട്ടി യുദ്ധപരിശീലനം നേടുന്നതിനുവേണ്ടിയായിരുന്നു അതെന്ന് 3,1-3ലും വിശദീകരിക്കുന്നു. ഒരേ വസ്തുതയുടെ അഞ്ചു വ്യാഖ്യാനങ്ങളാണിവ. മനുഷ്യന്റെ അവിശ്വസ്തതയും പാപവും പോലും രക്ഷണീയമാക്കി മാറ്റാൻ ദൈവത്തിനു കഴിയും എന്ന് ഈ വ്യഖ്യാനങ്ങളിലൂടെ പഠിപ്പിക്കുന്നു.

**വിചിന്തനം:** കർത്താവിനെയും അവിടുന്നു ചെയ്ത വലിയ കാര്യങ്ങളെയും വിസ്മരിച്ചതാണ് ഇസ്രായേലിന്റെ അവിശ്വസ്തതയ്ക്കും തന്മൂലമുണ്ടായ ദുരിതങ്ങൾക്കും കാരണം. കർത്താവിനെ മറക്കുന്ന സമൂഹത്തിൽ അഴിമതിയും അക്രമവും പെരുകുന്നു. അവിടുത്തെ പ്രവൃത്തികൾ അനുസ്മരിക്കാത്തിടത്ത് അഹങ്കാരവും സ്വാർത്ഥതാൽപര്യവും തഴച്ചുവളരുന്നു. നാശത്തിലേക്കുള്ള സുനിശ്ചിതമായ വഴിയാണിത്. മതബോധനത്തിന്റെ പ്രാധാന്യം ഇവിടെ പ്രകടമാകുന്നു.

പാപികളെ ശിക്ഷിക്കുമ്പോൾ കർത്താവിന്റെ നീതിയും മർദ്ദിതരെ മോചിപ്പിക്കുമ്പോൾ അവിടുത്തെ കരുണയും പ്രകടമാകുന്നു. പീഡിതരുടെ രോദനംകേട്ട് മോശവഴി ഈജിപ്തിൽ നിന്നു മോചനം നല്കിയവൻ തന്നെയാണ് കാനാൻദേശത്തുവച്ച് ദുരിതങ്ങൾ അനുഭവിച്ച ജനത്തിനു ന്യായധിപന്മാരിലൂടെ രക്ഷ നൽകിയത്. എത്ര വലിയ ദുരിതങ്ങൾ അനുഭവിക്കുന്നവരാണെങ്കിലും പ്രത്യാശ കൈവെടിയാതെ കർത്താവിനെ വിളിച്ചപേക്ഷിക്കണം. കണ്ണീരു കാണുകയും നിലവിളി കേൾക്കുകയും ചെയ്യുന്ന കരുണാർദ്രനായ ദൈവം മറുപടി നൽകും.

ദേശം നഷ്ടപ്പെട്ട് ബാബിലോണിൽ പ്രവാസികളായി കഴിയുന്നവരെ ഉദ്ദേശിച്ചായിരിക്കാം ചരിത്രത്തിന്റെ ഈ വിശദീകരണം ആദ്യമായി നല്കപ്പെട്ടത്. തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ കാരണം അവർക്കു ബോധ്യപ്പെടുത്തുന്നതോടൊപ്പം പ്രത്യാശനൽകാനും മാനസാന്തരത്തിലേക്കു നയിക്കാനും സഹായിക്കുന്നതാണ് ഈ വ്യാഖ്യാനം. ബാബിലോൺ പ്രവാസികൾക്കുമാത്രമല്ല. സകലമനുഷ്യർക്കും പ്രസക്തമായ പ്രത്യാശയുടെ സന്ദേശമാണിത്. ന്യായാധിപന്മാരെ അയച്ച് ഇസ്രായേൽക്കാർക്കു താൽക്കാലികമായ മോചനം നൽകിയ ദൈവം തന്റെ ഏകജാതനെ അയച്ച് സകലമനുഷ്യർക്കും ശാശ്വാതമായ മോചനം നൽകിയിരിക്കുന്നു.



## ചോദ്യങ്ങൾ

1. ന്യായധിപന്മാർ എന്ന പേര് എന്ത് അർത്ഥത്തിലാണ് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്?
2. ഇസ്രായേൽ ചരിത്രത്തിൽ ന്യായാധിപന്മാരുടെ കാലഘട്ടത്തിന്റെ സ്ഥാനവും പ്രത്യേകതയും വിശദമാക്കുക.
3. ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഏവ? അവയ്ക്ക് എന്ത് ഉത്തരം നൽകാനാവും?
4. പുസ്തകത്തിന്റെ പ്രധാന സന്ദേശം എന്ത്?
5. ന്യായാധിപന്മാർ രംഗപ്രവേശം ചെയ്ത കാലഘട്ടം വിശദീകരിക്കുക.
6. ആ കാലഘട്ടത്തിന്റെ ചരിത്രത്തിന് വി.ഗ്രന്ഥകാരൻ നൽകുന്ന വ്യാഖ്യാനം എന്ത്? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?
7. കർത്താവിന്റെ ദൂതൻ നല്കിയ അരുളപ്പാട് എന്ത്?
8. ബോക്കിം എന്ന പേരിന്റെ അർത്ഥമെന്ത്? എങ്ങിനെയാണ് ആ പേരുണ്ടായത്?
9. കാനാൻ നിവാസികളെ ഉന്മൂലനം ചെയ്യാതിരുന്നതിന് അഞ്ചു വിശദീകരണങ്ങൾ നല്കിയിരിക്കുന്നു. ഏവ?

**ചർച്ചയ്ക്ക്:** 1. വാഗ്ദത്തഭൂമി കീഴടക്കിയതിനെക്കുറിച്ച് ജോഷ്വായുടെയും ന്യായാധിപന്മാരുടെയും പുസ്തകങ്ങൾ നൽകുന്ന വ്യാഖ്യാനങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.

2. കാനാനിൽ വാസമുറപ്പിച്ച ഇസ്രായേൽ ജനത്തിന്റെ ഏറ്റം വലിയ പാപം എന്തായിരുന്നു? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?

**പ്രാർത്ഥന:** "കർത്താവേ, അങ്ങേ ചട്ടങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ, അവസാനം വരെ ഞാൻ അതു പാലിക്കും" സങ്കീ 119,33.

# 2. ന്യായാധിപന്മാർ 3,7 – 16,31

ന്യായാധിപന്മാരിൽ ആറുപേരെക്കുറിച്ച് സാമാന്യം വിശദമായി പ്രതിപാദിക്കുമ്പോൾ ആറുപേരുടെ പേരല്ലാതെ മറ്റൊന്നും തന്നെ പറയുന്നില്ല. അബിമെലെക്കിന്റെ ചെയ്തികൾ ദീർഘമായി വിവരിക്കുന്നുണ്ടെങ്കിലും അയാളുടെ പ്രവർത്തനങ്ങൾ ഇസ്രായേൽ ജനത്തിനു നന്മയേക്കാൾ ദ്രോഹം വരുത്തിവച്ചതിനാൽ അയാളെ ന്യായാധിപനായി പരിഗണിക്കുന്നില്ല.

## 1. ഒത്ത്നിയേൽ 3,7–11

കാലെബിന്റെ സഹോദര പുത്രനായ ഒത്ത്നിയേൽ ദെബീർ പിടിച്ചടക്കിയതായി ജോഷ്വാ 15,16–17ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം നേടിയ മറ്റൊരു വിജയത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. യുദ്ധത്തെയോ വിജയത്തെയോക്കുറിച്ച് വിശദവിവരങ്ങൾ ഒന്നും തന്നെ നല്കുന്നില്ല. ശത്രു ആരായിരുന്നു എന്ന കാര്യത്തിൽത്തന്നെ സംശയം നിലനില്ക്കുന്നു. ന്യായാധിപന്മാരുടെ ചരിത്രത്തിലൂടെ അവതരിപ്പിക്കുന്ന ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് ഏറ്റം വ്യക്തമാക്കുന്ന ഒരു വിവരണം എന്ന നിലയിൽ ഒത്ത്നിയേലിനെക്കുറിച്ചുള്ള പ്രതിപാദനം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

"കർത്താവിനെ മറന്ന് വിഗ്രഹങ്ങളെ ആരാധിക്കുക വഴി ഇസ്രായേൽ പാപം ചെയ്തു. തന്നിമിത്തം കുപിതനായ കർത്താവ് അവരെ ശത്രുകരങ്ങളിൽ ഏല്പിച്ചുകൊടുത്തു. പീഡനത്താൽ പൊറുതിമുട്ടിയ ജനം കർത്താവിനെ വിളിച്ചപേക്ഷിച്ചു. നിലവിളികേട്ട് കരളലിഞ്ഞ കർത്താവ് അവർക്കു രക്ഷകനായി ഒത്ത്നിയേലിനെ നിയോഗിച്ചു. അദ്ദേഹം ശത്രുക്കളെ പരാജയപ്പെടുത്തി ഇസ്രായേലിനു സമാധാനം നല്കി. ഇസ്രായേൽ ചരിത്രത്തിന് നിയമവർത്തനാത്മക ദൈവശാസ്ത്രജ്ഞന്മാർ നൽകുന്ന വിശദീകരണത്തിന്റെ ഏറ്റം പൂർണ്ണമായ ഒരു മാതൃകയാണിത്. മറ്റുന്യായാധിപന്മാരുടെ ചരിത്രം അവതരിപ്പിക്കുമ്പോൾ ഈ വിശകലനത്തിന്റെ പല ഘടകങ്ങളും ആവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ ഘടകങ്ങളും ഇത്ര പൂർണ്ണമായി എല്ലാ വിവരണങ്ങളിലും കണ്ടെന്നുവരില്ല.

കാനാൻകാരുടെ വിഗ്രഹാരാധനയിലേക്ക് ഇസ്രായേൽക്കാർ വഴുതിവീണതിനെയാണ് ബാൽദേവനെയും അഷേറാ പ്രതിഷ്ഠകളെയുംക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നത്. ദേവതയുടെ ബഹുമാനാർത്ഥം ബലിപീഠത്തിനു സമീപം നാട്ടി നിർത്തിയ സ്തൂപങ്ങളോ നട്ടു വളർത്തിയ മരങ്ങളോ ആണ് അഷേറാ പ്രതിഷ്ഠകൾ. മെസൊപ്പൊട്ടാമിയായിലെ രാജാവായ കുഷാൻറിഷാത്തായിം ആരാണെന്ന കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ട്. 'ആരാം നഹറായിം' എന്ന പദങ്ങളാണ് മെസൊപ്പൊട്ടാമിയാ എന്നു വിവർത്തനം ചെയ്യുന്നത്. നദികൾ എന്നാണ് നഹറായിം എന്ന ബഹുവചനത്തിന്റെ അർത്ഥം. ഇത് യൂഫ്രട്ടീസ്, ടൈഗ്രസ് നദികളെ സൂചിപ്പിക്കുന്നു. അവയ്ക്കു മധ്യേയുള്ള പ്രദേശത്തെയാണ് മെസൊപ്പൊട്ടാമിയ എന്നു വിളിക്കുന്നത്. "ആരാം" എന്നത് ഒരു ജനത്തെ സൂചിപ്പിക്കുന്നപേരാണ്. "നദികളുടെ നാട്ടിലെ അരമായർ" എന്ന് ഈ പേരുകൾ വിവർത്തനം ചെയ്യാം. കുഷാൻ റീഷാത്തയിം എന്നപേരിനു വ്യക്തമായൊരു അർത്ഥമുണ്ട്. "ഇരട്ടിദുഷ്ടൻ" എന്നാണ് റിഷാത്തായിം എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. മിദിയാൻ ദേശത്തിന്റെ പര്യായമായി കുഷാർ എന്ന പേര് ഹബ 3,7ൽ ഉപയോഗിച്ചിട്ടുണ്ട്. അതിദുഷ്ടനായ മിദിയാൻകാരൻ എന്നായിരിക്കും പേരിന്റെ അർത്ഥം. അപ്പോൾ മിദിയാൻകാരൻ എങ്ങനെ മെസൊപ്പൊട്ടാമിയായിൽ നിന്നുവന്നു എന്ന പ്രശ്നം ഉദിക്കുന്നു.

ഒരക്ഷരം തെറ്റിവായിച്ചതാണ് ഇതിനു കാരണം എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. "ആരാം" എന്നും "ഏദോം" എന്നും ഹീബ്രുഭാഷയിൽ എവുതുമ്പോൾ അക്ഷരങ്ങൾ തമ്മിൽ വലിയ വ്യത്യാസമില്ലാത്തതിനാൽ ഏദോം എന്നത് ആരാം എന്നു വായിച്ചതാവാം. മിദിയാന്റെയും ഏദോമിന്റെയും അതിർത്തികൾ തൊട്ടുകിടക്കുന്നതിനാൽ ആ പ്രദേശത്തു നിന്നുള്ള നാടോടികൾ യൂദായുടെ തെക്കെ അതിർത്തിയിൽ നടത്തിയ ആക്രമണത്തെ ആയിരിക്കാം ഒത്ത്നിയേൽ ചെറുത്തു തോല്പിച്ചത്. സാഹചര്യങ്ങളുമായി കൂടുതൽ യോജിച്ചുപോകുന്നതിനാൽ ഈ വ്യാഖ്യാനം കൂടുതൽ സ്വീകാര്യമാണ്.

"കർത്താവിന്റെ ആത്മാവ് അവന്റെ മേൽ വന്നു" എന്ന പ്രസ്താവന ഒത്ത്നിയേലിന് ദൈവം നല്കിയ പ്രത്യേക ശക്തിയെയും ഉത്തേജനത്തെയും അനുസ്മരിപ്പിക്കുന്നു. താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടി തിരഞ്ഞെടുക്കുന്ന വ്യക്തികളെ ദൈവം പ്രത്യേകമാം വിധം ഒരുക്കുന്നു എന്ന് ബൈബിളിൽ പലേടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് അയാളെ ധാർമ്മികമായി രൂപാന്തരപ്പെടുത്തുന്നില്ല; കർത്തവ്യനിർവ്വഹണത്തിനു ശക്തനാക്കുക മാത്രമാണു ചെയ്യുന്നത്. മനുഷ്യന്റെ ഉള്ളിൽ നിരന്തരം വസിച്ച് അവനെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് പുതിയനിയമത്തിൽ മാത്രമേ അറിവു നല്കുന്നുള്ളൂ. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ആത്മാവിന്റെ ആവാസത്തെക്കുറിച്ചുള്ള പഴയ നിയമകാഴ്ചപ്പാട്. സാംസന്റെ കഥയിൽ ഇതു കൂടുതൽ വ്യക്തമാണ്.

യൂദാ ഗോത്രം നേരിട്ട ഒരു പ്രതിസന്ധിയിൽ ഒത്ത്നിയേൽ വഴി ദൈവം നല്കിയ രക്ഷയാണ് ഇവിടെ പ്രതിപാദിക്കുന്നതെങ്കിലും ആ രക്ഷ ദേശം മുഴുവനും ലഭിച്ച സ്വസ്ഥതയും ശാന്തിയുമായി വ്യാഖ്യാനിച്ചിരിക്കുന്നു. 40 എന്ന സംഖ്യ ഒരു തലമുറയെ സൂചിപ്പിക്കുന്ന പ്രതീകാത്മക സംഖ്യയാണ്.

**2. ഏഹൂദ് 3,12-30**

ബെഞ്ചമിൻ ഗോത്രജാതനായ ഏഹൂദ് വഴി ദൈവം ഇസ്രായേൽ ജനത്തിനു നല്കിയ രക്ഷയാണ് അടുത്തതായി പ്രതിപാദിക്കുന്നത്. ജനത്തിന്റെ പാപത്തെക്കുറിച്ചു പരാമർശിച്ചുകൊണ്ട് വിവരണം ആരംഭിക്കുന്നു. എന്താണ് ജനം ചെയ്തതിന്മയെന്നു വിശദീകരിക്കുന്നില്ല. കർത്താവിനെ മറന്ന് വിഗ്രഹാരാധനയിൽ മുഴുകിയതാണ് അവരുടെ പാപം എന്ന് അനുമാനിക്കാം. തന്റെ ജനത്തെ രക്ഷിക്കാൻ വേണ്ടി ദൈവം തന്നെയാണ് മൊവാബുരാജാവായ എഗ്ലോനെ ശക്തിപ്പെടുത്തിയത് എന്നു പ്രത്യേകം എടുത്തു പറയുന്നു. കുശാഗ്രബുദ്ധിയും ധീരസാസഹികനുമായി ഇസ്രായേൽ നേതാവിനെ അവതരിപ്പിക്കുമ്പോൾ വിഡ്ഢിയും അപഹാസ്യനുമായിട്ടാണ് ശത്രുരാജാവിനെ ചിത്രീകരിക്കുന്നത്.

"വലതുകരത്തിന്റെ പുത്രൻ" എന്നാണ് ബെൻയാമീൻ എന്ന പേരിന് അർത്ഥം. ഈ പേരാണ് ഇംഗ്ലീഷ് ഉച്ചാരണത്തെ അനുകരിച്ച് ബെഞ്ചമിൻ എന്ന് എഴുതുന്നത്. വലതുകൈ ഉപയോഗിക്കുന്നവൻ, ശക്തൻ, തെക്കുഭാഗത്ത് വസിക്കുന്നവൻ എന്നൊക്കെ ഈ പേരിന് അർത്ഥമുണ്ട്. അതിനാൽ ഏഹൂദ് ഇടുത്തു കൈയനായിരുന്നു എന്ന പ്രസ്താവനയിൽ സൂക്ഷ്മമായ ഒരു വൈരുദ്ധ്യം കാണാം. ഇടത്തുകൈയന്മാരെ പൊതുവെ ബലഹീനരും വികാലാംഗരുമായിട്ടാണ് കരുതിയിരുന്നത്. ഈ വൈകല്യം ഏഹൂദിന്റെ ദൗത്യ നിർവ്വഹണത്തിനനുകൂലമായി. വലതുകൈയന്മാരുടെ ഗോത്രത്തിൽ നിന്നുള്ള ഇടതുകൈയൻ തന്റെ വലതുതുടയിൽ വാൾ കെട്ടിവച്ചു എന്ന വിവരണത്തിൽ നർമ്മ രസമുണ്ട്. രാജാവിനെയും സേവകരെയും കബളിപ്പിക്കാൻ വേണ്ടിയാണ് വാൾ വലത്തെ തുടയിൽ കെട്ടിവച്ച് വസ്ത്രം കൊണ്ടു മൂടിയത്.

കാളക്കൂറ്റൻ എന്നാണ് എഗ്ലോൻ എന്ന പേരിന്റെ അർത്ഥം. ആയാളെക്കുറിച്ചുള്ള വിവരണത്തിൽ ഹാസ്യമുണ്ട്. ഒന്നരയടി നീളമുള്ള വാൾ വയറ്റിൽ ഇറങ്ങിയിട്ട് പിടിപോലും അപ്രത്യക്ഷമാകത്തക്കവിധത്തിൽ മേദസുമുറ്റിയ അയാളുടെ ശരീരം അനുവാചകരെ രസിപ്പിക്കുന്നതാണ്. കുത്തേറ്റു മരിച്ചുകിടക്കുന്ന രാജാവ് കക്കൂസിൽ ദിനചര്യയനുഷ്ഠിക്കുകയാവും എന്നു കരുതി മുറിക്കുപുറത്തു കാവലിരിക്കുന്ന സേവകരുടെ 'ബുദ്ധിവൈഭവം" അതിലേറെ അപഹാസ്യമാണ്.



ബെഞ്ചമിൻ ഗോത്രത്തിന് അവകാശമായി ലഭിച്ച പ്രദേശമാണ് മൊവാബു രാജാവായ എഗ്ലോൺ അമോര്യരുടെയും നാടോടികളായ അമലേക്യരുടെയും സഹായത്തോടെ കീഴടക്കി വച്ചത്. ഈന്തപ്പനകളുടെ നഗരം എന്ന വിശേഷണം ജെറീക്കോയെ സൂചിപ്പിക്കുന്നു. മേൽക്കോയ്മയ്ക്കു കൊടുക്കേണ്ട നികുതിയാണ് രാജാവിന് സമർപ്പിച്ച കാഴ്ച. മൊവാബ്യരുടെ തലസ്ഥാനനഗരിയിൽ ചെന്നു കാഴ്ച സമർപ്പിച്ചതിനുശേഷം സ്വന്തം നാട്ടിലേക്കു മടങ്ങിയ ഏഹൂദ് ഗിൽഗാലിൽ വച്ച് ചുമട്ടുകാരെ പറഞ്ഞയച്ചതിനുശേഷം ഏകനായി തിരിച്ചുചെന്നത് കാവൽക്കാർ സംശയിക്കാതിരിക്കാൻ വേണ്ടിയാണ്. പുരാതനമായ ഒരു ആരാധനാകേന്ദ്രമായിരുന്നു ഗിൽഗാൽ. അവിടുത്തെ ശിലാ വിഗ്രഹങ്ങൾ ജോഷ്വാ നാട്ടിയ കല്ലുകളെ (ജോഷ്വാ 4,8) സൂചിപ്പിക്കുന്നതായി വ്യാഖ്യാതാക്കൾ കരുതുന്നു. ഗിൽഗാലിൽ നിന്നു ലഭിച്ച ദൈവിക അരുളപ്പാടു രാജാവിനെ അറിയിക്കാനാണ് താൻ ഒറ്റയ്ക്കു മടങ്ങി വന്നത് എന്ന ഏഹൂദിന്റെ വിശദീകരണം രാജാവിനും സേവകർക്കും വിശ്വാസ്യമായി. ഇവിടെയും ഇസ്രായേൽ നേതാവിന്റെ ബുദ്ധികൂർമ്മതയും ശത്രുക്കളുടെ വിഡ്ഢിത്തവും പ്രകടമാകുന്നു.

അടച്ചുപൂട്ടിയ മുറിയുടെ പുറത്ത് കാര്യമറിയാതെ പട്ടാളക്കാർ കാവൽനിന്നപ്പോൾ ഏഹൂദ് സൈന്യത്തെ ഒരുക്കുകയായിരുന്നു. തന്ത്രപരമായ നീക്കങ്ങളിലൂടെ ജോർദ്ദാന്റെ കടവുകൾ പിടിച്ചടക്കി. കാനാൻദേശത്തുണ്ടായിരുന്ന മൊവാബ്യ സൈന്യത്തിന് പിൻവാങ്ങാനുള്ള വഴിയടച്ചു. പതിനായരത്തോളം വരുന്ന ആ സൈന്യത്തെ മുഴുവൻ ഒറ്റ ദിവസം കൊന്നൊടുക്കിക്കൊണ്ട് ഇസ്രായേല്യരെ മൊവാബ്യരിൽ നിന്നു രക്ഷിച്ചു. ഒത്ത്നിയേലിന്റെ കാര്യത്തിലെന്നതുപോലെ ഇവിടെയും ഒരു ഗോത്രത്തിനു ലഭിച്ച മോചനം ജനത്തിന്റെ മുഴുവൻ മോചനമായി ചിത്രീകരിച്ചിരിക്കുന്നു.

**വിചിന്തനം:** അടിമത്തം രൂക്ഷമായപ്പോഴാണ് ഇസ്രായേൽ ജനം കർത്താവിനെ വിളിച്ചപേക്ഷിച്ചത്. കർത്താവിലേക്കു തിരിയാനുള്ള അവസരങ്ങളായി ക്ലേശങ്ങളെയും ദുരിതങ്ങളെയും കാണണം. ഏഹൂദിന്റെ പ്രവൃത്തി വഞ്ചനയായിതോന്നാം. ഇതിനെ വി.ഗ്രന്ഥകാരൻ ന്യായീകരിക്കുന്നുമില്ല. തന്റെ ജനത്തെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കാൻ വേണ്ടി ശത്രുവിന്റെ കോട്ടയിലേക്ക് ഏകനായി കടന്നുചെല്ലുന്ന അദ്ദേഹത്തിന്റെ ധീരതയും സാഹസികതയുമാണ് വിവരണത്തിന്റെ ശ്രദ്ധാകേന്ദ്രം. അപകടങ്ങളെ ഭയന്ന് സുരക്ഷിതത്വത്തിന്റെ മാളങ്ങളിൽ ഒളിച്ചിരിക്കുന്നവർക്ക് എന്നും അടിമകളായി കഴിയേണ്ടി വരും. യഥാർത്ഥ മോചനം സാഹസികത ആവശ്യപ്പെടുന്നു.

## 3. ഷാംഗാർ 3,31

ആറു ചെറിയ ന്യായധിപന്മാരിൽ ആദ്യത്തെ ആളായ ഷാംഗാറിനെക്കുറിച്ചുള്ള വിവരണം ഒറ്റവാക്യത്തിൽ ഒതുക്കിയിരിക്കുന്നു. ന്യായാധിപന്മാരെക്കുറിച്ചുള്ള വിവരണത്തിൽ പതിവായി കാണുന്ന ഘടകങ്ങളിൽ "ഇസ്രായേലിനെ രക്ഷിച്ചു" എന്ന ഒരു ഘടകം മാത്രമേ ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളൂ. ചില പുരാതന ഗ്രീക്കു കൈയെഴുത്തു പ്രതികളിൽ സാസണെക്കുറിച്ചുള്ള വിവരണത്തിനു ശേഷമാണ് (ന്യായാ 16,31) ഈ വാക്യം പ്രത്യക്ഷപ്പെടുന്നത്.

കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരു പേരാണ് ഷാംഗാർ. "അനാത്തിന്റെ മകൻ" എന്ന വിശേഷണം ഷാംഗാറിന്റെ പിതാവിനെയല്ല കുലത്തെയാണ് സൂചിപ്പിക്കുന്നത്. ഗലീലിയിലെ ഒരു കാനാന്യ നഗരമായ ബേത്ത്-അനാത്തിൽ നിന്നുള്ളവനായിരുന്നു ഷാംഗാർ എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. കാനാൻകാർ ആരാധിച്ചിരുന്ന യുദ്ധദേവതയാണ് അനാത്ത്. ഒരു കാനാൻകാരനായിരുന്നു ഷാംഗാർ എന്ന് ഇതിൽ നിന്നെല്ലാം അനുമാനിക്കാം.

കവർച്ചക്കാരുടെ ശല്യം കാരണം പൊതുവഴിയിലൂടെ യാത്രചെയ്യുന്നത് അപകടമായിത്തീർന്ന സാഹചര്യത്തിലാണ് ഷാംഗാർ രംഗപ്രവേശം ചെയ്തത് (ന്യായാ 5,6). അറുനൂറു ഫിലിസ്ത്യരെ കൊല്ലാൻ ഉപയോഗിച്ച "ചാട്ട" എന്നു വിവർത്തനം ചെയ്തിരിക്കുന്നു. കന്നുകാലികളെ തല്ലാൻ ഉപയോഗിക്കുന്ന ഏകദേശം ഏഴ് അടി നീളമുള്ളതും അറ്റം ഇരുമ്പുകെട്ടിയതുമായ വടിയാണ് ഇവിടെ വിവക്ഷിക്കുന്നത്. കഴുതയുടെ താടിയെല്ലുകൊണ്ട് സാംസൻ ആയിരം ഫിലിസ്യത്യരെ കൊന്നതിന്റെ വിവരണവുമായി (ന്യായ 15,14-16) ഇതിനു സാമ്യമുണ്ട്.

## 4. ദെബോറാ - ബാരാക്ക് 4,1-5,31

ഏഹൂദിന്റെ മരണത്തിനുശേഷം ഇസ്രായേൽക്കാരെ ശത്രുകരങ്ങളിൽ നിന്നു രക്ഷിച്ച ദെബോറായുടെയും ബാറാക്കിന്റെയും ചെയ്തികൾ രണ്ടു തവണ വിവരിച്ചിരിക്കുന്നു - ആദ്യം ഗദ്യരൂപത്തിലും (4,1-24) പിന്നീട് പദ്യരൂപത്തിലും (5,1-31). രണ്ടു വിവരണങ്ങളും തമ്മിൽ പൊതുവേ ഐക്യമുണ്ടെങ്കിലും വിശദാംശങ്ങളിൽ കാര്യമായ വ്യത്യാസങ്ങൾ കാണാം. ബൈബിളിലെ ഏറ്റം പുരാതനമായ കീർത്തനങ്ങളിലൊന്നാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ദെബോറയുടെ കീർത്തനം. വിവരിക്കുന്ന സംഭവങ്ങളോളം തന്നെ കീർത്തനത്തിനു പഴക്കമുണ്ട്. ഈ കീർത്തനത്തിലെ ആശയങ്ങൾ ആലങ്കാരികഭാഷ ഉപേക്ഷിച്ച്, കാര്യമാത്രപ്രസക്തമായി അവതരിപ്പിച്ചതാവാം ഗദ്യരൂപത്തിലുള്ള വിവരണം.



### ഗദ്യം 4,1-24:

നിയമാവർത്തനാത്മക ചരിത്രകാരന്റെ ശൈലി വെളിപ്പെടുത്തുന്നതാണ് വിവരണത്തിന്റെ ആമുഖം (4,1-3). ഇസ്രായേലിനു പാപവും ശത്രുക്കളുടെ ആക്രമണവും ഇവിടെ ചുരുക്കമായി പ്രതിപാദിക്കുന്നു. ആരായിരുന്നു ഈ ശത്രുക്കൾ എന്നതിനെക്കുറിച്ച് തർക്കമുണ്ട്. ഹാസോർ ഭരിച്ചിരുന്ന കാനാൻ രാജാവായ യാബീൻ ജോഷ്വാ 11,1-11ൽ ഒരു സഖ്യശക്തിയുടെ തലവനായി പ്രത്യക്ഷപ്പെട്ടതാണ്. ദോബോറയുടെയും ബാറാക്കിന്റെയും നേതൃത്വത്തിൽ നടന്ന യുദ്ധത്തെ ജോഷ്വായുടെ യുദ്ധമായി പില്കാലത്ത് ചിത്രീകരിച്ചതാവാം എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. എന്നാൽ യാബീൻ എന്നത് "ഫറവോ" എന്നതുപോലെ ഒരു സ്ഥാനപ്പേരാകാം. അതിനാൽ രണ്ടു വിവരങ്ങളും ഒരേ യുദ്ധത്തിന്റെതുതന്നെ ആകണമെന്നില്ല. യാബീന്റെ സേനാധിപനായിട്ടാണ് ഇവിടെ സീസറയെ ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ 5-ാം അധ്യായത്തിലെ കീർത്തനത്തിൽ യാബീനെക്കുറിച്ചു പരാമർശിക്കുന്നില്ല. ഇസായേലിനെതിരെ സഖ്യം ചേർന്ന രാജാക്കന്മാരുടെ തലവനായി സിസേറായെ അവതരിപ്പിച്ചിരിക്കുന്നു. സിസറോ എന്നത് ഒരു ഗ്രീക്കു നാമമാണ്. കടൽമാർഗ്ഗം വന്ന് കാനാൻദേശത്തിന്റെ വടക്കുഭാഗം കീഴടക്കി വാസമുറപ്പിച്ച ഗ്രീക്കുകാരുടെ ഒരു നേതാവായിരുന്നു സിസറോ എന്ന് ഇതിൽനിന്നും അനുമാനിക്കാം. കാനാൻകാരുമായി സഖ്യം ചേർന്ന അവർ ഇസ്രായേൽകാർക്കെതിരെ നടത്തിയ അതിശക്തമായ ആക്രമണമാണ് ഇവിടെ വിവരിക്കുന്നത്. തൊള്ളായിരം ഇരുമ്പുരഥങ്ങളെക്കുറിച്ചുള്ള പരാമർശം അവരുടെ സൈനികശക്തിയുടെ സൂചനയാണ്. കാനാൻ ദേശത്തിന്റെ വടക്കുഭാഗത്തിനുവേണ്ടി ഇസ്രായേൽക്കാർ നടത്തിയ ഏറ്റം വലിയ യുദ്ധമാണിത്.

ദെബോറായുടെയും ബാറാക്കിന്റെയും നേതൃത്വത്തിൽ ഇസ്രായേൽക്കാർ നേടിയ വിജയം 4,4-16ൽ വിവരിക്കുന്നു. തേനീച്ച എന്നാണ് ദെബോറാ എന്ന പേരിന്റെ അർത്ഥം. അവളെ പ്രവാചികയും ന്യായാധിപയും ആയി ചിത്രീകരിച്ചിരിക്കുന്നു. വാദങ്ങൾ കേട്ട് വിധിപ്രസ്താവിക്കുന്ന ആൾ എന്ന അർത്ഥത്തിൽ ദെബോറാ ഒരു ന്യായാധിപനായിരുന്നു; ഇതിനു പുറമേ ജനത്തെ ശത്രുക്കളുടെ പീഡനങ്ങളിൽ നിന്നു മോചിപ്പിക്കുക എന്ന ദൗത്യവും അവൾ നിർവഹിക്കുന്നു. എഫ്രേം വംശജയായിരുന്നു ദെബോറാ. കാനാൻ ദേശത്തിന്റെ വടക്കെ അതിർത്തിയിൽ വാസമുറപ്പിച്ചിരുന്ന നഫ്ത്താലി ഗോത്രത്തിൽപെട്ട ബാറാക്കിനെ ആളയച്ചുവരുത്താനും ഇസ്രായേൽ ഗോത്രങ്ങളുടെ സംയുക്ത സൈന്യത്തെ നയിക്കാനും മാത്രം അധികാരവും ജനപിന്തുണയും അവൾക്ക് ഉണ്ടായിരുന്നു.

ഇടിമിന്നൽ എന്നാണ് ബാറാക്ക് എന്ന പേരിന്റെ അർത്ഥം. ദൈവം ഏല്പിച്ച ദൗത്യം തനിച്ച് ഏറ്റെടുക്കാൻ മാത്രം ധീരത അയാൾക്കുണ്ടായിരുന്നില്ല. ദെബോറയാണ് അയാൾക്കു യുദ്ധതന്ത്രങ്ങൾ ഉപദേശിച്ചു കൊടുക്കുകയും ധൈര്യം പകരുകയും ചെയ്തത്. സെബുലൂൺ-നഫ്ത്താലി ഗോത്രങ്ങളിൽ നിന്ന് പതിനായിരം പടയാളികളെ അണിനിരത്തിയതായി 4,6,10ൽ പ്രതിപാദിക്കുന്നു. എന്നാൽ ഇസ്രായേലിലെ ആറു ഗോത്രങ്ങലിൽ നിന്ന് നാല്പതിനായിരം പടയാളികൾ യുദ്ധത്തിൽ പങ്കെടുക്കുന്നതായി ദെബോറായുടെ കീർത്തനങ്ങളിൽ കാണാം.

താബോർ മലയിൽ സൈന്യത്തെ അണിനിരത്തുന്നതും മലയടിവാരത്തിലൂടെ ഒഴുകുന്ന കിഷോർ നദിയുടെ സമതലത്തിൽ വച്ച് സിസേറയുടെ കുതിരപ്പടയുമായി ഏറ്റുമുട്ടുന്നതും തന്ത്രപ്രധാനമായ നീക്കങ്ങളത്രെ. രഥങ്ങളുമായി മലകയറുക എളുപ്പമല്ല. ഉണങ്ങിവരണ്ട സമതലത്തിൽ അതിവേഗം പായുന്ന തേരും കുതിരയും മഴപെയ്താൽ ചളിയിൽത്താഴും. അപ്രതീക്ഷിതമായി മഴപെയ്യുകയും കിഷോർ നദി കരകവിഞ്ഞൊഴുകുകയും സമതലം ചളിക്കുഴികളാവുകയും ചെയ്താണ് സിസോറയുടെ പരാജയത്തിനു കാരണം. ചളിയിൽത്താണ രഥത്തിൽ നിന്ന് അയാൾക്ക് ഇറങ്ങി ഓടേണ്ടി വന്നു. ഇസ്രായേൽ ജനത്തിന് ശത്രുസൈന്യത്തെ നിഷ്പ്രയാസം തോല്പിക്കാൻ കഴിഞ്ഞു. ദെബോറായുടെ തന്ത്രപരമായ നിർദ്ദേശങ്ങളും ബാറാക്കിന്റെ ധീരമായ നീക്കങ്ങളും വിവരിക്കുമ്പോഴും കർത്താവാണ് യുദ്ധം നയിക്കുകയും ഇസ്രായേലിനു വിജയം നൽകുകയും ചെയ്യുന്നതെന്ന് വി.ഗ്രന്ഥകാരൻ ആവർത്തിച്ചു പറയുന്നുണ്ട്. (4,6.9.14.15).

തോറ്റോടിയ സിസറായെ കേന്യനായ ഹെബെറിന്റെ ഭാര്യം ജായേൽ ചതിയിൽ കൊന്നതിന്റെ വിവരണത്തോടെ (4,17–24) ഗദ്യഭാഗം സമാപിക്കുന്നു. 4,11ൽ ഹെബെറിനെക്കുറിച്ചു പരാമർശിച്ചുകൊണ്ട് ഈ വിവരണത്തിനു വഴിയൊരുക്കിയിരുന്നു. "കാട്ടാട്" എന്നാണ് ജായേൽ എന്ന പേരിന്റെ അർത്ഥം. അവൾ ഇസ്രായേൽക്കാരി ആയിരുന്നില്ല. അവരുമായി സൗഹൃദത്തിൽ കഴിഞ്ഞിരുന്ന കേന്യരുടെ വംശത്തിൽപ്പെട്ടവളായിരുന്നു. സിസേറായെ വധിക്കാൻ ഉപയോഗിച്ച തന്ത്രവും വധിച്ച വിധവും വിവരിക്കുന്നതിൽ ഗദ്യവും പദ്യവും തമ്മിൽ വ്യത്യാസമുണ്ട്. ഹാസേൻ രാജാവും കേന്യരും തമ്മിലുള്ള സൗഹൃദത്തിന്റെ പേരിൽ അഭയം പ്രതീക്ഷച്ചാണ് സിസേറാ ജായേലിന്റെ കൂടാരത്തെ സമീപിച്ചത്. അവളുടെ ക്ഷണം സ്വീകരിച്ച് അയാൾ കൂടാരത്തിൽ പ്രവേശിച്ചു. വെള്ളം ചോദിച്ച അയാൾക്ക് അവൾ പാൽ കൊടുത്തു. സുരക്ഷിതനെന്നു കരുതി കിടന്നുറങ്ങിയ അയാളുടെ ചെന്നിയിൽ ജായേൽ മരയാണി അടിച്ചു കയറ്റി. കൂടാരം നിലത്തുറപ്പിക്കാൻ ഉപ



യോഗിക്കുന്നതായിരുന്നു മരയാണി. പദ്യത്തിലാകട്ടെ ഓടിപ്പോകുന്നതിനിടയിൽ ദാഹശമനത്തിനുവേണ്ടിയാണ് സിസേറാ ജായേലിന്റെ കൂടാരത്തെ സമീപിച്ചത്. വലിയ പാത്രത്തിൽ കിട്ടിയ മോര് കുടിക്കാൻ കുനിഞ്ഞ സിസേറായെ ജായേൽ ചുറ്റികകൊണ്ട് അടിച്ചുവീഴ്ത്തുകയായിരുന്നു. നിലത്തുവീണവന്റെ ചെന്നിയിൽ മരയാണി അടിച്ചിറക്കി. ഇവിടെ ജായേലിന്റെ പ്രവൃത്തി കൂടുതൽ ധീരവും സാഹസികവുമായി ചിത്രീകരിക്കുന്നു.

**പദ്യം 5,1–31**

അതിപുരാതനമായ ഒരു കീർത്തനമാണിത്. ഹീബ്രുമൂലത്തിലെ പല വാക്കുകളും വ്യക്തമല്ലാത്തതിനാൽ വിവർത്തനങ്ങൾ തമ്മിൽ വ്യത്യാസം കാണാം. ദെബോറായും ബാറാക്കും പാടി എന്ന് (5,1) ശീർഷകമായി പറഞ്ഞുവച്ചതിനുശേഷം 'കർത്താവിനെ സ്തുതിക്കുവിൻ' എന്ന ആഹ്വാനത്തോടെയാണ് (5,2) ഗാനം ആരംഭിക്കുന്നത്. ഈ ആഹ്വാനം ഗാനത്തിന് ഒരു സ്തുതികീർത്തനത്തിന്റെ ശൈലി നൽകുന്നു. കീർത്തനത്തിന്റെ സാഹചര്യവും ഈ ആഹ്വാനത്തിൽ വിശദമാക്കിയിട്ടുണ്ട്. ഇസ്രായേൽ ജനത്തിനു ചുറ്റിലുമുള്ള വിജാതീയ രാജാക്കന്മാരെയും പ്രബുക്കന്മാരെയും കീർത്തനം കേൾക്കാൻ ക്ഷണിക്കുന്നത് (5,3) അവർ കർത്താവിന്റെ അത്ഭുത കൃത്യങ്ങളെക്കുറിച്ച് അറിയാനും അവിടുത്തെ ഭയപ്പെടാനും വേണ്ടിയാണ്.

പുറപ്പാടു സംഭവത്തെക്കുറിച്ചാണ് ആദ്യമേ ദൈവത്തെ പ്രകീർത്തിക്കുന്നത്. (5,4–5). സീനായ് മലയിലെ അത്ഭുതകരമായ ദൈവത്തിന്റെ പ്രത്യക്ഷീകരണവും, തുടർന്ന് മരുഭൂമിയിലൂടെ നടത്തിയ ജൈത്രയാത്രയും കാവ്യാത്മകമായി വർണ്ണിച്ചിരിക്കുന്നു. പ്രപഞ്ചനാഥനായ കർത്താവാണ് ഇസ്രായേൽ ജനത്തെ നയിക്കുന്നതെന്ന് ഇതിലൂടെ പഠിപ്പിക്കുന്നു.

ദെബോറാ രംഗപ്രവേശം ചെയ്യുന്നതിനുമുമ്പുണ്ടായിരുന്ന ഇസ്രായേൽ ജനത്തിന്റെ ദയനീയാവസ്ഥ 5,6–8ൽ വിവരിക്കുന്നു. കൊള്ളക്കാരുടെ ശല്യം നിമിത്തം രാജപാതകളിലൂടെ കച്ചവടക്കാരുടെ കാരവൻസംഘങ്ങൾ പോകാതായി. ഭയന്നിട്ട് ആർക്കും വഴിയിലിറങ്ങാൻ പറ്റാത്ത അവസ്ഥയായിരുന്നു. കാനാൻകാരുടെ ആക്രമണം മൂലം കർഷകരുടെ നിലനിൽപും അപകടത്തിലായി. (6,1–5). അന്യദൈവങ്ങളെ ആരാധിച്ചതാണ് ഈ ദുരിതങ്ങൾക്കു കാരണം. "ഇസ്രായേലിലെ നാല്പതിനായിരങ്ങൾ" ബാറാക്കിന്റെ പിന്നിൽ താബോർ മലയിൽ അണിനിരന്ന സൈന്യത്തെ സൂചിപ്പിക്കുന്നു. ഇസ്രായേൽക്കാർ ആയുധങ്ങൾ ഉണ്ടാക്കുന്നത് വിലക്കപ്പെട്ട സാഹചര്യം 1 സാമു 13,19–22ൽ വിവരിക്കുന്നുണ്ട്.

ദെബോറായുടെ നേതൃത്വത്തിൽ ഇസ്രായേലിലെ കൃഷീവലന്മാർ നേടിയ വിജയത്തെ പ്രഘോഷിക്കാനും അതിനെപ്രതി കർത്താവിനെ

സ്തുതിക്കാനും 5,9-11ൽ ആഹ്വാനം ചെയ്യുന്നു. 5,2ൽ നടത്തിയ ആഹ്വാനത്തിന്റെ ആവർത്തനമാണിത്. യുദ്ധത്തിനു മുമ്പുണ്ടായിരുന്ന അവസ്ഥയ്ക്കു കടകവിരുദ്ധമായി എല്ലാ തരത്തിലുമുള്ള ജനങ്ങൾ രാജപാതയിലൂടെ നിർഭയരായി യാത്ര ചെയ്യുന്നതിന്റെ ചിത്രം 5,10ൽ തെളിയുന്നു. വെളുത്ത കഴുതപ്പുറത്തു യാത്ര ചെയ്യുന്ന ധനികരും കാൽനടയായിപ്പോകുന്ന ദരിദ്രരും വീടുകളിൽ സുരക്ഷിതരായി പരവതാനികളിൽ ഇരിക്കുന്നവരും ഈ വിജയത്തെ ഉച്ചത്തിൽ പ്രഘോഷിക്കുന്നു. ജനങ്ങൾക്ക് നിർഭയരായി കിണറ്റിൻ കരയിൽ സമ്മേളിക്കാം. കർഷകരുടെ വിജയത്തെ പ്രകീർത്തിക്കുന്ന പുതിയ ഗാനമണ് സകലരുടെയും നാവുകളിൽ. ന്യായവിധി പ്രഖ്യാപിക്കുന്ന സ്ഥലമാണ് പട്ടണവാതിൽ. ഈ വിജയത്തിനുശേഷം സകലർക്കും നീതി ലഭ്യമായി എന്ന് പട്ടണ വാതില്ക്കലേക്കു നീങ്ങുന്ന ജനത്തെക്കുറിച്ചുള്ള പരാമർശം സൂചിപ്പിക്കുന്നു.

യുദ്ധത്തിൽ വിവിധഗോത്രങ്ങൾ വഹിച്ച പങ്കാണ് 5,12-18ൽ വിവരിക്കുന്നത്. ദെബോറായും ബാറാക്കും നയിച്ച യുദ്ധത്തിൽ ബെഞ്ചമിൻ, എഫ്രേം, മാഖീർ, സെബലൂൺ, ഇസാക്കർ, നാഫ്ത്താലി, എന്നീ ആറു ഗോത്രങ്ങൾ സ്വയം മറന്നുപോരാടി. ജോർദ്ദാനു കിഴക്കുവാസമുറപ്പിച്ച മനാസ്സെയുടെ അർദ്ധഗോത്രമാണ് മാഖീർ, റൂബെൻ, ഗിലെയാദ്, ദാൻ, ആഷേർ എന്നീ നാലു ഗോത്രങ്ങൾ യുദ്ധത്തിൽ പങ്കെടുക്കുന്നില്ല. ഗാദിന്റെ പര്യായമായിട്ടാണ് ഗിലയാദ് എന്ന പേര് ഉപയോഗിച്ചിരിക്കുന്നത്. യൂദാ, ശിമയോൻ ഗോത്രങ്ങൾ യുദ്ധഭൂമിയിൽ നിന്നും വളരെ അകലെയായിരുന്നതിനാലാവാം അവരെക്കുറിച്ച് പരാമർശിക്കുന്നില്ല. ആറ് ഇസ്രായേൽ ഗോത്രങ്ങൾ ഒത്തൊരുമിച്ചു നടത്തിയ വലിയ പോരാട്ടമായിരുന്നു അത്- തൊള്ളായിരം ഇരുമ്പുരഥങ്ങളടക്കം പരിചയോ ഇല്ലാതെ, ഒരു സ്ത്രീയുടെ നേതൃത്വത്തിൽ നാല്പതിനായിരം കൃഷീവലന്മാർ നടത്തിയ പോരാട്ടം.

5,19-22ൽ യുദ്ധത്തിന്റെ വർണ്ണന കാണാം. കാനാൻകാരുടെ സംഖ്യാബലവും മികച്ച ആയുധങ്ങളും അവർക്കു വിജയം നൽകിയില്ല. ഇരുമ്പായുധമില്ലാത്ത ഇസ്രായേൽക്കാർക്ക് കർത്താവുണ്ടായിരുന്നു സഹായത്തിന്. അപ്രതീക്ഷിതമായി പെയ്ത കനത്ത മഴയെ നക്ഷത്രങ്ങളുടെ യുദ്ധമായി ചിത്രീകരിച്ചിരിക്കുന്നു. കിഷോൻ നദി കരകവിഞ്ഞൊഴുകിയപ്പോൾ സിസേറായുടെ രഥങ്ങൾ ആ പ്രവാഹത്തിൽ ഒലിച്ചു പോയി. ചളിക്കുഴിയായിത്തീർന്ന സമതലത്തിൽ കുതിരകൾ താണുപോയി. ചെങ്കടലിൽ ഫറവോയുടെ സൈന്യത്തിനുണ്ടായ അനുഭവത്തെ (പുറ 14,27-31) അനുസ്മരിപ്പിക്കുന്നതാണ് ഈ വിവരണം.

വഞ്ചനയുടെയും വിശ്വസ്തതയുടെയും രണ്ടുപ്രതികരണങ്ങൾ 5,23-27ൽ വിവരിക്കുന്നു. യുദ്ധത്തിൽ സഹായത്തിനെത്തുമെന്ന് ന്യായമായും



പ്രതീക്ഷിക്കാമായിരുന്ന ഒരു ഇസ്രായേൽ നഗരമാണ് മെറോസ്. അവരുടെ നിഷ്ക്രിയത്വം കർത്താവിനെതിരെയുള്ള നിസഹകരണമായി വ്യാഖ്യാനിച്ചുകൊണ്ട് അവരുടെമേൽ ശാപവർഷം ചൊരിയുന്നു. എന്നാൽ ഹേബെറിന്റെ ഭാര്യ ജായേൽ ഇസ്രായേൽക്കാരി അല്ലാതിരുന്നിട്ടുപോലും ശക്തനായ സിസേറായെ നിർഭയം അടിച്ചുവീഴ്ത്തി ചെന്നി കുത്തിത്തുളച്ചു കൊന്നു. അതിനാൽ കൂടാരവാസികളിൽ ഏറ്റം ധന്യയായി അവളെ പ്രകീർത്തിക്കുന്നു.

സീസേറായുടെ അമ്മയും സഖികളും തങ്ങളുടേതായ വ്യർത്ഥസ്വപ്നങ്ങൾ താലോലിച്ച് വീട്ടിൽ  കാത്തിരിക്കുന്നതിന്റെ ചിത്രമാണ് 5,28-30ൽ വരച്ചുകാട്ടുന്നത്. രണഭൂമിയിൽ നിന്നു മടങ്ങിവരാൻ വൈകുന്ന മകനുവേണ്ടി വഴിക്കണ്ണുമായി കാത്തിരിക്കുന്ന അമ്മയുടെ ഹൃദയവ്യഥയും അവളെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്ന സഖിമാരുടെ ദിവാസ്വപ്നങ്ങളും തന്മയത്വത്തോടെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. കർത്താവിന്റെ നീതിയെ പ്രകീർത്തിച്ചുകൊണ്ടാണ് (5,31) ഗാനം സമാപിക്കുന്നത്. സിസേറായുടെ നാശവും മർദ്ദിതജനത്തിന്റെ വിജയവും ദൈവം നീതി നടപ്പാക്കുന്നതിന്റെ പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്.

**വിചിന്തനം:** ഇരുമ്പുരഥങ്ങളിൽ ആശ്രയിച്ച സിസേറാ രഥം ഉപേക്ഷിച്ച് ഓടി. ഒരു സ്ത്രീയുടെ കൈയാൽ കൊല്ലപ്പെട്ടു. മെച്ചപ്പെട്ട ആയുധങ്ങളുണ്ടായതുകൊണ്ടുമാത്രം ആരും വിജയിക്കണം എന്നില്ല. ചളിയിൽ താണ രഥങ്ങൾ സൈന്യത്തിന്റെ പരാജയത്തിനു കാരണമായി. ആയുധസംഭരണം നാശത്തിലേക്കേ നയിക്കൂ.  കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി ലോകരാഷ്ട്രങ്ങൾ പ്രത്യേകിച്ചും വൻശക്തികൾ, നിർമ്മിച്ചുകൂട്ടിയ അണ്വായുധങ്ങളും രാസായുധങ്ങളും ഇന്നു ലോകത്തിനു മുഴുവനും ഭീഷണിയായിത്തീർന്നിരിക്കുന്നു. അവയെ നിർവ്വീര്യമാക്കാനുള്ള വഴികൾ ആരായുമ്പോഴും അവയെക്കാൾ ഭീകരമായ പുതിയ ആയുധങ്ങൾ നിർമ്മിക്കാൻ തത്രപ്പെടുന്നതിന്റെ മൗഢ്യം ഇനിയും മനുഷ്യൻ മനസ്സിലാക്കുന്നില്ല എന്നതു വിചിത്രമത്രേ.

പാവപ്പെട്ടവരിലൂടെ ദൈവം നൽകിയ വിജയത്തിന്റെ ചരിത്രമാണ് ദബോറായുടെ കഥ. ശക്തനായ ബാറാക്ക് മടിച്ചുനിന്നപ്പോൾ 'അബല'യായ ദെബോറാ അവനു ധൈര്യം പകർന്നു; സൈന്യത്തെ നയിച്ചു. വീട്ടുപകരണങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന ജായേൽ സൈനാധിപനെ വധിച്ചു. നിരായുധരായ കർഷകർ വൻസൈന്യത്തിന്റെ മേൽ വിജയം വരിച്ചു. അശക്തരും അസംഘിതരുമെന്ന അപകർഷതാബോധത്തിൽ കഴിയുന്ന സകലർക്കും പാചോദനം നൽകുന്ന ഉദാഹരണങ്ങളാണിവ. ധർമ്മ സമരത്തിൽ കർത്താവാണ് എപ്പോഴും നേതാവ്. അവിടെ പരാജയമുണ്ടാവുകയില്ല.

## 5. ഗിദയോൻ 6,–8,35

മരുഭൂമിയിൽ നിന്നു വന്ന് നാടു നശിപ്പിച്ചിരുന്ന ശക്തരായ നാടോടികളെ തുരത്തി, ഇസ്രായേൽക്കാർക്കു രക്ഷനല്കിയ ഗിദയോനെക്കുറിച്ചുള്ളതാണ് ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഏറ്റവും ദീർഘമായ വിവരണം. "പാപം-ശിക്ഷ-നിലവിളി-രക്ഷ" എന്ന ചട്ടക്കൂട്ടിലാണ് ഈ വിവരണവും അവതരിപ്പിക്കുന്നത്. ആരംഭത്തിലും (6,1) അവസാനത്തിലും (8,33 –35) ഇസ്രായേൽ ജനത്തിന്റെ പാപത്തെക്കുറിച്ചു പ്രതിപാദിക്കുന്നു അവയ്ക്കുമധ്യേ ജനം അനുഭവിച്ച ദുരിതവും ഗിദയോൻ വഴി ലഭിച്ച രക്ഷയും ദീർഘമായി വിവരിച്ചിരിക്കുന്നു. ഒരേ സംഭവത്തെക്കുറിച്ചു നിലവിലിരുന്ന പല പാരമ്പര്യങ്ങൾ സംയോജിപ്പിച്ചതിനാൽ ഈ വിവരണത്തിൽ പലേടത്തും ആവർത്തനങ്ങളും പരസ്പരം പൊരുത്തപ്പെടാത്ത പ്രസ്താവനകളും കാണാം.

## ഇസ്രായേലിന്റെ ദയനീയാവസ്ഥ 6,1–10

ഇസ്രായേൽ ജനത്തിന്റെ അവിശ്വസ്തതയ്ക്കു ശിക്ഷയായി കർത്താവ് മൂന്നു ജനതകളെ അവർക്കെതിരായി അയച്ചു. കാനാൻ ദേശത്തിന്റെ തെക്കുകിഴക്കുള്ള മരുഭൂമിയിൽ വസിച്ചിരുന്ന നാടോടികളാണ് മിദിയാൻകാരും അമലേക്യരും; വടക്കുകിഴക്കുള്ള സിറിയൻ മരുഭൂമിയിൽ പാർത്തിരുന്നവരാണ് "പൗരസ്ത്യദേശക്കാർ" ഒരിക്കൽ ഇസ്രായേൽക്കാർ മരുഭൂമിയിൽ നിന്നു വന്ന് കാനാൻദേശം ആക്രമിച്ചു കീഴടക്കിയതിനെ അനുസ്മരിപ്പിക്കുന്നതാണ് ഈ നാടോടികളുടെ ആക്രമണം. കാനാൻകാരുടെ തേരിനെയും കുതിരയെയുംകാൾ ശക്തവും ഭയാനകവുമായിരുന്നു ഇവയുടെ ഒട്ടകങ്ങൾ. പച്ചയായതെല്ലാം തിന്നൊടുക്കുന്ന വെട്ടുക്കിളിപ്പറങ്ങളെപ്പോലെ അവർ ഇസ്രായേൽക്കാരുടെ കാർഷികോൽപന്നങ്ങൾ മുഴുവൻ കൈയടക്കി. അവർ കടന്നുപോയ വിളഭൂമികൾ തരിശുനിലങ്ങളായി അവശേഷിച്ചു. അധ്വാനിച്ച് ഉൽപാദിച്ചിരുന്ന ധാന്യങ്ങളോ വളർത്തുമൃഗങ്ങളോ ജീവസന്ധാരണത്തിനായി ഇസ്രായേൽക്കാർക്കു ലഭിച്ചില്ല. ദെബോറാ രംഗപ്രവേശം ചെയ്യുന്നതിനുമുമ്പ് പെരുവഴിയിലൂടെയുള്ള യാത്രം അപകടമായിരുന്നെങ്കിൽ ഇപ്പോൾ ഗ്രാമങ്ങളിൽ വസിക്കുന്നതുതന്നെയും സുരക്ഷിതമല്ലാതായി. അതിനാൽ ജനം മലകളിലും ഗുഹകളിലും അഭയം തേടി. കാനാൻ ദേശത്തിന്റെ തെക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള ഗാസാവരെ മിദിയാൻകാർ എത്തി എന്നു പറയുമ്പോൾ അവർ കാനാൻദേശം മുഴുവൻ വ്യാപിച്ചു എന്നു കാണാം.

നാടുകൈയടക്കി വാസമുറപ്പിക്കുകയല്ല, നാട്ടുകാർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ കൊള്ളയടിച്ചു കടന്നുപോവുകയായിരുന്നു അവരുടെ ലക്ഷ്യം. ആണ്ടുതോറും വിളവെടുപ്പുകാലത്ത് ഈ ആക്രമണം ആവർത്തിച്ചു 6,8–10



ൽ അവതരിപ്പിക്കുന്ന പ്രവാചകവചനം ഈ അവസ്ഥാവിശേഷത്തിന്റെ കാരണം വിശദമാക്കുന്നു. ജോർദ്ദാന്റെ പടിഞ്ഞാറ് വാസമുറപ്പിച്ച മനാസ്സയുടെ ഗോത്രത്തിലെ ഒരു കുലമായിരുന്നു അബിയേസർ. മുന്തിരിങ്ങാ ചവിട്ടിപ്പിഴിയാൻ വേണ്ടി പാറയിൽ വെട്ടിയൊരുക്കിയ കുഴിയാണ് മുന്തിരിച്ചക്ക്. കറ്റകൾ തുറസ്സായ സ്ഥലത്തുനിരത്തി വടികൊണ്ടു തല്ലിയോ, കറ്റയുടെ മുകളിലൂടെ വണ്ടിവലിച്ചോ ആണ് ഗോതമ്പു മെതിക്കുക. അതിനു പകരം മുന്തിരിച്ചക്കിൽ മെതിക്കുന്നത് മിദിയാൻകാർ കാണാതിരിക്കാൻ വേണ്ടിയാണ്. വളരെകുറച്ചു ധാന്യമേയുള്ളൂ എന്നും ഇതു സൂചിപ്പിക്കുന്നു.

## ഗിദയോന്റെ വിളിയും ദൗത്യവും ,11–32

"അരിഞ്ഞു വീഴ്ത്തുന്നവൻ" എന്നാണ് ഗിദയോൻ എന്ന പേരിന്റെ അർത്ഥം. ദൂതന്റെ ആശംസയും (6,12) ഗിദയോന്റെ സാഹചര്യവും തമ്മിൽ വൈരുധ്യമുണ്ട്. മിദിയാൻകാരെ ഭയന്ന് ഒളിച്ചു കറ്റമെതിക്കുന്ന ഗിദയോനെ ധീരനും ശക്തനുമായ മനുഷ്യൻ എന്നു വിശേഷിപ്പിക്കുന്നു. "കർത്താവു നിന്നോടുകൂടെ" എന്നത് ഒരേസമയം ആശംസയും പ്രഖ്യാപനവുമാണ്. തന്റെ ദൈന്യതയിലും ക്ലേശങ്ങളിലും താൻ തനിച്ചല്ല, ശക്തനായ ദൈവം തന്നോടുകൂടെയുണ്ട്. എന്നു ഗിദയോനെ അനുസ്മരിപ്പിക്കുന്നതാണ് ഈ വാക്കുകൾ. ഈ അഭിസംബോധനയും ആശംസയും ഗിദയോനെ ഏല്പിക്കാൻ പോകുന്ന ദൗത്യത്തെ സൂചിപ്പിക്കുന്നു.

ഗിദയോന്റെ മറുപടിയിൽ (6,13) പരാജിത ജനത്തിന്റെ മുഴുവൻ പരാതി കേൾക്കാം. കർത്താവു തങ്ങളെ പരിത്യജിച്ചിരിക്കുന്നു എന്ന അവബോധമാണ് ഈ വിലാപത്തിൽ നിറഞ്ഞുനിൽക്കുന്നത്. കർത്താവിന്റെ ദൂതൻ എന്നു പറഞ്ഞു തുടങ്ങിയെങ്കിലും കർത്താവുതന്നെയാണ് സംസാരിക്കുന്നത് എന്ന് 6,14ൽ വ്യക്തമാക്കുന്നു. സീനായ് മലയിൽവച്ച് മോശയെ ഏല്പിച്ച ദൗത്യത്തെ (പുറ 3,14) അനുസ്മരിപ്പിക്കുന്നതാണ് ഗിദയോനു നല്കുന്ന ദൗത്യം (6,14) "ഞാനാണ് നിന്നെ അയക്കുന്നത്" എന്ന പ്രസ്താവനയിൽ മോശയ്ക്കു വെളിപ്പെടുത്തിയ "ഞാനാകുന്നവൻ" (യാഹ്‌വേ) എന്ന പേരിന്റെ ധ്വനിയുണ്ട്. ഒരു പുതിയ പുറപ്പാടു നയിക്കാൻ വേണ്ടിയാണ് ദൈവം ഗിദയോനെ തിരഞ്ഞെടുത്തിരിക്കുന്നത്. അടിമത്തത്തിൽ നിന്നുള്ള ഓരോ മോചനവും ഒരു പുതിയ പുറപ്പാടാണ്. മോശയെപ്പോലെ (പുറ 4,10) ഗിദയോനും തന്റെ നിസ്സാരത ഏറ്റുപറഞ്ഞു. ഗിദയോനല്ല, കർത്താവു തന്നെയായിരിക്കും ജനത്തിനു രക്ഷ നൽകുന്നത് എന്ന് അയാളെ അനുസ്മരിപ്പിക്കുന്നതാണ് ''ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും" (6,16) എന്ന വാഗ്ദാനം.

കർത്താവു തന്നെയാണ് സംസാരിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്ന അട

യാളമാണ് 6,19-21ൽ വിവരിക്കുന്നത്. ഭക്ഷണമൊരുക്കുന്നതിന്റെ വിവരണം അബ്രഹാം ദൂതന്മാർക്ക് വിരുന്നൊരുക്കിയതിനെ (ഉൽപ 18,3-8) അനുസ്മരിപ്പിക്കുന്നു. പാറയിൽ വച്ച ഇറച്ചിയും അപ്പവും അഗ്നിയിറക്കി ദഹിപ്പിച്ചപ്പോൾ കർത്താവ് അതൊരു ദഹനബലിയായി സ്വീകരിക്കുകയായിരുന്നു. കർത്താവാണ് തനിക്കു പ്രത്യക്ഷപ്പെട്ടതെന്നും അവിടുന്ന് മാത്രമാണ് ദൈവമെന്നും ഗിദയോനു ബോധ്യമായി (6,22; 1 രാജാ 18,38-39). കർത്താവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ ഗിദയോൻ തന്റെ പാപാവസ്ഥയെക്കുറിച്ചു ബോധവാനായപ്പോൾ മരണഭീതി അവനെ ഗ്രസിച്ചു. കർത്താവുതന്നെയാണ് അവനു ശക്തിയും ധൈര്യവും പകരുന്നത്. നശിപ്പിക്കാൻ വേണ്ടിയല്ല വിശുദ്ധീകരിച്ച് വലിയൊരു ദൗത്യവുമായി അയയ്ക്കാൻ വേണ്ടിയാണ് കർത്താവ് അയാൾക്ക് പ്രത്യക്ഷനായത്. ഈ ദർശനത്തിന്റെ സ്മാരകമായി പണിത ബലിപീഠത്തിന് "കർത്താവ് സമാധാനം" എന്നു പേരിടുന്നതിലൂടെ സമാധാനം കർത്താവിന്റെ ദാനമാണെന്ന് ഏറ്റുപറയുന്നു.

6,25-32 ഗിദയോനു ലഭിച്ച ദൈവവിളിയുടെ മറ്റൊരു വിവരണമായി വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ആദ്യവിളിയിൽ ലഭിച്ച ദൗത്യത്തിന്റെ നിർവ്വഹണം ആരംഭിക്കുന്നതായി ഇതിനെ കാണാവുന്നതാണ്. കർത്താവിനെ പരിത്യജിച്ച് അന്യദൈവങ്ങളെ ആരാധിച്ചതാണ് ഇസ്രായേലിന്റെ ദുരിതങ്ങൾക്കു കാരണം. അതിനാൽ സ്വന്തം ഭവനം ശുദ്ധീകരിച്ചുകൊണ്ടുവേണം വിമോചനപ്രവൃത്തി ആരംഭിക്കാൻ. മനാസ്സെ വംശജർ ബാൽ-അഷേറാ ദേവതകളെ ആരാധിക്കുകയും അവരുടെ വിഗ്രഹങ്ങൾ തകർത്തതിന്റെ പേരിൽ ഗിദയോനെ വധിക്കാൻ ശ്രമിക്കുകയും ചെയ്തതിൽ നിന്ന് അവർ എത്ര മാത്രം വിഗ്രഹാരാധനയിൽ ആണ്ടുപോയിരുന്നു എന്നു മനസ്സിലാക്കാം. ബാലിനു ബലിയർപ്പിക്കാൻ വേണ്ടി ഉഴിഞ്ഞുവച്ചിരുന്നതാവാം ഗിദയോൻ ബലിയർപ്പിച്ച കാള. ഗിദയോന്റെ പിതാവായ യോവാഷ് നഗരവാസികൾക്കു നൽകുന്ന മറുപടി വിഗ്രഹത്തിന്റെ വ്യർത്ഥത വ്യക്തമാക്കുന്നു. വിചാരണ ചെയ്യുക, കുറ്റം വിധിക്കുക എന്നൊക്കെ അർത്ഥമുള്ള റീബ് എന്ന ക്രിയാധാതു ബാൽ എന്ന പേരിനോടുകൂടി കൂട്ടിച്ചേർത്തതാണ് ജെറൂബ് ബാൽ എന്ന പേര്. "കഴിയുമെങ്കിൽ ശിക്ഷിച്ചുകൊണ്ട് ബാൽ സ്വയം തെളിയിക്കട്ടെ" എന്നാണ് പേരിന്റെ അർത്ഥം.

### യുദ്ധവും വിജയവും 6,33-8,3

കാനാൻ ദേശത്തെ ഏറ്റം ഫലപുഷ്ടമായ പ്രദേശമാണ് ജെസ്രേൽ താഴ്വര. അവിടെ താവളമടിച്ചുകൊണ്ടാണ് മറ്റു ഭാഗങ്ങളിലേക്ക് മിദിയോൻകാർ ആക്രമണത്തിനു പുറപ്പെടുക (6,33). കർത്താവിന്റെ ആത്മാവ് ഒരു വസ്ത്രമെന്ന പോലെ ഗിദയോനെ മൂടി എന്നാണ് ''ആവസിച്ചു" എന്ന



ഹീബ്രുവാക്കിന്റെ വ്യാചാർത്ഥം. ഇനി അങ്ങോട്ട് ഗിദയോൻ കർത്താവിന്റെ ഒരു ഉപകരണം മാത്രമായിരിക്കും. സൈന്യത്തെ വിളിച്ചുകൂട്ടുന്നതിനുവേണ്ടിയാണ് കാഹളം ഊതിയത്. ആദ്യമെ ഗിദയോന്റെ വംശവും ഗോത്രവും, തുടർന്ന് അഷേർ, സെബലൂൺ, നഫ്ത്താലി ഗോത്രങ്ങളും അയാളുടെ പിന്നിൽ അണിനിരന്നു (6,35). വടക്കൻ ഗോത്രങ്ങളിൽ ഏറ്റം പ്രമുഖമായ സ്ഥാനം വഹിക്കുന്ന ഏഫ്രേമിനെ ക്ഷണിക്കാത്തതിന്റെ പേരിൽ പിന്നീട് പ്രശ്നങ്ങളുണ്ടായത് 8,1-ൽ വിവരിക്കുന്നു.

കർത്താവാണ് തന്നെ അയയ്ക്കുന്നതെന്ന് അവസാനമായി ഒരിക്കൽകൂടി ഉറപ്പുവരുത്താൻവേണ്ടി ഗിദയോൻ നടത്തിയ പരീക്ഷണം 6,36-40ൽ വിവരിക്കുന്നു. സംശയാതീതമായ ഒരു അടയാളംഎന്നതിലുപരി കമ്പിളിവസ്ത്രംകൊണ്ടു നടത്തിയ പരീക്ഷണത്തിന് എന്തെങ്കിലും അർത്ഥമുള്ളതായി തോന്നുന്നില്ല. തന്നെ പരീക്ഷച്ചതിന്റെ പേരിൽ മരുഭൂമിയിൽ വച്ചു ജനത്തോടു കോപിച്ച ദൈവം ഇവിടെ ഗിദയോന്റെ യാചനകൾക്ക് ക്ഷമാപൂർവ്വം ഉത്തരം നൽകുന്നു. ഭീരുവായ നേതാവിന് ധൈര്യം പകരുന്നതാണ് ഈ അടയാളം. താബോർ മലയിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ തെക്കുപടിഞ്ഞാറായിട്ടാണ് ഇസ്രയേല്യരും മിദിയാൻകാരും പാളയമടിച്ച സ്ഥലങ്ങൾ. (മിദിയാൻകാർ പാളയമടിച്ച മോറെക്കുന്നിനെ പി.ഒ.സി. ബൈബിളിൽ മോറിയാക്കുന്ന് എന്ന് തെറ്റായി അടിച്ചിരിക്കുന്നു.) യുദ്ധം ചെയ്യാൻ ഒരുങ്ങിവന്ന മുപ്പത്തീരായിരം പേരിൽ നിന്ന് മുന്നൂറുപേരെ മാത്രം തിരഞ്ഞെടുത്ത പ്രക്രിയ 7,1-8ൽ വിവരിക്കുന്നു. ഇസ്രായേലിന്റെ ആൾബലമല്ല, കർത്താവാണ് വിജയം നൽകുന്നത് എന്ന് അനുസ്മരിപ്പിക്കാൻ വേണ്ടിയാണ് ഇത്രയും ചെറിയ ഒരു സംഘത്തെ മാത്രം തിരഞ്ഞെടുത്തത്. ഭീരുക്കളെ തിരിച്ചയച്ചത് (7,3) മനസിലാക്കാൻ എളുപ്പമുണ്ട്. എന്നാൽ ജലാശയത്തിൽ വച്ചു നടത്തിയ പരീക്ഷണം (7,4-7) എന്താണെന്നു വ്യക്തമല്ല. കർത്താവു നൽകിയ ഒരടയാളം എന്നുമാത്രമേ അതിനെക്കുറിച്ചു പറയാനാവൂ. കാഹളങ്ങളും ഭരണികളും ശേഖരിച്ചത് യുദ്ധത്തിൽ ഉപയോഗിക്കാൻ പോകുന്ന തന്ത്രത്തിനു വേണ്ടിയാണ്.

പലതവണ ഉറപ്പുകിട്ടിയിട്ടും ഭയം വിട്ടുമാറാത്ത ഗിദയോനു ധൈര്യം പകരാൻ വേണ്ടി കർത്താവു നൽകിയ അവസാനത്തെ അടയാളമാണ് 7,9-14ൽ വിവരിക്കുന്ന സ്വപ്നവും വ്യാഖ്യാനവും, പാളയത്തിനു പുറത്തു കാവൽനില്ക്കുന്ന രണ്ടുപടയാളികൾ തമ്മിലുള്ള സംഭാഷണത്തിലൂടെ ലഭിക്കുന്ന സന്ദേശം കർത്താവിന്റെ തന്നെ വാക്കുകളായി ഗിദയോൻ മനസ്സിലാക്കി. ഉണങ്ങിവരണ്ട ബാർലിയപ്പം നിസ്സാരവും ഉപയോഗശൂന്യവുമായതുപോലെ കൃഷീവലനായ ഗിദയോൻ നിസ്സാരവും ദുർബ്ബലനുമാണ്. എന്നാൽ മനുഷ്യദൃഷ്ടിയിൽ അസാധ്യമായത് ദേവം നിഷ്പ്രയാസം സാധിക്കുന്നു.

നബുക്കദ്നേസറിന്റെ സ്വപ്നത്തിൽ (ദാനി 2,34) ഈ സ്വപ്നത്തിന്റെ സ്വാധീനം കാണാം. "മിദിയാൻകാരെ ദൈവം ഗിദയോന്റെ കൈകളിൽ ഏല്പിച്ചിരിക്കുന്നു" എന്ന പ്രസ്താവന (7,14) യുദ്ധം തുടങ്ങുന്നതിനുമുമ്പേ ഫലം പ്രഖ്യാപിക്കുന്നു.

7,15–22ൽ തികച്ചും അസാധാരണമായ ഒരു യുദ്ധതന്ത്രവും അതുവഴി ലഭിച്ച വിജയവും വിവരിക്കുന്നു. സ്വപ്നത്തിന്റെ വ്യാഖ്യാനത്തിലൂടെ ലഭിച്ച സന്ദേശത്തിന്റെ പേരിൽ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടാണ് ഗിദയോൻ യുദ്ധത്തിന് സൈന്യത്തെ ഒരുക്കുന്നത്. നൂറുപേർവീതമുള്ള മൂന്നുഗണങ്ങൾ ശത്രുപാളത്തിന്റെ വിവിധഭാഗങ്ങളിൽ നിലയുറപ്പിക്കുന്നതിലൂടെ പാളയം മുഴുവൻ വലയം ചെയ്യപ്പെട്ടു എന്ന പ്രതീതി ഉളവാകുന്നു. ആദ്യമേ മുന്നൂറു കാഹളങ്ങൾ ഒരുമിച്ചു മുഴക്കുക; തുടർന്ന് മൺകുടം തറയിൽ എറിഞ്ഞ് ഉടയ്ക്കുക; എന്നിട്ട് ആർത്തട്ടഹസിക്കുക. ഇതായിരുന്നു ഗിദയോൻ ആസൂത്രണം ചെയ്ത യുദ്ധതന്ത്രം.

രാവും പകലും മൂന്നുയാമങ്ങളായി തിരിച്ചാണ് ആദ്യകാലങ്ങളിൽ സമയം കണക്കാക്കിയിരുന്നത്. പത്തുമണിമുതൽ രണ്ടുമണി വരെയാണ് മധ്യയാമം. പുതിയ നിയമകാലത്ത് റോമൻ സ്വാധീനത്തിൽ രാവും പകലും നാലുയാമങ്ങൾ വീതമായി തിരിച്ചിരിക്കുന്നു. സൈന്യം മുഴുവൻ ഗാഢനിദ്രയിൽ ആണ്ടുകിടക്കുന്ന സമയത്താണ് ഗിദയോന്റെ ആക്രമണം. ഭടന്മാർ കാവൽമാറുന്ന സമയമായതിനാൽ ഉറങ്ങാത്തെ രണ്ടുഗുണം സൈന്യമുണ്ടായിരിക്കും. അപ്രതീക്ഷിതമായുണ്ടായ ഭീകരാരവവും പാളയത്തിനു ചുറ്റും മിന്നുന്ന പന്തങ്ങളും ഉറക്കത്തിൽ നിന്നു ഞെട്ടിയുണർന്ന പടയാളികളെ ഭയാക്രാന്തരാക്കി. ശത്രു സൈന്യം പാളയത്തിൽ കടന്നു എന്നുകരുതിയ മിദിയാൻകാർ മങ്ങിയ വെളിച്ചത്തിൽ ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാൻ കഴിയാതെ പരസ്പരം വെട്ടിമരിച്ചു. ശേഷിച്ചവർ വന്നവഴിയെ പലായനം ചെയ്തു. പന്തം വീശിയപം കാഹളമൂതിയും കൊണ്ട് ഇസ്രായേൽക്കാർ പാളയത്തിന്റെ അതിർത്തികളിൽ നിലയുറപ്പിച്ചപ്പോൾ മിദിയാൻകാരെ പരിഭ്രാന്തരാക്കുകയും പരസ്പരം വെട്ടിമരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തതു കർത്താവാണ് എന്നു പ്രത്യേകം എടുത്തു പറയുന്നു (7,22).

ഓടിപ്പോയവരെ തടഞ്ഞുനിർത്തി കൊന്നു കൊള്ളയടിച്ചതിന്റെ വിവരണത്തിൽ (7,23–25) വൈരുധ്യം കാണാം. മുന്നൂറുപേരൊഴികെ ബാക്കി എല്ലാവരെയും മടക്കി അയച്ചെങ്കിൽ ഏതാനും മണിക്കൂറുകൾക്കകം അവരെയെല്ലാം വീണ്ടും എങ്ങിനെ ഒരുമിച്ചുകൂട്ടാൻ കഴിഞ്ഞു എന്ന സംശയം ഉദിക്കുന്നു. യുദ്ധത്തിനു ക്ഷണിക്കാതിരുന്ന എഫ്രേംകാരെ ഒറ്റരാത്രിയിൽ വിവരമറിയിച്ചതും സംശയാസ്പദമാണ്. രണ്ടു വിവരണങ്ങൾ കൂട്ടിയോജിപ്പിച്ച



തായിരിക്കും ഈ വൈരുദ്ധ്യങ്ങൾക്കു കാരണം. തന്റെ വംശത്തിൽ പെട്ട മുന്നൂറുപേരുടെ സഹായത്തോടെ ഗിദയോൻ നടത്തിയ മിന്നലാക്രമണത്തിന്റെ വിവരണമാണ് ഒന്ന്. ഇതിന്റെ തുടർച്ചയാണ് 8,4–21ൽ കാണുന്ന അനുധാവനം. നാല് ഇസ്രായേൽ ഗോത്രങ്ങൾ ഒത്തൊരുമിച്ച് ഗിദയോന്റെ നേതൃത്വത്തിൽ മിദിയാൻകാർക്കെതിരെ നടത്തിയ യുദ്ധത്തിന്റെ വിവരണമാണ് രണ്ടാമത്തേത്.

എഫ്രേംകാരുടെ ചെയ്തികൾ പ്രത്യേകം വിവരിക്കുന്നതിലൂടെ (7,24) അവരുടെ പരാതിക്കുള്ള മറുപടിയക്ക് (8,1–3) കളമൊരുക്കുന്നു. മിദിയാൻകാർ ഇസ്രായേൽക്കാർക്കു വരുത്തിവച്ച നാശങ്ങളെ സൂചിപ്പിക്കുന്നതാണ് അവരിൽ രണ്ടുപ്രഭുക്കന്മാരുടെ പേരുകൾ. മലങ്കാക്ക എന്നാണ് ഓറെബ് എന്ന പേരിന്റെ അർത്ഥം. സേബ് എന്ന പേരിന് ചെന്നായ് എന്നും. "എഫ്രേമിലെ കാലാപെറുക്കിൽ അബിയേസറിന്റെ മുന്തിരികൊയ്തിനെക്കാൾ എത്രയോ മെച്ചം" (3,2) എന്ന പഴഞ്ചൊല്ലിൽ മുഖസ്തുതിയുണ്ട്. തങ്ങളുടെ പ്രാമുഖ്യം അംഗീകരിച്ചുകിട്ടിയതിനാൽ എഫ്രേം ഗോത്രജർ സംതൃപ്തരായി. അന്യർക്ക് അംഗീകാരം നൽകുന്നത് ശത്രുത ഒഴിവാക്കാനും ശത്രുക്കളെപ്പോലും മിത്രങ്ങളാക്കി മാറ്റാനും സഹായിക്കും. പൊങ്ങച്ചം പറയുന്നതിനേക്കാൾ മെച്ചമാണ് മറ്റുള്ളവരുടെ കഴിവുകളെയും നേട്ടങ്ങളെയും പ്രശംസിക്കുന്നത്.

## രക്തത്തിനു പ്രതികാരം 8,4–21

ജോർദ്ദാൻ കടന്ന് രക്ഷപ്പെട്ട മിദിയാൻ രാജാക്കന്മാരെ ഗിദയോൻ പിന്തുടർന്നു പിടിച്ചു ശിക്ഷിച്ചതോടെയാണ് വിജയം പൂർണ്ണമാകുന്നത്. ആവശ്യമായ ഭക്ഷണസാധനങ്ങൾ യാത്രാമധ്യേ ലഭിക്കും എന്ന് ഗിദയോൻ കരുതി. സുക്കോത്തും പെനുവേലും ഗാദ് ഗോത്രത്തിലെ നഗരങ്ങളായിരുന്നു. യാക്കോബ് അപരിചിതനുമായി രാത്രിയിൽ മല്പിടുത്തം നടത്തിയ സ്ഥലമാണ് പെനുവേൽ. യുദ്ധസ്ഥലത്തുനിന്നു ഏകദേശം 80 കിലോമീറ്റർ കിഴക്കാണ് ഈ നഗരങ്ങൾ. ഗോത്രങ്ങൾ തമ്മിൽ നിലനില്ക്കേണ്ട സൗഹൃദവുമ സഹകരണവും മറന്ന് നഗരവാസികൾ ഗിദയോനും സംഘത്തിനും സഹായം നിഷേധിച്ചു. തല്കാലം തോറ്റോടിയെങ്കിലും മിദിയാൻകാർ തിരിച്ചുവന്ന് തങ്ങളെ ശിക്ഷിച്ചേക്കും എന്ന ഭയമാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. സഹോദരസ്നേഹത്തെക്കാൾ സ്വന്തം സുരക്ഷിതത്വത്തിനു പ്രാധാന്യം കൽപിച്ച അവർക്കെതിരെ കഠിനമായ താക്കീതു നൽകിയിട്ട് ഗിദയോൻ യാത്രതുടർന്നു. നിരത്തിയിട്ട കറ്റകൾക്കുമുകളിൽ മെതിവണ്ടി വലിക്കുന്നതുപോലെ മുൾക്കിടയിലിട്ട് അവരെ ചവുട്ടിമെതിക്കും എന്നതാണ് ഗിദയോൻ സുക്കോത്തുകാർക്കു നൽകിയ താക്കീത്. രണ്ടു നഗരങ്ങൾക്കും നൽകിയ താക്കീതുകൾ (8,5–9) യുദ്ധം ജയിച്ചു മടങ്ങിവന്ന ഗിദയോൻ നടപ്പാക്കി (8,14–17).

പെനുവേലിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ തെക്കുകിഴക്ക്, മരുഭൂമിയിൽ സുരക്ഷിതരെന്നുകരുതി പാളയമടിച്ച മിദിയാൻ രാജാക്കന്മാരെ ഗിദയോനും സംഘവും മിന്നലാക്രമണത്തിലൂടെ പരാജയപ്പെടുത്തി. യുദ്ധം തുടങ്ങിയ ഓഫ്രായിലേക്കു കൊണ്ടുവന്ന് രാജാക്കന്മാരെ ചോദ്യം ചെയ്യുമ്പോൾ ഗിദയോൻ അവരെ പിന്തുടർന്നതിന്റെ യഥാർത്ഥ കാരണം (18,18-21) വ്യക്തമാകുന്നു. താബോറിൽ വച്ച് കൊല്ലപ്പെട്ട തന്റെ സഹോദരന്മാരുടെ രക്തത്തിനു പ്രതികാരം ചെയ്യാൻ വേണ്ടിയാണ് അയാൾ ഈ സാഹസത്തിനു മുതിർന്നത്. കൊലയാളിയെ വധിച്ചുകൊണ്ടു കൊല്ലപ്പെട്ടവനു നീതി നടത്തിക്കൊടുക്കാൻ ഉറ്റബന്ധുവിന് കടമയുണ്ട്. ഈ ധർമ്മം നിർവ്വഹിക്കാൻ ഗിദയോൻ തന്റെ ആദ്യജാതനോട് ആവശ്യപ്പെട്ടു. യുവാവായ യഥറിന്റെ ഭീരുത്വവും തോൽപിക്കപ്പെട്ട രാജാക്കന്മാരുടെ അഭിമാനവും എടുത്തു കാട്ടുന്നതാണ് 8,20-21ലെ വിവരണം. "ദഹനബലി" എന്നാണ് "സേബാ" എന്ന പേരിന്റെ അർത്ഥം; സൽമുന്നാ എന്ന പേരിന് 'ആതിഥ്യം നിഷേധിക്കൽ" എന്നും വിവരിച്ച സംഭവങ്ങളുമായി ഈ പേരുകൾക്ക് പ്രതീകാത്മക ബന്ധമുണ്ട്.

## രാജത്വവും എഫോദും 8,22-28

ശക്തനായ ഒരു നേതാവിന്റെ കീഴിൽ ഗോത്രങ്ങൾ ഒരുമിച്ചു യുദ്ധം ചെയ്യുമ്പോൾ ലഭിക്കുന്ന വിജയം കണ്ടറിഞ്ഞ ജനം ഒരു രാജവംശം സ്ഥാപിക്കാൻ ആഗ്രഹിച്ചു. ആരെല്ലാം ഈ അഭ്യർത്ഥനയിൽ പങ്കുചേർന്നു എന്നു വ്യക്തമല്ല. എന്നാലും രാജഭരണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധത്തിന്റെ ആരംഭം ഇവിടെ കാണാം. ഫിലിസ്ത്യരുടെ ആക്രമണം രൂക്ഷമാവുകയും ഇസ്രായേൽ ജനം വലിയ പ്രതിസന്ധിയിലാവുകയും ചെയ്യുമ്പോൾ ഈ ആവശ്യം കൂടുതൽ ശക്തിപ്പെടും (1 സാമു 8). ഗിദയോന്റെ മറുപടിയിൽ (8,23) രാജഭരണത്തെക്കുറിച്ച് നിഷേധാത്മകമായ ഒരു കാഴ്ചപ്പാട് വ്യക്തമാകുന്നു. അടുത്ത അധ്യായത്തിൽ വിവരിക്കുന്ന അബിമെലെക്കിന്റെ രാജത്വം ഈ കാഴ്ചപ്പാടിന്റെ വ്യക്തമായ തെളിവാണ്. കർത്താവാണ് ഇസ്രായേലിന്റെ രാജാവ്. അവിടുത്തോട് ചേർന്ന് നില്ക്കുന്നിടത്തോളംകാലം അവർക്കു സംരക്ഷണം ലഭിക്കും; അവിശ്വസ്തരായിത്തീർന്നാൽ ഒരു രാജാവിനും അവരെ രക്ഷിക്കാൻ കഴിയില്ല എന്ന നിലപാടാണ് ഈ വിവരണങ്ങളിൽ പ്രതിഫലിക്കുന്നത്.

വച്ചുനീട്ടിയ രാജത്വം ഗിദയോൻ നിഷേധിച്ചെങ്കിലും രാജാവിന്റേതായ പല (ദുർ)ഗുണങ്ങളും അയാൾ സ്വീകരിച്ചതായി കാണാം. സ്വന്തമായി വലിയ സ്വത്തു സമ്പാദിച്ചു; രാജകീയ വേഷഭൂഷാദികൾ സ്വീകരിച്ചു; അനേകം ഭാര്യമാരെ വച്ചുകൊണ്ടിരുന്നു. 'എന്റെ പിതാവ് രാജാവ്' എന്നർത്ഥമുള്ള അബിമെലെക് എന്ന പേര് സ്വന്തം മകനു നൽകി. ഇവയേക്കാൾ എല്ലാം അപകടകരമായിത്തീർന്നതാണ് അയാൾ നിർമ്മിച്ച എഫോദ്. രാജത്വത്തിനു പകരം സ്വർണ്ണാഭരണങ്ങൾ ചോദിച്ചുവാങ്ങിയ ഗിദയോൻ അതുകൊണ്ട് ഒരു എഫോദ് നിർമിച്ചു. എന്താണ് എഫോദ് എന്ന കാര്യത്തിൽ തർക്കമുണ്ട്. പ്രധാനപുരോഹിതൻ മാറിൽ ധരിക്കുന്ന ഒരു ഔദ്യോഗിക വസ്ത്രമായി പുറ 28,6ൽ അതിനെ വിശദീകരിക്കുന്നു. ദൈവഹിതം അറിയാൻ ഉപയോഗിക്കുന്ന ഉറിം, തുമ്മിം എന്നീ ഉപകരണങ്ങളുമായി ബന്ധപ്പെട്ടതാണ് എഫോദ്. ഈ വസ്ത്രത്തിന്റെ പൊന്നിൽ തീർത്ത ഒരു മാതൃകയോ, ഉറിം-തുമ്മിം സൂക്ഷിക്കുന്ന പൊൻപാത്രമോ, പ്രതിമയോ ആകാം ഇവിടെ വിവക്ഷിക്കുന്നത്. ദൈവഹിതം ആരാഞ്ഞറിയുക എന്നതായിരുന്നു ഗിദയോൻ എഫോദ് നിർമ്മിച്ചതിന്റെ ലക്ഷ്യം. എന്നാൽ ഏറെ താമസിയാതെ അത് ജനത്തെ വഴിപിഴപ്പിക്കുന്ന ഒരു വിഗ്രഹമായിത്തീർന്നു.



യുദ്ധത്തിന്റെ പ്രതിസന്ധിയിൽ ധീരമായ നേതൃത്വം നല്കിയ ഗിദയോൻ സമ്പത്തും സമാധാനവും ഉണ്ടായപ്പോൾ അധഃപതിച്ചതിന്റെ തുടക്കമാണ് എഫോദ് നിർമ്മാണം. ബഹുഭാര്യാത്വം (8,25-35) ആ പതനത്തിന് വേഗത കൂട്ടി. എഴുപതു പുത്രന്മാരെയും ഉപനാരിയിൽ ജനിച്ച അബിമെല്ക്കിനെയുംക്കുറിച്ചുള്ള പരാമർശം (8,29-31) അടുത്ത വിവരണത്തിനു വഴിയൊരുക്കുന്നു. കാനാൻകാർ ആരാധിച്ചിരുന്ന ബാൽദേവനെയും യാഹ്വെയേയും സംയോജിപ്പിച്ചുണ്ടാക്കിയ പുതിയ ഒരു ദൈവമാണ് ബാൽബെറിത്ത്. ഉടമ്പടിയുടെ ബാൽ എന്നാണ് ഈ പേരിന് അർത്ഥം. വിശ്വാസത്തനിമ നഷ്ടപ്പെട്ട് വിഗ്രഹാരാധനയിൽ മുഴുകുന്ന ഒരു ജനത്തിന്റെ ചിത്രം ഇവിടെ പ്രത്യക്ഷമാകുന്നു. കർത്താവിനെ മറന്ന ജനം അവിടുന്ന് അയച്ച രക്ഷകനായ ഗിദയോനെയും മറന്നു (8,35).

**വിചിന്തനം:** ഭീരുവായ ഒരു കർഷകനിലൂടെ ദൈവം നൽകിയ വിമോചനത്തിന്റെ കഥയാണിത്. കർത്താവു രക്ഷ നൽകുന്നില്ല എന്നു വിലപിച്ചിരുന്നവനിൽ കർത്താവിന്റെ ആത്മാവു നിറഞ്ഞപ്പോൾ അയാൾ ശക്തനായ ഒരു നേതാവുമായി മാറി. കാഹളവും പന്തവും മൺകുടവും മാത്രം ആയുധമായുണ്ടായിരുന്ന മുന്നൂറു കർഷകർ അയാളുടെ നേതൃത്വത്തിൽ അതിശക്തമായൊരു സൈന്യത്തെ പരാജയപ്പെടുത്തി. ദൈവാത്മാവിന്റെ പ്രചോദനത്തിനു സ്വയം വിട്ടുകൊടുക്കുന്നവരിലൂടെ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കും. ഇസ്രായേൽ കർഷകരെ കൊള്ളയടിച്ചിരുന്ന മിദിയാൻകാർക്ക് വേഗതയേറിയ ഒട്ടകങ്ങൾ ഉണ്ടായിരുന്നെങ്കിലും പരിഭ്രാന്തരായി പരസ്പരം പടവെട്ടി മരിക്കേണ്ടിവന്നു.

ഇന്ന് ലോകം മുഴുവൻ കൊള്ളയടിക്കുകയും, വെള്ളവും വായുവും

മണ്ണും വിഷലിപ്തമാക്കുകകയും, ജീവന്റെ നിലനിൽപുതന്നെ അപകടത്തിലാക്കുകയും ചെയ്യുന്ന ബഹുരാഷ്ട്രകുത്തകകളും വ്യവസായസ്ഥാപനങ്ങളും അജയ്യമായ ശക്തികളായിത്തോന്നിയേക്കാം. എന്നാൽ കർത്താവിന്റെ ചൈതന്യത്താൽ നിറഞ്ഞ ചെറിയ മനുഷ്യർക്ക്, കൊച്ചു കൊച്ചു സമൂഹങ്ങൾക്ക്, ഈ ആധുനിക വിപത്തിനെ നേരിടാൻ കഴിയും. "കർത്താവിനും ഗിദയോനും വേണ്ടി ഒരു വാൾ' എന്ന മുദ്രാവാക്യം 'കർത്താവിനും ജീവനും വേണ്ടി' എന്നു തിരുത്തണം. ചുരുക്കം പേരുടെ സുഖഭോഗങ്ങളും സമ്പത്തുമല്ല, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ നിലനിൽപും സുസ്ഥിതിയുമാണ് കർത്താവിന്റെ ലക്ഷ്യം. അതിനുവേണ്ടി യത്നിക്കുന്നവർ കർത്താവിനോടു ചേർന്നു നില്ക്കുന്നു. അലസതയും ഭയവും വെടിഞ്ഞ്, മാളങ്ങളിൽ നിന്നിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാവിന്റെ അഗ്നിയിൽ നിറഞ്ഞ്, സ്വാർത്ഥതയുടെ മൺകുടങ്ങൾ തകർത്ത്, ദൈവവചനമാകുന്ന കാഹളം അതിശക്തമായി ഊതേണ്ട സമയമാണിത്- സർവ്വസംഹാരിയായ മാമോന്റെ സർവ്വാധിപത്യത്തിനെതിരെയുള്ള ധർമ്മ സമരത്തിന്റെ സമയം.

### 6. അബിമെലെക്ക് 9,1-57

ശത്രുക്കളുടെ പീഡനങ്ങളിൽ നിന്ന് ഇസ്രായേൽ ജനത്തിനു രക്ഷ നൽകിയവരുടെ ചരിത്രമാണ്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ പൊതുവെ പ്രതിപാദിക്കുന്നത്. എന്നാൽ അതിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു കഥയാണ് അബിമെലെക്കിന്റേത്. വിമോചനത്തിന്റെയും രക്ഷയുടെയുമല്ല, പാപത്തിന്റെയും ശിക്ഷയുടെയും കഥയാണിത്. ഉപജാപങ്ങളിലൂടെയും ആക്രമത്തിലൂടെയും രാജാവാകുകയും, ജനത്തിനും തനിക്കുതന്നെയും നാശം വരുത്തിവയ്ക്കുകയും ചെയ്ത വ്യക്തിയാണ് അബിമെലേക്ക്. രാജഭരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ചുള്ള വ്യക്തമായൊരു വിലയിരുത്തൽ ഈ വിവരണത്തിൽ കാണാം.

ഷെക്കം നിവാസികളുടെ സഹായത്തോടെ അബിമെലെക്ക് രാജാവായി വാഴിക്കപ്പെട്ടതിന്റെ ചരിത്രം 9,1-6ൽ വിവരിക്കുന്നു. ജനം വച്ചുനീട്ടിയ രാജത്വം ഗിദയോൻ തിരസ്കരിച്ചെങ്കിലും രാജാവിന്റേതായ ചില അവകാശങ്ങളും അധികാരങ്ങളും അയാൾക്ക് ഉണ്ടായിരുന്നുവെന്ന് അബിമെലെക്കിന്റെ വാദത്തിൽ നിന്ന് (9,2) അനുമാനിക്കാം. ഗിദയോന്റെ എഴുപതുമക്കളും രാജത്വത്തിനുവേണ്ടി അവകാശവാദം ഉന്നയിച്ചോ എന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ലെങ്കിലും പിന്തുടർച്ചാവകാശത്തിന്റെ പ്രശ്നം ഉണ്ടായി എന്ന് ഈ വിവരണത്തിൽ നിന്ന് വ്യക്തമാകുന്നു. അമ്മവീട്ടുകാരുടെ സഹായത്തോടെയാണ് അബിമെലെക്ക് ഷെക്കെം നിവാസികളെ സ്വാധീനിച്ചത്. അധികപങ്കും കാനാന്യർ വസിക്കുന്ന ഒരു നഗരമാണ് ഷെക്കെം. ജോഷ്വാ അവിടെ വച്ച് ഉടമ്പടി



നവീകരിച്ചെങ്കിലും, നഗരവാസികൾ തങ്ങളുടെ പൂർവ്വാചാരങ്ങൾ തിരസ്കരിക്കുകയോ ഇസ്രായേലിന്റെ വിശ്വാസം പൂർണ്ണമായി സ്വീകരിക്കുകയോ ചെയ്തില്ല. ബാൽ-ബെറിത്ത് ക്ഷേത്രം ഇതിനു തെളിവാണ്. ഇസ്രായേല്യനായ ഗിദയോന് കാനാന്യസ്ത്രീയിൽ ജനിച്ച പുത്രനാകയാൽ അബിമെലെക്കിന് ഇരുകൂട്ടരുടെയും പിന്തുണ ലഭിക്കാൻ കഴിഞ്ഞു.

ക്ഷേത്ര ഭണ്ഡാരത്തിൽ നിന്നു ലഭിച്ച തുകകൊണ്ട് കൊലയാളികളെ കൂലിക്കെടുത്ത്, എഴുപതു സഹോദരങ്ങളെയും വധിച്ചുകൊണ്ടാണ് രാജത്വത്തിലേക്കുള്ള വഴി തെളിച്ചത്. ഒരു ചെറിയ പട്ടണത്തിലെ പൗരന്മാർ മാത്രമാണ് അബിമെലെക്കിനെ രാജാവായി വാഴിച്ചത് (9,6) എന്നതു ശ്രദ്ധേയമാണ്. ഷെക്കെം പട്ടണത്തിന്റെ കോട്ട കെട്ടിയുറപ്പിച്ച ഭാഗമാണ് ബേത്മില്ലോ എന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ഇസ്രായേലിന്റെ മുഴുവൻ രാജാവായിരുന്നില്ല അബിമെലെക്ക്. 9-22ൽ അയാൾ മൂന്നുവർഷം ഇസ്രായേൽ ഭരിച്ചു എന്നു പറയുന്നെങ്കിലും ഏകദേശം പത്തുകിലോമീറ്റർ ചുറ്റളവിലുള്ള ഷെക്കെം, അറുമാ, തേബെസ് എന്നീ മൂന്നു പട്ടണങ്ങൾ മാത്രമേ ഏതെങ്കിലും വിധത്തിൽ അയാളുമായി ബന്ധപ്പെടുന്നുള്ളൂ. വളരെ ചെറിയ ഒരു മേഖലയിൽ ഒതുങ്ങിനിന്നതും മൂന്നുവർഷം കൊണ്ടുപാളിപ്പോയതുമാണെങ്കിലും, രാജത്വത്തിലുള്ള ഇസ്രായേലിന്റെ ആദ്യത്തെ പരീക്ഷണം എന്ന നിലയിൽ അബിമെലെക്കിന്റെ ചരിത്രം പ്രാധാന്യമർഹിക്കുന്നു.

കൂട്ടക്കുരുതിയിൽ നിന്ന് രക്ഷപ്പെട്ട യോത്താം ഗെരിസിം മലയിൽ കയറിനിന്നു വിളിച്ചുപറഞ്ഞ (9,7-15) ഉപമ ഷെക്കം നിവാസികളെ ആത്മശോധനയ്ക്കു പ്രേരിപ്പിക്കുന്നു. ശ്രേഷ്ഠരായ ഒലിവിനെയും അത്തിയെയും മുന്തിരിയെയും രാജാവാകാൻ ക്ഷണിച്ചെങ്കിലും, മരങ്ങളെ ഭരിക്കുക എന്നതിനേക്കാൾ പ്രധാനപ്പെട്ട ജോലികൾ തങ്ങൾക്കുണ്ടെന്നു പറഞ്ഞ് അവ ഒഴിഞ്ഞുമാറി. അവസാനം ക്ഷണം സ്വീകരിച്ച മുൾപ്പടർപ്പിന്റെ ആത്മപ്രശംസയിൽ ഹാസ്യമുണ്ട്. ചുള്ളിക്കമ്പുകൾ മാത്രമുള്ള മുൾപ്പടർപ്പിന് ആർക്കും തണൽ നൽകാൻ കഴിയില്ല. മാത്രമല്ല, അടുത്തുവരുന്നവരെ മുറിവേല്പിക്കുകയും ചെയ്യും. എന്നാൽ വേഗം തീപിടിക്കുന്നതിനാൽ വനത്തെ മുഴുവൻ ചുട്ടുചാമ്പലാക്കുന്ന തീ കൊളുത്താൻ അതിനു കഴിയും. ഉപകാരപ്രദമായ ഒരു ജോലിയും ചെയ്യാനില്ലാത്തവർ മാത്രമേ രാജത്വം ഏറ്റെടുക്കുകയുള്ളൂ. അവരുടെ ഭരണമാകട്ടെ ഉപയോഗശൂന്യമെന്നു മാത്രമല്ല, വിനാശകരവുമായിരിക്കും എന്നതാണ് ഉപമയുടെ സാരം. ഗിദയോനും മക്കളും ശ്രേഷ്ഠവൃക്ഷങ്ങളുടെയും അബിമെലെക്ക് മുൾപ്പടർപ്പിന്റെയും സ്ഥാനത്താണ് നിൽക്കുന്നതെന്ന സൂചനയും ഉപമയിലുണ്ട്.

യോത്താം തന്നെ നൽകുന്ന വിശദീകരണത്തിൽ (9,16-21) ഉപമയുടെ

അവസാനഭാഗം മാത്രമേ കണക്കിലെടുക്കുന്നുള്ളൂ. ആദ്യഭാഗവും വ്യാഖ്യാനവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഗിദയോന്റെ മക്കൾ തിരസ്കരിച്ചതിനാലല്ല രാജത്വം അബിമെലെക്കിനെ ഏൽപിച്ചത്. മറിച്ച് ഉത്തമരെ നികൃഷ്ടമായി വധിച്ചതിനുശേഷം നീചനെ തിരഞ്ഞെടുക്കുകയായിരുന്നു എന്ന് യോത്താം വിശദീകരിക്കുന്നു. കൊലയാളികളെ അവരുടെ അധർമ്മത്തെയും മൗഢ്യത്തെയും പറ്റി ബോധ്യപ്പെടുത്താൻ വേണ്ടി നിലവിലിരുന്ന ഒരു ഉപമ യോത്താം ഉപയോഗിച്ചതായി അനുമാനിക്കാം. അതുകൊണ്ടാണ് ഈ പൊരുത്തക്കേട്. ഷെക്കം നിവാസികൾക്കും അബിമെലെക്കിനും എതിരേ ശാപവചനങ്ങൾ ഉച്ചരിച്ചതിനുശേഷം മനാസ്സെ ഗോത്രത്തിന്റെ അതിർത്തിക്ക് അപ്പുറത്തുള്ള ബേർ നഗരത്തിലേക്ക് യോത്താം പലായനം ചെയ്തു. യോത്താമിന്റെ ശാപം യാഥാർത്ഥ്യമായിത്തീരുന്നതിന്റെ ചരിത്രമാണ് തുടർന്ന് വിവരിക്കുന്നത്.

വക്രതയിലും അക്രമത്തിലും വേരൂന്നിയ കൂട്ടുകെട്ട് അധികനാൾ നീണ്ടുനിന്നില്ല (9,22-25). ചരിത്രത്തിന്റെ നിയന്താവായ ദൈവം ആക്രമികളെ ശിക്ഷിച്ച് നീതി നടപ്പിലാക്കും എന്ന പാഠമാണ് "ദൈവം അവരുടെ ഇടയിലേക്ക് ദുരാത്മാവിനെ അയച്ചു" (9,23) എന്ന പ്രസ്താവനയിലൂടെ നല്കുന്നത്. സാവൂളിന്റെ പതനത്തിലും ഇപ്രകാരമൊരു വ്യാഖ്യാനം നൽകുന്നുണ്ട്. (1 സാമു 16,14; 18,10). വലിയ രാജപാതകൾ സന്ധിക്കുന്ന ഒരു കേന്ദ്രമായിരുന്നു ഷെക്കെം കച്ചവടക്കാരായ യാത്രക്കാരിൽ നിന്നു ചുങ്കം പിരിക്കുക പതിവായിരുന്നു. രാജാവെന്ന നിലയിൽ അബിമെലെക്കിനു ലഭിക്കേണ്ട ഈ തുക ഷെക്കെംകാർ പിടിച്ചെടുക്കുക മാത്രമല്ല, വഴിപോക്കരെ കൊള്ളയടിക്കുകയും ചെയ്തു. ഇതു രാജാവിന്റെ സമ്പത്തിനും സൽപേരിനും ക്ഷയം വരുത്തി. യോത്താമിന്റെ ശാപം സാക്ഷാൽക്കരിക്കപ്പെടുന്നതിന്റെ ആദ്യപടിയാണിത്.

അബിമെലെക്കിനെതിരേ കലാപത്തിനുള്ള പ്രേരണയാണ് അടുത്തപടി (9,26-33). ഷെക്കെമിൽ വച്ച് രാജാവായി വാഴിച്ചെങ്കിലും, തന്റെ പ്രതിനിധിയായി സെബൂളിനെ ചുമതലയേല്പിച്ചിട്ട് ഏകദേശം പത്തുകിലോമീറ്റർ അകലെയുള്ള അറുമായിലാണ് അബിമെലെക്ക് താമസിച്ചിരുന്നത്. ഈ സാഹചര്യത്തിൽ നിന്ന് മുതലെടുത്ത് കാനാൻകാരനായ ഗാൽ, മുന്തിരി വിളവെടുപ്പുമായി ബന്ധപ്പെട്ട ഉത്സവവേളയിൽ, ഷെക്കെം നിവാസികളെ അബിമെലെക്കിനും സെബൂളിനും എതിരേ ഇളക്കിവിട്ടു. വിവരം അറിഞ്ഞ അബിമെലെക്ക് സെബൂൾ നിർദ്ദേശിച്ച തന്ത്രം ഉപയോഗിച്ച് കലാപം അടിച്ചൊതുക്കി (9,34-41). പക്ഷേ അതുകൊണ്ടു തൃപ്തനായില്ല.

തന്റെ അധികാരത്തെ ചോദ്യം ചെയ്ത നഗരവാസികളെ നഗരത്തോടൊപ്പം നശിപ്പിക്കാനാണ് അബിമെലെക്കിന്റെ അടുത്ത ശ്രമം (9,42-49). "ജനങ്ങൾ വയലിലേക്കു പോയി" എന്ന പ്രസ്താവനയുടെ അർത്ഥത്തെക്കുറിച്ച് അഭിപ്രായഭിന്നതയുണ്ട്. കലാപം ഒതുങ്ങിയതിനാൽ ജനം സമാധാനമായി തങ്ങളുടെ കൃഷികാര്യങ്ങളിൽ വ്യാപൃതരായി എന്ന് ഒരു കൂട്ടർ വ്യാഖ്യാനിക്കുന്നു. മറ്റു ചിലരാകട്ടെ 9,25ൽ സൂചിപ്പിക്കുന്ന കവർച്ചക്കാർ തങ്ങളുടെ പ്രവൃത്തി തുടർന്നുവെന്നും, കവർച്ചക്കാർക്കെതിരെയുള്ള ശിക്ഷാ നടപടിയുടെ ഇടയ്ക്കു ചേർത്തതാണ് ഗാലിന്റെ കലാപം എന്നും രണ്ടാമത്തെ കൂട്ടർ അഭിപ്രായപ്പെടുന്നു. ആദ്യത്തെ വ്യാഖ്യാനമാണ് സാഹചര്യവുമായി കൂടുതൽ ഒത്തു പോകുന്നത്. തന്ത്രപരമായ നീക്കങ്ങളിലൂടെ ജനത്തെ കൊന്നൊടുക്കുകയും നഗരം ഇടിച്ചുനിരത്തുകയും ഗോപുരം തീവെച്ചു നശിപ്പിക്കുകയും ചെയ്തതോടെ ഷെക്കെം നിവാസികൾക്ക് അവർ അർഹിച്ച ശിക്ഷ ലഭിച്ചു. യോത്താമിന്റെ ശാപത്തിന്റെ ആദ്യഭാഗം പൂർത്തിയായി.

ഷെക്കെമിന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന തേബെസ് പട്ടണം നശിപ്പിക്കാനുള്ള ശ്രമത്തിലാണ് ശാപം പൂർണ്ണമായും നിറവേറിയത് (9,50-57). ഷെക്കെമിലെ കലാപത്തിൽ തെബെസും പങ്കുചേർന്നതിനാലാവാം അബിമെലെക്ക് ആ പട്ടണവും നശിപ്പിക്കാൻ ശ്രമിച്ചത്. എന്നാൽ ഷെക്കെമിനെതിരേ വിജയിച്ച തന്ത്രം ഇവിടെ ഫലപ്രദമായില്ല. ഗോപുരത്തിന്റെ മുകൾത്തട്ടിൽനിന്ന് ഒരു സ്ത്രീ തിരികല്ലിൻപിള്ളയെറിഞ്ഞ് അയാളുടെ തല തകർത്തു. ദൈവം അബിമെലെക്കിനും ഷെക്കെം നിവാസികൾക്കും അവരുടെ അതിക്രമങ്ങൾക്കും തക്ക ശിക്ഷ നൽകി (9,56-57) എന്ന ഗുണപാഠത്തോടെയാണ് വിവരണം സമാപിക്കുന്നത്.

**വിചിന്തനം:** ഉപകാരപ്രദമായ മറ്റൊരുതൊഴിലും ഇല്ലാത്തവരാണ് രാജാവാകാൻ സമ്മതിക്കുന്നത് എന്ന ഉപമയുടെ പാഠം രാജവാഴ്ചയെക്കുറിച്ചുള്ള നിഷേധാത്മകമായ ഒരു വിലയിരുത്തലാണ്. രാഷ്ട്രീയ പ്രവർത്തനത്തിന് ഇറങ്ങിത്തിരിക്കുന്നവരെപ്പറ്റി ഇന്നും ഇങ്ങനെയുള്ള അപവാദങ്ങൾ ധാരാളം കേൾക്കാറുണ്ട്. എന്നാൽ ശ്രേഷ്ഠവൃക്ഷങ്ങളായ ഒലിവും അത്തിയും മുന്തിരിയും വിസമ്മതിച്ചപ്പോഴാണ് മുൾച്ചെടി ഭരണ ഭാരം ഏറ്റെടുക്കാൻ തയ്യാറായത്. രാഷ്ട്രീയ പ്രവർത്തകരും ഭരണകർത്താക്കളും ഉപയോഗശൂന്യരും ഉപദ്രവകാരികളുമായ സ്വാർത്ഥമതികളാണെന്നു വിലപിക്കുന്നതുകൊണ്ടു ഭരണം നീതിനിഷ്ഠമാവുകയില്ല. അറിവും കഴിവും സ്വാഭാവശ്രേഷ്ഠതയുമുള്ളവർ ഈ രംഗത്തേക്കു കടന്നു വരുകയാണ് പ്രതിവിധി.

രാഷ്ട്രത്തെ നയിക്കുന്ന പ്രവർത്തനമാണല്ലോ രാഷ്ട്രീയ പ്രവൃത്തി. അതിൽ എല്ലാവർക്കും പങ്കുണ്ട്. ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നത് അക്ഷന്തവ്യമായ അപരാധമായിരിക്കും. ആദർശശുദ്ധിയില്ലാത്തവർ കടന്നുവന്ന് രാഷ്ട്രത്തിനു വരുത്തി വയ്ക്കുന്ന ദുരന്തത്തിന് എല്ലാവരും കൂട്ടുത്തരവാദികളാകും. രാഷ്ട്രഭരണത്തിലെന്നതു

പോലെ ഇടവക, രൂപത സന്യാസ സമൂഹങ്ങൾ തുടങ്ങിയവരുടെ ഭരണകാര്യത്തിലും ഏൽപിക്കപ്പെടുന്ന പങ്കുവഹിക്കാൻ ഓരോരുത്തരും തയ്യാറായെങ്കിലേ അവയുടെയൊക്കെ സുഗമവും നീതി നിഷ്ഠവുമായ നടത്തിപ്പ് സാധ്യമാകൂ. എന്നാൽ സ്വാർത്ഥ താൽപര്യങ്ങൾക്കായി ഭരണം പിടിച്ചെടുക്കുന്നവർ സകലർക്കും നാശമേ വരുത്തൂ.

## 7. തോലാ – ജായിർ 10,1–5

ചെറിയ ന്യായാധിപന്മാരുടെ ഗണത്തിൽപെടുന്ന ഈ രണ്ടു പേരെക്കുറിച്ച് അവരുടെ ഗോത്രം, പിതൃനാമം, സ്ഥലം, ഭരണകാലം മരണം എന്നിങ്ങനെ ചുരുക്കം കാര്യങ്ങൾ മാത്രമേ പ്രതിപാദിച്ചിട്ടുള്ളു. ചെറിയ ന്യായാധിപന്മാർ ആറുപേരെക്കുറിച്ചും ഇത്രയൊക്കെ വിവരങ്ങളെ നമുക്ക് ലഭിക്കുന്നുള്ളൂ. അവരിൽ പലരും സമകാലികരായിരുന്നിരിക്കാം. ഓരോ പ്രദേശത്ത് നീതിന്യായം നടപ്പാക്കിയിരുന്ന പ്രാദേശിക ഭരണകർത്താക്കളായിരുന്നിരിക്കാം അവർ. ഇസ്സാക്കർ ഗോത്രജനമായ തോലാ എഫ്രേം മലനാട്ടിലെ ഷമീറിൽ വസിച്ച് ഇസ്രായേലിനെ നയിച്ചു എന്ന പ്രസ്താവന ഒന്നിലധികം ഗോത്രങ്ങൾക്ക് അയാൾ ഭരണകർത്താവായിരുന്നു എന്ന് സൂചിപ്പിക്കുന്നു. അബിമെലെക്കിന്റെ കാലത്തുണ്ടായ ആഭ്യന്തര കലാപങ്ങൾ അവസാനിപ്പിച്ച് ഇസ്രായേലിനു സമാധാനം നൽകി എന്ന സൂചനയും അയാളെക്കുറിച്ചു നൽകുന്നുണ്ട്.

ജോർദ്ദാൻ നദിയുടെ കിഴക്ക് വാസമുറപ്പിച്ച മനാസ്സെയുടെ അർദ്ധഗോത്രത്തിൽപ്പെട്ടവനാണ് ജായീർ 'ജായീറിന്റെ കൂടാരങ്ങൾ'' എന്നാണ് ഹാവോത്ത് ജായീർ എന്ന പേരിന്റെ അർത്ഥം (10,4). ഈ ഗ്രാമങ്ങളെക്കുറിച്ച് സംഖ്യ 32,4ൽ പ്രതിപാദിച്ചിട്ടുണ്ട്. കഴുതപ്പുറത്തു സഞ്ചരിക്കുന്ന മുപ്പതു പുത്രന്മാർ ജായീറിന്റെ ശക്തി പ്രതാപങ്ങളുടെയും സമ്പൽ സമൃദ്ധിയുടെയും അടയാളമാണ്.

## 8. ജെഫ്താ 10,6–12,7

സഹോദരങ്ങൾ അവഹേളിച്ചു പുറന്തള്ളുകയാൽ നാടുവിട്ട് മരുഭൂമിയുടെ പ്രാന്തപ്രദേശങ്ങളിൽ കൊള്ളത്തലവനായി വളർന്ന ജെഫ്തായിലൂടെ ദൈവം ഇസ്രായേൽ ജനത്തിനു മോചനം നൽകിയതിന്റെ ചരിത്രമാണ് അടുത്തതായി വിവരിക്കുന്നത്. ന്യായാധിപന്മാരുടെ ചരിത്രം ഒരു പുതിയ കാലഘട്ടത്തിലേക്കു നീങ്ങുന്നതായി ഈ വിവരണത്തിൽ കാണാം. ഇസ്രായേൽക്കാർ നേരിടേണ്ടിവന്ന ശത്രുക്കൾ, ന്യായാധിപനു നൽകപ്പെടുന്ന അധികാരത്തിന്റെ സ്വാഭാവം എന്നിവയിൽ ഈ പുതുമ ദൃശ്യമാണ്. അമ്മോന്യരും ഫിലിസ്ത്യരുമാണ് പുതിയ ശത്രുക്കൾ. ഇവർ ഒന്നിനൊന്നു ശക്തിപ്പെടു



കയും ഇസ്രായേൽക്കാർക്കു വലിയ ഭീഷണിയാവുകയും ചെയ്തു. ദാവീദിന്റെ കാലത്തു മാത്രമേ ഇവരെ പൂർണ്ണമായും പരാജയപ്പെടുത്താൻ കഴിഞ്ഞുള്ളൂ. പേരിലല്ലെങ്കിലും ഫലത്തിൽ രാജകീയാധികാരമാണ് ജെപ്താ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും. രാജഭരണത്തിലേക്ക് ജനം ഒരുപടികൂടി അടുക്കുന്നതായി ഇവിടെ സൂചിപ്പിക്കുന്നു. ജെഫ്തായുടെ കഥ അഞ്ചു ഭാഗമായി തിരിച്ചിരിക്കുന്നു. ന്യായാധിപൻ രംഗപ്രവേശം ചെയ്യുന്നതിനു മുമ്പുള്ള ഇസ്രായേൽ ജനത്തിന്റെ അവസ്ഥ, ജെഫ്തായുടെ തിരഞ്ഞെടുപ്പ്, ശത്രുരാജാവുമായുള്ള നയതന്ത്രസംഭാഷണം, ജെഫ്തായുടെ നേർച്ചയും വിജയവും, എഫ്രേം ഗോത്രത്തിന്റെ പാരതിയും പരാജയവും.

**ഇസ്രായേലിന്റെ അവസ്ഥ 10,6–18:** ഇസ്രായേലിന്റെ വിശ്വാസ ജീവിതത്തെക്കുറിച്ചുള്ള പൊതുവായ ഒരു അവലോകനത്തോടെയാണ് വിവരണം ആരംഭിക്കുന്നത്. ന്യായാ 2,11–3,6ൽ കണ്ട ദൈവശാസ്ത്രപരമായ ആമുഖത്തിന്റെ മറ്റൊരു പതിപ്പാണിത്. ജെഫ്തായുടെ കാലം മാത്രമല്ല, ന്യായാധിപന്മാരുടെ കാലഘട്ടം മുഴുവൻ ഇവിടെ വിശകലനം ചെയ്യപ്പെടുന്നു. കർത്താവിനെ പരിത്യജിച്ച് ചുറ്റുപാടുമുള്ള ജനതകളുടെയെല്ലാം ദൈവങ്ങളെ ഇസ്രായേൽക്കാർ ആരാധിച്ചു. (10,6). ഫിലിസ്ത്യരെയും അമ്മോന്യരെയുംക്കുറിച്ചുള്ള പരാമർശം (10,7) ന്യായാധിപന്മാരുടെ ചരിത്രത്തിലെ രണ്ടാം ഘട്ടത്തെ സൂചിപ്പിക്കുന്നു. അമ്മോന്യരുടെ ആക്രമണത്തിലാണ് ഇവിടെ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. സാംസൺ മുതലങ്ങോട്ടുള്ള ചരിത്രം ഫിലിസ്ത്യരുടെ ആക്രമണങ്ങളുമായി ബന്ധപ്പെട്ടതാണ്. ജോർദ്ദാൻ നദിയുടെ കിഴക്കുവാസമുറപ്പിച്ചിരുന്ന അമ്മോന്യർ ജോർദ്ദാന്റെ കിഴക്കുവാസമുറപ്പിച്ചിരുന്ന റൂബെൻ, ഗാദ്, മനാസ്സെഗോത്രങ്ങളെ മാത്രമല്ല, ജോർദ്ദാന്റെ പടിഞ്ഞാറ് യൂദാ, ബെഞ്ചമിൻ, എഫ്രേം ഗോത്രങ്ങളെയും ആക്രമിച്ചു. (10,8–9).

ക്ലേശങ്ങൾക്കു മധ്യേ ജനം കർത്താവിനെ വിളിച്ചപേക്ഷിച്ചെങ്കിലും ഉടനെ രക്ഷ ലഭിച്ചില്ല. തങ്ങളുടെ നന്ദിഹീനതയെയും അവിശ്വസ്തതയുടെ കാഠിന്യത്തെയുക്കുറിച്ച് അവരെ തികച്ചും ബോധവാന്മാരാക്കുന്നതാണ് ദൈവത്തിന്റെ മറുപടി (10,11–14). "ഇനി ഒരിക്കലും ഞാൻ നിങ്ങളെ രക്ഷിക്കുകയില്ല" എന്ന വചനം അന്തിമ വിധിവാചകമായിത്തോന്നാം. "നിങ്ങൾ തിരഞ്ഞെടുത്ത ദേവന്മാരോടു നിലവിളിക്കുവിൻ" എന്ന മറുപടിയിൽ ഒരു വെല്ലുവിളിയുണ്ട്. രക്ഷിക്കാൻ കഴിവുള്ളവൻ മാത്രമാണ് ദൈവം. വിഗ്രഹാരാധനയുടെ മൗഢ്യത്തെക്കുറിച്ചു ബോധ്യപ്പെടുത്തുന്നതാണ് ഈ വെല്ലുവിളി. ജനം പാപം ഏറ്റുപറഞ്ഞ് ശിക്ഷ സ്വീകരിക്കാൻ തയ്യാറാവുകയും, വിഗ്രഹാരാധന വെടിഞ്ഞ് കർത്താവിനെമാത്രം ആരാധിച്ചുകൊണ്ട് ജീവിതം നവീകരിക്കുകയും ചെയ്തപ്പോൾ കർത്താവിന് അവരോട് അലിവുതോന്നി

(10,15-16) തന്റെ ജനത്തിന്റെ ദുരിതങ്ങൾ അവിടുത്തേക്ക് സഹിക്കാൻ കഴിഞ്ഞില്ല എന്നാണ് 'രോഷാകുലനായി' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കിന്റെ അർത്ഥം (10,17). കർത്താവിന്റെ നീതി കരുണയാൽ മയപ്പെടുന്നതായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. തങ്ങൾക്കെതിരെ പാളയമടിച്ച അമ്മോന്യരെ നേരിടാൻ ഗിലയാദിലെ ഇസ്രായേൽക്കാർക്ക് കഴിവുറ്റ നേതാവുണ്ടായിരുന്നില്ല (10,17-18). ഇതാണ് ജെഫ്താ രംഗപ്രവേശനം ചെയ്ത പശ്ചാത്തലം.

**ജെഫ്തായുടെ തിരഞ്ഞെടുപ്പ് 11,1-11**: ഗിലയാദിന് ഒരു വേശ്യയിൽ ജനിച്ച പുത്രനാണ് ജെഫ്താ. ഗിലയാദ് എന്ന നാമം ഒരു പ്രദേശത്തിന്റെ പേരായും വ്യക്തിയുടെ പേരായും ഉപയോഗിച്ചിട്ടുണ്ട്. തങ്ങൾ തിരസ്കരിച്ച ജെഫ്തായുടെ അടുക്കൽ ഗലയാദിലെ ശ്രേഷ്ഠന്മാർ സഹായഭ്യർത്ഥനയുമായി ചെല്ലുന്നതും (11,4-6) തങ്ങൾ ഉപേക്ഷിച്ച കർത്താവിനോട് ജനം സഹായത്തിനായി വിളിച്ചപേക്ഷിക്കുന്നതും (10,10-15) തമ്മിൽ സാമ്യമുണ്ട്. തല്ക്കാലത്തെ പ്രതിസന്ധി തരണം ചെയ്യാൻ മാത്രമേ അവർ ആഗ്രഹിക്കുന്നുള്ളൂ. കർത്താവു നൽകിയ മറുപടിയോട് (10,13) സമാനമായ ഒരു മറുപടിയാണ് ജെഫ്താ നൽകുന്നത് (11,7). അമ്മോന്യർക്കെതിരേയുള്ള യുദ്ധം നയിക്കാൻമാത്രമാണ് ജെഫ്തായെ ആദ്യം ക്ഷണിച്ചതെങ്കിലും അയാളെ ഗിലയാദിന്റെ മുഴുവൻ നേതാവായി സ്വീകരിച്ചുകൊള്ളാം എന്നു ഗിലയാദുകാർ വാക്കുകൊടുത്തു. ജെഫ്താ അതുതന്നെ ആവശ്യപ്പെടുകയും ഇരുകൂട്ടരും കർത്താവിനെ സാക്ഷി നിർത്തി ഈ തീരുമാനം ഒരു കരാറെന്നതുപോലെ ഉറപ്പിക്കുകയും ചെയ്തു. (11,8-11). അബിമെലക്ക് ഉപജാപത്തിലൂടെ നേടിയെടുത്ത നേതൃത്വം ജെഫ്തായ്ക്ക് നാട്ടുകാർ വച്ചു നീട്ടുകയായിരുന്നു. ജനം ജെഫ്തായെ സ്വീകരിക്കുകയും കർത്താവിന്റെ മുമ്പിൽ വച്ച് അയാൾ ജനത്തോടു സംസാരിക്കുകയും ചെയ്തതിന്റെ വിവരണം ഒരു സ്ഥാനാരോഹണച്ചടങ്ങിന്റെ പ്രതീതി ഉളവാക്കുന്നു.

## അമ്മോൻ രാജാവുമായി നയതന്ത്രബന്ധം 11,12-28

നേതൃത്വം ഏറ്റെടുത്ത ജെഫ്താ അമ്മോന്യ രാജാവിനെതിരേ യുദ്ധം തുടങ്ങുന്നതിനു മുമ്പ് സമാധാനത്തിനുള്ള വഴികൾ ആരാഞ്ഞു. ദൂതന്മാർ വഴി ഇരുകൂട്ടരും കൈമാറുന്ന സന്ദേശങ്ങൾ സംഖ്യ 20-24 അവതരിപ്പിച്ച പുറപ്പാടു സംഭവത്തിന്റെ ഒരു സംക്ഷിപ്ത വിവരണമാണ്. യാബോക്ക് നദിയുടെയും അർണോർ നദിയുടെയും മധ്യേയുള്ള ഭൂപ്രദേശത്തിന്റെ അവകാശമാണ് വിവാദ വിഷയം. ചരിത്രവസ്തുകൾ നിരത്തിക്കൊണ്ട് ആ പ്രദേശം തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് ജെഫ്താ സ്ഥാപിക്കുന്നു (11,14-23).



അമോര്യരിൽ നിന്നു യുദ്ധം ചെയ്തു പിടിച്ചെടുത്തതാണ് ഈ പ്രദേശം എന്നു സ്ഥാപിച്ചതിനുശേഷം ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.

'നിന്റെ ദൈവമായ കെമോഷ്" (11,24) എന്ന വിശേഷണത്തിൽ ചരിത്രപരമായ ഒരു പിശകുണ്ട്. മൊവാബ്യരാണ് കെമോഷിനെ ദൈവമായി ആരാധിച്ചിരുന്നത്. അമ്മോന്യരുടെ ദൈവം മില്ക്കോം (മാലിക്ക്, മോളേക്ക് എന്ന് പാഠഭേദങ്ങൾ) ആയിരുന്നു. എന്നാൽ പിൽക്കാലത്ത് ഇരുകൂട്ടരുടെയും വിശ്വാസങ്ങളും ദൈവസങ്കൽപങ്ങളും കൂടികലർന്ന് വ്യത്യാസങ്ങൾ അപ്രത്യക്ഷമായതിനാലായിരിക്കാം ഈ ആശയക്കുഴപ്പം ഉണ്ടായത്. "കെമോഷ് തരുന്ന ഭൂമി" എന്ന പ്രസ്താവന അമ്മോന്യരുടെ വിശ്വാസത്തെ പ്രകടിപ്പിക്കുന്നു എന്നല്ലാതെ യാഹ്വേയ്ക്കു തുല്യനായ ദൈവമാണ് കെമോഷ് എന്ന് ജെഫ്താ അംഗീകരിക്കുന്നതിന്റെ തെളിവല്ല. ഓരോരുത്തരും താന്താങ്ങളുടെ ദൈവത്തെ ആരാധിക്കുന്നു; ആ ദൈവം നൽകുന്ന ഭൂമി കൈവശം വയ്ക്കുന്നു. ഇസ്രായേൽ ജനം യാഹേവേയെ ദൈവമായി ആരാധിക്കുകയും അവിടുന്നു നൽകുന്ന അവകാശം അനുഭവിക്കുകയും ചെയ്യുന്നു എന്ന പുരാതനമായ കാഴ്ചപ്പാട് ഈ പ്രസ്താവനയിലുണ്ട് എന്നതു നിഷേധിക്കാനാവില്ല എന്നാലും യാഹ്വേ മറ്റു ദേവന്മാരെക്കാൾ ശക്തനും സകല ജനതകളുടെയും വിധികർത്താവുമാണെന്ന് 11,27ൽ പ്രഖ്യാപിക്കുന്നു.

മൂന്നു കാര്യങ്ങളാണ് ഗിലയാദിന്റെ മേലുള്ള അവകാശത്തിനു തെളിവായി ജെഫ്താ അവതരിപ്പിച്ചത്. 1. ഇസ്രായേൽക്കാർ അമ്മോന്യരിൽ നിന്ന് യുദ്ധം ചെയ്തു കീഴടക്കിയതാണ് ആ പ്രദേശം. 2. അത് യാഹ്വേ ഇസ്രായേലിന് അവകാശമായി നൽകിയിരിക്കുന്നു. 3. മുന്നൂറുവർഷത്തിനിടയിൽ ഒരിക്കൽ പോലും അമ്മോന്യർ ഈ പ്രദേശം അവകാശപ്പെട്ടിട്ടില്ല. അമ്മോന്യരാജാവ് ഈ വാദമുഖങ്ങൾ സ്വീകരിക്കാൻ തയ്യാറാകാഞ്ഞതിനാൽ യുദ്ധം അനിവാര്യമായിത്തീർന്നു. ഈ പ്രദേശങ്ങളുടെ മേലുള്ള അവകാശവാദത്തിനു പിന്തുണയായി പിൽക്കാലത്ത് കൂട്ടിച്ചേർത്തതാണ് ഈ സംഭാഷണം എന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

**നേർച്ചയും വിജയവും 11,29-40** മറ്റു ന്യായധിപന്മാരുടെ മേൽ എന്നതുപോലെ ജെഫ്തായുടെമേലും കർത്താവിന്റെ ആത്മാവ് ആവസിച്ചപ്പോൾ അയാൾ ശക്തിയോർജ്ജിച്ച് യുദ്ധത്തിനു പുറപ്പെട്ടു. യുദ്ധത്തിനു ക്ഷണിച്ചവരുടെ കൂട്ടത്തിൽ എഫ്രേം ഗോത്രം പെടാതിരുന്നത് 12,1-7ൽ വിവരിക്കുന്ന ആഭ്യന്തര കലാപത്തിനു വഴിയൊരുക്കി. താൻ ഏർപ്പെടുന്ന അപകടകരമായ സംരഭത്തിൽ കർത്താവിന്റെ അനുഗ്രഹം ഉറപ്പുവരുത്താൻ വേണ്ടി

യാണ് ജെഫ്താ നരബലിയർപ്പിക്കാമെന്ന് നേർച്ച നേരുന്നത്. കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന നരബലി ബൈബിളിൽ കർശനമായി മുടക്കിയിട്ടുണ്ട്. (ലേവ്യ 18,21; നിയ 12,31; മിക്കാ 6,8). ഇസ്രായേലിന്റെ വിശ്വാസത്തിലും ധാർമ്മികതയിലും അവഗാഹമില്ലാത്ത ജെഫ്താ തനിക്കു യുക്തമെന്നു തോന്നിയ നേർച്ച നേരുകയായിരുന്നു.

യുദ്ധവും വിജയവും ചുരുക്കി വിവരിച്ചതിനുശേഷം (11,32–33) ജെഫ്തായുടെ നേർച്ചയിലേക്ക് വി.ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. യുദ്ധം ജയിച്ചു മടങ്ങിവന്ന ജെഫ്തായ്ക്കു നല്കിയസ്വീകരണം ഇസ്രായേൽ സ്ത്രീകൾ ദാവീദിനു നൽകിയ സ്വീകരണത്തെ (1 സാമു 18,6–7) അനുസ്മരിപ്പിക്കുന്നു. അപ്രതീക്ഷിതമായി തന്റെ ഏകമകൾ മുമ്പിൽ പ്രത്യക്ഷപ്പെട്ടത് ജെഫ്തായെ ദുഃഖത്തിൽ ആഴ്ത്തി. എന്നാലും കർത്താവിനോടു ചെയ്ത വാഗ്ദാനം അയാൾ നിറവേറ്റുക തന്നെ ചെയ്തു. അബ്രാഹത്തിന്റെ ബലിയുമായി ഏറെ സാമ്യമുള്ളതാണ് ജെഫ്തായുടെ ബലി. പൂർണ്ണമായ അനുസരണമാണ്, നരബലിയല്ല, കർത്താവ് ആഗ്രഹിക്കുന്നത് എന്ന് അബ്രാഹത്തിനു ലഭിച്ച പാഠം ജെഫ്താ ഗ്രഹിച്ചില്ല. പിതാവിന്റെ നേർച്ച മടി കൂടാതെ നിറവേറ്റാൻ തയ്യാറായ മകൾ ധീരതയുടെയും അനുസരണത്തിന്റെയും മാതൃകയാണ്.

വിവാഹം കഴിച്ച് മാതാവുക എന്നത് ഇസ്രായേൽ കന്യകമാരുടെയെല്ലാം ഏറ്റം വലിയ ആഗ്രഹമായിരുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അറിവ് നിലവിൽ വരാത്ത സാഹചര്യത്തിൽ മനുഷ്യർ തങ്ങളുടെ മക്കളിലൂടെ ജീവിക്കുന്നു എന്നു വിശ്വസിച്ചിരുന്നു. അതിനാൽ മക്കളില്ലാതെ മരിക്കുന്നത് ഏറ്റം വലിയ ശാപവും ശിക്ഷയുമായി പരിഗണിക്കപ്പെട്ടുപോന്നു. ഇതാണ് കന്യാത്വത്തെക്കുറിച്ചു വിലപിക്കുന്നതിന്റെ പശ്ചാത്തലം. കന്യകയായി മരിച്ച മകളും ഏക അവകാശി നഷ്ടപ്പെട്ട ജെഫ്തായും തുല്യ ദുഃഖിതരായിരുന്നു.

ജെഫ്തായുടെ ബലി ധാർമ്മികമായ ഒരു പ്രശ്നം ഉന്നയിക്കുന്നുണ്ട്. നേർച്ച നിറവേറ്റാനുള്ള കടമ (സംഖ്യ 30,2) ഒരു വശത്ത്. നരബലിയ്ക്കുള്ള വിലക്ക് മറുവശത്ത്. ഈ വിഷമം വൃത്തത്തിൽ ജെഫ്താ ചെയ്തതു ശരിയോ എന്നതാണ് പ്രശ്നം. ഇപ്രകാരം ഒരു പ്രതിസന്ധി 1 സാമു 14,28.43–45ൽ അവതരിപ്പിക്കുന്നുണ്ട്. അവിവേകമായി സാവൂൾ നേർന്ന നേർച്ച പാലിക്കാൻ കടമയില്ലെന്ന് ജനം തീരുമാനിച്ചു. അതിനാൽ ജോനാഥാന്റെ ജീവൻ രക്ഷപ്പെട്ടു. അരുതാത്തത് ചെയ്യാമെന്നു വാഗ്ദാനം ചെയ്യരുത്. വാഗ്ദാനം ചെയ്താലും പാലിക്കാൻ പാടില്ല എന്ന പാഠമാണ് ജെഫ്തായുടെ ബലിയിൽ നിന്നും ലഭിക്കുന്നത്. സ്നാപകന്റെ തലവെട്ടാൻ നിർബന്ധിതനായ ഹേറാദേസും ഈ പാഠം പഠിച്ചില്ല.



**എഫ്രേംകാരുടെ പരാതിയും പരാജയവും 12,1–7** യുദ്ധം ജയിച്ചു കഴിഞ്ഞപ്പോൾ ഗിദയോനെതിരെയെന്നതുപോലെ (8,1–3) ജെഫ്തായ്ക്കെതിരെയും എഫ്രേം ഗോത്രക്കാർ പരാതിയും ഭീഷണിയുമായി വന്നു. പ്രമുഖ ഗോത്രമായ തങ്ങളെ അവഗണിച്ചതിലുള്ള രോഷവും, അതിലുപരി കൊള്ളമുതലിൽ പങ്കുപറ്റാനുള്ള ആഗ്രഹവും ഈ പ്രതിഷേധത്തിനു കാരണമാണ്. സൗമ്യവും തന്ത്രപരവുമായ മറുപടിയിലൂടെ ഗിദയോൻ എഫ്രേംകാരെ ശാന്തരാക്കി. എന്നാൽ കൊള്ളത്തലവനായിരുന്ന ജെഫ്താ അവരെ നേരിടാൻ തന്നെ തയ്യാറായി. അതുവരെ നിശ്ശബ്ദരായിരുന്നവർ യുദ്ധം ജയിച്ചു കഴിഞ്ഞപ്പോൾ അവകാശ വാദവുമായി രംഗത്തിറങ്ങിയതിന്റെ സാംഗത്യത്തെ അയാൾ ചോദ്യം ചെയ്തു. "ഞാൻ നിങ്ങളെ വിളിച്ചപ്പോൾ" (12,2) എന്നത് പതിനെട്ടു വർഷത്തിനിടയ്ക്ക് ഗിലയാദുകാർ പലപ്പോഴായി നടത്തിയ സഹായാഭ്യർത്ഥനയെയാണ് സൂചിപ്പിക്കുന്നത്.

ജോർദ്ദാൻ നദിയുടെ കിഴക്കു ഭാഗത്തേക്കു കടന്ന് ആക്രമിച്ച എഫ്രേംകാരെ ജെഫ്തായും കൂട്ടരും പരാജയപ്പെടുത്തി. അവർ തിരിച്ചു പോകാതിരിക്കാൻ ജോർദ്ദാന്റെ കടവുകളും പിടിച്ചെടുത്തു. എഫ്രേംകാരെ തിരിച്ചറിയാൻവേണ്ടി ഉപയോഗിച്ച ഷിബ് ബാലത്ത് എന്ന വാക്കിന് കതിര്, അരുവി, ഒഴുക്ക് എന്നൊക്കെ അർത്ഥമുണ്ട്. നദികടക്കാൻ വരുന്നവരോട് ഒഴുക്കിനു നേരെ വിരൽ ചൂണ്ടി കാവൽക്കാരൻ ചോദിക്കും. എന്താണിത്? എഫ്രേകാർക്ക് 'ഷ'കാരം ഉച്ചരിക്കാൻ കഴിയാതിരുന്നതിനാൽ "ശിബ്ബോലത്ത്" എന്ന് മറുപടി പറയും. അതോടെ അവരുടെ കഥ കഴിയും. ആളെ തിരിച്ചറിയാനുള്ള ഇത്തരം തന്ത്രങ്ങൾ ഇന്നും ഉപയോഗിക്കാറുണ്ടല്ലോ. ജെഫ്തായുടെ ശിക്ഷാനടപടി എഫ്രേംകാരുടെ ഗർവ്വും ധാർഷ്ഠ്യവും ശമിപ്പിച്ചു.

**വിചിന്തനം:** ഗിലയാദുകാർ പരിഹസിച്ചു പുറന്തള്ളിയവനെയാണ് കർത്താവ് അവർക്കു വിമോചകനായി നൽകിയത്. ജോസഫിന്റെയും മോശയുടെയും യോശുവിന്റെയും എല്ലാം ചരിത്രത്തിൽ ആവർത്തിക്കുന്ന ഈ വലിയ പാഠം ഇന്നും പ്രസക്തമാണ്. ജാതിയുടെയും വർഗ്ഗത്തിന്റെയും മറ്റും പേരിൽ മനുഷ്യരെ അധഃകൃതരായി പരിഗണിക്കുന്ന മനോഭാവത്തെ കർത്താവ് അംഗീകരിക്കുന്നില്ല. എല്ലാ മനുഷ്യരും ആരുടെയെങ്കിലും മക്കളും സഹോദരങ്ങളുമാണ്. അവരുടെ മരണം മാതാപിതാക്കളെയും സഹോദരങ്ങളെയും ദുഃഖത്തിലാഴ്ത്തും എന്ന് പ്രതികാരബുദ്ധിയോടെ കൊലവിളി മുഴക്കുന്നവർ ഓർത്തിരിക്കണം. സ്വന്തം മകളെ ബലികഴിക്കേണ്ടി വന്നപ്പോൾ ജെഫ്താ പഠിച്ച ഈ പാഠം ഇന്നത്തെ രാഷ്ട്രീയ രംഗത്ത് ഏറ്റം പ്രസക്തമാണ്.

അധ്വാനത്തിൽ പങ്കുചേരാത്തവർ വിജയം കൊയ്യാൻ എത്തുക സാധാരണമാണല്ലോ. മാതാപിതാക്കൾ മരിക്കുമ്പോൾ അവകാശം പങ്കിടാനായി മക്കൾ മത്സരിക്കാറുണ്ട്. ദീർഘനാൾ രോഗിയായിക്കിടന്നപ്പോൾ തിരിഞ്ഞു നോക്കാത്തവരായിരിക്കും അവകാശ വാദവുമായി മുൻപന്തിയിൽ. കുടുംബത്തിൽ മാത്രമല്ല, സമൂഹത്തിലും രാഷ്ട്രീയരംഗത്തും ഈ പ്രവണത വർദ്ധിച്ചു വരുന്നതായി കാണാം. എഫ്രേംകാർക്ക് ജെഫ്താ നൽകിയ മറുപടി വലിയൊരു പാഠമാണ്.

## 9. ഇബ്സാൻ - ഏലോൻ - അബ്ദോൻ 12,8-15

ചെറിയ ന്യായാധിപന്മാരിൽ അവസാനത്തെ മൂന്നു പേരെക്കുറിച്ച് 10,1-5ൽ കണ്ടതുപോലെ, വളരെ ചുരുക്കം വിവരങ്ങളെ നൽകുന്നുള്ളൂ. ഏലോൺ സെബലൂൺ ഗോത്രജനായിരുന്നു. മറ്റു രണ്ടുപേർ ഏതു ഗോത്രത്തിൽപ്പെട്ടവരാണെന്നോ അവർ വസിച്ചിരുന്ന സ്ഥലം ഏതെന്നോ വ്യക്തമല്ല. ഇബ്സാൻ ബേദ്ലേഹംകാരനായിരുന്നു (12,8) എന്നു പറയുന്നുണ്ടെങ്കിലും ജറുസലെമിനു തെക്കുള്ള ബേദ്ലെഹം നഗരമാണോ വിവക്ഷിക്കുന്നത് എന്നതിൽ സംശയമുണ്ട്. "യൂദായിലെ ബേദ്ലെഹം" എന്നാണ് ഈ നഗരം ബൈബിളിൽ പൊതുവെ അറിയപ്പെടുന്നത്. സെബുലൂൺ ഗോത്രാതിർത്തിയിലുള്ള ഒരു പട്ടണമാണ് ഈ ബേദ്ലെഹം എന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. രണ്ടു ന്യായാധിപന്മാരുടെ മക്കളെയും കഴുതളെയുംക്കുറിച്ചുള്ള പരാമർശം അവരുടെ സമ്പത്തിനെയും പ്രശസ്തിയെയും സൂചിപ്പിക്കുന്നു.

## 10. സാംസൺ 13,1-16,31

കാനാൻ ദേശത്തു വാസമുറപ്പിച്ച ഇസ്രായേൽക്കാർ നേരിടേണ്ടടിവന്ന ഏറ്റം ശക്തരായ ശത്രുക്കളായിരുന്നു ഫിലിസ്ത്യർ. പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പടിഞ്ഞാറുനിന്ന് കടൽ മാർഗ്ഗം വന്ന് ഈജിപ്തിന്റെ വടക്കൻ തീരങ്ങൾ കൈവശമാക്കാൻ ശ്രമിച്ച അവരെ ഫറവോ റാംസേസ് മൂന്നാമൻ തുരത്തിയോടിച്ചു. തുടർന്ന് കാനാൻ ദേശത്തിന്റെ തെക്കു പടിഞ്ഞാറ് മധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങൾ അവർ കൈവശപ്പെടുത്തി, ഗാസാ, അഷ്കെലോൺ, അഷ്ദോദ്, എക്റോൺ, ഗത്ത് എന്നീ അഞ്ചു നഗരങ്ങളായിരുന്നു ഫിലിസ്ത്യരുടെ പ്രധാന കേന്ദ്രങ്ങൾ. അവിടെ നിന്ന് അവർ കാനാൻ ദേശം മുഴുവൻ കൈയടക്കാൻ ശ്രമിച്ചു.

വടക്കുകിഴക്കുനിന്നു വന്ന ഇസ്രായേല്യരും തെക്കു പടിഞ്ഞാറുനിന്നു വന്ന ഫിലിസ്ത്യരും ഏതാണ്ട് ഒരേ കാലഘട്ടത്തിലാണ് കാനാൻദേശം കൈയടക്കാൻ ശ്രമിച്ചത്. ദാൻഗോത്രത്തിന് അവകാശമായി ലഭിച്ച പ്രദേശം



ഫിലിസ്ത്യ നഗരങ്ങളുടെ സമീപത്തായിരുന്നു. മെച്ചപ്പെട്ട ആയുധങ്ങളും സൈനിക സംവിധാനങ്ങളുമുണ്ടായിരുന്ന ഫിലിസ്ത്യരെ ചെറുത്തു നിൽക്കാനാവാതെ ദാൻഗോത്രം കാനാൻ ദേശത്തിന്റെ വടക്കുകിഴക്കെ അതിർത്തിയിലേക്കു കുടിയേറിപ്പാർത്തതിന്റെ ചരിത്രം ന്യായാ17-18ൽ വിവരിക്കുന്നുണ്ട്. അവരോടൊന്നിച്ചു പോകാതെ പിടിച്ചുനിന്ന ചുരുക്കം പേരിൽ ഒരാളായിരുന്നു സാംസൺ.

ഇസ്രായേൽക്കാർ നേരിടേണ്ടിവന്ന രണ്ടു ശത്രുക്കളെക്കുറിച്ച് ന്യായാ 10,7ൽ സൂചിപ്പിച്ചിരിക്കുന്നു. അവരിൽ അമ്മോന്യരെ ജെഫ്താ പരാജയപ്പെടുത്തി. ഫിലിസ്ത്യരുമായുണ്ടായ ഏറ്റുമുട്ടലുകളുടെ ചരിത്രം സാംസന്റെ കഥയിൽ വിവരിക്കുന്നു. സൈന്യമോ ആയുധമോ കൂടാതെ, ഫിലിസ്ത്യർക്കെതിരേ ഒറ്റയ്ക്കു പോരാടിയ ഒരു മല്ലന്റെ വീരസാഹസകഥകളായിട്ടാണ് സാംസനെക്കുറിച്ചുള്ള വിവരണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ചരിത്ര വസ്തുതകളിൽ ഊന്നി നിൽക്കുന്നതാണ് വിവരണങ്ങളെങ്കിലും നർമ്മരസവും അതിശയോക്തികളും കലർത്തിയ ഐതിഹ്യത്തിന്റെ ശൈലിയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

ഫിലിസ്യത്യരിൽ നിന്ന് ഇസ്രായേൽക്കാരെ മോചിപ്പിക്കാൻ വേണ്ടി ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത് ഒരുക്കിയ വ്യക്തിയാണ് സാംസൺ എങ്കിലും വ്യക്തിപരമായ ചില പകപോക്കലുകൾ ഒഴികെ കാര്യമായ മോചനമൊന്നും നൽകാൻ അയാൾക്കു കഴിഞ്ഞില്ല. "മരണസമയത്ത് അവൻ കൊന്നവർ ജീവിച്ചിരിക്കുമ്പോൾ കൊന്നവരേക്കാൾ അധികമായിരുന്നു" (16,30) എന്ന ഗ്രന്ഥകാരന്റെ അവലോകനം ദുരന്തപര്യവസായിയായ ഒരു കഥയുടെ സ്വഭാവം വ്യക്തമാക്കുന്നു. സാംസന്റെ ജനനം, വിവാഹം, ഫിലിസ്ത്യർക്കെതിരേ പ്രതികാരം, മരണം എന്നിങ്ങനെ അഞ്ചുഭാഗങ്ങളായി തിരിച്ചാണ് കഥ അവതരിപ്പിച്ചിരിക്കുന്നത്.

### സാംസന്റെ ജനനം 13,1-25

ഇസ്രായേലിന്റെ പാപത്തെയും അതിനു ശിക്ഷയായുണ്ടായ ഫിലിസ്തയാധിപത്യത്തെയുംക്കുറിച്ചു സൂചിപ്പിച്ചതിനുശേഷം സാംസന്റെ ജനനത്തെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്നു. ജനിക്കാൻ പോകുന്ന ശിശുവിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നതാണ് മാതാവിന്റെ വന്ധ്യത്വത്തെക്കുറിച്ചുള്ള പ്രസ്താവന (ഉൽപ 11,30; 1 സാമു 1,2; ലൂക്കാ 1,7). ശിശുവിനെ ഏൽപിക്കാൻ പോകുന്ന ദൗത്യത്തെയും അതിന് ആവശ്യമായ ഒരുക്കത്തെയുംക്കുറിച്ച് ദൈവദൂതൻ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നു. സ്നാപകന്റെയും (ലൂക്കാ 1,10-20) യേശുവിന്റെയും (ലൂക്കാ 1,26-38) ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ഇതേ ശൈലിയിലാണ് അവതരിപ്പിക്കുന്നത്.

ഇസ്രായേൽ ജനത്തെ ഫിലിസ്ത്യരുടെ കൈയിൽ നിന്നു മോചിപ്പിക്കാൻ ആരംഭിക്കും (1,5) എന്നതാണ് ശിശുവിന്റെ ദൗത്യം. അതിനുവേണ്ടി അയാൾ നാസീർ വ്രതം പാലിക്കണം. നിശ്ചിതകാലത്തേക്കുമാത്രം സ്വന്തം ഇഷ്ടപ്രകാരം എടുക്കുന്ന വ്രതമാണ് നാസീർ വ്രതം (സംഖ്യ 6,1–20). എന്നാൽ ഇവിടെ ജനനത്തിനു മുമ്പേ സാംസണെ നാസീർവ്രതസ്ഥനായി ദേവം തന്നെ നിശ്ചയിക്കുന്നു; ആ ജീവനാന്തം പാലിക്കേണ്ടതാണ് ആ വ്രതം എന്ന് അറിയുകയും ചെയ്യുന്നു. മൂന്നു കാര്യങ്ങളാണ് വ്രതത്തിന്റെ നിബന്ധനകളായി എടുത്തു പറയുന്നത്. 1. ലഹരി പാനീയങ്ങൾ കുടിക്കരുത്. 2. അശുദ്ധമായതൊന്നും ഭക്ഷിക്കരുത് 3. മുടിമുറിക്കരുത്. മൃതശരീരത്തെ സ്പർശിക്കരുത് എന്ന ഒരു നിബന്ധനകൂടി സംഖ്യ 6,6ൽ നൽകിയിട്ടുണ്ട്. വ്രതസ്ഥ ശിശുവിനെ ഉദരത്തിൽ വഹിക്കുന്ന മാതാവും ഈ നിബന്ധനകൾ എല്ലാം പാലിക്കണം എന്ന് അനുശാസിക്കുമ്പോൾ ഈ വ്രതത്തിന് ദൈവം നൽകുന്ന പ്രാധാന്യം എത്രയെന്ന് വ്യക്തമാകുന്നു.

ഭാര്യയിൽ നിന്നുകേട്ട വിവരങ്ങളുടെ സത്യവസ്ഥ ഉറപ്പുവരുത്താൻ വേണ്ടി പ്രർത്ഥിച്ച മാനോവായ്ക്ക് ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു. എന്നാൽ പുതുതായി ഒന്നു പറയുന്നില്ല. തന്റെ മുമ്പിൽ നിൽക്കുന്ന അപരിചിതൻ ആരെന്നറിയാൻ മനോവാ അയാളോടു പേരു ചോദിച്ചു. യാക്കോബും (ഉൽപ 32,29) മോശയും (പുറ 3,14) ഇപ്രകാരം പേരുചേദിക്കുന്നതായി കാണാം. എന്നാൽ അപരിചിതൻ പേരുവെളിപ്പെടുത്തുന്നില്ല. "അത്ഭുതകരം" (13,18) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് രഹസ്യാത്മകം, അജ്ഞേയം, എന്നൊക്കെ അർത്ഥമുണ്ട്. വ്യക്തിത്വത്തിന്റെ നിർവ്വചനമാണ് പേര്, എന്നാൽ ദൈവം അനിർവ്വചനീയനാണ്. അവിടുത്തെ പ്രവൃത്തികളിലൂടെ മാത്രമേ അവിടുന്ന് ആരെന്നു മനസിലാക്കാൻ കഴിയൂ. അതിനാൽ "അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനായ കർത്താവ്" (13,19) എന്ന് അവിടുത്തെ വിശേഷിപ്പിക്കുന്നു.

മാംസവും ധാന്യവും ഭക്ഷണമായി നൽകുകയും ദൈവം അഗ്നിയിറക്കി അതു ദഹന ബലിയായി സ്വീകരിക്കുകയും ചെയ്തതിന്റെ വിവരണം ഗിദയോന്റെ ബലിയെ (6,18–20) അനുസ്മരിപ്പിക്കുന്നു. ബലി സ്വീകരിച്ചശേഷം ദൂതൻ അപ്രത്യക്ഷനാവുകയും അതു ദൈവദൂതനായിരുന്നു എന്നു മനസിലാക്കിയവർ ഭയന്നു വിറയ്ക്കുകയും ചെയ്യുന്നതും രണ്ടു വിവഷങ്ങളിലുമുണ്ട്. ഗിദയോനെ ദൈവം തന്നെ ധൈര്യപ്പെടുത്തുമ്പോൾ (6,23) മനോവയെ ഭാര്യയാണ് ധൈര്യപ്പെടുത്തുന്നത് (13,23).

ശിംശോൻ എന്ന ഹീബ്രുനാമമാണ് ഇംഗ്ലീഷിന്റെ സ്വാധീനത്തിൽ സാംസൺ എന്ന് എഴുതുന്നത് സൂര്യൻ എന്ന് അർത്ഥമുള്ള "ശെമെശ്' എന്ന ഹീബ്രുവാക്കിൽ നിന്നാണ് ഈ പേരുണ്ടായത്. ഫിലിസ്ത്യരുടെ ആക്രമണത്താൽ പ്രത്യാശയറ്റ് അന്ധകാരത്തിൽ കഴിഞ്ഞ ജനത്തിന് പ്രകാശം നൽകുന്നവനാണ് ശിശു എന്ന് ഈ പേരു സൂചിപ്പിക്കുന്നു. "ദാനിന്റെ പാളയം" എന്നാണ് മഹനേദാൻ എന്ന സ്ഥലപ്പേരിന്റെ അർത്ഥം. സാംസന്റെ ജന്മസ്ഥലമായ സോറായിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ വടക്കുകിഴക്കായിട്ടാണിത്. ദാൻഗോത്രക്കാർ താൽക്കാലികമായി പാളയമടിച്ചതിനാൽ സ്ഥലത്തിന് ഈ പേരുണ്ടായി എന്ന് 18,12ൽ വിശദീകരിക്കുന്നു. സോറായിൽ നിന്ന് ഏകദേശം 3 കിലോമീറ്റർ വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്തിരുന്ന പട്ടണമാണ് എഷ്താവോൽ. "കർത്താവിന്റെ ആത്മാവ് അവനിൽ പ്രവർത്തിച്ചു തുടങ്ങി" (13,25) എന്ന പ്രസ്താവന 13,5ൽ പറഞ്ഞുവച്ച ദൗത്യത്തെ അനുസ്മരിപ്പിക്കുന്നു.

ദൈവത്തിന്റെ ആത്മാവ് മറ്റേതു ന്യായധിപനെയുംകാൾ കൂടുതൽ സാംസണെ പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. നാലുതവണ ഇത് ആവർത്തിച്ചു പറയുന്നുണ്ട്. (13,25; 14,6.19; 15,14); എന്നാൽ മറ്റൊരു ന്യായാധിപനും ഉണ്ടാകാത്ത ദുരന്തമാണ് സാംസണു സംഭവിച്ചത്. ആ ദുരന്തകഥയുടെ ചുരുൾ വിടരുന്നത് അടുത്ത അധ്യായങ്ങളിൽ കാണാം.

## സാംസന്റെ വിവാഹം 14,1–20

ഫിലിസ്ത്യ സ്ത്രീകളുമായുള്ള ബന്ധമാണ് ഫിലിസ്ത്യർക്കെതിരേ പ്രതികാരം ചെയ്യാൻ സാംസന് അവസരങ്ങളൊരുക്കിയതും അയാളുടെ തന്നെ നാശത്തിനു കാരണമായതും. അതിൽ ആദ്യത്തേത് വിവാഹബന്ധമായിരുന്നു. സോറായിൽ നിന്ന് ഏകദേശം ആറുകിലോമീറ്റർ തെക്കുപടിഞ്ഞാറുള്ള ഒരു പട്ടണമാണ് തിമ്നാ. അവിടെവച്ചു പരിചയപ്പെട്ട ഒരു ഫിലിസ്ത്യ വനിതയെ വിവാഹം ചെയ്യാൻ സാംസൺ തീരുമാനിച്ചത് മാതാപിതാക്കളുടെ ഏതിർപ്പിനു കാരണണായി. വിജാതീയരുമായുള്ള വിവാഹം ഇസ്രായേൽക്കാർക്കു നിഷിദ്ധമായിരുന്നു (പുറ 34,16). സാംസന്റെ ഈ നിഷിദ്ധ പ്രേമം ഫിലിസ്ത്യർക്കെതിരെ പ്രതികാരം ചെയ്യാനുള്ള അവസരമായി ദൈവം തന്നെ ഒരുക്കിയതായിരുന്നുവെന്ന് മാതാപിതാക്കൾ ഗ്രഹിച്ചില്ല.

തുടർന്നുള്ള വിവാഹത്തിന്റെ അവ്യക്തകളുണ്ട്. ഇസ്രായേലിൽ നിലവിലിരുന്ന പതിവനുസരിച്ച് മാതാപിതാക്കലാണ് മക്കൾക്കു വിവാഹ പങ്കാളിയെ തിരഞ്ഞെടുക്കുന്നത്. വധുവിന്റെ മാതാപിതാക്കൾക്ക് വരന്റെ വീട്ടുകാർ സ്ത്രീധനം നൽകണം. വരനും തോഴരും കൂടി ആഘോഷമായി വധുവിനെ വീട്ടിൽ ചെന്നു കൂട്ടികൊണ്ടു വരുന്നു. എന്നാൽ ഇവിടെ ചടങ്ങുകളെല്ലാം വധുവിന്റെ വീട്ടിൽ വച്ചാണു നടക്കുന്നത്. വരന്റെ തോഴരും വധുവിന്റെ ആൾക്കാർ തന്നെ. ഇത് മറ്റൊരുതരത്തിലുള്ള പതിവാണ്. സ്ത്രീധനം

നൽകേണ്ടതില്ല. വധു അവളുടെ വീട്ടിൽത്തന്നെ വസിക്കുന്നു. വരന് എപ്പോൾ വേണമെങ്കിലും അവളെ സന്ദർശിക്കാം. ചെല്ലുമ്പോൾ എന്തെങ്കിലും സമ്മാനങ്ങൾ കൂടെ കൊണ്ടുപോകണം. ഇപ്രകാരമൊരു വിവാഹമായിരുന്നു സാസന്റേത് എന്ന് 15,1ൽ സൂചിപ്പിക്കുന്നു. ഈ പതിവ് നമ്മുടെ നാട്ടിലും നിലനിന്നിരുന്നല്ലോ. വിജാതീയ വനിതയെ തങ്ങളുടെ വീട്ടിൽ സ്വീകരിക്കാൻ സാംസന്റെ മാതാപിതാക്കൾ വിസമ്മതിച്ചതിനാലാവാം ഇപ്രകാരം സംഭവിച്ചത്. എല്ലാം സാംസന്റെ തന്നെ ചെയ്തികളായി വിവരിച്ചിരിക്കുന്നു. ഇതിൽ അപാകത തോന്നിയതിനാൽ പിൽക്കാലത്തു കൂട്ടിച്ചേർത്തതാവാം 14,5.10ലെ സാംസന്റെ മാതാപിതാക്കന്മാരെക്കുറിച്ചുള്ള പരാമർശം.

തിമ്നായിലേക്കുള്ള യാത്രാ മധ്യേ സിംഹത്തെ കൊന്നതിന്റെ വിവരണം 14,12ലെ കടങ്കഥയ്ക്കു കളമൊരുക്കുന്നു. കർത്താവിന്റെ ആത്മാവു നൽകിയ അമാനുഷിക ശക്തിയാൽ സാംസൺ സിംഹക്കുട്ടിയെ നിഷ്പ്രപ്രയാസം കൊന്നു. (അവളെ കൂട്ടിക്കൊണ്ടു പോകാൻ 14,8 എന്ന മലയാള വിവർത്തനം ശരിയല്ല. അവളെ വിവാഹം ചെയ്യാൻ എന്നാണ് ഹീബ്രു മൂലം). സിംഹത്തിന്റെ ജഡത്തിൽ നിന്ന് തേൻ എടുക്കുമ്പോൾ സാം,ൺ നാസീർവ്രതം ലംഘിക്കുകയായിരുന്നു. വ്രതസ്ഥൻ മൃതശരീരത്തെ സ്പർശിക്കാൻ പാടില്ല. വിവാഹാഘോഷം ഏഴു ദിവസത്തേക്കു നീണ്ടു നിൽക്കും. ആദ്യ രാത്രിയിൽത്തന്നെ മണവാളൻ മണവറയിൽ പ്രവേശിക്കും. (ഉൽപ 29,22-28). സാസൺ പറഞ്ഞ കടങ്കഥ ഫിലിസത്യരോടു പകപോക്കാനുള്ള ആദ്യത്തോ അവസരം സൃഷ്ടിച്ചു. മനവാളത്തോഴർ സാംസന്റെ ഭാര്യക്കെതിരെ ഉയർത്തിയ ഭീഷണി (14,15)യാതാർത്ഥ്യമായിരുന്നുവെന്ന് 15,7ൽ വ്യക്തമാകുന്നു. ഭാര്യയിൽ നിന്ന് അവർ തന്റെ രഹസ്യം ചോർത്തിയെടുത്തതിൽ ക്രുദ്ധനായ സാംസൺ തിമ്നായിൽ നിന്ന് ഏകദേശം 40 കി.മീ അകലെയുള്ള അഷ്കെലോണിൽ ചെന്ന് 30 പേരെ കൊന്ന് വിശേഷ വസ്ത്രങ്ങളെടുത്ത് തന്റെ തോഴർക്കു കൊടുത്തു. ഇവിടെയും കർത്താവിന്റെ ആത്മാവാണ് സാംസണെ ശക്തിപ്പെടുത്തിയത് (14,19). കുപിതനായ സാംസൺ ഭാര്യവീട്ടിൽ നിന്ന് പോയപ്പോൾ ഭാര്യയെ മണവാളത്തോഴന് നൽകിയത് അടുത്ത പ്രതികാരത്തിന് വഴിമരുന്നിട്ടു.

## ഫിലിസ്ത്യർക്കെതിരേ പ്രതികാരം 15,1-20

തന്റെ ഭാര്യയെ മറ്റൊരാൾക്കു ഭാര്യയായി നൽകിയതിനാൽ ക്രൂദ്ധനായ സാംസൺ അമ്മായിയപ്പനെതിരേയല്ല. ചുറ്റുപാടുമുള്ള ഫിലിസ്ത്യർക്കുമുഴുവൻ എതിരേ പ്രതികാരത്തിനു തുനിഞ്ഞു. ഇനി അങ്ങോട്ടുള്ള അയാളുടെ പ്രവൃത്തികൾ ഒറ്റയാനായ ഒളിപ്പോരാളിയുടെ ശൈലിയാണ്. ഗോതമ്പുവയൽ തീവച്ചു നശിപ്പിച്ച വിധത്തിൽ (15,4-5) നർമ്മരസവും അതിശയോക്തിയുമുണ്ട്. സാംസനും ഫിലിസ്ത്യരും തമ്മിൽ പ്രതികാരത്തിന്റെ ഒരു മത്സരം തന്നെ അരങ്ങേറുകയുണ്ടായി. പ്രതികാരഗ്നിയിൽ അനേകം ഫിലിസ്ത്യർക്കു ജീവൻ നഷ്ടപ്പെട്ടു. തന്റെ ഭാര്യയെ ചുട്ടെരിച്ചവരെ കൊന്നൊടുക്കിയതിനുശേഷം സാംസൺ യൂദാഗോത്രത്തിന്റെ അതിർത്തിയിലുള്ള ഏത്താംപാറയിടുക്കിൽ പോയി ഒളിച്ചു.



സാംസണെ പിടിക്കാനായി ആയിരം ഫിലിസ്ത്യർ വന്ന് ലേഹിപ്പട്ടണം വളയുന്നതും അയാളുടെ അപാരമായ ശക്തിയുടെ തെളിവാണ്. "ഫിലിസ്യതരാണ് തങ്ങളുടെ ഭരണാധികാരികൾ" (15,11) എന്ന പ്രസ്താവന അന്നത്തെ രാഷ്ട്രീയാവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നു. ബന്ധിതനായ സാംസനു ചുറ്റും നിന്ന് ഫിലിസ്ത്യർ വിജയാട്ടഹാസം മുഴക്കിയപ്പോൾ കർത്താവിന്റെ ആത്മാവ് മൂന്നാം പ്രാവശ്യം അയാളിൽ ശക്തി പകർന്നു. കഴുതയുടെ താടിയെല്ലുകൊണ്ട് ആയിരം ഫിലിസ്ത്യരെ അയാൾ അടിച്ചു കൊന്നു. നാസീർവ്രതത്തിന്റെ രണ്ടാമത്തെ ലംഘനമായിരുന്നു ചത്ത കഴുതയുടെ എല്ല് കൈയിൽ എടുത്തത്. താടിയെല്ല് എന്നാണ് ലേഹി എന്ന പേരിന് "താടിയെല്ലിന്റെ മല" എന്നും ദാഹിച്ചു തളർന്നവന് കർത്താവു തന്നെ അത്ഭുതകരമായി ജലം നൽകി. "അപേക്ഷിക്കുന്നവന്റെ ഉറവ" എന്നാണ് എൽഹക്കോർ എന്ന പേരിന്റെ അർത്ഥം.

ഇരുപതു വർഷം സാംസൺ ഇസ്രായേലിൽ ന്യായാധിപനായിരുന്നു എന്ന പ്രസ്താവനയോടെയാണ് (15,20) പ്രതികാരത്തിന്റെ ഈ പരമ്പര അവസാനിക്കുന്നത്. ചുരുങ്ങിയ ഒരു സ്ഥല പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഫിലിസ്ത്യർക്കെതിരേ ഒളിഞ്ഞും തെളിഞ്ഞും ,സാംസൺ ഒറ്റയ്ക്കു നടത്തിയ പോരാട്ടങ്ങളുടെ ഉദാഹരണങ്ങളാണ് ഇതുവരെ വിവരിച്ചത് എന്ന് ഈ പ്രസ്താവനയിൽ നിന്നു അനുമാനിക്കാം. ഏതെങ്കിലും തരത്തിലുള്ള നീതിപാലനമല്ല, ശക്തമായ ഫിലിസ്ത്യ മേൽക്കോയ്മയ്ക്കെതിരെയുള്ള ഒറ്റപ്പെട്ട വ്യക്തിയുടെ പ്രതികാര നടപടികളാണ് സാംസണെ ന്യായാധിപനാക്കുന്നത്.

## പരാജയം 16,1-22

ആത്മാവിന്റെ ആവാസവും അമാനുഷികമായ ശക്തിയും ഉണ്ടായിരുന്നെങ്കിലും സാംസന്റെ ബലഹീനതയായിരുന്നു സ്ത്രീകൾ. സോറായിൽ നിന്ന് ഏകദേശം അറുപതു കിലോമീറ്റർ തെക്കുപടിഞ്ഞാറ് മധ്യധരണ്യാഴിയുടെ തീരത്തുള്ള ഫിലിസ്ത്യരുടെ ഏറ്റം പ്രധാന നഗരമായ ഗാസയാണ് അടുത്ത ശക്തിപ്രകടനത്തിന്റെ രംഗം (16,1-3). സാംസന്റെ ബലഹീനതകളും വീഴ്ചകളും വി.ഗ്രന്ഥകാരൻ മറച്ചുവയ്ക്കുന്നില്ല. വേശ്യാലയത്തിൽ പ്രവേശിച്ച സാംസണെ പിടിക്കാൻ പടയാളികൾ കാവലിരുന്നെങ്കിലും കഴിഞ്ഞി

ല്ല. പാതിരാത്രിക്കു പുറത്തു വന്ന സാംസൺ ഭീമാകാരമായ നഗരവാതിൽ, കതകും കട്ടിളയുമടക്കം, പറിച്ചെടുത്ത് ചുമലിൽ വച്ചു നടന്നത് അയാളുടെ ശക്തിയുടെ പ്രകീർത്തനമെന്നല്ലാതെ ഫിലിസ്ത്യർക്കു നാശത്തിനോ ഇസ്രായേല്യർക്കു രക്ഷയ്ക്കോ കാരണമായില്ല.

സാംസന്റെ ജന്മസ്ഥലമായ സോറായുടെ തൊട്ടടുത്താണ് സോറേക്ക് താഴ്വര. അവിടെ വസിച്ചിരുന്ന ദലീലയുമായുള്ള പ്രേമബന്ധമാണ് സാംസന്റെ നാശത്തിനു കാരണമായത്. "ഭക്ത" എന്നാണ് ദലീല എന്ന പേരിന്റെ അർത്ഥം. എന്നാൽ വഞ്ചനയുടെ പര്യായമായിട്ടാണ് ദലീല ഇവിടെ പ്രത്യക്ഷപ്പെടുന്നത്. തിമ്നായിലെ ഭാര്യ എന്നതുപോലെ ദലീലായും ഫിലിസ്ത്യരുടെ ഭീഷണി നിമിത്തമാണ് സാംസണെ ഒറ്റിക്കൊടുക്കുവാൻ നിർബന്ധിതയായത് എന്ന് വി.ഗ്രന്ഥകാരൻ എടുത്തു കാട്ടുന്നുണ്ട്. ദലീലയുടെ വഞ്ചനയല്ല, സാംസന്റെ വ്രതഭംഗവും കുത്തഴിഞ്ഞ ജീവിതവുമാണ് അയാളുടെ നാശത്തിനു കാരണമായതെന്ന സത്യം വിവരണത്തിലുടനീളം തെളിഞ്ഞു നില്ക്കുന്നു.

സാംസൺ ധരിച്ചിരുന്ന എന്തോ മാന്ത്രിക ഉപകരണമാണ് അയാൾക്ക് അജയ്യമായ ശക്തി നൽകിയിരുന്നതെന്നു കരുതിയ ഫിലിസ്ത്യർ ആ രഹസ്യം മനസ്സിലാക്കാൻ ദലീലായെ കരുവാക്കി. ഫിലിസ്ത്യർ ഒരുക്കിയ കെണിയാണ് ഇതെന്നു മനസിലാക്കാതെ സാംസൺ ദലീലായെ മൂന്നു തവണ കബളിപ്പിച്ചു. ഓരോതവണയും അയാൾ കെട്ടുകൾ പൊട്ടിച്ചു സ്വതന്ത്രനായി. ഉൾമുറിയിൽ ഒളിച്ചിരുന്ന ഫിലിസ്ത്യർ പ്രത്യക്ഷപ്പെട്ടതുമില്ല. "ഉണങ്ങാത്ത പുതിയ ഞാൻ" മൃഗത്തിന്റെ ഞരമ്പുകൊണ്ട് ഉണ്ടാക്കിയതായിരുന്നു. അതുകൊണ്ട് തന്നെ ബന്ധിക്കാൻ അനുവദിക്കുമ്പോൾ സാംസൺ ലാഘവബുദ്ധിയോടെ തന്റെ വ്രതം ലംഘിക്കുകയായിരുന്നു. എന്നാൽ മുടിയിലാണ് തന്റെ ശക്തി എന്ന രഹസ്യം വെളിപ്പെടുത്തിയത് മാരകമായിത്തീർന്നു. മുടിയിലെ ശക്തിയെക്കുറിച്ചുള്ള പരാമർശം വ്രതശുദ്ധിയിൽ നിന്നു ലഭിക്കുന്ന ശക്തിയെയാണ് സൂചിപ്പിക്കുന്നത് കർത്താവിനു സമർപ്പിക്കപ്പെട്ടവനെ കർത്താവ് തന്നെ സംരക്ഷിക്കും. വ്രതത്തിന്റെ അടയാളമായ മുടി വടിച്ചുമാറ്റാൻ അനുവദിച്ചതോടെ വ്രതം തന്നെ റദ്ദാക്കപ്പെട്ടു. അതോടെ സാംസന്റെ ശക്തിയും നഷ്ടപ്പെട്ടു.

"മറ്റവസരങ്ങളിലെന്നപോലെ ഞാൻ രക്ഷപ്പെടും, എന്നെത്തന്നെ സ്വതന്ത്രനാക്കും" (16,20) എന്ന ചിന്തയിൽ സാംസന്റെ മനോഭാവം പ്രകടമാകുന്നുണ്ട്. കർത്താവാണ് തന്നെ ശക്തിപ്പെടുത്തുന്നത് എന്ന കാര്യം അയാൾ വിസ്മരിച്ചു. ഇതുവരെ നേടിയ വിജയങ്ങളെല്ലാം സ്വന്തം നേട്ടമായി തെറ്റിദ്ധരിച്ചു. "കർത്താവ് തന്നെ വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല". ഇതുവരെയുള്ള പ്രവർത്തനങ്ങളിലൊന്നും സാംസൺ ഏതെങ്കിലും വിധത്തിൽ കർത്താവുമായി ബന്ധപ്പെടാൻ ശ്രമിച്ചതായി വി.ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടില്ല. എല്ലാം തന്റെ തന്നെ ശക്തികൊണ്ടു നേടിയതാണെന്നു കരുതിയ സാംസൺ കാഴ്ചയും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് ഫിലിസ്ത്യരുടെ തടവറയിൽ അടിമവേലയ്ക്കു നിർബന്ധിതനായി. "തലയിൽ മുടി വളർന്നുകൊണ്ടിരുന്നു" എന്ന പ്രസ്താവന (16,22) വരാൻ പോകുന്ന സംഭവത്തിലേക്കുള്ള സൂചനയാണ്.



**മരണം 16,23-31**

ആയുധമേന്തിയ ആയിരം പടയാളികൾ അടുത്തു വരാൻ ഭയപ്പെട്ടിരുന്ന സാംസനെ ഒരു ബാലൻ ചങ്ങലയിൽ പിടിച്ചു നയിക്കുന്നതും, ഒരു സൈന്യത്തെ മുഴുവൻ ഒറ്റയ്ക്കു കൊന്നൊടുക്കിയവൻ ഇപ്പോൾ ആയിരങ്ങളുടെ മുമ്പിൽ അഭ്യാസം പ്രകടിപ്പിക്കുന്നതും കർത്താവു വിട്ടുപോയ കരുത്തന്റെ ബലഹീനതയും നിന്ദാവസ്ഥയും വെളിപ്പെടുത്തുന്നു. ഫിലിസ്ത്യർ ആരാധിച്ചിരുന്ന മുഖ്യദേവനായിരുന്നു "ദാഗോൻ" (1 സാമു 5,2-7). ധാന്യം എന്നാണ് പേരിന് അർത്ഥം. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ദാഗോൻ ചിലപ്പോഴൊക്കെ ബാൽദേവന്റെ പിതാവായും പ്രത്യക്ഷപ്പെടാറുണ്ട്. ഫിലിസ്ത്യരുടെ പൊതു ശത്രുവായി സാംസണെ ചിത്രീകരിക്കുമ്പോൾ അയാൾ അവരുടെ ഇടയിൽ ഉണർത്തിയിരുന്ന ഭീതി എത്രയെന്ന് വ്യക്തമാകുന്നു. തങ്ങളുടെ ദേവനായ ദാഗോനാണ് സാംസണെ തങ്ങൾക്ക് ഏൽപിച്ചു തന്നത് എന്ന ഫിലിസ്ത്യരുടെ വിശ്വാസ പ്രഖ്യാപനം വീണ്ടും അയാളുടെ അതിമാനുഷികശക്തിയെ സൂചിപ്പിക്കുന്നു. അജയ്യ ശത്രുവായ സാംസണെ തടവിലാക്കാൻ സഹായിച്ചതിനു നന്ദി സൂചകമായി അവർ തങ്ങളുടെ ദൈവത്തിനു ബലിയർപ്പിച്ച് ഉത്സവമാഘോഷിച്ചു.

അവമാനത്തിന്റെയും നിരാശയുടെയും അടിത്തട്ടിൽ നിന്ന് സാംസൺ ആദ്യമായി കർത്താവിനെ വിളിച്ചപേക്ഷിച്ചു (16,28). ചെയ്തുപോയ തെറ്റുകൾക്ക് മാപ്പപേക്ഷിക്കുകയല്ല, ഫിലിസ്ത്യരോടു പ്രതികാരം ചെയ്യുകയാണ് പ്രാർത്ഥനയുടെ ലക്ഷ്യം. എന്നാലും തനിക്കു ലഭിച്ചിരുന്ന ശക്തി കർത്താവിന്റെ ദാനമാണെന്ന ബോധ്യം ഈ പ്രാർത്ഥനയിൽ പ്രതിഫലിക്കുന്നുണ്ട്. കർത്താവ് പ്രാർത്ഥന കേട്ടു. തൂണുകൾ തള്ളിമറിച്ച് കെട്ടിടം കാണികളുടെ തലയിൽ തകർത്തു വീഴിക്കാൻ മാത്രം ശക്തി അയാൾക്കു ലഭിച്ചു. "ഫിലിസ്ത്യരോടു കൂടെ ഞാനും മരിക്കട്ടെ" (16,30) എന്ന പ്രാർത്ഥന സഫലമായി. "ജീവിതകാലം മുഴുവൻ കൊന്നവരേക്കാൾ കൂടുതൽ ഫിലിസ്ത്യരെ മരണസമയത്തു കൊന്നു" എന്ന പ്രസ്താവന പാളിപ്പോയ ഒരു ജീവിതത്തെക്കുറിച്ചുള്ള വിലയിരുത്തലാണ്. സാംസന്റെ ജീവിതത്തെക്കാൾ മരണമാണ് ഇസ്രായേലിനു രക്ഷാകരമായത്.

**വിചിന്തനം:** വലിയ പ്രതീക്ഷകളോടെ ആരംഭിച്ച ഒരു ജീവിതമായിരുന്നു സാംസന്റേത്. ജനനത്തിനു മുമ്പുതന്നെ അയാളെ തന്റെ ശുശ്രൂഷയ്ക്കായി കർത്താവ് വേർതിരിച്ചു. മാതാപിതാക്കൾ ജാഗ്രതാപൂർവ്വം അയാളെ വളർത്തി. എന്നാൽ തന്റെ വ്രതവും വ്രതാനുബന്ധിയായ നിയമങ്ങളും ലാഘവബുദ്ധിയോടെ അയാൾ ആവർത്തിച്ചു ലംഘിച്ചു. അതിരു കവിഞ്ഞ ആത്മവിശ്വാസം അയാളെ അഹങ്കാരിയാക്കി. കയറൂരിവിട്ട ലൈംഗികാസക്തി സർവ്വനാശത്തിനു വഴിയൊരുക്കി. കർത്താവിനാൽ പ്രത്യേകവിധം തിരഞ്ഞെടുക്കപ്പെടുകയും അസാധാരണമായ ശക്തികളും സിദ്ധികളും ദാനമായി ലഭിക്കുകയും ചെയ്തവരും ശ്രദ്ധിച്ചില്ലെങ്കിൽ ദയനീയമായി അധഃപതിക്കാം എന്ന് സാംസന്റെ ഉദാഹരണം പഠിപ്പിക്കുന്നു.

വ്രതശുദ്ധിയായിരുന്നു സാംസന്റെ ശക്തികേന്ദ്രം. വ്രതഭംഗത്താൽ കർത്താവിൽ നിന്നകന്നപ്പോൾ അയാളുടെ ശക്തിയുടെ ഉറവിടംവറ്റി. കർത്താവുതന്നെ വിട്ടുപോയി എന്ന് അറിയാഞ്ഞത് വലിയൊരു ദുരന്തമാണ്. ആത്മാവു നഷ്ടപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ ഭക്തിയുടെ ബാഹ്യരൂപം നിലനിർത്തുകയും ഭക്തർക്ക് വ്യർത്ഥമായ സുരക്ഷിതത്വബോധം നൽകുകയും ചെയ്തെന്നു വരാം. പ്രതിസന്ധിയുണ്ടാകുമ്പോഴാണ് യാഥാർത്ഥ്യം വെളിപ്പെടുക. തന്റെയും അനേകരുടെയും നാശത്തിനു കാരണമാകുന്നതായിരിക്കും വ്രതസ്ഥരുടെ പതനം. അത് മാമ്മോദീസാ വ്രതവും സന്യാസവ്രതവും ആകാം. ചെറിയ കാര്യങ്ങളിൽ ശ്രദ്ധിക്കാത്തവർ വലിയ അപകടങ്ങളിൽ വീഴുന്നു എന്ന പാഠവും സാംസൺ നൽകുന്നുണ്ട്.

## ചോദ്യങ്ങൾ

1. ന്യായാധിപന്മാരുടെ ചരിത്രം ദൈവശാസ്ത്രപരമായ ഒരു പ്രത്യേക ചട്ടക്കൂട്ടിൽ അവതരിപ്പിച്ചിരിക്കുന്നു. വിശദീകരിക്കുക.
2. എന്ത് അടിസ്ഥാനത്തിലാണ് ന്യായാധിപന്മാരെ രണ്ടു ഗണമായി തിരിച്ചിരിക്കുന്നത്? ഓരോ ഗണത്തിലും പെട്ടവർ ആരംല്ലാം?
3. "കർത്താവിന്റെ ആത്മാവ് അവന്റമേൽ വന്നു" ഏതെല്ലാം ന്യായാധിപന്മാരെക്കുറിച്ചാണ് ഇതു പറഞ്ഞിരിക്കുന്നത്? ഇതിന്റെ അർത്ഥം എന്ത്?
4. കുഷാൻ റിഷാത്തായിം എന്ന പേരിന്റെ അർത്ഥമെന്ത്?
5. ബെഞ്ചമിൻ, ഏഹൂദ്, എഗ്ലോൺ എന്നീ പേരുകളുടെ അർത്ഥമെന്ത്? ഏഹൂദിന്റെ കഥയിൽ ഈ പേരുകളുടെ പ്രാധാന്യം വ്യക്തമാക്കുക.
6. ന്യായാ 4-5 അധ്യായങ്ങളിലെ വിവരണങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് സാമ്യവും വ്യത്യാസവും കണ്ടുപിടിക്കുക.
7. ന്യായാധിപന്മാരുടെ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകൾ



ആരെല്ലാം? അവരുടെ സ്വാഭാവസവിശേഷതകൾ എന്ത്?

8. ജോഷ്വാ 10,12-15; ന്യായാ 5,20-22 തമ്മിൽ താരതമ്യം ചെയ്യുക.
9. മുന്തിരിച്ചക്കിൽ ധാന്യം മെതിച്ച ഗിദയോൻ എപ്രകാരമാണ് വലിയ യോദ്ധാവായിത്തീർന്നത്? എന്തു പാഠമാണ് നിങ്ങൾക്ക് ഇതിൽ നിന്നു ലഭിക്കുന്നത്?
10. ഗിദയോനും മനോവയ്ക്കും ഉണ്ടായ ദൈവദൂത ദർശനങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
11. ഗിദയോനു ധൈര്യം പകർന്ന സ്വപ്നവും അതിന്റെ വ്യാഖ്യാനവും എന്ത്? നബുക്കദ്നേസറിന്റെ സ്വപ്നവുമായി ഇത് എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
12. രാജത്വത്തെക്കുറിച്ച് ഗിദയോന്റെ നിലപാട് എന്തായിരുന്നു? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?
13. അബിമെലെക്ക് എന്ന പേരിന്റെ അർത്ഥമെന്ത്? അയാളെ ഒരു ന്യായാധിപനായി പരിഗണിക്കാത്തത് എന്തുകൊണ്ട്?
14. ജെഫ്തായുടെയും അബിമെലക്കിന്റെയും ജീവിതങ്ങൾ താരതമ്യം ചെയ്യുക.
15. ജെഫ്തായുടെ നേർച്ചയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത്?

**ചർച്ചക്ക്:** 1. കാഹളവും പന്തവും മൺകുടവും ആയുധമാക്കി യുദ്ധം ജയിച്ച ഗിദയോന്റെ കഥയിൽ നിന്ന് എന്തു പ്രായോഗികസന്ദേശമാണ് നിങ്ങൾക്കു ലഭിക്കുന്നത്.

2. വലിയ പ്രതീക്ഷകളോടെ ആരംഭിച്ച സാംസന്റെ ജീവിതം ആത്മഹത്യയിൽ അവസാനിച്ചു. എന്തുകൊണ്ട്? ആ പതനത്തിന്റെ വിവിധ പടികൾ വിശകലനം ചെയ്യുക. എന്തു സന്ദേശമാണ് ഇതിൽ നിന്നു ലഭിക്കുന്നത്?

**പ്രാർത്ഥന:** 1. "എന്റെ അഭയവും ശിലയും വിമോചകനുമായ കർത്താവേ, എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ" സങ്കീ 19,14

2. ഓരോ ന്യായാധിപന്റെയും ജീവിതം പഠിക്കുമ്പോൾ അതു നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തി പ്രാർത്ഥിക്കുക.

# 3. അനുബന്ധം
# ദാൻ – ബെഞ്ചമിൻ ഗോത്രങ്ങൾ 17 – 21

രാജഭരണം ആരംഭിക്കുന്നതിനു മുൻപ് ഇസ്രായേലിൽ നിലനിന്ന രാഷ്ട്രീയവും മതപരവുമായ അവസ്ഥാവിശേഷത്തെ പ്രതിഫലിപ്പിക്കുന്ന രണ്ടു സംഭവ പരമ്പരകൾ ന്യായാധിപന്മാരുടെ ചരിത്രം വിവരിച്ചതിനുശേഷം പുസ്തകത്തിന്റെ അനുബന്ധം എന്നതുപോലെ അവതരിപ്പിച്ചിരിക്കുന്നു. ശത്രുക്കളുടെ ആക്രമണമോ, ധീരമായ നേതൃത്വമോ, നീതിപാലനമോ ഇവിടെ പരാമർശവിഷയമാകുന്നില്ല. ഒരു കാലഘട്ടത്തിന്റെ ചരിത്രം വിവിധ സംഭവങ്ങളുടെ ചിത്രീകരണത്തിലൂടെ അവതരിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. “അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തനും തനിക്കു യുക്തമെന്നു തോന്നിയതു ചെയ്തിരുന്നു” എന്നു നാലുതവണ ആവർത്തിക്കുന്ന പ്രസ്താവന (17,6; 18,1;19,1,21,25) ഈ കാലഘട്ടത്തെക്കുറിച്ചുള്ള വി.ഗ്രന്ഥകാരന്റെ വിലയിരുത്തലാണ്. രാജഭരണത്തെ അനുഭാവപൂർവ്വം വീക്ഷിക്കുന്ന ഒരു കാഴ്ചപ്പാടാണ് ഈ വിലയിരുത്തലിൽ പ്രകടമാകുന്നത്. 17–18 അധ്യായങ്ങൾ ദാൻ ഗോത്രത്തിന്റെ കുടിയേറ്റത്തെയും 19 –21 അധ്യായങ്ങൾ ബെഞ്ചമിൻ ഗോത്രത്തിനെതിരെ മറ്റു ഗോത്രങ്ങൾ എടുത്തശിക്ഷാ നടപടിയെയും കുറിച്ചു പ്രതിപാദിക്കുന്നു.

### 1. കുടിയേറ്റവും വിഗ്രഹപ്രതിഷ്ഠയും 17–18

യൂദാ-ബെഞ്ചമിൻ ഗോത്രങ്ങൾക്കു മധ്യത്തിലായിരുന്നു ദാൻ ഗോത്രത്തിന് അവകാശമായി ലഭിച്ച ഭൂമി. എന്നാൽ അമോര്യരുടെയും (ന്യായ 1,34) ഫിലിസ്ത്യരുടെയും ആക്രമണം മൂലം ദേശം നഷ്ടപ്പെട്ട അവർ കാനാൻ ദേശത്തിന്റെ ഏറ്റം വടക്കെ അതിർത്തിയിൽ തങ്ങൾക്കു വസിക്കാൻ ഒരിടം യുദ്ധം ചെയ്തു കീഴടക്കുകയും ആരാധിക്കാനായി ഒരു വിഗ്രഹം പ്രതിഷ്ഠിക്കുകയും ചെയ്തതിന്റെ വിവരണം ഈ അധ്യായങ്ങളിൽ കാണാം.

ദാൻ ഗോത്രക്കാർ പ്രതിഷ്ഠിച്ച വിഗ്രഹത്തിന്റെ ഉത്ഭവം വിവരിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത് (17,1–5). എഫ്രേം മലനാട്ടിൽ എവിടെയോ വസിച്ചിരുന്ന മിക്കാ എന്നൊരാൾ തന്റെ മാതാവിന്റെ 1100 വെള്ളി നാണയങ്ങൾ മോഷ്ടിച്ചു. അതു ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടതായിരുന്നു എന്നു മനസ്സിലായപ്പോൾ ഭയചകിതനായ മിക്കാ പണം അമ്മയ്ക്കു തിരിച്ചുകൊടുത്തു. എന്നാൽ തുക മുഴുവൻ ദൈവത്തിന് നൽകാതെ 200 നാണയങ്ങൾ മാത്രം എടുത്ത് അതുകൊണ്ട് രണ്ടു വിഗ്രഹങ്ങൾ ഉണ്ടാക്കിച്ചു. കല്ലോ മരമോകൊണ്ടു നിർമ്മിചതാണ് കൊത്തു വിഗ്രഹം, ലോഹം കൊണ്ടു തീർത്തത് വാർപ്പു വിഗ്രഹവും, ഇവ രണ്ടും ഇസ്രായേലിനു നിഷിദ്ധമായിരുന്നു. (പുറ 20,4–6). ഇവയ്ക്കു പുറമെ മിക്കാ എഫോദും മറ്റു ചെറിയ ദേവപ്രതിമകളും ഉണ്ടാക്കി. എല്ലാം തന്റെ പൂജാമുറിയിൽ പ്രതിഷ്ഠിച്ചു. സ്വന്തം പുത്രനെ പുരോഹിതനായി നിയമിക്കുകയും ചെയ്തു. യാഹ്‌വേയ്ക്കു സമൻ ആര്? എന്ന് അർത്ഥമുള്ള മിക്കായാഹു എന്ന പേരിന്റെ ഹ്രസ്വരൂപമാണ് മിക്കാ. ദൈവത്തിനു തുല്യനായി മറ്റാരും ഇല്ല എന്ന വിശ്വാസ പ്രഖ്യാപനം സ്വന്തം പേരായി വഹിക്കുന്നവൻ തന്നെ അനേകം ദൈവങ്ങളും പ്രതിമകൾ ഉണ്ടാക്കുമ്പോൾ പേരും പ്രവൃത്തിയും തമ്മിൽ പൊരുത്തക്കേടുണ്ടാകുന്നു.



യൂദായിലെ ബേദ്‌ലെഹെമിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട ജീവിതം തേടിയിറങ്ങിയ ഒരു ലേവ്യയുവാവ് മിക്കായുടെ ഭവനത്തിൽ പുരോഹിതനായി സേവനം ആരംഭിച്ചതിന്റെ ചരിത്രം 17,7–13ൽ വിവരിക്കുന്നു. ലേവ്യനെക്കുറിച്ചു നൽകുന്ന “യൂദാവംശജൻ”, “അവിടെ വന്നു വസിച്ചവൻ” എന്ന വിശേഷണങ്ങൾ (17,7) വിവാദവിഷയമാണ്. യൂദാഗോത്രത്തിൽ എങ്ങിനെ ലേവ്യനുണ്ടായി എന്ന ചോദ്യം ഉദിക്കുന്നു. യൂദാഗോത്രത്തിനിടയിൽ വന്നു വസിച്ചവൻ എന്നായിരിക്കും ഇതിനർത്ഥം. ലേവ്യർക്കു സ്വന്തമായി സ്ഥലമില്ലാതിരുന്നതിനാൽ മറ്റു ഗോത്രങ്ങൾക്കിടയാണല്ലോ അവർ വസിച്ചിരുന്നത്. “വന്നു വസിച്ചിവൻ” എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്കുകൾക്ക് ഗെർഷോം (18,30) എന്ന പേരുമായി സാമ്യമുണ്ട്.

ലേവ്യയുവാവിനെ മിക്കാ പിതാവും പുരോഹിതനുമായി സ്വീകരിച്ചു (17,10). അതേ സമയം ലേവ്യർ മിക്കായ്ക്കു പുത്രനെപ്പോലെയുമായിരുന്നു. (17,11). താമസിക്കാൻ സ്ഥലവും മെച്ചപ്പെട്ട വേതനവും പരചണവും ലഭിച്ചതിൽ സന്തുഷ്ടനായ ലേവ്യൻ മിക്കായുടെ വീട്ടിൽ പുരോഹിതനായി സേവനം ആരംഭിച്ചു. പൂജാമുറിയിലെ വിഗ്രഹങ്ങൾ അയാൾക്ക് ഒരു പ്രശ്നമായിരുന്നില്ല. പണത്തിനു വേണ്ടി എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറാകുന്ന ഒരു പുരോഹിതനായിരുന്നു അയാൾ. അടുത്ത അധ്യായത്തിൽ അയാളുടെ സ്വഭാവം കൂടുതൽ വ്യക്തമാകും.

ദാൻ ഗോത്രക്കാർക്ക് അതുവരെ അവകാശം ലഭിച്ചിരുന്നില്ല (18,1) എന്ന പ്രസ്താവന തങ്ങൾക്ക് അവകാശമായി കിട്ടിയ ഭൂമി സ്വന്തമാക്കാൻ അവർക്കു കഴിഞ്ഞില്ല എന്ന വസ്തുതയെയാണ് സൂചിപ്പിക്കുന്നത്. സോറാ, എഷ്താവോൽ, എന്നീ നഗരങ്ങൾ (18,2) അവർക്ക് അവകാശമായി ലഭിച്ച

പ്രദേശങ്ങളുടെ ഭാഗമായിരുന്നു (ജോഷ്വാ 19,41). ഈ രണ്ടു നഗരങ്ങളെയും ഒറ്റുനോക്കാൻ ചാരന്മാരെ അയയ്ക്കുന്നതിന്റെ വിവരണം (18,1-10) മോശ കാനാൻ ദേശത്തേയ്ക്കു ചാരന്മാരെ അയച്ചതിനെ (സംഖ്യ 13) അനുസ്മരിപ്പിക്കുന്നു. മിക്കായുടെ വീട്ടിലെ വാസവും ലേവ്യനുമായുള്ള സംഭാഷണവും (18,3-6) അടുത്ത സംഭവങ്ങൾക്കു വഴിയൊരുക്കുന്നു. ജനത്തിനു ദൈവഹിതം വെളിപ്പെടുത്തിക്കൊടുക്കുകയാണ് പുരോഹിതന്റെ മുഖ്യധർമ്മം എന്ന് 18,6ൽ നിന്നു വ്യക്തമാകുന്നുണ്ട്.

കാനാൻ ദേശത്തിന്റെ ഏറ്റം വടക്കെ അറ്റത്ത്, ജോർദ്ദാൻ നദിയുടെ ഉറവിടത്തിനടുത്താണ് ലായഷ് നഗരം. പിന്നീട് അതിന് ദാൻ എന്നും, പുതിയ നിയമകാലത്ത് കേസറിയാ ഫിലിപ്പി എന്നും പേരുണ്ടായി. ലായിഷിലെ ജനങ്ങൾക്ക് ആരുമായും സംസർഗ്ഗമില്ലായിരുന്നു എന്ന പ്രസ്താവന രണ്ടു തവണ ആവർത്തിക്കുന്നുണ്ട്. (18,8.28). അവരെ ആക്രമിച്ചു കീഴടക്കുക എളുപ്പമാണെന്ന് ഇതു സൂചിപ്പിക്കുന്നു. തങ്ങൾക്ക് അവകാശമായി ദൈവം നൽകിയ ഭൂമി ഉപേക്ഷിച്ച് മറ്റൊരു ദേശത്തേക്ക് കുടിയേറാനാണ് ചാരന്മാർ ദാൻ ഗോത്രക്കാരെ പ്രേരിപ്പിക്കുന്നത്. എന്നാലും "ഈ പ്രദേശം ദൈവം നിങ്ങൾക്കു തന്നിരിക്കുന്നു" എന്നത്രെ അവർ പറയുന്നത് (18,10).

മരുഭൂമിയിലൂടെയുള്ള യാത്രയിൽ യൂദാ കഴിഞ്ഞാൽ ഏറ്റം കൂടുതൽ അംഗസംഖ്യയുള്ള ഗോത്രമായിരുന്നു ദാൻ. അവരിൽ നിന്ന് ആയുധ ധാരികളായ അറുനൂറു പേരും കുടുംബാംഗങ്ങളും മാത്രമേ വടക്കോട്ടുള്ള കുടിയേറ്റത്തിൽ പങ്കെടുക്കുന്നുള്ളു (18,11). ശത്രുക്കളുടെ ആക്രമണം മൂലം അനേകം പേർ മരിച്ചതായിരിക്കും അംഗസംഖ്യ ഇത്ര കുറയാൻ ഒരു കാരണം. ദാൻ ഗോത്രക്കാർ മുഴുവൻ കുടിയേറ്റത്തിനു തയ്യാറായില്ല എന്നും അനുമാനിക്കാം. യാത്രാ മധ്യേ അവർ പാളയമടിച്ച സ്ഥലത്തിന് "മഹനേ ദാൻ" എന്ന പേരുണ്ടായി (18,12). മിക്കായുടെ വിഗ്രഹങ്ങൾ കവർച്ചചെയ്യാൻ വന്നവരെ തടയാൻ ലേവ്യ. പുരോഹിതൻ ശ്രമിച്ചെങ്കിലും അവരുടെ ഭീഷണിയും. അതിലുപരി വാഗ്ദാനങ്ങളും കേട്ടപ്പോൾ സന്തോഷത്തോടെ അയാൾ തന്നെ വിഗ്രഹങ്ങൾ മോഷ്ടിച്ചുകൊണ്ട് അവരെ അനുഗമിച്ചു (18,18-20). തനിക്ക് അഭയവും ശമ്പളവും നൽകിയ മിക്കായെ അയാൾ വിസ്മരിക്കുക മാത്രമല്ല, അയാളുടെ വിഗ്രഹങ്ങൾ അപഹരിക്കാൻ കൂട്ടുനിൽക്കുകയും ചെയ്ത ലേവ്യർ ഒരു കൂസലും കൂടാതെ ഉടമ്പടിയുടെ പ്രമാണങ്ങൾ ലംഘിക്കുന്നു.

വിഗ്രഹം നഷ്ടപ്പെട്ട മിക്കാ തങ്ങളെ പിന്നിൽ നിന്ന് ആക്രമിച്ചേക്കും എന്നു കരുതിയാണ് ദാൻകാർ കുട്ടികളെയും കന്നുകാലികളെയും മുമ്പേ നടത്തിയത്. അയൽവാസികളെ ഒരുമിച്ചുകൂട്ടി കവർച്ചക്കാരെ പിന്തുടരുന്ന മിക്കാ യാക്കോബിനെ പിന്തുടർന്ന ലാബാനെ അനുസ്മരിപ്പിക്കുന്നു (ഉൽപ. 31,23). ദാൻകാരും മിക്കായും തമ്മിലുള്ള സംഭാഷണത്തിൽ (18,23-25) നർമ്മരസമുണ്ട്. വിഗ്രഹവും പുരോഹിതനും പോയതിനാൽ തനിക്ക് എല്ലാം നഷ്ടപ്പെട്ടു എന്നു വിലപിക്കുന്ന മിക്കാ അപഹാസ്യനായി പ്രത്യക്ഷപ്പെടുന്നു.



സ്വസ്ഥരായി കഴിഞ്ഞ ലായിഷ് നിവാസികളെ നിഷ്ക്കരുണം കൊന്നൊടുക്കി, അവരുടെ പട്ടണം തീവച്ചു നശിപ്പിച്ച് ദാൻകാർ ദേശം കൈവശമാക്കി. തങ്ങളുടെ സമ്പത്തിനു മധ്യേ തനിച്ചു വസിച്ചിരുന്ന അവരെ സഹായിക്കാൻ ആരും ഉണ്ടായില്ല എന്ന പ്രസ്താവനയിൽ വലിയൊരു പാഠമുണ്ട്. സമൃദ്ധിയുടെ കാലത്ത് അയൽക്കാരുമായി ബന്ധപ്പെടാത്തവർക്ക് ആപത്തുകാലത്ത് ആരുടെയും സഹായം ലഭിച്ചെന്നു വരില്ല. പുതുക്കിപ്പണിത് തങ്ങളുടെ ഗോത്രത്തിന്റെ പേരിട്ട പട്ടണത്തിൽ ദാൻകാർ വിഗ്രഹം പ്രതിഷ്ഠിക്കുകയും പുരോഹിതനെ നിശ്ചയിക്കുകയും ചെയ്തു. ദാനിലെ പുരോഹിതൻ മോശയുടെ സന്തതി പരമ്പരയിൽപ്പെടുന്നു എന്ന് പ്രത്യേകം എടുത്തു പറയുന്നത് ആ പൗരോഹിത്യത്തിന്റെ സാധുത ഉറപ്പിക്കാൻ വേണ്ടിയാണ്. "പ്രവാസകാലം വരം" എന്നത് ബാബിലോൺ പ്രവാസത്തെയല്ല, അസീറിയാക്കാർ ഇസ്രായേലിനെ കീഴടക്കിയതിനെയാണ് സൂചിപ്പിക്കുന്നത്. വി.സി. 734ൽ ദാൻ നശിപ്പിക്കപ്പെട്ടു.

സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽ രാജ്യം രണ്ടായി പിളർന്നപ്പോൾ വടക്കൻ രാജ്യത്തിന്റെ ഒരു പ്രമുഖ ആരാധനാ കേന്ദ്രമായിരുന്നു ദാൻ. കർത്താവിനെ ആരാധിക്കാനായി ജനം ജറുസലെമിലേക്ക് പോകുന്നതു തടയാൻ ജെറബൊവാം ഒന്നാമൻ ദാനിലും ബേഥേലിലും ഓരോ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു (1 രാജാ 12,28-29). വടക്കൻ രാജ്യമായ ഇസ്രായേലിന്റെ ആദിപാപമായിട്ടാണ് പ്രവാചകന്മാരും നിയമാവർത്തന ചരിത്രകാരന്മാരും ഇതിനെ വ്യാഖ്യാനിക്കുന്നത്. കാനാൻ ദേശത്തിന്റെ വടക്കെ അതിർത്തിയിൽ ഇതിനെ വ്യാഖ്യാനിക്കുന്നത്. കാനാൻ ദേശത്തിന്റെ വടക്കെ അതിർത്തിയിൽ എങ്ങനെ ഇസ്രായേൽക്കാർക്കു പ്രധാനപ്പെട്ട ഒരു ആരാധനാ കേന്ദ്രമുണ്ടായി എന്നു വിശദീകരിക്കുന്നതാണ് 17-18 അധ്യായങ്ങളിലെ വിവരണം. ആരാധനാ കേന്ദ്രവും വിഗ്രഹവും ഉണ്ടായ വിധത്തെക്കുറിച്ചുള്ള വിവരണത്തിൽ അവയോടുള്ള വെറുപ്പും അവജ്ഞയും പ്രകടമാകുന്നുണ്ട്.

**വിചിന്തനം**: രാഷ്ട്രീയവും സാമ്പത്തികവുമായ ശക്തികളുടെ ഭീഷണിക്കു വഴങ്ങിയും അവ വച്ചു നീട്ടുന്ന ആനുകൂല്യങ്ങൾ സന്തോഷത്തോടെ സ്വീകരിച്ചും അധഃപതിക്കുന്ന പൗരോഹിത്യത്തിന്റെ പ്രതീകമാണ് ഇവിടെ അവതരിപ്പിക്കുന്ന ലേവ്യൻ. "മിണ്ടരുത്, വായ്പൊത്തി ഞങ്ങളുടെ കൂടെ വരുക" എന്ന കൽപനകേട്ട് അയാൾ ഭയന്ന് നാവടക്കി, എഫോദും കുലവിഗ്രഹങ്ങളും എടുത്ത് ദാൻകാരുടെ പുറകേപോയി. ഭയവും സ്വാർത്ഥമോഹങ്ങളും

മൂലം തങ്ങളുടെ ദൗത്യത്തിൽ നിന്നു വ്യതിചലിച്ച പുരോഹിതന്മാർ ഇസ്രായേൽ ജനത്തിനു ശാപമായിത്തീർന്നു (ജറെ 6,13-14; ഹോസി 4,4-10). നീതിക്കുവേണ്ടി ശബ്ദമുയർത്താതെ ആചാരനുഷ്ഠാനങ്ങളിൽ ഒതുങ്ങിനിന്ന അവർക്ക് ജനത്തെ നാശത്തിൽ നിന്നു രക്ഷിക്കാൻ കഴിഞ്ഞില്ല. അക്രമികളുടെ ഭീഷണികേട്ട് വായ് പൊത്തേണ്ടവനല്ല പുരോഹിതൻ.

## 2. ബെഞ്ചമിനെതിരേ ശിക്ഷാനടപടി 19-21

ജനത്തെ നേർവഴിക്കു നയിക്കാൻ ഒരു രാജാവില്ലാതിരുന്നതിനാൽ ഇസ്രായേലിൽ നടമാടിയ അക്രമത്തിന്റെയും ദുരാചാരങ്ങളുടെയും മറ്റൊരു ഉദാഹരണമാണ് ഇവിടെ വിവരിക്കുന്നത്. ബെഞ്ചമിൻ ഗോത്രത്തിൽപ്പെട്ട ഗിബെയാ നഗരവാസകളുടെ അതിമ്ലേഛമായ ഒരു പ്രവൃത്തിയുടെ പേരിൽ മറ്റു ഗോത്രങ്ങൾ ഒരുമിച്ചുചേർന്ന് ബെഞ്ചമിൻ ഗോത്രത്തോടു പ്രതികാരം ചെയ്യുകയും പിന്നീട് പാശ്ചാത്തപിച്ച് അവരുടെ വംശം നിലനിർത്താൻ വേണ്ട സംവിധാനം ഒരുക്കുകയും ചെയ്തതിന്റെ വിവരണമാണിത്. രാജഭരണം ആരംഭിക്കുന്നതിനു മുമ്പ് എന്നല്ലാതെ എപ്പോഴാണിത് സംഭവിച്ചതെന്ന് വി.ഗ്രന്ഥകാരൻ പറയുന്നില്ല. വിവരണത്തെ മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. ഗിബെയാക്കാരുടെ മ്ലേഛത, ബെഞ്ചമിനെതിരേ പ്രതികാരം, ബെഞ്ചമിൻ ഗോത്രത്തിന്റെ നിലനിൽപ്.

### ഗിബെയാക്കാരുടെ മ്ലേഛത 19,1-30

വഴിപോകനായ ഒരു ലേവ്യന്റെ ഉപനാരിയോട് ഗിബെയാക്കാർ കാട്ടിയ ക്രൂരതയും അതിനു പ്രതികാരം ചെയ്യാൻ ലേവ്യർ ഇസ്രായേൽ ഗോത്രങ്ങൾക്കു നൽകുന്ന ആഹ്വാനവുമാണ് ആദ്യമേ വിവരിക്കുന്നത്. 17-18 അധ്യായങ്ങളിലെന്നതുപോലെ ഇവിടെയും ഒരു ലേവ്യനാണ് മുഖ്യ കഥാപാത്രം. എഫ്രേം മലനാടും യൂദായിലെ ബെദ്‌ലെഹമുമാണ് സംഭവ സ്ഥലങ്ങൾ. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള വിവാഹമാണ് ദൈവിക പദ്ധതിയായി ബൈബിൾ എടുത്തു കാട്ടുന്നതെങ്കിലും (ഉൽപ 2,24) ബഹുഭാര്യാത്വം ഇസ്രായേലിൽ നിലവിലിരുന്നു. ഒന്നിലധികം സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കുന്നതിനു പുറമെ, ഭാര്യയുടേതായ എല്ലാ അവകാശങ്ങളും നൽകാതെ സ്ത്രീകളെ കൂടെ പാർപ്പിക്കുകയും അസാധാരണമായിരുന്നില്ല. ഇങ്ങനെ കൂടെ പാർപ്പിക്കുന്നവളെയാണ് ഉപനാരി എന്നു വിളിക്കുന്നത്. വിവാഹത്തെ സംബന്ധിച്ച ദൈവിക പദ്ധതി കാറ്റിൽ പറത്തിയ ഒരു ലേവ്യന്റെ കഥയാണ് ഇവിടെ വിവരിക്കുന്നത്.

പിണങ്ങിപ്പിരിഞ്ഞ് ബേദ്‌ലെഹെമിലുള്ള പിതൃഗൃഹത്തിലേക്കുപോയ ഉപനാരിയെ അനുനയം പറഞ്ഞ് തിരികെക്കൊണ്ടുവരാൻ എത്തിയ ലേവ്യനെ



യുവതിയുടെ പിതാവ് സസന്തോഷം സ്വീകരിച്ച് സൽക്കരിച്ചു. അമ്മായിയപ്പന്റെ നിർബ്ബന്ധത്തിനു വഴങ്ങി നാലാം ദിവസവും അവിടെ തങ്ങിയ ലേവ്യൻ അഞ്ചാം ദിവസം ഉച്ചകഴിഞ്ഞാണ് മടക്കയാത്ര തുടങ്ങിയത്. ബേദ്‌ലെഹെമിൽ നിന്ന് ഏകദേശം എട്ടു കി.മി വടക്കുള്ള ജറുസലെമിന് അടുത്തെത്തിയപ്പോഴേക്കും നേരം വൈകി. വിജാതീയരായ ജബൂസ്യരുടെ പട്ടണമായിരുന്നതിനാൽ ജറുസലെം സുരക്ഷിതമായിരിക്കുകയില്ല എന്നും സ്വന്തം ജനത്തിന്റെ ഒരു പട്ടണമാണ് മെച്ചമെന്നും കരുതി. ഭൃത്യന്റെ ഉപദേശം സ്വീകരിക്കാതെ, അവർ യാത്ര തുടർന്നു. ജറുസലെമിൽ നിന്ന് ഏകദേശം അഞ്ചു കി.മി. വടക്കാണ് ഗിബെയാ. വീണ്ടും മൂന്നു കി.മി വടക്കാണ് റാമാ. ഗിബെയായിൽ രാത്രി ചിലവഴിക്കാൻ തീരുമാനിച്ചെങ്കിലും ആരും അവരെ സ്വാഗതം ചെയ്തില്ല.

ഇനി അങ്ങോട്ടുള്ള വിവരണം സോദോമിനെ അനുസ്മരിപ്പിക്കുന്നതാണ്. ഗിബെയാക്കാരെ സോദോംകാരോടു താരതമ്യം ചെയ്യാൻ ബോധപൂർവ്വകമായ ഒരു ശ്രമം നടക്കുന്നതായി കാണാം. ഹോട്ടലുകളും ലോഡ്ജുകളും ഇല്ലാതിരുന്ന അക്കാലത്ത് വഴിപോക്കരെ വീട്ടിൽ അന്തിയുറങ്ങാൻ ക്ഷണിക്കുകയും അവർക്ക് ആഹാരം നൽകി പരിചരിക്കുകയും ചെയ്യുക ദിവ്യമായ ഒരു കടമയായി പരിഗണിക്കപ്പെട്ടുപോന്നു. അതിഥിയെ ദൈവമായി കാണണം എന്നതായിരുന്നു പൊതുവായ ചിന്താഗതി. എന്നാൽ പ്രതീക്ഷയ്ക്കു വിരുദ്ധമായി ഗബെയാക്കാർ ആരും അവരെ ക്ഷണിച്ചില്ല. ലോത്തിന്റെ കഥയിലെന്നതു ഗിബെയായിൽ പരദേശിയായി വന്നു വസിച്ചിരുന്ന ഒരു വൃദ്ധനാണ് അവരെ വീട്ടിൽ സ്വീകരിച്ചു പരിചരിച്ചത്.

രാത്രിയിൽ വീടുവളഞ്ഞ ഗിബെയായിലെ ആഭാസന്മാർ സോദോംകാർ ചെയ്തതുപോലെ, വിരുന്നുകാരനെ വിട്ടുകൊടുക്കാൻ വൃദ്ധനെ നിർബ്ബന്ധിച്ചു. അതിഥിയെ രക്ഷിക്കാൻ വേണ്ടി വൃദ്ധൻ തന്റെ മകളെയും ലേവ്യന്റെ ഉപനാരിയെയും അവർക്കു കൊടുക്കാമെന്നു പറഞ്ഞെങ്കിലും അവർ സമ്മതിച്ചില്ല. അവസാനം ലേവ്യർ പുറത്തിറക്കിവിട്ട ഉപനാരിയെ അവർ രാത്രി മുഴുവൻ ദുരുപയോഗിച്ചു. രാവിലെ എണീറ്റു യാത്ര തുടരാൻ ശ്രമിക്കുമ്പോഴാണ് അവൾ കട്ടിളപ്പടിമേൽ കൈവച്ചു കിടക്കുന്നതു ലേവ്യൻ കണ്ടത്. "എഴുന്നേൽക്കൂ, നമുക്കു പോകാം" (19,28) എന്ന വാക്കുകളിൽ നിർവികാരതയുണ്ട്. മറുപടി കിട്ടാഞ്ഞപ്പോൾ അവളെ എടുത്തു കഴുതപ്പുറത്തു വച്ച് വീട്ടിലേക്കു കൊണ്ടുപോയി, പന്ത്രണ്ടു കഷ്ണങ്ങളാക്കി മുറിച്ച് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിലേക്കു കൊടുത്തയച്ചു.

ഗിബെയാക്കാരുടെ മ്ലേഛത ഈ വിവരണത്തിൽ തെളിഞ്ഞു നിൽക്കുന്നെങ്കിലും ലേവ്യന്റെ നിർവികാരതയും നിസ്സംഗതയും ശ്രദ്ധേയമത്രെ. തന്റെ കൂടെ ഇറങ്ങിത്തിരിച്ച ഒരു സ്ത്രീയെ സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടി

കൂട്ടബലാൽസംഗത്തിനു വിട്ടുകൊടുക്കാൻ അയാൾ മടിച്ചില്ല. തന്നെ വിശ്വസിച്ച് കൂടെ വന്നവൾ പുറത്തു ക്രൂരമായി കൊല്ലപ്പെടുമ്പോൾ സമാധാനമായി കിടന്നുറങ്ങാൻ അയാൾക്കു കഴിഞ്ഞു. നേരം വെളുത്തപ്പോഴാണ് വാതിൽ തുറക്കുന്നത്. അതും തന്റെ സഖിയെ അന്വേഷിക്കാനല്ല, യാത്ര തുടരാനാണ്. വീട്ടിലെത്തിയ ഉടനെ അവളെ കഷണങ്ങളാക്കി കൊടുത്തയയ്ക്കുന്നത് ഗിബെയാക്കാരുടെ മ്ലേഛതയെക്കുറിച്ച് ഇസ്രായേലിനെ മുഴുവൻ ബോധ്യപ്പെടുത്താനാണെങ്കിലും, തികച്ചും ക്രൂരവും അരോചകവുമായ ഒരു കൃത്യമായിരുന്നു അത്. ആമോര്യർക്കെതിരേ യുദ്ധത്തിനു പുറപ്പെടാൻ ഇസ്രായേൽക്കാരെ ക്ഷണിക്കുന്നതിനുവേണ്ടി സാവൂൾ കാളകളെ വെട്ടിനുറുക്കി ദേശത്തെല്ലാം കൊടുത്തയച്ചത് ( 1സാമു 11,7) ഈ ലേവ്യന്റെ പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്നു. ഗിബെയായിലെ സംഭവം ഇസ്രായേലിന്റെ സമൂഹ മനഃസാക്ഷിയെ ആഴത്തിൽ മുറിപ്പെടുത്തി. മ്ലേഛതയുടെ ഉദാഹരണമായി നൂറ്റാണ്ടുകൾക്കു ശേഷവും പ്രവാചകന്മാർ ഇതിനെ എടുത്തു കാട്ടിയിരുന്നു (ഹോസി 9,8-9; 10,9-10). സോദോമിനോടു മാത്രമേ ഇതിനെ തുലനം ചെയ്യാനാവൂ.

**ബെഞ്ചമിനെതിരേ പ്രതികാരം 20,1-48**

ബീഭത്സമായ സന്ദേശം ലഭിച്ച ഇസ്രായേൽ ഗോത്രങ്ങൾ മുഴുവൻ ഗിബെയായിൽ നിന്ന് ഏകദേശം എട്ടു കി.മീ വടക്കുള്ള മിസ്പായിൽ ഒരുമിച്ചുകൂടി ന്യായം 11,11ൽ കണ്ട മിസ്പായിൽ നിന്നു വ്യത്യസ്തമാണ് ഈ പട്ടണം. ബെഞ്ചമിൻ ഗോത്രത്തിന്റെ അതിർത്തിക്കുള്ളിലുള്ള ഈ പട്ടണം വലിയൊരു ആരാധനാ കേന്ദ്രമായിരുന്നു (1 സാമു 7). ഇവിടെ വച്ചാണ് ഇസ്രായേലിന്റെ ആദ്യ രാജാവായി സാവൂൾ സ്ഥാനമേറ്റത് (1 സാമു 10). ജോർദ്ദാനു കിഴക്കുള്ള ഗോത്രങ്ങളുടെ ഈ സമ്മേളനത്തിൽ എല്ലാ ഗോത്രങ്ങളും പങ്കുചേർന്നു എന്നു കാട്ടാൻ വേണ്ടിയാണ് ഗിലയാദുകാരും മിസ്പായിൽ വന്നു എന്ന് പ്രത്യേകം പറയുന്നത്. സമ്മേളിച്ചവരുടെ സംഖ്യയിൽ അതിശയോക്തിയുണ്ട്. ഒരുപക്ഷെ "ഏലാദ്" എന്ന ഹീബ്രു വാക്ക് 'ഗണം' എന്നതിനു പകരം ആയിരം എന്നു തെറ്റായി വിവർത്തനം ചെയ്തതാവാം നാലുലക്ഷം (നാനൂറ് ആയിരം) എന്ന വലിയ സംഖ്യയ്ക്കു കാരണം.

ഇസ്രായേൽ ജനത്തിന്റെ സമ്മേളനത്തിനു മുമ്പിൽ ലേവ്യർ നൽകുന്ന വിവരണം 19-ാം അധ്യായത്തിൽ കണ്ടതിൽ നിന്നും അൽപം വ്യത്യസ്തമാണ്. സ്വന്തം നിലപാട് സാധൂകരിക്കാൻ വേണ്ടിയാവാം, ഗിബെയാക്കാർ വീടു വളഞ്ഞത് തന്നെ കൊല്ലാൻ വേണ്ടിയായിരുന്നു എന്ന് ലേവ്യൻ പറയുന്നത്. ഇസ്രായേലിൽ മ്ലേഛത കാണിച്ചിരിക്കുന്നു എന്ന പ്രസ്താവന ജനത്തിന്റെ കൂട്ടുത്തരവാദിത്വത്തിലേക്കു വിരൽ ചൂണ്ടുന്നു. ഗിബെയാക്കാർ ചെയ്ത പാതകം ജനത്തെ ഒന്നടങ്കം കുറ്റക്കാരാക്കിയിരിക്കുന്നു. കൊലപാ



തകികളെ വധിച്ച് കുറ്റത്തിന് പരിഹാരം അനുഷ്ഠിക്കുകയും അങ്ങനെ ആതിന്മ ദേശത്തു നിന്നു നീക്കിക്കളയുകയും ചെയ്യാൻ ജനം കടപ്പെട്ടിരിക്കുന്നു (നിയ 17,2-13). ഇതു ചെയ്തില്ലെങ്കിൽ ജനത്തിനു മുഴുവൻ ഭീകരമായ നാശം സംഭവിക്കും (ജോഷ്വാ 7) എന്ന ബോധ്യമാണ് ഗിബെയായ്ക്കെതിരേ ശിക്ഷാനടപടിയെടുക്കാൻ ഇസ്രായേൽക്കാരെ പ്രേരിപ്പിച്ചത്. സൈന്യത്തിനു ഭക്ഷണം സജ്ജീകരിക്കാനായി പത്തിലൊന്ന് ആളുകളെ മാറ്റി നിർത്തുന്നത് സുദീർഘമായ ഒരു യുദ്ധത്തിനുള്ള ഒരുക്കമാണ്.

കുറ്റവാളികളെ ശിക്ഷിച്ച് ഇസ്രായേലിൽ നിന്ന് തിന്മ നീക്കം ചെയ്യാൻ മാത്രമായിരുന്നു മിസ്പായിലെ സമ്മേളനം തീരുമാനിച്ചത് (20,13). എന്നാൽ തങ്ങളുടെ ഗോത്രത്തിൽപ്പെട്ടവരെ വിട്ടുകൊടുക്കാൻ ബെഞ്ചമിൻ ഗോത്രക്കാർ തയ്യാറാകാതെ യുദ്ധത്തിനൊരുങ്ങിയപ്പോൾ ആഭ്യന്തര യുദ്ധം അനിവാര്യമായിത്തീർന്നു (20,14-17).

ബെഞ്ചമിൻ ഗോത്രത്തിനെതിരേ നടത്തിയ യുദ്ധത്തിന്റെ വിവരണം ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻകാർക്കെതിരേ നടത്തിയ യുദ്ധങ്ങളുടെ മാതൃക സ്വീകരിച്ചിരിക്കുന്നു. കർത്താവിന്റെ ഹിതം ആരാഞ്ഞതിനു ശേഷമാണ് യുദ്ധത്തിനു പുറപ്പെടുന്നത്. മരുഭൂമിയിലെ യാത്രയിലെന്നതു പോലെ ഇവിടെയും യൂദാ ആദ്യമേ പുറപ്പെടുന്നു.

എന്നാൽ രണ്ടു ദിവസം തുടർച്ചയായി ഇസ്രായേൽക്കാർ തോറ്റോടേണ്ടി വന്നു. 30,000 പടയാളികൾ നഷ്ടപ്പെട്ട ഇസ്രായേൽക്കാർ കർത്താവിന്റെ മുമ്പിൽ നിലവിളിക്കുകയും ബലിയർപ്പിക്കുകയും ചെയ്തു. ഗിബെയാക്കാരുടെ പാപത്തിന് ഇസ്രായേൽ ജനം മുഴുവൻ ഉത്തരവാദികളാണെന്നും അതിന്റെ ശിക്ഷ എല്ലാവരും അനുഭവിക്കാൻ കടപ്പെട്ടിരിക്കുന്നു എന്നും സൂചിപ്പിക്കുന്നതാണ് ഈ പരാജയങ്ങളും ജീവഹാനിയും.

മൂന്നാം ദിവസത്തെ യുദ്ധത്തിന്റെ വിവരണത്തിൽ (20,29-48) രണ്ടു പാരമ്പര്യങ്ങൾ കൂട്ടിയോജിപ്പിച്ചതിനാൽ ആവർത്തനങ്ങളും അവ്യക്തതകളും ഏറെയുണ്ട്. ആയ് പട്ടണത്തിനെതിരേ നടത്തിയ യുദ്ധത്തിൽ സ്വീകരിച്ച അതേ തന്ത്രമാണ് (ജോഷ്വാ 8) ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പട്ടണം അഗ്നിക്കിരയായതുകണ്ട് ഭയ വിഹ്വലരായി മരുഭൂമിയിലേക്കു പലായനം ചെയ്ത ബെഞ്ചമിൻ ഗോത്രക്കാരെ ഇസ്രായേൽക്കാർ പിന്തുടർന്നു വധിച്ചു. മടങ്ങി വന്ന് അവരുടെ ദേശം ആക്രമിച്ച് മനുഷ്യരെയും മൃഗങ്ങളേയും മുഴുവൻ കൊന്നൊടുക്കിയത് കാനാൻകാരുടെ പട്ടണങ്ങൾക്കെതിരേ നടപ്പിലാക്കാൻ കല്പിച്ചിരുന്ന ശിക്ഷാവിധിയെ (നിയ 7,1-2; 20,16) അനുസ്മരിപ്പിക്കുന്നു. കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിക്കുന്നവർ, ഇസ്രായേല്യരെന്നോ വിജാതീയരെന്നോ വ്യത്യസമില്ലാതെ, ശിക്ഷിക്കപ്പെടും എന്ന് ഈ വിവരണത്തിലൂടെ പഠിപ്പിക്കുന്നു. ഉടമ്പടിയോടു വിശ്വസ്തത പുലർത്തുന്നിട

ത്തോളം കാലം മാത്രമേ ദൈവജനത്തിൽ അംഗത്വവും കർത്താവിന്റെ സംരക്ഷണവും ലഭിക്കൂ. രക്ഷപ്പെട്ട അറുന്നൂറു പേരെക്കുറിച്ചുള്ള പരാമർശം (20,47) അടുത്ത അധ്യായത്തിൽ വിവരിക്കാൻ പോകുന്ന പ്രശ്നത്തിലേക്കു ശ്രദ്ധ തിരിക്കുന്നു.

**ബെഞ്ചമിന്റെ നിലനില്പ് 21,1-25**

ഗിബെയാക്കാരുടെ മ്ലേഛതയും അവരെ വിട്ടുകൊടുക്കാതെ യുദ്ധത്തിനൊരുങ്ങിയ ബെഞ്ചമിൻ ഗോത്രത്തിന്റെ കുറ്റവും വലുതായിരുന്നു. എന്നാൽ അവർക്കെതിരെ ഇസ്രായേൽക്കാർ എടുത്ത പ്രതികാര നടപടി സകല അതിരുകളെയും ലംഘിച്ചു. ഇസ്രായേലിൽ നിന്ന് ഒരു ഗോത്രം അപ്രത്യക്ഷമാകും എന്നു മനസിലാക്കിയ അവർ കർത്താവിന്റെ സന്നിധിയിൽ കയ്പോടെ കരഞ്ഞു. ബെഞ്ചമിൻ ഗോത്രക്കാർക്ക് പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കരുത് എന്ന് മിസ്പായിലെ സമ്മേളനത്തിൽ വച്ചു തീരുമാനമെടുത്തതായി 21,1-ൽ മാത്രമേ പറയുന്നുള്ളൂ. കർത്താവിന്റെ മുമ്പിൽ എടുത്ത പ്രതിജ്ഞ ലംഘിക്കാൻ പാടില്ല എന്ന ബോധ്യം ഒരു വശത്ത്. ബെഞ്ചമിൻ ഗോത്രത്തിന്റെ നിലനില്പ് മറുവശത്ത്. മരുഭൂമിയിൽ ഒളിച്ചിരുന്ന 600 പേർക്കു ഭാര്യമാരെ കണ്ടെത്തുക ഈ പ്രതിസന്ധിയിൽ ഒരു വലിയ പ്രശ്നമായി. അതിനായി സ്വീകരിച്ച രണ്ടു പരിഹാരമാർഗ്ഗങ്ങൾ ഇവിടെ പരസ്പരം ബന്ധിപ്പിച്ച് വിവരിച്ചിരിക്കുന്നു.

മിസ്പായിലെ സമ്മേളനത്തിൽ പങ്കെടുത്തവരെ കൊന്നുകളയണം എന്ന തീരുമാനമാണ് ഒരു പരിഹാരമാർഗ്ഗമായത്. ഇങ്ങനെ ഒരു തീരുമാനമാക്കി കൊടുത്തയച്ച ലേവ്യന്റെ സന്ദേശത്തിൽ ഈ താക്കീത് ഉൾച്ചേർന്നിരുന്നതായി കരുതാം. ഗിലെയാദുദേശക്കാർ സമ്മേളനത്തിൽ പങ്കെടുത്തു എന്ന് 20,1ൽ പറഞ്ഞുവച്ചെങ്കിലും ഗിലെയാദിലെ ഒരു പട്ടണമായ യാബെഷ് ഗിലെയാദിൽ നിന്ന് ആരും വന്നില്ല എന്നു കണ്ടുപിടിച്ചപ്പോൾ അവർക്കെതിരേ പ്രതികാര നടപടി സ്വീകരിക്കാൻ ജനം തീരുമാനിച്ചു (21,1-9). പ്രതികാരയുദ്ധത്തിന്റെ നിയമമാണ് (സംഖ്യ 31,17-18) ഇവിടെ അനുവർത്തിക്കുന്നത് (21,10-12) ബെഥേലിൽ നിന്ന് ഏകദേശം 15കി.മീ. വടക്കുള്ള ഷീലോ ഇസ്രായേലിലെ ഒരു പ്രധാനപ്പെട്ട ആരാധനാകേന്ദ്രമായിരുന്നു (1 സാമൂ 1,4). യാബോഷ് ഗിലെയാദിൽ നിന്നും പിടിച്ചുകൊണ്ടു വന്ന 400 കന്യകമാരെ അവിടെവെച്ചാണ് ബെഞ്ചമിൻ ഗോത്രക്കാർക്ക് നല്കിയത്. എല്ലാവർക്കും തികഞ്ഞില്ല (21,4) എന്ന പ്രസ്താവന അടുത്ത പരിഹാരമാർഗ്ഗത്തിലേക്കു നയിക്കുന്നു.

ഷീലോയിൽ വർഷംതോറും നടക്കുന്ന ഉത്സവം (21,19) കൂടാരത്തിരുനാൾ ആണെന്ന് അനുമാനിക്കാം. മുന്തിരി വിളവെടുപ്പുമായി ബന്ധപ്പെട്ട



ഈ തിരുനാൾ വലിയ ആഘോഷത്തിന്റെയും ആഹ്ലാദപ്രകടനങ്ങളുടെയും അവസരമായിരുന്നു. നാടിന്റെ നാനാഭാഗത്തനിന്നും തീർത്ഥാടകരായി വരുന്ന ജനം കൂടാരങ്ങളിൽ വസിക്കും, മുന്തിരിത്തോട്ടത്തിൽ നൃത്തം ചെയ്യും, ബെഞ്ചമിൻ ഗോത്രത്തിൽപ്പെട്ട ശേഷിച്ച 200 പേർക്കു ഭാര്യമാരെ കണ്ടെത്താൻ ഈ ഉത്സവത്തെ അവസരമാക്കാൻ നേതാക്കൾ തീരുമാനിച്ചു. ഉത്സവത്തിനു വരുന്ന പെൺകുട്ടികളെ ബലമായി പിടിച്ചുകൊണ്ടുപോകാൻ പ്രേരിപ്പിക്കുന്ന സമൂഹനേതാക്കന്മാരുടെ പ്രവൃത്തി അരോചകവും നിരുത്തരവാദിത്വപരവുമായി തോന്നാം. ഒരു ഗോത്രത്തിന്റെ നിലനില്പ് ഉറപ്പുവരുത്താൻ വേണ്ടിയാണ് ഒട്ടും പ്രശംസനീയമല്ലാത്ത ഈ തീരുമാനം അവർ കൈക്കൊണ്ടത്. എന്നാൽ ഇതും സ്വീകരിക്കാനാവുന്നതായി വി.ഗ്രന്ഥകാരൻ കരുതുന്നില്ല. ബെഞ്ചമിൻ ഗോത്രക്കാർ തങ്ങൾക്ക് അവകാശമായി കിട്ടിയ സ്ഥലത്തുമടങ്ങിച്ചെന്ന് പട്ടണം പുതുക്കിപ്പണിത് അവിടെ വസിച്ചു. (21,23) എന്ന പ്രസ്താവനയോടെ ഗിബെയാസംഭവം ഉപസംഹരിക്കുമ്പോൾ ശുദ്ധീകരിക്കപ്പെട്ട ജനത്തിന്റെ ഒരു പുതിയ തുടക്കത്തിലേക്കു വി.ഗ്രന്ഥകാരൻ വിരൽ ചൂണ്ടുന്നു.

ഇസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തനും തനിക്ക് യുക്തമെന്നു തോന്നിയത് ചെയ്തിരുന്നു (21,25). ന്യായാധിപന്മാരുടെ പുസ്തകത്തിൽ വിവരിച്ച് സകല സംഭവങ്ങളെയുംക്കുറിച്ചുള്ള ഒരു വിലയിരുത്തലാണിത്. ഓരോരുത്തർക്കും യുക്തമെന്നു തോന്നിയത് കർത്താവ് അംഗീകരിക്കുന്ന തീരുമാനം ആകണമെന്നില്ല. ഇവിടെ വിവരിച്ച പലതും കർത്താവിന്റെ വ്യക്തമായ കല്പനകൾക്ക് വിരുദ്ധമായിരുന്നു. എന്നാൽ പ്രവർത്തനങ്ങളുടെ സാഹചര്യങ്ങൾ കണക്കിലെടുത്തേ വിധി പറയാവൂ എന്നും ഈ പ്രസ്താവനയിൽ സൂചനയുണ്ട്.

ഗിബെയായെയും യാബെഷ് ഗിലയാദിനെയുംക്കുറിച്ചുള്ള വിവരണങ്ങൾ സാവൂളിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തിയാൽ സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ ലഭിക്കും. ഇസ്രായേലിന്റെ ആദ്യത്തെ രാജാവായിരുന്ന സാവൂർ. രാജാവായി വാഴിച്ച സാമുവേൽ തന്നെ കർത്താവിനോടുള്ള അവിശ്വസ്തതയുടെ പേരിൽ അയാളെ തിരസ്കരിച്ചു. ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്ന് ഇസ്രായേൽക്കാരെ രക്ഷിക്കാൻ വേണ്ടി അഭിഷിക്തനായ സാമുവേൽ തന്റെ ജീവിതത്തിന്റെ അധിക പങ്കും ദാവീദിനെ വേട്ടയാടാൻ വേണ്ടിയാണ് ചിലവഴിച്ചത്.

സാവൂൾ ബെഞ്ചമിൻ ഗോത്രജനായിരുന്നു. ഗിബെയാ ആയിരുന്നു അയാളുടെ ആസ്ഥാനം. അമ്മോന്യരുടെ ഉപരോധത്തിൽ നിന്ന് യാബെഷ് ഗിലയാദുകാരെ മോചിപ്പിക്കാൻ വേണ്ടിയാണ് സാവൂൾ ആദ്യത്തെ യുദ്ധത്തിനിറങ്ങിയത് (1 സാമു 11). തങ്ങളോടു കാണിച്ച ഈ കാരുണ്യത്തിന് യാബെഷ്ഗിലയാദുകാർ സാവൂളിനോട് എന്നും നന്ദിയുള്ളവരായിരുന്നു. സാവൂളി

ന്റെയും പുത്രൻ ജോനാഥന്റെയും മൃതദേഹങ്ങൾ ഫിലിസ്ത്യർ ബേത്ഷാൻ നഗരത്തിന്റെ ഭിത്തിയിൽ കെട്ടിത്തൂക്കിയപ്പോൾ യാബെഷ് ഗിലെയാദുകാരാണ് രാത്രിയിൽ ചെന്ന് അവയെടുത്ത് മാന്യമായി സംസ്കരിച്ചത് (1 സാമു 31,12). സാവൂളുമായുള്ള യാബെഷ് ഗിലയാദുകാരുടെ ബന്ധത്തെ സംശയദൃഷ്ടിയോടെയാണ് ദാവീദ് വീക്ഷിച്ചത്. അവസാനം സാവൂളിന്റെയും ജോനാഥന്റെയും അസ്ഥികൾ യാബെഷ് ഗിലെയാദിൽ നിന്നെടുത്ത് ബെഞ്ചമിൻ ദേശത്ത്, കിഷിന്റെ കല്ലറയിൽ സംസ്കരിച്ചതും (2 സാമു 21,12-14) ദാവീദും സാവൂളിന്റെ അനുയായികളും തമ്മിൽ നിലനിന്ന സംഘർഷങ്ങളുടെ തെളിവാണ്. ഗിബെയാക്കാരുടെ മ്ലേഛതയെയും അതിന്റെ പേരിൽ ഇസ്രായേൽക്കാർ എടുത്ത പ്രതികാര നടപടിയെയുംക്കുറിച്ചു പ്രചാരത്തിലിരുന്ന ഒരു പുരാതന പാരമ്പര്യം മേൽപറഞ്ഞ ചരിത്ര വസ്തുക്കളുടെ വെളിച്ചത്തിൽ പുനരാഖ്യാനം ചെയ്തതാവാം ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന 19-21 അധ്യായങ്ങളിലെ വിവരണങ്ങൾ.

**വിചിന്തനം:** നിസ്സാരമായ ഒരു കുടുംബവഴക്കിൽ തുടങ്ങി, ഒരു ദേശത്തെ ആഭ്യന്തര കലാപത്തിലേക്കു തള്ളി വിടുകയും, അനേകായിരങ്ങളുടെ മരണത്തിലൂടെ ജനത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തുകയും ചെയ്ത ഒരു സംഭവപരമ്പരയാണ് ഇവിടെ വിവരിച്ചത്. അതിനീചവും ബീഭത്സവുമായ ഈ സംഭവങ്ങൾ എന്നും ഒരു പാഠമാണ്. ഗിബെയാക്കാരുടെ മ്ലേഛതയെ അറപ്പോടെ തള്ളിപ്പറയുമ്പോഴും, അഭയാർത്ഥികൾക്കും സ്ത്രീകൾക്കുമെതിരെ ഇന്നും നടക്കുന്ന അതിനീചമായ കയ്യേറ്റങ്ങളെ നമുക്കു കണ്ടില്ലെന്നു നടിക്കാനാവില്ല. വിവരമറിഞ്ഞ ഇസ്രായേൽ ജനം മുഴുവൻ രോഷാകുലരായി. പരിഹാരമനുഷ്ഠിക്കാൻ അവർ ഒറ്റക്കെട്ടായി നിന്നു. എന്നാൽ മേല്പറഞ്ഞ സംഭവങ്ങൾ ഇന്ന് കാര്യമായ ഒരു പ്രതികരണവും ഉളവാക്കാത്ത അനുദിന വാർത്തകളായിത്തീരുന്നില്ലേ എന്നു ചിന്തിക്കണം. ധാർമ്മിക രോഷവും പ്രതികരണം ശേഷിയും നമുക്കു കൈമോശം വന്നിരിക്കുന്നോ?

രാജാവില്ലാത്ത ഒരു കാലഘട്ടത്തിലാണ് ഇസ്രായേൽക്കാർ ഇപ്രകാരമുള്ള അക്രമങ്ങളിലേക്കു വഴുതി വീണത്. ഇന്നാകട്ടെ രാഷ്ട്രങ്ങൾക്ക് നീതിനിഷ്ഠമായ നിയമങ്ങളുണ്ട്. സർവ്വോപരി, യേശുക്രിസ്തു നല്കിയ രാജകീയ നിയമവുമുണ്ട്. എന്നിട്ടും നിലമെച്ചപ്പെട്ടിട്ടുണ്ടോ? മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനപരമായ ചില സവിശേഷതകൾ മറ നീക്കിക്കാട്ടുന്ന ഈ വിവരണങ്ങൾ നമ്മെയും ഒരു ആത്മശോധനയ്ക്കു പ്രേരിപ്പിക്കുന്നു. തികച്ചും അന്ധകാരപൂർണ്ണമെന്നു തോന്നാവുന്ന ഇ ചിത്രത്തിൽ പ്രതീഷയുണർത്തുന്ന നന്മയുടെ ചില രജതരേഖകളും ഉണ്ടെന്ന കാര്യം വിസ്മരിക്കാൻ പാടില്ല.



## ചോദ്യങ്ങൾ

1. രാജഭരണത്തെക്കുറിച്ച് എന്തു കാഴ്ചപ്പാടാണ് ഈ അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്?
2. ഈ അധ്യായങ്ങളിൽ പ്രകടമാകുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഏവ?
3. നീചവും ബീഭത്സവുമായ ഈ സംഭവങ്ങൾ വിവരിച്ചിരിക്കുന്നതിന്റെ ലക്ഷ്യമെന്ത്?
4. മിക്കാ, ലേവ്യർ, ദാൻഗോത്രക്കാർ എന്നിവരുടെ പ്രവൃത്തികളും മനോഭാവങ്ങളും അപഗ്രഥിച്ച് വിലയിരുത്തുക.
5. ഗിബെയാ-സോദോം സംഭവങ്ങൾ താരതമ്യം ചെയ്യുക.
6. ബെഞ്ചമിൻ ഗോത്രക്കാരോട് ഇതര ഗോത്രങ്ങൾ സ്വീകരിച്ച നിലപാട് എന്ത്? എന്തുപാഠമാണ് ഇതിൽനിന്നു ലഭിക്കുന്നത്.

**ചർച്ചയ്ക്ക്:** ഗിബെയാ സംഭവത്തിനു സമാനമായി എന്തെങ്കിലും സംഭവങ്ങൾ ഇന്നു നടക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു? എന്താണ് യേശു നിങ്ങളിൽ നിന്നു പ്രതീക്ഷിക്കുന്നത്?

**പ്രാർത്ഥന:** 51-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക

# III റൂത്ത്

യുദ്ധക്കളത്തിൽ നിന്ന് പ്രശാന്തമായ നാട്ടിൽ പുറത്തേക്കുവരുന്ന പ്രതീതിയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്ന് റൂത്തിന്റെ പുസ്തകത്തിലേക്കു കടക്കുമ്പോൾ ഉണ്ടാകുന്നത്. ഇവിടെ തേരിന്റെ ഇരമ്പലോ യോദ്ധാക്കളുടെ അട്ടഹാസമോ മുറിവേറ്റവരുടെ ദീനരോദനമോ കേൾക്കാനില്ല; വഞ്ചനയും ചതിയുമില്ല; ശത്രുക്കളും വിദ്വേഷവുമില്ല; പ്രതികാരചിന്തലവലേശമില്ല; നീച കഥാപാത്രങ്ങളില്ല; പരുഷമായ ഒരു വാക്കുപോലും ആരും ഉച്ചരിക്കുന്നില്ല. മറിച്ച് ശാന്തസുന്ദരമായ ഒരന്തരീക്ഷം. പ്രത്യക്ഷപ്പെടുന്ന വ്യക്തികളെല്ലാം ഉത്തമ കഥാപാത്രങ്ങൾ, സ്വയം മറക്കുന്ന സ്നേഹത്തിന്റെ അത്യുദാത്തമായ മാതൃകകൾ. കാരുണ്യം വഴിഞ്ഞൊഴുകുന്ന സംഭാഷണങ്ങൾ. അതിമനോഹരവും ഹൃദയാവർജ്ജകവുമായ ഒരു കുടുംബകഥയാണ് റൂത്ത്.

നാല് അധ്യായങ്ങളിലായ് വെറും 85 വാക്യങ്ങളിൽ ഒതുങ്ങി നില്ക്കുന്ന ലളിതമായ ആഖ്യാനം. വീരപരാക്രമികളായ യോദ്ധാക്കളുടെയും രാജാക്കന്മാരുടെയും ചരിത്രത്തിൽ സ്ഥാനം ലഭിക്കാൻ അർഹതയില്ലാത്ത രണ്ടു വിധവകളാണ് മുഖ്യകഥാപാത്രങ്ങൾ. ഗ്രാമീണ കൃഷീവലന്മാരുടെ ജീവിതസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അവരുടെ ഏകാന്ത ദുഃഖങ്ങളും അടിപതറാത്ത വിശ്വാസവും ഒളിമങ്ങാത്ത പ്രത്യാശയും അപരനുവേണ്ടി സ്വയം ത്യജിക്കുന്ന സ്നേഹവും, സർവ്വോപരി എല്ലാം നന്മയിലേക്കു നയിക്കുന്ന ദൈവിക പരിപാലനയും തികച്ചും ഹൃദയസ്പർശിയായ വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

## 1. ഉള്ളടക്കം

ന്യായാധിപന്മാരുടെ കാലമാണ് ചരിത്രപശ്ചാത്തലം. ബേദ്‌ലെഹെംകാരനായ എലിമെലേക്ക് എന്ന ഒരു ഇസ്രായേൽക്കാരൻ ഭാര്യ നവോമിയും പുത്രന്മാരായ മഹ്‌ലോനും കീലിയോനും ഒപ്പം ആഹാരം തേടി മൊവാബു ദേശത്ത് ചെന്ന് വാസമുറപ്പിച്ചു. അവിടെവച്ച് എലിമെലേക്ക് മരിച്ചു. മൊവാബ്യസ്ത്രീകളെ വിവാഹം ചെയ്ത പുത്രന്മാരും താമസിയാതെ മരിച്ചു. ചുരുക്കം വാക്കുകളിൽ അവതരിപ്പിക്കുന്ന ഈ ആമുഖം അവസാനിക്കുമ്പോൾ മക്കളില്ലാത്ത മൂന്നു വിധവകൾ മാത്രമാണ് അവശേഷിക്കുന്നത്.

സ്വന്തം നാട്ടിലെ ക്ഷാമം തീർന്നു എന്നറിഞ്ഞ് തിരിച്ചുപോകാൻ തയ്യാറായ നവോമി തന്റെ രണ്ടു മരുമക്കളുടെയും ഭാവിയെക്കുറിച്ച് ഉൽകണ്ഠാകുലയായി അവരെ സ്വന്തം ഭവനങ്ങളിലേക്കു തിരിച്ചയ്ക്കാൻ നടത്തുന്ന ശ്രമവും മരുമക്കളുടെ പ്രതികരണവുമാണ് അടുത്തതായി (1,6-18) വിവരിക്കുന്നത്. വിധവകളായ മരുമക്കൾ സ്വന്തം വീടുകളിൽ തിരിച്ചുചെന്ന് വിവാഹം കഴിച്ച് അമ്മമാരായി സസന്തോഷം ജീവിക്കണം എന്നു മാത്രമേ അമ്മായിയമ്മ ആഗ്രഹിക്കുന്നുള്ളൂ. നിർബ്ബന്ധത്തിനു വഴങ്ങി ഓർഫാ തിരിച്ചുപോയപ്പോൾ റൂത്ത് ഉറച്ച തീരുമാനത്തോടെ അമ്മായിയമ്മയെ അനുഗമിച്ച് ബേദ്‌ലെഹെമിലെത്തി (1,19-22).



ഉപജീവനത്തിനായി അമ്മായിയമ്മയുടെ അനുഗ്രഹാശിസുകളോടെ കാലാപെറുക്കാൻ ഇറങ്ങിത്തിരിച്ച റൂത്ത് എലിമെലെക്കിന്റെ ഒരു ബന്ധുവിന്റെ വയലിലാണ് ചെന്നെത്തിയത്. വയലിന്റെ ഉടമയായ ബോവാസ് അവളെ കരുണയോടെ കടാക്ഷിച്ചു. അവൾക്കു കാലാപെറുക്കാൻ അനുവാദം മാത്രമല്ല, സംരക്ഷണവും ഭക്ഷണവും നല്കി (2,1-23). കൊയ്ത്തുകാലം മുഴുവൻ ബോവാസിന്റെ വയലിൽത്തന്നെ കാലാപെറുക്കിയ റൂത്ത് കൊയ്ത്തിന്റെ അവസാനം നവോമിയുടെ ഉപദേശപ്രകാരം മെതിക്കളത്തിൽ വച്ച് വിവാഹഭ്യാർത്ഥന നടത്തി. സന്തുഷ്ടനായ ബോവാസ് ആവശ്യമായ നിയമനടപടികൾക്കൊരുങ്ങി (3,1-18). ഭർതൃസഹോദര ധർമ്മം നിർവ്വഹിക്കാൻ കടപ്പെട്ട ഏറ്റം അടുത്ത ബന്ധു റൂത്തിനെ ഭാര്യയായി സ്വീകരിക്കാൻ വിസമ്മതിക്കുകയാൽ ബോവാസ് തന്നെ അവളെ വിവാഹം ചെയ്തു. അവർക്കു ജനിച്ച പുത്രൻ ദാവീദുരാജാവിന്റെ പിതാവായ ജെസ്സെയുടെ പിതാവായി (4,1-22).

വൈധവ്യദുഃഖത്തിൽ ആരംഭിച്ച കഥ പുത്രസന്തോഷത്തിൽ അവസാനിക്കുന്നു. അമ്മായിയമ്മയോടുള്ള സ്നേഹത്തിൽ പ്രചോദിതയായി നാടും വീടും വിട്ട്, അജ്ഞാതമായ ഭാവിയിലേക്ക് ഇറങ്ങിത്തിരിച്ച ഒരു വിജാതീയ വനിത ഇസ്രായേൽ രാജാവിന്റെയും ലോകരക്ഷകന്റെയും മുത്തശ്ശിയായി. ദാവീദിന്റെ വംശാവലിയോടെ കഥ സമാപിക്കുമ്പോൾ ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്ന് ദാവീദിന്റെ ചരിത്രം അവതരിപ്പിക്കുന്ന സാമുവേലിന്റെ പുസ്തകത്തിലേക്കുള്ള ഒരു പാലമായിത്തീരുന്നു റൂത്തിന്റെ പുസ്തകം.

## 2. ബൈബിളിൽ പുസ്തകത്തിന്റെ സ്ഥാനം

മലയാളം വിവർത്തനങ്ങളിലും പല ഇംഗ്ലീഷ് വിവർത്തനങ്ങളിലും ന്യായാധിപന്മാരുടെ പുസ്തകത്തിന്റെയും സാമുവേലിന്റെ ഒന്നാം പുസ്തകത്തിന്റെയും ഇടയിലാണ് റൂത്തിന്റെ പുസ്തകം ചേർത്തിരിക്കുന്നത്. ഗ്രീക്കു വിവർത്തനത്തിൽ സ്വീകരിച്ചിരിക്കുന്ന ക്രമമാണിത്. ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ ഒരു സംഭവം വിവരിക്കുന്നതിനാൽ ഈ ക്രമമാണ് സ്വീകാര്യം. എന്നാൽ ഹീബ്രുബൈബിളിൽ റൂത്തിന്റെ പുസ്തകം "ചുരുളുകൾ"

(മെഗില്ലോത്ത്) എന്നറിയപ്പെടുന്ന അഞ്ചു പുസ്തകങ്ങളിൽ രണ്ടാമത്തേതാണ്. യഹൂദരുടെ അഞ്ചുപ്രധാന തിരുനാളുകളിൽ ഓരോന്നിലും ഇതിൽ ഓരോ പുസ്തകം വായിച്ചിരുന്നു. ആഴ്ചകളുടെ തിരുനാളിൽ (പന്തകുസ്ത) ആണ് റൂത്ത് വായിച്ചിരിക്കുന്നത്. (പഴയ നിയമത്തിന്റെ വിഭജനത്തെക്കുറിച്ച് യഹൂദന്മാരുടെ ഇടയിൽ നിലവിലിരുന്ന കാഴ്ചപ്പാട് ഈ പുസ്തകത്തിന്റെ ആമുഖത്തിൽ നാം കണ്ടതാണ്.

## 3. സാഹിത്യരൂപം

ചരിത്രവസ്തുതകളെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു ചെറുകഥയാണിത് എന്നതിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായഭിന്നതയില്ല. ഇതിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികളൊന്നും വെറും ഭാവനാസൃഷ്ടികളല്ല. എന്നാൽ സംഭവങ്ങളും സംഭാഷണങ്ങളും കഥാകാരന്റെ സങ്കല്പങ്ങളായി കാണുന്നതിൽ തെറ്റില്ല. ദാവീദു രാജാവിന്റെ മുത്തശ്ശി മൊവാബ്യയായ റൂത്തായിരുന്നു എന്ന ചരിത്രവസ്തുതയിൽ ഊന്നിനിന്നുകൊണ്ട് രചിച്ച ഹൃദയഹാരിയും മാതൃകാപരവുമായ ഒരു ചെറുകഥയാണിത്. വിശ്വസാഹിത്യത്തിലെ ഏറ്റം ഉത്തമമായ ചെറുകഥയായി ഇതിനെ സാഹിത്യകാരന്മാർ കരുതുന്നു. ഒരു ചെറുകഥയ്ക്കുണ്ടായിരിക്കേണ്ട സകല ഗുണങ്ങളും ഏറ്റം പൂർണ്ണമായ രീതിയിൽ ഇവിടെ കാണാം എന്നാണ് നിരൂപകരുടെ അഭിപ്രായം.

നിരവധി ക്ലേശങ്ങളിലൂടെ കടന്ന് മഹത്വത്തിന്റെ ഉച്ചകോടിയിലെത്തിയ ജോസഫിന്റെ കഥയുമായി (ഉൽപ 37-41) ഇതിനു സാമ്യമുണ്ട്. ആദ്യശ്യമായ ദൈവകരമാണ് രണ്ടു കഥയിലും സംഭവങ്ങളെ ശുഭപര്യവസായിയാക്കുന്നത്. സമൃദ്ധിയുടെ നടുവിൽ നിന്ന് പൊടുന്നനെ എല്ലാം നഷ്ടപ്പെട്ടു ദുഃഖത്തിലാണ്ടുപോവുകയും, പിന്നീട് എല്ലാം വീണ്ടും ലഭിച്ച് പൂർവ്വാധികം സന്തുഷ്ടനാവുകയും ചെയ്ത ജോബിന്റെ കഥയോടും റൂത്തിനു സാമ്യമുണ്ട്. രണ്ടിലും സംഭാഷണങ്ങൾക്കു മുൻതൂക്കം കൊടുത്തിരിക്കുന്നു. സംഭാഷണത്തിന്റെ ഉള്ളടക്കത്തിലും ശൈലിയിലും വ്യത്യാസമുണ്ടെങ്കിലും, കൊടുക്കുന്നതും എടുക്കുന്നതും ദൈവം തന്നെയാണെന്നും അജ്ഞേയമായ അവിടുത്തെ പരിപാലനയെ ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ലെന്നും രണ്ടു കഥകളും സമർത്ഥിക്കുന്നു.

## 4. ഗ്രന്ഥകർത്താവ് - കാലം

സാമുവേലാണ് ഈ കഥ രചിച്ചതെന്ന് യഹൂദറബ്ബിമാർ പഠിപ്പിച്ചു പോന്നു. ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ ആവിർഭാവത്തോടെ ഈ വിശ്വാസം ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. എന്നാൽ മൂന്നു നൂറ്റാണ്ടു



കാലത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷം ഇന്നും ഗ്രന്ഥകർത്താവിനെയും കാലത്തെയുംക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഐക്യമില്ല. ബാബിലോൺ പ്രവാസത്തിനുശേഷം എസ്രാ-നെഹെമിയാമാരുടെ കാലത്തു വളർന്നുവന്ന സങ്കുചിത മനോഭാവത്തിനും വിജാതീയരോടുള്ള വിദ്വേഷത്തിനും എതിരേ പ്രതികരിച്ച ആരോ ആണ് റൂത്തിന്റെ പുസ്തകം എഴുതിയത് എന്ന് ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു. എന്നാൽ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ആചാരങ്ങൾ, ഉപയോഗിച്ചിരിക്കുന്ന ഭാഷ, ചിത്രീകരിച്ചിരിക്കുന്ന പൊതുവായ അന്തരീക്ഷം മുതലായവ പരിഗണിച്ച് ദാവീദിന്റെയോ സോളമന്റെയോ കാലത്താണ് റൂത്തിന്റെ രചന നടന്നതെന്ന് മറ്റൊരു കൂട്ടർ അഭിപ്രായപ്പെടുന്നു. രണ്ട് അഭിപ്രായങ്ങൾക്കും മതിയായ കാരണങ്ങൾ ഉന്നയിക്കാനുള്ളതിനാൽ വ്യക്തമായ ഒരു തീരുമാനം എളുപ്പമല്ല.

ദാവീദിന്റെ കാലത്തുതന്നെ വാമൊഴിയായി പ്രചാരത്തിലിരുന്ന ഒരു പാരമ്പര്യം പ്രവാസത്തിനുശേഷം ഇന്നത്തെ രൂപത്തിൽ എഴുതപ്പെട്ടതാവാം എന്ന നിഗമനമാണ് കൂടുതൽ സ്വീകാര്യം. "ഇസ്രായേലിൽ മുൻപ് നിലവിലിരുന്ന നിയമം ഇതാണ്" (4,7) എന്ന വിശദീകരണം ഈ ആചാരങ്ങൾ പരിചയമില്ലാത്ത ഒരു കാലത്താണ് പുസ്തകം രചിക്കപ്പെട്ടത് എന്നു സൂചിപ്പിക്കുന്നു. ആര്, എന്ന് എഴുതി എന്നതിനെക്കുറിച്ചുള്ള അഭ്യൂഹങ്ങളെക്കാൾ എഴുതപ്പെട്ട ഗ്രന്ഥത്തിലൂടെ ദൈവം നല്കുന്ന സന്ദേശം എന്തെന്നു ഗ്രഹിക്കുകയാണ് കൂടുതൽ പ്രധാനം. മനുഷ്യവ്യക്തികളാണ് എഴുതിയതെങ്കിലും, ആത്യന്തികമായി ദൈവം തന്നെയാണ് ഈ ഗ്രന്ഥത്തിന്റെയും കർത്താവ്. ദൈവത്തിന്റെ എഴുതപ്പെട്ട വചനം എന്ന നിലയിലാണ് ഈ പുസ്തകവും ബൈബിളിന്റെ ഭാഗമായി നാം സ്വീകരിക്കുന്നത്.

## 5. ചില ആചാരമര്യാദകൾ

റൂത്തിന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ചില സംഭവങ്ങൾ മനസിലാക്കാൻ ഇസ്രായേലിന്റെ പ്രചാരത്തിലിരുന്ന ചില അചാര മര്യാദകളെക്കുറിച്ച് അറിഞ്ഞിരിക്കുന്നതു സഹായിക്കും.

കാലാപൊറുക്കൽ: കൊയ്തുകാർ കാണാതെ വയലിന്റെ മുക്കിലും മൂലയിലും അവശേഷിക്കുന്നതും കറ്റകെട്ടുമ്പോൾ വീണു പോകുന്നതുമായ ധാന്യക്കതിരുകൾ പെറുക്കി എടുക്കുന്നതിനെയാണ് "കാലപെറുക്കൽ" എന്നു പറയുന്നത്. ഇപ്രകാരമുള്ള കതിരുകൾ ശേഖരിക്കാൻ വയലിന്റെ ഉടമസ്ഥന് അനുവാദമില്ല. കാലാപെറുക്കാനുള്ള അവകാശം ദരിദ്രരുടേതാണ് (ലേവ്യ 19,9-10). കറ്റകൾ ശേഖരിച്ചു മെതിക്കളത്തിലേക്കു കൊണ്ടുപോകുമ്പോൾ വയലിൽ ചിലതു മറന്നിട്ടുപോയാൽ അതും ദരിദ്രരുടെ അവകാശ

മായി പരിഗണിക്കണം. (നിയ 24,19). എന്നാൽ ഈ നിയമം ഇരുകൂട്ടരും ലംഘിക്കാറുണ്ടായിരുന്നു. കാലാപെറുക്കാൻ അനുവദിക്കാത്ത ഉടമസ്ഥരുണ്ട്. കൊയ്തുകാരുടെ ഇടയിൽ കയറി കതിരുകൾ ശേഖരിക്കുന്ന ദരിദ്രരുമുണ്ട്. ഇതിനും പുറമേ കാലാപെറുക്കുന്നവർ തമ്മിലും കതിരുകൾക്ക് വേണ്ടി സംഘട്ടനം നടക്കാം. രണ്ടു കാര്യത്തിലും ഉടമയുടെ വേലക്കാർ കാലാപെറുക്കുന്നവരെ തല്ലിയോടിച്ചെന്നുവരും. അതിനാലാണ് റൂത്ത് കാലാപെറുക്കാൻ ആദ്യമേ അനുവാദം ചോദിക്കുകയും ബോവാസ് തന്റെ വേലക്കാർക്ക് പ്രത്യേകം നിർദ്ദേശം നല്കുകയും ചെയ്യുന്നത്. കൊയ്തുകാരുടെ പിന്നാലെ നടന്നു കതിരുകൾ പെറുക്കാനും അവർ കോരിവച്ച വെള്ളം കുടിക്കാനും അവരുടെ ഭക്ഷണത്തിൽ പങ്കുചേരാനും റൂത്തിനെ അനുവദിക്കുകയും അവളെ ശല്യപ്പെടുത്തരുതെന്നു മാത്രമല്ല, അവൾക്കായി കതിരുകൾ ഊരിയിടാൻ വേലക്കാർക്ക് നിർദ്ദേശം നല്കുക കൂടി ചെയ്യുമ്പോൾ (2,9-16) ബൊവാസിന്റെ മഹാമനസ്കതയും റൂത്തിനോടുള്ള പ്രത്യേക താല്പര്യവും പ്രകടമാകുന്നു.

**ഭർതൃസഹോദര ധർമ്മം:** മക്കളില്ലാതെ മരിക്കുന്നവന്റെ ഭാര്യയെ പരിഗ്രഹിച്ച് മക്കളെ ഉൽപ്പാദിപിക്കാനും ആദ്യജാതന് മരിച്ചുപോയവന്റെ പേരും അവകാശവും നല്കാനും അയാളുടെ സഹോദരനുള്ള കടമയെ "ഭർതൃസഹോദര ധർമ്മം" എന്നു വിളിക്കുന്നു. ഈ കടമ നിർവ്വഹിക്കാത്തത് അവഹേളനത്തിനു കാരണമാകും (നിയ 25,5-10). മരിച്ചവർ മക്കളിലൂടെ ജീവിക്കുന്നു എന്ന വിശ്വാസമാണ് ഈ നിയമത്തിനു പിന്നിലുള്ളത്. ഈ നിയമം അനുസരിച്ചാണ് ബൊവാസ് റൂത്തിനെ വിവാഹം ചെയ്യുന്നത്. ഇവിടെ മരിച്ചയാളിന്റെ സഹോദരനുമാത്രമല്ല. ഏറ്റം അടുത്ത ബന്ധുവിനും ഈ കടമയുണ്ടെന്ന് സൂചിപ്പിക്കുന്നു.

**വീണ്ടെടുപ്പുനിയമം:** ദൈവം ഓരോ ഗോത്രത്തിനും കുടുംബത്തിനും ഭൂമി പങ്കുവച്ചുകൊടുത്തിരിക്കുന്നു. ഭൂമിയുടെമേൽ മനുഷ്യന് ഉടമസ്ഥാവകാശമില്ല. ഉപഭോഗാവകാശം മാത്രമേയുള്ളു. അതിനാൽ ഭൂമി വില്ക്കാൻ പാടില്ല. ഏതെങ്കിലും കാരണവശാൽ ഒരാളുടെ ഭൂമി അന്യാധീനപ്പെട്ടുപോകാൻ ഇടയായാൽ അയാളുടെ ഏറ്റം അടുത്ത ബന്ധു ആ ഭൂമി വിലകൊടുത്തു വീണ്ടെടുക്കണം. ഇപ്രകാരം വീണ്ടെടുക്കാൻ കടപ്പെട്ടയാളെ ഗോയേൽ എന്നു വിളിക്കുന്നു. കൊല്ലപ്പെട്ടയാളുടെ കൊലയാളിയെ വധിച്ച് നീതി ഉറപ്പുവരുത്താൻ കടപ്പെട്ടയാളിനും ഇതേ പേരു തന്നെയാണ് ഉപയോഗിക്കുക (ലേവ്യ 25,23-25). ഈ നിയമം അനുസരിച്ചാണ് എലിമെലെക്കിന്റെ ഭൂമി ബൊവാസ് വാങ്ങുന്നത്. ഭർതൃസഹോദരധർമ്മവും വീണ്ടെടുപ്പു നിയമവും കൂട്ടിയോജിപ്പിച്ചതിനാൽ അടുത്ത ബന്ധു ഭൂമി വാങ്ങാൻ തയ്യാറായില്ല.



കാരണം പണം കൊടുത്തു ഭൂമി വാങ്ങിയാലും അതിന്റെ അവകാശി എലിമെലെക്കിന്റെ പേരിൽ അറിയപ്പെടുന്ന പുത്രനായിരിക്കും.

**നഗര കവാടം:** ഇസ്രായേലിൽ നീതിന്യായം നടപ്പിലാക്കാൻ വേണ്ടി രാജകീയ കോടതികൾ നിലവിൽ വരുന്നതിന് മുൻപ് ഗ്രാമത്തിലെയും പട്ടങ്ങളിലെയും മൂപ്പന്മാരാണ് വാദങ്ങൾ കേട്ട് വിധി പ്രസ്താവിച്ചിരുന്നത്. വരുകയും പോവുകയും ചെയ്യുന്ന ആളുകൾ ഒരുമിച്ചുകൂടുന്ന പട്ടണവാതിൽക്കൽ വച്ചാണ് കേസുകൾ വിചാരണ ചെയ്യുക. അതിനാൽ വസ്തുതകളുടെ സത്യാവസ്ഥയ്ക്കു തെളിവുകൾ നല്കാനും സാക്ഷികളാകാനും സകലർക്കും സാധിക്കുമായിരുന്നു. അതിനാൽത്തന്നെ വിധി നടപ്പിലാക്കാൻ സഹകരിക്കാനും എല്ലാവരും കടപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് ബൊവാസ് എലിമെലെക്കിന്റെ വയലിന്റെയും റൂത്തിന്റെയും കാര്യം നഗരവാതിൽക്കൽ വച്ചു ചർച്ച ചെയ്യുന്നത്. പില്ക്കാലത്ത് കോടതികൾക്ക് പ്രത്യേകം കെട്ടിടങ്ങളും സംവിധാനങ്ങളും ഉണ്ടായെങ്കിലും "നഗരകവാടം" എന്ന പേര് നിലനിന്നു (അമോ 5,10).

**ചെരുപ്പ് അഴിക്കൽ :** വിലയ്ക്കു വാങ്ങിയ സ്ഥലത്തിന്മേൽ അവകാശം സ്ഥാപിക്കാനായി പുതിയ ഉടമ ആ സ്ഥലത്തു പ്രവേശിച്ചു നടക്കണം. അതിനുപകരം അയാളുടെ ചെരുപ്പ് ആ സ്ഥലത്ത് ഇട്ടാലും മതി. ഈ ആചാരം പില്ക്കാലത്തു കരാറുകൾ ഒപ്പുവയ്ക്കുന്നതിന്റെ ഒരു ചടങ്ങായിത്തീർന്നു. അവകാശം കൈമാറുന്നതിന്റെ അടയാളമാണ് വില്ക്കുന്നയാൾ തന്റെ ചെരുപ്പ് അഴിച്ച് വാങ്ങുന്നയാളെ ഏല്പിക്കുന്നത്. സാക്ഷികളുടെയും ശ്രേഷ്ഠന്മാരുടെയും മുമ്പിൽ വച്ചു നടത്തുന്ന ഈ ചടങ്ങ് മുദ്രക്കടലാസിൽ എഴുതി ഒപ്പുവച്ച് രജിസ്റ്റർ ചെയ്ത രേഖയ്ക്കു തുല്യമാണ്. അതിനാൽ എലിമെലെക്കിന്റെ അടുത്ത ബന്ധു ചെരുപ്പ് അഴിച്ചത് (4,8) തന്റെ അവകാശം ബൊവാസിനു കൈമാറിയതിന്റെ അടയാളമായിരുന്നു.

## 6. പ്രധാന ആശയങ്ങൾ

ഇതുവരെ പഠിച്ച ഏഴുപുസ്തകങ്ങളുടെ കാര്യത്തിൽ ചെയ്തതുപോലെ അധ്യായങ്ങളും വാക്യങ്ങളും വേർതിരിച്ചു വ്യാഖ്യാനിക്കുന്നതിനു പകരം പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാന ആശയങ്ങൾ എടുത്തുകാട്ടാൻ മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളു. വളരെ ലളിതവും സുഗ്രാഹ്യവുമാണ് പുസ്തകത്തിലെ പ്രതിപാദനം എന്നതു തന്നെ കാരണം.

### a) പേരുകൾ

കേൾക്കാൻ ഇമ്പമുള്ള ശബ്ദങ്ങളല്ല, വസ്തുവിന്റെയും വ്യക്തിയുടെയും സ്വഭാവങ്ങളുടെ നിർവ്വചനമായിട്ടാണ് ബൈബിളിൽ പേരുകൾ ഉപ

യോഗിച്ചിരിക്കുന്നത്. പല പേരുകളുടെയും അർത്ഥം ഇന്നു നമുക്കു വ്യക്തമല്ലെങ്കിലും ആദ്യമായി ഉപയോഗിച്ചവർക്ക് അവയെക്കുറിച്ചു കൃത്യമായ ആശയമുണ്ടായിരുന്നു. റൂത്തിന്റെ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പേരുകൾക്കെല്ലാം തന്നെ ഇപ്രകാരം ഒരു അർത്ഥവും ലക്ഷ്യവുമുണ്ട്. ഹീബ്രു ഭാഷയിലുള്ള പേരുകളും അവയുടെ അർത്ഥവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| റൂത്ത് | – | സ്നേഹം, സൗഹൃദം, സാഹോദര്യം |
| എലിമെലെക്ക് | – | എന്റെ ദൈവം രാജാവ് |
| നവോമി | – | സന്തുഷ്ട |
| മാറാ | – | ദുഃഖിത |
| മഹലോൻ | – | രോഗം, രോഗി |
| കീലിയോൻ | – | അവസാനിക്കുക, അന്ത്യം |
| ഓർഫാ | – | പുറം തിരിയുന്നവൾ |
| ബൊവാസ് | – | വേഗത, ശക്തി |
| ഓബെദ് | – | (ഓബെദിയാ എന്നതിന്റെ ഹ്രസ്വരൂപം) കർത്താവിന്റെ ദാസൻ |
| മൊവാബ് | – | എന്റെ പിതാവിൽ നിന്നു ജനിച്ചവൻ |
| ബേദ്‌ലെഹം | – | അപ്പത്തിന്റെ വീട് |

അപ്പത്തിന്റെ വീട്ടിൽ ക്ഷാമമുണ്ടായി എന്ന ആമുഖപ്രസ്താവനയിൽത്തന്നെ വൈരുദ്ധ്യമുണ്ട്. ഭക്ഷണം സമൃദ്ധമായി ലഭിക്കേണ്ടിടത്തു പട്ടിണി ഉണ്ടായപ്പോഴാണ് എലിമെലെക്കും കുടുംബവും നാടുവിട്ടുപോയത്. താൽക്കാലികമായ ബുദ്ധിമുട്ടിൽ നിന്നു രക്ഷനേടാൻ വേണ്ടി വാഗ്ദത്ത ഭൂമിയിൽ നിന്നു പുറത്തുപോയവർക്ക് ദുരിതങ്ങൾ മാത്രമേ ലഭിച്ചുള്ളു. എല്ലാം നഷ്ടപ്പെട്ടു മടങ്ങിവരുന്ന നവോമിയിൽ പിതൃഗൃഹത്തിലേക്കു മടങ്ങിവരുന്ന ധൂർത്തപുത്രന്റെ നിഴൽ കാണാം. ക്ലേശങ്ങളിലും അവസാനം വരെ പിടിച്ചു നില്ക്കുന്നവരാണ് രക്ഷപ്രാപിക്കുക. ബേദ്‌ലെഹെമിലേക്കു മടങ്ങി വന്നതിനുശേഷം നവോമിയുടെ ജീവിതം സന്തോഷപ്രദമായി. സ്വന്തം നാട്ടിലെ വറുതിയേക്കാൾ അന്യനാട്ടിലെ സമൃദ്ധി ആകർഷകമായി തോന്നാം. വിശ്വാസജീവിതത്തെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. കൂടുതൽ ആകർഷകമായി തോന്നുന്ന് സഭകളിലേക്കും സമൂഹങ്ങളിലേക്കും ജീവിതശൈലിയിലേക്കും കൂടുമാറുന്നവർ ദുരന്തങ്ങളിൽ ചെന്നുപെടുന്നതിന്റെ ഉദാഹരണങ്ങൾ ഇന്നും സുലഭമാണല്ലോ. പിതൃഗൃഹത്തിലേക്കുള്ള മടങ്ങിവരവു മാത്രമാണ് പ്രതിവിധി.



'എന്റെ ദൈവമാണു രാജാവ്" എന്ന പേരുവഹിക്കുന്ന എലിമെലെക്ക് ആണ് കുടുംബത്തെയും കൂട്ടി കർത്താവു നല്കിയ വാഗ്ദത്തഭൂമി ഉപേക്ഷിച്ച് അന്യനാട്ടിൽ ചേക്കേറിയത്. അതിന്റെ ദുരിതങ്ങൾ അയാൾ അനുഭവിച്ചു. വിദേശത്തുകിടന്ന് അയാൾ മരിച്ചു. എന്നാൽ മടങ്ങിവന്ന നവോമി അയാളുടെ പേര് ഇസ്രായേലിൽ നിലനിർത്താൻവേണ്ടി തന്നാലാവുന്നതും ചെയ്തു. ഇസ്രായേലിന്റെ രാജാക്കന്മാരുടെ മുഴുവൻ മുത്തശ്ശനായി എലിമെലെക്ക് അറിയപ്പെടാൻ അതു കാരണമായി. മനുഷ്യവ്യക്തികൾ രാജാക്കന്മാരായി വാഴുന്നെങ്കിലും യഥാർത്ഥ രാജാവു ദൈവം മാത്രമാണെന്ന് ഈ പേരിലൂടെ ഏറ്റു പറയുന്നു.

സന്തോഷവതിയായിരുന്ന നവോമി വിദേശത്തു വച്ച് ദുഃഖാർത്തയായിത്തീരുകയും കയ്പുനിറഞ്ഞ ഹൃദയത്തോടെ മടങ്ങിവന്നവൾക്ക് വീണ്ടും സന്തോഷം ലഭിക്കുകയും ചെയ്തതിന്റെ വിവരണമാണ് റൂത്തിന്റെ കഥ. എപ്രകാരമാണ് സന്തോഷം നഷ്ടപ്പെടുന്നതെന്നും അതു വീണ്ടുകിട്ടാൻ എന്തു ചെയ്യണമെന്നും ഈ രണ്ടു പേരുകളുടെ ഉപയോഗത്തിലൂടെ വി.ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു.

ഒരിക്കലും കുറയാത്ത സ്നേഹത്തിന്റെ പ്രതീകമാണ് റൂത്ത്. സന്തോഷത്തിലും ദുഃഖത്തിലും, സമ്പത്തിലും ദാരിദ്രത്തിലും അവൾ തന്റെ ഭർതൃഗൃഹത്തോട് വിശ്വസ്തത പുലർത്തി. മരണത്തെയും മറികടക്കുന്നതായിരുന്നു അവളുടെ സ്നേഹം. ഭർത്താവുമരിച്ചിട്ടും ഭർതൃമാതാവിനെ അനുഗമിക്കാനും സ്നേഹപൂർവ്വം പരിചരിക്കാനം അവൾ തയ്യാറായി. തനിക്കു ലഭ്യമായിരുന്ന സുഖസൗകര്യങ്ങളും സമ്പൽ സമൃദ്ധമായ കുടുംബജീവിതവും പരിത്യജിച്ച് അവൾ അമ്മായിമ്മയെ അനുഗമിച്ചു. സ്വാർത്ഥം തേടാത്ത, പരാതിയോ വിദ്വേഷമോ കൂടാതെ സകലതും സഹിക്കാനും എല്ലാം പ്രത്യാശിക്കാനും മനുഷ്യനെ ശക്തമാക്കുന്ന, സ്നേഹത്തിന്റെ മാതൃകയാണ് റൂത്ത്.

അതിവേഗം അസ്തമിച്ച ജീവിതത്തിന്റെ ഉടമകളെ രോഗം (മഹ്‌ലോൻ) എന്നും അന്ത്യം (കിലിയോൻ) എന്നും വിളിച്ചിരിക്കുന്നു. അമ്മായിയമ്മയുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണെങ്കിലും അവളിൽ നിന്നു പുറം തിരിഞ്ഞ് സ്വന്തം ജനത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോയവളെ ഓർഫാ (പുറംതിരിയുന്നവൾ) എന്നും വിളിക്കുന്നതും തികച്ചും അർത്ഥ പൂർണ്ണമത്രേ. വളരെ വേഗം തീരുമാനം എടുക്കുകയും എടുത്ത തീരുമാനം സർവ്വശക്തിയും ഉപയോഗിച്ചു നടപ്പാക്കുകയും ചെയ്യുന്നവനാണ് ശക്തനും ശീഘ്രഗാമിയുമായ ബൊവാസ്.

## b) മാതൃകാ കുടുംബം

ഭാര്യാഭർത്താക്കന്മാർ തമ്മിലും, മാതാപിതാക്കളും മക്കളും തമ്മിലും നിലനില്ക്കുന്ന സ്നേഹവും വിശ്വസ്തതയുമാണ് കുടുംബത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നത്. ദാരിദ്ര്യവും പട്ടിണിയും രോഗവും മരണവും നവോമിയുടെ കുടുംബത്തെ അടിയോടെ പിടിച്ചുലച്ചു. കുടുംബത്തിനു പുറത്തു ലഭിക്കാവുന്ന സുഖസന്തോഷങ്ങൾ അവരിൽ ചിലർക്കെങ്കിലും പ്രലോഭനമായിത്തീർന്നു. എന്നാൽ സകല പ്രതിബന്ധങ്ങളിലും അവർ ഒരുമിച്ചു നിന്നു. കുടുംബത്തിന് ആഹാരം സമ്പാദിക്കാൻ വേണ്ടി നാടുവിട്ടുപോകുന്ന പിതാവ്, അയാളെ അനുഗമിക്കുന്ന ഭാര്യയും മക്കളും, മക്കളുടെ സന്തോഷവും സുസ്ഥിതിയും മാത്രം ലക്ഷ്യംവെയ്ക്കുന്ന മാതാവ്. തനിക്കുലഭിക്കാമായിരുന്ന സകല സന്തോഷങ്ങളും പരിത്യജിക്കാൻ തയ്യാറാകുന്ന മരുമക്കൾ. ദുരിതങ്ങൾക്കു മധ്യത്തിലും ഈ കുടുംബം ഒറ്റക്കെട്ടായി നിന്നു. ഭർത്താവിന്റെ മാതാപിതാക്കന്മാർ ഒരു ഭാരമായി കരുതുന്ന മരുമക്കൾക്കും, "കെട്ടിവന്നവളെ" അന്യയും തന്റെ മകന്റെ സ്നേഹം പിടിച്ചു പറിക്കുന്ന എതിരാളിയുമായി കണ്ട് തിരസ്ക്കരിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന അമ്മായിയമ്മമാർക്കും എന്നും വഴികാട്ടിയായി നില്ക്കുന്നു നവോമിയും റൂത്തും.

## c) കർഷകന്റെ മഹത്വം

ഒരു ഗ്രാമീണ കർഷക കുടുംബത്തിന്റെ കഥയാണ് "റൂത്ത്". അധ്വാനശീലവും ഒരിക്കലും അസ്തമിക്കാത്ത ശുഭപ്രതീക്ഷയും, വിശക്കുകയും വേദനിക്കുകയും ചെയ്യുന്നവരോടുള്ള അലിവും, പങ്കുവയ്ക്കാനുള്ള സന്നദ്ധതയും ഒക്കെയാണ് കർഷകന്റെ കൈമുതൽ. ഭൂവുടമയായ ബൊവാസ് വിദേശിയും വിധവയുമായ റൂത്തിനെ തന്റെ വയലിൽ കാലാപെറുക്കാൻ അനുവദിക്കുക മാത്രമല്ല, അവളെ മറ്റുള്ളവരുടെ ശല്യത്തിൽ നിന്നു സംരക്ഷിക്കുകയും അവൾ അർഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്തതിലും പതിന്മടങ്ങ് അധികമായി സമ്മാനിക്കുകയും ചെയ്തു. അനാഥർക്കും വിധവകൾക്കും കാലാപെറുക്കാനുള്ള അവകാശത്തെ സംബന്ധിച്ച നിയമങ്ങൾ (നിയ 24,19-21) അനുശാസിക്കുന്നതിലും ഉപരി ഔദാര്യവും മഹാമനസ്ക്കതയും അയാൾ പ്രകടമാക്കുന്നു.

ദീനാനുകമ്പയും ഔദാര്യവും കർഷകന്റെ മുഖമുദ്രയാണ്. മണ്ണും മഴയും, വളവും വെളിച്ചവും, വിത്തും വിളയും എല്ലാം ദൈവത്തിന്റെ ദാനമാണെന്ന് അനുദിനം അനുഭവിച്ചറിയുന്ന കർഷകർ നന്ദിയുള്ളവനാണ് ദൈവത്തോടും സഹജീവികളോടും. മണ്ണിൽ പണിയുന്നവൻ ഭൂമിയെ ഫലപുഷ്ടമാക്കുന്ന സ്രഷ്ടാവിനോടു സഹകരിച്ച് സകല മനുഷ്യർക്കും ആഹാരം നല്കുന്നു. കൃഷിയെ ഉപജീവനമാർഗ്ഗമെന്നതിനെക്കാൾ സ്വത്തു സമ്പാദിക്കാനുള്ള ഉപാധിയും ഒരു സംസ്കാരം (Agriculture) എന്നതിനുപകരം ഒരു വ്യവസായവും (Agri-business) ആയി കാണുന്ന ആധുനിക സമൂഹത്തിൽ കർഷകന്റെ ഈ ഗുണങ്ങളും മൂല്യങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുമ്പോൾ, കർഷകരായ ബൊവാസിന്റെയും നവോമിയുടെയും റൂത്തിന്റെയും സ്വഭാവ സവിശേഷതകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്.



## d) സ്നേഹം സർവ്വപ്രധാനം

കഥാപാത്രമായ റൂത്തിന്റെ പേര് അർത്ഥമാക്കുന്നതുപോലും സ്നേഹമാണ് ഈ പുസ്തകത്തിലെ ഒരു പ്രധാന വിഷയം. കുടുംബത്തിലും സമൂഹത്തിലും വിവിധ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ എല്ലാം സ്നേഹം എന്ന അടിസ്ഥാന പ്രമാണത്തിൽ വേരൂന്നി വളരുന്നത് ഇവിടെ വിശദമാക്കുന്നു. അപരന്റെ നന്മയും സന്തോഷവും വളർച്ചയും മാത്രമാണ് ഓരോ വ്യക്തിയും ലക്ഷ്യം വയ്ക്കുന്നത്. സ്വാർത്ഥത്തിനുവേണ്ടി ആരും ആരെയും ദുരുപയോഗിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല. മരുമക്കൾ സന്തോഷവതികളായി തുടരാൻ വേണ്ടി അവരെ സ്വതന്ത്രരാക്കിയിട്ട് ഏകയായി നാട്ടിലേക്കു മടങ്ങാൻ തയ്യാറാകുന്ന നവോമിയും, എല്ലാം ഉപേക്ഷിച്ച് അവളെ അനുഗമിക്കുന്ന റൂത്തും, ആത്മസംയമനത്തോടെയും ഔദാര്യത്തോടെയും റൂത്തിന്റെ നന്മമാത്രം തേടുന്ന ബൊവാസും എല്ലാം അത്യുദാത്തമായ സ്നേഹത്തിന്റെ മാതൃകകളത്രെ. നൈമിഷികമായ ഒരു വികാരമല്ല സ്നേഹം. ത്യാഗത്തിന്റെയും സഹനത്തിന്റെയും ഉരകല്ലിലാണ് സ്നേഹത്തിന്റെ മാറ്റു തെളിയുന്നത്. യഥാർത്ഥസ്നേഹം അചഞ്ചലമാണ്; വിശ്വസ്തമാണ്. അത് ഒരിക്കലും അസ്തമിക്കുന്നില്ല. ഒരുമിച്ചുനിന്ന് പ്രതിസന്ധികളെ തരണം ചെയ്യുമ്പോൾ സ്നേഹം ശക്തിപ്രാപിക്കുന്നു. യഥാർത്ഥമായി സ്നേഹിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. കാരണം ദൈവം സ്നേഹമാണ്. ഉത്തമഗീതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്ന ഉദാത്തമായ സ്നേഹത്തിന്റെ കഥാരൂപത്തിലുള്ള ആവിഷ്കരണമാണ് റൂത്ത്.

## e) വിശ്വാസിയുടെ തീർത്ഥാടനം

അതുവരെ അജ്ഞാതനായിരുന്ന ദൈവത്തിന്റെ വിളികേട്ട്, നാടും വീടും വിട്ട്, ഹരാനിൽ നിന്ന് ഇറങ്ങിത്തിരിച്ച അബ്രാഹത്തെ വിശ്വാസികളുടെ പിതാവായി പരിഗണിക്കുന്നു. അതിൽ ഒട്ടും കുറയാത്ത വിധത്തിൽ റൂത്തിനെ വിശ്വാസകളുടെ മാതാവായി കാണാവുന്നതാണ്. അബ്രാഹത്തിനു കാത്തുസൂക്ഷിക്കാൻ വാഗ്ദത്തഭൂമി. സന്താനപരമ്പര എന്നിങ്ങനെയുള്ള സ്വപ്നങ്ങളുണ്ടായിരുന്നു. അതിന് അച്ചാരമായി ദൈവത്തിന്റെ വാഗ്ദാനവും. എന്നാൽ റൂത്തിന് ഇതു രണ്ടും ഉണ്ടായിരുന്നില്ല. ദൈവം അവളെ വിളിച്ചി

ല്ല. ഒരു വാഗ്ദാനവും നല്കിയില്ല, എന്നിട്ടും "നീ പോകുന്നിടത്തേക്കു ഞാനും വരും, നീ വസിക്കുന്നിടത്തു ഞാനും വസിക്കും...... നിന്റെ ദൈവമായിരിക്കും എന്റെയും ദൈവം" (1,16) എന്ന റൂത്തിന്റെ ഉറച്ച തീരുമാനം ഒരു വിശ്വാസ പ്രഖ്യാപനമാണ്. വിവാഹവും മാതൃത്വവും തനിക്കു ലഭ്യമാകുമെന്ന് അവൾ കരുതിയില്ല. ഒരു പരദേശിക്ക് അനുഭവിക്കേണ്ടി വരാവുന്ന ക്ലേശങ്ങളെക്കുറിച്ച് അവൾക്കു ബോധ്യമുണ്ടായിരുന്നു. എന്നാലും നവോമി വിശ്വസിച്ച ദൈവത്തിൽ അവളും വിശ്വസിച്ചു. ആ വിശ്വാസം അവളെ ത്യാഗത്തിലൂടെ മുന്നോട്ടു നയിച്ചു. ഒരു പ്രതിഫലവും പ്രതീക്ഷിക്കാതെ തന്നെത്തന്നെ പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് അജ്ഞാതമായ ഭാവിയിലേക്ക് ഇറങ്ങിത്തിരിക്കാൻ തയ്യാറായ റൂത്ത് വിശ്വാസത്തിന്റെ ഉത്തമ മാതൃകയാണ്.

## f) അദൃശ്യമായ ദൈവിക പരിപാലന

അബ്രഹാം, യാക്കോബ്, മോശ, ജോഷ്വാ തുടങ്ങിയ വലിയ നേതാക്കന്മാരുടെ ചരിത്രത്തിൽ ദൈവം പലപ്പോഴും നേരിട്ട് ഇടപെടുകയും അവരെ നയിക്കുകയും ചെയ്യുന്നതായി കാണാം. എന്നാൽ അങ്ങനെയൊരു സംഭവം റൂത്തിന്റെ കഥയിൽ രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ അവിടുത്തെ അദൃശ്യമായ കരങ്ങളാണ് സംഭവങ്ങളെ മുഴുവൻ നയിക്കുന്നത് എന്ന സൂചന പല തവണ നല്കിയിരിക്കുന്നു (2,12.20;3,10;4,11-15). ജോസഫിന്റെ കഥയിലെ അവതരണ ശൈലിയാണ് ഇവിടെയും സ്വീകരിച്ചിരിക്കുന്നത്. പ്രത്യക്ഷത്തിൽ മറികടക്കാനാവാത്ത പ്രതിബന്ധങ്ങൾ ഒന്നിനു പിറകേ ഒന്നായി സംജാതമാകുന്നു. ഭർത്താവും മക്കളില്ലാത്ത വിധവകൾക്ക് പ്രത്യാശിക്കാൻ ഒന്നുമില്ല. വൃദ്ധയായ നവോമിക്ക് ഇനി മക്കളുണ്ടാവുകയില്ല. വിധവയായ റൂത്തിന് ഇനി ഒരു ഭർത്താവിനെ കിട്ടുകയില്ല. എലിമെലെകിന്റെ വംശം അന്യം നിന്നുപോവുകയും അവകാശം ആന്യാധീനമാവുകയും ചെയ്യും. എന്നാൽ മനുഷ്യന് അസാധ്യമായത് ദൈവത്തിനു സാധ്യമാണ്.

ബേദ്ലെഹെമിലെത്തിയ റൂത്തിനെ അവളുടെ ഭർത്താവിന്റെ ഒരു ബന്ധുവിന്റെ വയലിലേക്കു കർത്താവുതന്നെ നയിക്കുന്നു. ബോവാസിന് അവളോടു കരുണയും സ്നേഹവും തോന്നാൻ കർത്താവ് ഇടവരുത്തുന്നു. എലിമെലെക്കിന്റെ സ്വത്തു വീണ്ടെടുക്കാനും അയാളുടെ മരിച്ചുപോയ മകന്റെ ഭാര്യയെ സ്വീകരിച്ച് അയാൾക്കുവേണ്ടി അവകാശിയെ ഉല്പാദിപ്പിക്കാനും അടുത്തബന്ധു വിസമ്മതിച്ചതും കർത്താവിന്റെ പദ്ധതിയനുസരിച്ചത്രേ. "കർത്താവിന്റെ അനുഗ്രഹത്താൽ അവൾ ഗർഭിണിയായി. ഒരു പുത്രനെ പ്രസവിച്ചു" (4,13). ആ പുത്രൻ രക്ഷാചരിത്രത്തിൽതന്നെ ഒരു പ്രധാനവ്യക്തിയായി.



അദൃശ്യമായ ഈ ദൈവിക പരിപാലനയാണ് റൂത്തിന്റെ പുസ്തകത്തിലെ ഏറ്റം പ്രധാനപ്പെട്ട പ്രമേയം. ക്ലേശങ്ങളുടെയും പ്രതിസന്ധികളുടെയും നീർച്ചുഴിയിൽ മുങ്ങിത്താഴുമ്പോൾ ദൈവത്തിന്റെ സ്വരം കേൾക്കാനും അവിടുത്തെ രൂപം കാണാനുമുള്ള ഭാഗ്യം എല്ലാവർക്കും ലഭിച്ചെന്നു വരില്ല (1,20-21). എന്നാൽ ബുദ്ധിക്കും യുക്തിക്കും അപ്രാപ്യമാം വിധം കർത്താവ് അവിടെയും സന്നിഹിതനാണ് (ഏശ 43,2). തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി ഭവിക്കാൻ ദൈവം ഇടയാക്കുന്നു (റോമാ 8,28) എന്ന സത്യത്തിന്റെ മനോഹരമായ ആവിഷ്കാരമാണ് റൂത്തിന്റെ കഥ.

## g) സാർവ്വത്രികരക്ഷ

ദൈവത്തിന്റെ സ്നേഹത്തിനും പരിപാലനയ്ക്കും അതിരുകളില്ല. അബ്രാഹത്തിൽ നിന്നു ജനിച്ചവർ മാത്രമല്ല വാഗ്ദാനത്തിന് അവകാശികൾ. പൂർണ്ണഹൃദയത്തോടെ തന്നെ അന്വേഷിക്കുന്ന സകലർക്കും അവിടുന്ന് സമീപസ്ഥനാണ്. ഉത്ഭവത്തിന്റെ പേരിൽ ഇസ്രായേൽ ജനത്തിന്റെ പരിഹാസത്തിനു പാത്രമായവരാണ് മൊവാബ്യർ (ഉൽപ 19,30-38). എന്നാൽ കർത്താവ് മുഖം നോക്കുന്നില്ല. ജാതിയും വർഗ്ഗവും പരിഗണിക്കുന്നുമില്ല. മൊവാബ്യരിൽ നിന്ന് ഒരു സ്ത്രീയെ രക്ഷകന്റെ മുത്തശ്ശിയാകാൻ വേണ്ടി അവിടുന്ന് തിരഞ്ഞെടുത്തു. ആഭിജാത്യത്തിന്റെയും കുലിനതയുടെയും പേരിൽ അഹങ്കരിക്കാനോ, അന്യരെ അവഹേളിക്കാനോ ആർക്കും അവകാശമില്ലെന്നും രക്ഷ ആരുടെയും കുത്തകയല്ലെന്നും റൂത്തിന്റെ കഥ വ്യക്തമാക്കുന്നു. മനുഷ്യദൃഷ്ടിയിൽ ഏറ്റം എളിയവരും വിലകെട്ടവരും എന്നു തോന്നുന്നവരെയാണ് ദൈവം വലിയ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കുന്നത്.

## h) കരുണകാണിക്കുന്നവർക്കു കരുണ ലഭിക്കും

നവോമിയിൽ നിന്ന് എന്തെങ്കിലും പ്രത്യുപകാരം ലഭിക്കും എന്നു പ്രതീക്ഷിച്ചില്ല റൂത്ത് അവളെ അനുഗമിച്ചതും പരിചരിച്ചതും. എന്നാൽ അവളുടെ പ്രവൃത്തികൾ കർത്താവ് കണ്ടു (2,11), ഊഹാതീതമായ വിധത്തിൽ അവൾക്കു പ്രതിഫലം നല്കി. നവോമിയെ പരിചരിച്ച റൂത്തിനെ ബൊവാസിലൂടെയാണ് ദൈവം അനുഗ്രഹിച്ചത്. എന്തുലാഭം കിട്ടും എന്നു നോക്കി മാത്രം അന്യരെ സഹായിക്കാൻ തയ്യാറാകുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കുതന്നെയും ഒരു വലിയ പാഠമാണിത്. "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്താ 5,7) എന്ന യേശുവചനം യാഥാർത്ഥ്യമാകുന്നതിന്റെ ഉദാഹരണമാണ് റൂത്തിന്റെ കഥ. പ്രതിഫലം പ്രതീക്ഷിക്കാതെ നന്മചെയ്യാനും അർഹത നോക്കാതെ കരുണ കാണിക്കാനും ഇതു പ്രേരിപ്പിക്കുന്നു.

## I) സ്ത്രീത്വത്തിന്റെ മഹാത്മ്യം

മത്സരിച്ചു ജയിക്കാനും പടവെട്ടിപിടിക്കാനും അടക്കി ഭരിക്കാനും തത്രപ്പെടുന്ന ആധുനിക സമൂഹത്തിൽ മുൻപന്തിയിലെത്താനാണല്ലോ സ്ത്രീകളും കിണഞ്ഞു പരിശ്രമിക്കുന്നത്. ലാഭം, പ്രശസ്തി, ആധിപത്യം മുതലായ മൂല്യങ്ങൾക്കു മുൻഗണന നല്കുമ്പോൾ സ്നേഹം, ത്യാഗം, സേവനം, സഹനം, സൗമ്യത, ശാന്തത മുതലായ മൂല്യങ്ങൾ അവഗണിക്കപ്പെടുക മാത്രമല്ല. ഇവയൊക്കെ ബലഹീനതയുടെയും ഭീരുത്വത്തിന്റെയും അടയാളങ്ങളായി പരിഹസിക്കപ്പെടുകയും ചെയ്യുന്നു. സ്ത്രൈണമൂല്യങ്ങൾ എന്നു മുദ്രകുത്തി പുറം തള്ളുന്ന ഇവയൊക്കെയാണ് വ്യക്തികൾക്കും സമൂഹങ്ങൾക്കും ജീവനും നിലനില്പും ഉറപ്പുവരുത്തുന്നത് എന്ന കാര്യം വിസ്മരിക്കപ്പെടുന്നു. സ്ത്രീ ആയിരിക്കുന്നതിൽ സന്തോഷിക്കാനും സ്ത്രീത്വത്തിന്റെ മഹത്വത്തിൽ അഭിമാനം കൊള്ളാനും പ്രേരിപ്പിക്കുന്നതാണ് നവോമി, റൂത്ത് എന്നീ കഥാപാത്രങ്ങൾ. പുരുഷമൂല്യങ്ങൾ അനുകരിക്കുമ്പോളല്ല, തങ്ങളുടെ തനതായ ദാനങ്ങളും ദൗത്യവും മനസ്സിലാക്കി അതനുസരിച്ചു ജീവിക്കാൻ തയ്യാറാകുമ്പോഴേ യഥാർത്ഥ സ്ത്രീ വിമോചനം സാധ്യമാകൂ. ക്ഷമ, ദയ, നന്മ. വിശ്വസ്തത, സൗമ്യത, തുടങ്ങിയ പരിശുദ്ധാത്മ ഫലങ്ങൾ (ഗലാ 5,22) ആണ് സ്ത്രൈണ മൂല്യങ്ങൾ എന്നു വിശേഷിപ്പിച്ച് അവഗണിക്കുന്നതെന്നും അനുസ്മരിക്കണം.

### ചോദ്യങ്ങൾ

1. റൂത്തിന്റെ പുസ്തകം ചിത്രീകരിക്കുന്ന കാലഘട്ടം ഏത്?
2. എന്തു സാഹിത്യ രൂപമാണ് ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്.
3. മെഗില്ലോത്ത് എന്നാൽ എന്ത്? അതിന് റൂത്തിന്റെ പുസ്തകവുമായുള്ള ബന്ധം എന്ത്?
4. പുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങളുടെ പേരും അവയുടെ അർത്ഥവും എന്ത്?
5. റൂത്തിന്റെ പുസ്തകത്തിൽ വരച്ചുകാട്ടുന്ന കുടുംബത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുക.
6. റൂത്തിന്റെയും അബ്രഹാമിന്റെയും വിശ്വാസ തീർത്ഥാടനം താരതമ്യം ചെയ്യുക.
7. റൂത്തിന്റെ പുസ്തകവും ജോബിന്റെ പുസ്തകവും തമ്മിലുള്ള സാമ്യവും വ്യത്യാസവും എടുത്തുകാട്ടുക.



8. റൂത്തിന്റെയും ജോസഫിന്റെയും ജീവിതങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക
9. ഭർതൃസഹോദര ധർമ്മം എന്നാൽ എന്ത്?
10. കാലാപെറുക്കലിനെക്കുറിച്ചുള്ള നിയമം എന്തായിരുന്നു? ബൈബിളിൽ എവിടെയാണ് അതിനെക്കുറിച്ചു പ്രതിപാദിക്കുന്നത്? ഈ നിയമത്തിന് ഇന്ന് എന്തു പ്രസക്തിയുണ്ട്?

**ചർച്ചയ്ക്ക്**: കുടുംബജീവിതത്തെയും സ്ത്രീത്വത്തെയുംക്കുറിച്ച് റൂത്തിന്റെ പുസ്തകത്തിൽ നിന്നു ലഭിക്കുന്ന ഉൾക്കാഴ്ചകൾ ഏവ? നമ്മുടെ സമൂഹത്തിൽ ഈ ഉൾക്കാഴ്ചകളുടെ പ്രസക്തിയെന്ത്?

**പ്രാർത്ഥന**: 23-ാം സങ്കീർത്തനം ഉപയോഗിച്ചു പ്രാർത്ഥിക്കുക